# പനവൂർ പഞ്ചായത്ത്

# വികസന രേഖ

1996



Office of the Panavoor Grama Panchayat
Panavoor-P.O. Tvpm



"തെരഞ്ഞെടുക്കപ്പെട്ട കുറെ പ്രഗത്ഭന്മാർ കേന്ദ്രത്തിൽ ഇരുന്ന് ഭരിച്ചതുകൊണ്ട് ജനാധിപത്യ ഭരണ ക്രമം യഥാർത്ഥത്തിൽ ഉണ്ടാവുകയില്ല. ജനാധിപത്യം ഏറ്റവും താഴ്ന്ന തലത്തിൽനിന്നും, ഏറ്റവും ചെറിയ കീഴ്ഘടകത്തിൽ നിന്നും സമാരംഭിക്കണം. എല്ലാ ഗ്രാമങ്ങളിലെയും, എല്ലാ ജനങ്ങളിലും, ഭരണകാര്യങ്ങളെക്കുറിച്ച് ബോധമുണ്ടാവണം. അവരും ഭരണ കാര്യങ്ങളിൽ പങ്കളികളാണെന്നും വിശ്വാസമുണ്ടാവണം".

**മഹാത്മാഗാന്ധി.**

# സമർപ്പണം

ജനകീയ ചർച്ചകളിൽ നിന്നുയർന്നുവന്ന ഗ്രാമത്തിന്റെ വികസന പ്രശ്നങ്ങൾ, ലഭ്യമായ സ്ഥിതി വിവരക്കണക്കുകളുടെ സഹായത്തോടെ പരിശോധിച്ച് ഒമ്പതാം പദ്ധതിക്കാലത്ത് നടപ്പിലാക്കേണ്ട വികസന പരിപാടികളുടെ ഒരു മാർഗ്ഗരേഖയാണ് ഈ വികസന റിപ്പോർട്ട്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പങ്കാളികളായ ജനകീയാസൂത്രണ സമിതി പ്രവർത്തകർക്ക് നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ഈ വികസന റിപ്പോർട്ട് സജീവമായ ചർച്ചയ്ക്കും, അംഗീകാരത്തിനുമായി ബഹുജനസമക്ഷം സവിനയം സമർപ്പിക്കട്ടെ.

സ്നേഹാദരങ്ങളോടെ

പനവൂർ
20-12-96

നബീസത്ത് അഷറഫ്
പ്രസിഡന്റ്

# താളുകൾ മറിക്കുമ്പോൾ

ആമുഖം

ചരിത്രപശ്ചാത്തലം

ഭൂപ്രകൃതി

കൃഷിയും ജലസേചനവും മണ്ണ്സംരക്ഷണവും

മൃഗസംരക്ഷണം, മത്സ്യകൃഷി, വനം

വ്യവസായം

ഊർജ്ജം

ഗതാഗതം

പാർപ്പിടം

ആരോഗ്യം, കുടിവെള്ളം

വിദ്യാഭ്യാസം, സംസ്കാരം

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

വനിത

സാമൂഹ്യക്ഷേമം

സഹകരണമേഖല

വിഭവസമാഹരണം

കവർ വരച്ചത് : മദനൻ
ഡിസൈൻ : ഗോഡ്ഫ്രെ ദാസ്
DTP & Printing : Verbatim Offset, Nalanchira, TVM-15
Phone : 530018

# പഞ്ചായത്ത് കമ്മിറ്റികൾ

## അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 1976

1. എം. മുഹമ്മദ് ഹനീഫ - പ്രസിഡന്റ്
2. കെ. ഗോപിനാഥപിള്ള - വൈസ് പ്രസിഡന്റ്
3. കെ. രാജപ്പൻ കാണി - മെമ്പർ
4. ഡി. പങ്കജാക്ഷി അമ്മ - "
5. ജോസ് ജോൺ - "
6. എ.ജി.തങ്കപ്പൻനായർ - "
7. എ. ഹസ്സൻ ബാവ - "
8. ആർ. വാസുദേവൻ - "
9. ആർ.സി.ഫെർണാണ്ടസ് - "

## 1988

1. എ.ജി. തങ്കപ്പൻനായർ - പ്രസിഡന്റ്
2. സി. അപ്പുക്കുട്ടൻനായർ - വൈസ്പ്രസിഡന്റ്
3. ആർ. മന്മഥൻ നായർ - മെമ്പർ
4. ജി. സുകുമാരപിള്ള - "
5. എസ്. സുലോചന - "
6. എസ്. വിജയൻ - "
7. എ. നാരായണൻനായർ - "
8. കെ. രാജപ്പൻകാണി - "

## 1988-95

1. എ.ജി.തങ്കപ്പൻ നായർ - പ്രസിഡന്റ്
2. എം.എം. അഷറഫ് - വൈസ് പ്രസിഡന്റ്
3. സി. അപ്പുക്കുട്ടൻനായർ - മെമ്പർ
4. സി. ശ്രീധരൻപിള്ള - "
5. ജി. സുകുമാരപിള്ള - "
6. കെ. രാജപ്പൻകാണി - "
7. ഡി. വസന്തകുമാരി - "
8. എ. മുഹമ്മദ് ബഷീർ - "
9. എൻ. ഷാഹിദാബീവി - "

## 95 October

1. നബീസത്ത്അഷറഫ് - പ്രസിഡന്റ്
2. എ. നാരായണൻ - വൈസ് പ്രസിഡന്റ്
3. ജെ. ശ്രീധരൻപിള്ള - സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
4. എസ്. രാജൻ - മെമ്പർ
5. സി. അപ്പുക്കുട്ടൻനായർ - "
6. ആർ. സുബൈദാബീഗം - "
7. ആർ. സുഷമകുമാരി - "
8. എസ്. ജബീദാബീഗം - "
9. എം. ജമാലുദീൻമുഹമ്മദ് - "

# PRESIDENT AND MEMBERS OF PANAVOOR GRAMA PANCHAYAT '95



**നബീസത്ത് അഷറഫ്**
പ്രസിഡൻറ്



**A. നാരായണൻ**
വൈസ്പ്രസിഡൻറ്



**S.മുകുന്ദൻ**
സെക്രട്ടറി



**S. രാജൻ**
മെമ്പർ, വാർഡ് - I



**C. അപ്പുക്കുട്ടൻനായർ**
മെമ്പർ, വാർഡ് - III



**R. സുബൈദാബീഗം**
മെമ്പർ, വാർഡ് - IV



**R. സുഷമകുമാരി**
മെമ്പർ, വാർഡ് -VI



**J. ശ്രീധരൻപിള്ള**
മെമ്പർ, വാർഡ് - VII



**ജബീദാബീഗം**
മെമ്പർ, വാർഡ് - VIII



**ജമാലുദീൻ മുഹമ്മദ്**
മെമ്പർ, വാർഡ്- XI



PRESIDENT, MEMBERS AND STAFF OF PANAVOOR PANCHAYAT 77-78



**PRESIDENT, MEMBERS AND STAFF OF**
**Panavoor Panchayat- 1988**



PRESIDENT, MEMBERS AND STAFF OF
Panavoor Panchayat- 1988 - 1995

# ആമുഖം

അരനൂറ്റാണ്ടിൻെറ ആസൂത്രണ പ്രക്രിയയിൽ വന്നു ഭവിച്ച പിഴവുകളെയും ന്യൂനതകളെയും തിരിച്ചറിഞ്ഞ് സംസ്ഥാനത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കും പദ്ധതികളുടെ ഗുണഫലം ലഭ്യമാകണം എന്നുള്ള ദൃഢ നിശ്ചയത്തിൽ രാഷ്ട്രീയ ഇച്ഛാശക്തിയോടെ, സാമൂഹ്യ പ്രതിബദ്ധതയോടെ ലോകത്തിനുതന്നെ മാതൃകയായി ഈ കൊച്ചുകേരളം നടപ്പിലാക്കുന്ന പരിപാടിയാണ് ജനകീയ ആസൂത്രണം. ഇൻഡ്യയുടെ തന്നെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന ഈ നൂതന സംരംഭത്തിൻെറ ലക്ഷ്യം ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതാണ്. അധികാര വികേന്ദ്രീകരണം അതിൻെറ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി വിജയകരമാക്കാൻ എല്ലാ വിഭാഗം ജനങ്ങളും രാഷ്ട്രീയ കക്ഷി ഭേദമെന്യേ പ്രവർ ത്തിക്കണം.

ദീർഘകാലത്തെ സമൂഹ്യ രാഷ്ട്രീയ പ്രക്രിയ യിലൂടെയാണ് കേരളത്തിലെ സാമാന്യ ജനങ്ങൾക്ക് ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞത്. ഇവയിലൊക്കെ മറ്റേതൊരു സംസ്ഥാനത്തിലെ ജനങ്ങളെക്കാളും വളരെ മുന്നിലാണ് താനും. എന്നാൽ സാമ്പത്തിക വിതരണത്തിൻെറ മേഖലയിൽനിന്ന് സാമ്പത്തിക ഉല്പാദനത്തിൻെറ മേഖലയിലേക്ക് നീങ്ങു മ്പോഴാണ് കേരളത്തിൻെറ വികസന ദൗർബല്യം വെളിവാകുന്നത്. ഈ ദൗർബല്യങ്ങളാകെപരിഹരിച്ച് സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള വികസനം കൈവരിക്കുക എന്നുള്ളതാണ് വികേന്ദ്രീകൃത ആസൂത്രണത്തിൻെറ ലക്ഷ്യം. വിവിധ മേഖലകളിലെ വിദഗ്ദന്മാരുടെ സാങ്കേതിക ജ്ഞാനത്തേയും സന്നദ്ധ പ്രവർത്തനങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് സമഗ്ര വികസനമെന്ന പുതിയ സംസ്കാരം രൂപപ്പെടുകയാണ്.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കലിൻെറ **35-40%** തുകയ്ക്ക് വരുന്ന വികസന പരിപാടികൾക്ക് താഴെത്തട്ടിൽ തന്നെ ജനപങ്കാളിത്ത ത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഉദ്ദേശ്യം. ജനങ്ങളുടെ മുൻകൈയിൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതോടെ പദ്ധതി പ്രവർത്തനങ്ങ ളിൽ അവർക്കിടയിൽ വ്യാപകമായി നിലനിൽക്കുന്ന നിസംഗത മാറ്റുകയും വികസനപ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും. ഇത്തരത്തിൽ കേരളത്തിലെ മുഴുവൻ ജനങ്ങളും പ്രതീക്ഷയോടെ ഉറ്റു നോക്കുന്ന ഈ മഹാ പ്രസ്ഥാനത്തിൽ നമുക്കും പങ്കു ചേരാം. ഐശ്വര്യപൂർണ്ണമായ ഒരു കേരളത്തിൻെറ സൃഷ്ടിക്കലിനായി നമുക്ക് ഒന്നുചേർന്ന് പ്രവർത്തിക്കാം.

**1996** സെപ്റ്റംബർ **11,12,13** തീയതികളിൽ നെടു മങ്ങാട് സമ്മർ ഷെയ്ഡ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന **DRP** പരിശീലനത്തിന് വേണ്ടിയുള്ള പ്രതിനിധി കളെ തെരഞ്ഞെടുത്തുകൊണ്ട് പനവൂർ പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അതിനെത്തുടർന്ന് ലോക്കൽ റിസോഴ്സ് പേഴ്സൺമാർക്കുള്ള ഏകദിന പരിശീലനക്യാമ്പിനുവേണ്ടിയുള്ള സ്വാഗതസംഘ രൂപീകരണയോഗം സെപ്റ്റംബർ **18** ന് നടന്നു. ഒമ്പതു വാർഡുകളിൽ നിന്നായി **93 LRP** മാരെ തെരഞ്ഞെടുക്കു കയും സെപ്റ്റംബർ **23** ന് രാവിലെ **9.30**ന് ആട്ടുകാൽ യു.പി.എസിൽ വച്ച് പരിശീലന ക്യാമ്പ് നടത്തുകയും ചെയ്തു.

### ഒന്നാം ഘട്ട ഏകദിന LRP പരിശീലന ക്യാമ്പ്

| | |
|---|---|
| ആകെ പ്രതിനിധികൾ | 93 |
| പുരുഷന്മാർ | 78 |
| സ്ത്രീകൾ | 15 |
| ഉദ്യോഗസ്ഥർ | 10 |

ക്യാമ്പിൻെറ ഉദ്ഘാടന ചടങ്ങിൽ മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.ജി. തങ്കപ്പൻ നായർ

ബ്ലോക്കുപഞ്ചായത്ത് അംഗങ്ങളായ ആർ. സുന്ദരം, എസ്.എൻ. പുരം ജലാൽ എന്നിവർ പങ്കെടുത്തു. DRP മാരായ കെ. മോഹനചന്ദ്രൻ നായർ, നൗഷാദ്, രാജശേഖരൻ നായർ, എം.എൻ. ശശി, സപ്തപുരം അപ്പുക്കുട്ടൻ എന്നിവർ ക്ലാസ്സുകൾ എടുത്തു. ഈ ക്യാമ്പിൽ വച്ച് വാർഡുതലത്തിൽ LRP മാരുടെ കൺ വീനർമാരെ തെരഞ്ഞെടുക്കുകയും ഗ്രാമസഭായോഗ ങ്ങൾ വിളിച്ചുചേർക്കേണ്ട തീയതി നിശ്ചയിക്കുകയും ചെയ്തു. വിശേഷാൽ ഗ്രാമസഭകൾകൂടുന്നതിന്റെ മുന്നൊരുക്കം എന്ന നിലയിൽ പല വാർഡുകളിലും വിളംബരജാഥകൾ, വികസന ജ്യോതി എന്നിവ സംഘടി പ്പിക്കുകയുണ്ടായി. അതിൽ രണ്ടാം വാർഡിൽ സംഘടിപ്പിച്ച വിളംബര ജാഥ ജനങ്ങളുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി.

വിവിധ വിഷയ ഗ്രൂപ്പുക ളായി തിരിഞ്ഞ് ഗ്രാമസഭാംഗങ്ങൾ ഓരോ വികസനമേഖലയും നേരിട്ടു കൊണ്ടിരിക്കുന്ന സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച ചെയ്യുകയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. പൊതുവേ പറഞ്ഞാൽ ഗ്രാമജനതക്ക് ഒരു പുത്തൻ ആശയും ആവേശവും അനുഭവവുമായി ഈ വിശേഷാൽ ഗ്രാമസഭകൾ.

നവംബർ 23-ാം തീയതി ആറ്റുകാൽ വച്ച് നടന്ന LRP മാരുടെയും ഗ്രൂപ്പ് കൺവീനർമാരുടെയും ഏകദിന പരിശീലന ക്യാമ്പോടുകൂടി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ വി.കെ. മധു ഉദ്ഘാടനം ചെയ്ത ഈ ക്യാമ്പിൽ KRP മാരായ കെ. മോഹനചന്ദ്രൻ നായർ, വിനയകുമാർ എന്നിവരും DRP മാരായ സപ്തപുരം അപ്പുക്കുട്ടൻ, നൗഷാദ്, രാജശേഖരൻ, എം.എൻ.ശശിധരൻ നായർ എന്നിവരും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. വികസനരേഖ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങ ൾക്ക് രൂപം നൽകി. അതനുസരിച്ച് 2-12-96 ബുധനാഴ്ച മൂന്ന് സംഘങ്ങളായി പഞ്ചായത്തിൽ പഠനപര്യടന യാത്ര നടത്തുകയുണ്ടായി. 85 പേർ പങ്കെടുത്തു.

18-11-96-ൽ എട്ടാം പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനത്തിനും ദ്വിതീയ സ്ഥിതി വവരണങ്ങൾ ശേഖരിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തു. അതിനെത്തുടർന്ന് ദ്വിതീയ സ്ഥിതി വിവര ശേഖരണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഗ്രാമസഭാറിപ്പോർട്ടുകളുടെ ക്രോഡീകരണം നടത്തുകയും ചെയ്തു. വിസകനരേഖ തയ്യാറാക്കുന്നതിനുള്ള പൂർണ്ണ വിവരങ്ങൾ ഒരു ഓഫീസിൽനിന്നും ലഭിക്കില്ല എന്നുള്ളത് സ്ഥിതിവിവിര ശേഖരണത്തിൽനിന്നും മനസ്സിലായി. കിട്ടിയ വിവരങ്ങൾ വച്ചുകൊണ്ട് വികസനരേഖ തയ്യാറാക്കാൻ തുടങ്ങുകയും 19-12-96 ന് പൂർത്തിയാ ക്കുകയും 20-12-96 ന് കൂടിയ പഞ്ചായത്ത് ഭരണസമിതി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

**രണ്ടാം ഘട്ടം പരിശീലനക്യാമ്പ്**

| | |
|---|---|
| **ആകെ പരിശീലകർ** | **51** |
| **പുരുഷന്മാർ** | **42** |
| **സ്ത്രീകൾ** | **5** |
| **ഉദ്യോഗസ്ഥർ** | **4** |

# 2 ചരിത്ര പശ്ചാത്തലം

ഒരു പ്രദേശത്തിൻെറ വികസിത പ്രശ്നങ്ങൾ മനസ്സിലാക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർണ്ണയിക്കുകയും ചെയ്യുന്നതിന് ആ പ്രദേശത്തിൻെറ സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. വർത്തമാന കാലത്തുനിന്ന് ഭാവിയിലേക്കുള്ള ഗമനത്തിൽ ശരിയായ ദിശാബോധത്തിനും ദ്രുതകർമ്മത്തിനും അത് സഹായിക്കും.

ആനയും കടുവയും മാനും പുലികളും ചേരുറ്റ പക്ഷിവൃന്ദങ്ങളും തിങ്ങിയ കാടും ഉണ്ടായിരുന്ന ഈ പ്രദേശത്ത് പ്രതികൂലമായ സാഹചര്യങ്ങളോട് പടപൊരുതിയ ഒരുകൂട്ടം മനുഷ്യരുടെ അതി സാഹസികതയുടെയും ത്യാഗത്തിൻെറയും പുരോഗമനാത്മ ഗതയുടെയും ചരിത്രമാണ് പഞ്ചായത്തിൻെറ ചരിത്ര പശ്ചാത്തലം തെരയുന്നവർക്ക് കിട്ടുക. ഫലഭൂയിഷ്ഠ മായ ഈ ഇടനാടിൻെറ കന്നിമണ്ണ് ഉഴുത് മറിച്ച് നെല്ലും തെങ്ങും വാഴയും മരച്ചീനിയും നട്ട് പ്രദേശ ത്തെ കൃഷിഭൂമിയിലാക്കുകയും പള്ളിക്കൂടങ്ങളും വായനശാലകളും സ്ഥാപിച്ച് സാമൂഹ്യക്ഷേമത്തിൻെറ ആദ്യകാല ചരിതങ്ങൾ രചിച്ച അധ്വാനശക്തിയുടെ ഫലമാണ് ഇന്നത്തെ തലമുറ അനുഭവിക്കുന്നത്. അതുതന്നെയാണ് ജനകീയ ആസൂത്രണ പ്രക്രിയയിൽ ചരിത്ര പശ്ചാത്തല പഠനത്തിൻെറ പ്രസക്തിയും.

ത്യാഗനിർഭരമായ സാമൂഹ്യബോധത്തിൻെറയും പ്രതിബദ്ധതയുടെയും പ്രേരണയാൽ ഉച്ചനീചത്വങ്ങൾക്കെതിരെയും അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേയുമുള്ള ചെറുതെങ്കിലും ഉജ്ജ്വലപോരാട്ടങ്ങളുടെ ചരിത്രം ഈ ദേശത്തിനുണ്ട്. "നാട്ടിൻപുറം നന്മകളാൽ സമൃദ്ധം" എന്ന കവി വാക്യം അന്വർത്ഥമാക്കുന്ന കേരളീയ ഗ്രാമത്തിൻെറ പ്രതീകം തന്നെയായിരുന്നു നമ്മുടെ ഗ്രാമവും. വിശാലമായ നെൽപ്പാടങ്ങൾ, തെങ്ങ്, വാഴ, മരച്ചീനി, കമുക്, പ്ലാവ്, മാവ്, കുരുമുളക്, പുളി, കശുമാവ്, ചേന, കാച്ചിൽ, നനകിഴങ്ങ്, വെറ്റില, ഔഷധസസ്യങ്ങൾ തുടങ്ങി സാമാന്യ ജീവിതത്തിന് അത്യാവശ്യം വേണ്ട എല്ലാ കാർഷികോല്പന്നങ്ങളും ഉണ്ടായിരുന്നു. ലളിതമെങ്കിലും ഐശ്വര്യത്തിൻെറയും സമൃദ്ധിയുടെയും സാംസ്കാരിക തനിമയുടെയും ജീവിതശൈലിയുമുള്ള സാമൂഹ്യജീവിതമായിരുന്നു അന്നുണ്ടായിരുന്നത്. കേരളത്തിൻെറ മറ്റ് ഏതൊരു പ്രദേശത്തും ഉണ്ടായിരുന്നതുപോലെ ഫ്യൂഡൽ ഭൂ ഉടമാ ബന്ധങ്ങളിൽ അധിഷ്ഠിതമായ ജാതി സമ്പ്രദാ യങ്ങളും അതിൻെറ അടിസ്ഥാനതതിലുള്ള തൊഴിൽ വിഭജനങ്ങളും സ്വാതന്ത്ര്യനിഷേധങ്ങളും അടിച്ചമർത്തലുകളും പൂർണ്ണമായ അളവിൽത്തന്നെ ഇവിടെ നിലനിന്നിരുന്നു. അതുകൊണ്ടാണ് ചരിത്രാ ന്വേഷണത്തിൽ ഒരിടത്തും ബഹുഭൂരിപക്ഷം വരുന്ന കീഴാളരുടെ അടിച്ചമർത്തപ്പെട്ട ജീവിത യാഥാർത്ഥ്യ ങ്ങൾ കണ്ടെത്താനാകാതെ ചരിത്രം അർദ്ധവിരാമത്തിൽ നിൽക്കുന്നത്.

> **പഞ്ചായത്ത് പിറവി**
>
> **1976** നവംബർ **25**-ാം തീയതി ആനാട് പഞ്ചായത്തിനെ വിഭജിച്ച് പനവൂർ പഞ്ചായത്തിന് രൂപം നൽകി.
> എം. മുഹമ്മദ് ഹനീഫ പ്രസിഡന്റായും കെ. ഗോപിനാഥൻ പിള്ള (വൈ.പ്രസിഡന്റ്), കെ. നാരായണൻ കാണി, ഡി. പങ്കജാക്ഷി അമ്മ, ജയിസൺ ജോൺ, എ.ജി.തങ്കപ്പൻ നായർ, കെ. വാസുദേവൻ, ആർ.സി.ഫെർണാണ്ടസ് എന്നിവരെ മെമ്പർമാരായും ഗവൺമെന്റ് നോമിനേറ്റ് ചെയ്തു.

ബഹുഭൂരിപക്ഷം ഭൂമിയുടെ ഉടമസ്ഥാവകാശവും ചില ബ്രാഹ്മണ, നായർ, മുസ്ലീം, ക്രൈസ്തവ ജന്മിമാർക്കും ദേവസ്വങ്ങൾക്കുമായിരുന്നു. ഈ ഭൂമികളിൽ പണിയെടുത്തിരുന്നവർ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഈഴവർ, നാടാർ, മുസ്ലീം വിഭാഗത്തിലുള്ളവരും വേടർ, പറയർ, പുലയർ, കുറവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരുമായിരുന്നു. (സവർണ്ണമേധാവിത്വം ശക്തമായിരുന്ന അക്കാലത്ത് അവർണ്ണ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹ്യജീവിത ധാരയിൽനിന്നും പരിപൂർണ്ണമായും ഒറ്റപ്പെടുത്തിയരുന്നു. എന്നുമാത്രമല്ല ഉഴവുമാടുകളുടെ വിലപോലും ഈ മണ്ണിൻെറ മക്കൾക്ക് സവർണ്ണ മേധാവിത്വം കല്പിച്ചിരുന്നില്ല. എന്നാൽ അടിച്ചമർത്തലും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമെല്ലാം ദൈവനിശ്ച യത്തിൻെറ അനിവാര്യതയായി കരുതി അപ്പാവങ്ങൾ ദുരിതങ്ങളെല്ലാം ഏറ്റുവാങ്ങി അനുഭവിച്ചിരുന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെ ആവിർഭാവവും അവയുടെ സംഘടിത പ്രവർത്തനങ്ങളുടെ ഫലവുമാണ് ഇന്നത്തെ നിലയിലേക്ക് അവരുടെ അവസ്ഥക്ക് മാറ്റമുണ്ടായത്.

തൻേറയും മറ്റ് കൃഷിക്കാരുടെയും ആടുമാടുകളെ പിടിച്ചുകൊണ്ടുപോയി ഭക്ഷിച്ചിരുന്ന കടുവയുടെ പോക്കുവരവിൻെറ സ്ഥലത്ത് ചക്രം വച്ച കെണിക്കൂട് വച്ച് കടുവയെ പിടിച്ച് ശ്രീമൂലം തിരുനാൾ രാജാവിന് കാഴ്ചവച്ച് വീരശൃംഗല സമ്മാനമായി നേടിയ കടുവാക്കുറുപ്പിൻെറ വീരേതിഹാസം ഇന്നും

# ഗ്രാമസഭകൾ

| വാർഡ് നമ്പർ | തീയതി | സ്ഥലം | പങ്കെടുത്തവർ | സ്ത്രീകൾ | പുരുഷന്മാർ | ഗ്രൂപ്പുകൾ |
|---|---|---|---|---|---|---|
| 1 | 12-10-96 | C.S.I.നഴ്സറി സ്കൂൾ | 171 | 61 | 110 | 6 |
| 2 | 2-10-96 | M.C.H.സെന്റർ കൊന്നമൂട് | 310 | 118 | 192 | 7 |
| 3 | 7-10-96 | U.P.S. ആറ്റുകാൽ | 150 | 51 | 99 | 5 |
| 4 | 3-10-96 | പഞ്ചമി - നിരപ്പ് | 127 | 44 | 83 | 5 |
| 5 | 11-10-96 | L.P.S. പനയമുട്ടം | 135 | 51 | 84 | 5 |
| 6 | 5-10-96 | U.P.S. പേരയം | 136 | 51 | 85 | 6 |
| 7 | 1-10-96 | ബാലവാടി S.N.പുരം | 157 | 60 | 97 | 5 |
| 8 | 5-10-96 | U.P.S. ആറ്റിൻപുറം | 146 | 54 | 92 | 6 |
| 9 | 8-10-96 | P.H.M.K.M.H.S. പനവൂർ | 261 | 109 | 152 | 5 |

പഴമനസ്സുകളിൽ മായാതെ നിൽക്കുന്നു.

ഇന്ത്യൻ നിഷണൽ കോൺഗ്രസിൻെറ ശക്തയിർജ്ജിച്ച ദേശീയ പ്രസ്ഥാനം ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി തുടങ്ങിയ നവോത്ഥാന നായകരും മന്നത്ത് പത്മനാഭനെപ്പോലുള്ള സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ഇവയെല്ലാം ഉളവാക്കിയ ശക്തമായ സാമൂഹ്യമാറ്റങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്തും ചലനങ്ങൾ ഉണ്ടാക്കി.

1940 കളുടെ തുടക്കത്തിൽ സ്റ്റേറ്റ് കോൺഗ്ര സിൻെറ നേതൃത്വത്തിലുള്ള പ്രക്ഷോഭ സമരങ്ങൾ രൂക്ഷമായതോടെ നമ്മുടെ ഗ്രാമത്തിലും അതിൻെറ ശക്തമായ അലയടി ഉയർന്നു. ആട്ടുകാലിലാണ് അതിൻെറ ഏറ്റവും ശക്തമായ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നത്. പട്ടം താണുപിള്ള, പൊന്നറ ശ്രീധരൻ തുടങ്ങിയ തലയെടുപ്പുള്ള നേതാക്കൾ പങ്കെടുത്ത പൊതുയോഗങ്ങൾ ഈ അവസരത്തിൽ അവിടെ നടന്നിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവരിൽ കേശവപിള്ളയുടെ പേര് ഇത്തരുണത്തിൽ പ്രത്യേകം പ്രസ്ഥാവ്യമാണ്.

1940 കളോടെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല പ്രവർത്തനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് വ്യാപിക്കുന്നത്. നമ്മുടെ പ്രദേശത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി മറ്റു പുരോഗമന പ്രസ്ഥാനങ്ങൾക്കും നേതൃത്വം കൊടുത്തവരിൽ പ്രമു ഖനാണ് കെ.പി. കുഞ്ഞുകൃഷ്ണൻ നായർ.

വിദ്യാഭ്യാസ, ആരോഗ്യരംഗങ്ങളിലും സാംസ്കാ രികരംഗത്തും വലിയ മാറ്റങ്ങൾ കഴിഞ്ഞ അരനൂറ്റാണ്ടിന് ഇപ്പുറം ഈ പ്രദേശത്ത് ഉണ്ടായി.

• ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ തന്നെ നമ്മുടെ ഗ്രാമത്തിൻെറ പ്രധാന ഭാഗങ്ങളിലെല്ലാം പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ നിലവിൽ വന്നുതുടങ്ങി. ആട്ടുകാൽ L.P.S ആണ് ഇതിലാദ്യത്തേത്. തുടർന്ന് പനവൂരും ആറ്റിൻപുറത്തും പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു. അക്കാലത്ത് നാട്ടുവൈദ്യ ന്മാരാണ് ആരോഗ്യരംഗം കൈകാര്യം ചെയ്തിരുന്നത്. അക്കൂട്ടത്തിൽ ചെക്കുംമൂട് കൊച്ചുമ്മിണി വൈദ്യൻ, പനയമുട്ടം ഭാസ്കരൻ വൈദ്യരുടെ പിതാവ്, പൂലിക്കുഴി മനുവേൽ വൈദ്യൻ, മേലാംകോട് വൈദ്യൻ, വേലു വൈദ്യൻ, സെയ്ദു മുഹമ്മദ് വൈദ്യൻ, കേശവൻ വൈദ്യൻ തുടങ്ങിയവർ പ്രശസ്തരായിരുന്നു. പാരമ്പര്യ വിഷചികിത്സ സൗജന്യമായി നടത്തിയിരുന്ന മലയടി ശ്രീ. കേശവക്കുറുപ്പിൻെറ നാമധേയത്തിൽ ഇപ്പോഴും ഒരു വിഷചികിത്സാലയം പരവർത്തിക്കുന്നുണ്ട്.

സാംസ്കാരിക മേഖലയിൽ ചലനങ്ങൾ സൃഷ്ടിച്ചത് ആട്ടുകാലിൽ 1953-ൽ പ്രവർത്തനം ആരംഭിച്ച കർഷകമിത്രം ഗ്രന്ഥശാലയാണ്. തുടർന്ന് പനയമുട്ടത്ത് കുഞ്ചുവിളയാർ നാരായണപിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രന്ഥശാല സാമൂഹ്യമാറ്റ ങ്ങൾക്ക് പ്രേരകമായി ഇപ്പോഴും നിലനില്കുന്നു.

ഈ പ്രദേശത്തിൻെറ സാമ്പത്തികരംഗത്ത് നിർണ്ണായക സ്വാധീനം ചെലുത്തിക്കൊണ്ട് പ്രവർത്തിക്കുന്ന ആനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൻെറ ഉത്ഭവം ഈ പഞ്ചായത്തിലെ കരിക്കുഴിയിൽ നിന്നും ആയിരുന്നു. 72 വർഷം മുമ്പ് സ്ഥാപിതമായ ഈ ബാങ്കിൻെറ സ്ഥാപക പ്രസിഡൻ്റ് ഷൊർണ്ണോട് നാരായണപിള്ളയായിരുന്നു. ചുരുക്കത്തിൽ അര നൂറ്റാണ്ടുകൾക്ക് മുമ്പ് സാമൂഹ്യ പ്രതിബദ്ധതയോടെ അന്നത്തെ തലമുറ നടത്തിയ പ്രവർത്തനം നമുക്ക് ഇന്നും വഴികാട്ടിയും പ്രചോദനവും ആകുന്നു. ഇന്നത്തെ തലമുറയുടെ നിസംഗതയും കഠിനപ്രയത്നത്തോടുള്ള വിമുഖതയും സാമൂഹ്യ തിന്മയായി നിലിൽക്കുന്നു. ഗൗരവതരമായ ഒരു പ്രശ്നമാണിത്. ഇതിന് മാറ്റംവരുത്തുവാൻ ഈ സാമൂഹ്യ പശ്ചാത്തല ചരിത്രത്തെ കുറിച്ചുള്ള അറിവും ജനകീയ ആസൂത്രണ പ്രസ്ഥാനവും കാർണമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# 3 ഭൂപ്രകൃതി

വടക്കുകിഴക്കായി പുല്ലമ്പാറ പഞ്ചായത്തും പടിഞ്ഞാറ് നന്ദിയോട് തെക്ക് ആനാട് പഞ്ചായത്തും അതിരുകളായ ഭൂഭാഗമാണ് പനവൂർ പഞ്ചായത്ത്. ഭൂപ്രകൃതി അനുസരിച്ച് മൂന്നായി തിരിക്കാവുന്ന ഗ്രാമ പഞ്ചായത്തിന്റെ പൊതുവായ കിടപ്പ് കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്.

## ഉയർന്ന കുന്നിൻ പ്രദേശം

പഞ്ചായത്തിൽ ഉയർന്ന കുന്നുകൾ ധാരാളമാണ്. മൂന്നാനക്കുഴി, ഏരുമല, എസ്.എൻ. പുരം, ആറ്റിൻപുറം, അജയപുരം, ചേപ്പിലോട്, പുത്തൻ കുന്ന്, കടുവാപോക്ക്, നെല്ലിക്കുന്ന്, അംബേദ്കർ ഗ്രാമം, കൊന്നമൂട് തുടങ്ങി നിവധി ചെറുതും വലുതുമായ കുന്നുകളുടെ നാടാണ് ഈ ഗ്രാമപഞ്ചായത്ത്. ചരൽ നിറഞ്ഞ കറുത്തമണ്ണും ചെമ്മണ്ണും ഈ പ്രദേശങ്ങളിൽ കാണുന്നു. മണ്ണൊലിപ്പ് ഈ പ്രദേശങ്ങളിലെ പരിസ്ഥിതി പ്രശ്നമാണ്. റബ്ബർ കൃഷിയുടെ വ്യാപനം നീരുറവകളെ മിക്കതും വറ്റിച്ചു. വെള്ളംകുടി പോലുള്ള പ്രദേശങ്ങ ളിൽ ഇപ്പോഴും അപൂർവ്വമായി നീരുറവകൾ നിലനിൽ ക്കുന്നു. കുന്നിൻ പ്രദേശങ്ങളിൽ പ്രധാനമായും റബ്ബർ കൃഷിയാണുള്ളത്. കൂടാതെ തെങ്ങും കുരുമുളകും മരിച്ചീനിയും മറ്റുചെറുകൃഷികളും ഉണ്ട്.

താഴ്വരകൾ

. കുന്നുകളാൽ ഇടതിങ്ങിയ പഞ്ചായത്ത് പ്രദേശത്ത് താഴ്വരകളുടെ വിസ്തൃതി കുറവാണ്. നെല്ലായിരുന്നു താഴ്വരകളിലെ പ്രധാന കൃഷി. കൂടാതെ വാഴയും തെങ്ങും കൃഷി ചെയ്തുവരുന്നു. വർഷകാലങ്ങളിൽ ധാരാളം ജലം ലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു. പനവൂർ, വെള്ളാഞ്ചിറ, മാങ്കുഴി, കൊങ്ങണംകോട്, ചെല്ലഞ്ചി, പേരയം നെടുമ്പ, ഷൊർണ്ണോട്, പനയമുട്ടം, ആട്ടുകാൽ, മൊട്ടക്കാവ് തുടങ്ങിയ ചെറുതും വലുതുമായ താഴ്വര പരദേശങ്ങ ളാണ് ഉള്ളത്. ഫലഭൂയിഷ്ഠിയുള്ള കറുത്തമണ്ണും മണൽ കലർന്ന കരിമണ്ണും ഈ ഭാഗങ്ങളിൽ കാണാം.

സമതലങ്ങൾ

സമതല പ്രദേശങ്ങൾ പഞ്ചായത്തിൽ വിരളമാണ്. കുന്നിൻമുകളിലെ നിരന്ന പ്രദേശങ്ങളാണ് കൂടുതലും. ആട്ടുകാൽ-കൊച്ചുമുക്ക് മുതൽ കരിക്കുഴി വരെയുള്ള പ്രദേശമാണ് താരതമ്യേന വിസ്തൃതമായ സമതലം. റബ്ബറും തെങ്ങും കുരുമുളകും വാഴയും കമുകും തുടങ്ങി വിവിധ വിളകളാണ് ഏകദേശം തുല്യ അനുപാതത്തിൽ കൃഷിചെയ്തുവരുന്നത്. ചരൽ നിറഞ്ഞ ചെമ്മണ്ണും ചരൽനിറഞ്ഞ കരിമണ്ണും വെട്ടുകൽ മണ്ണും നിറഞ്ഞതാണ് ഈ ഭൂവിഭാഗം. ജലം സംഭരിച്ച് നിറുത്താനുള്ള മണ്ണിന്റെ ശക്തി പൊതുവെ കുറവാണ്. അതുകൊണ്ട് വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നു.

# ജനസംഖ്യാ-സാക്ഷരതാ സ്ഥിതി വിവരരേഖ

| വാർഡ് നമ്പർ | പഞ്ചായത്തിന്റെ ഭൂവിസ്തൃതി | ആകെജനസംഖ്യ | | | കുട്ടികളുടെ ആകെജനസംഖ്യ | | പട്ടികജാതിയിൽ പെടുന്നവർ | | പട്ടികവർഗ്ഗത്തിൽ പെടുന്നവർ | | സാക്ഷരർ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആണ് | പെണ്ണ് | ആണ് | പെണ്ണ് | ആണ് | പെണ്ണ് | ആണ് | പെണ്ണ് | ആണ് | പെണ്ണ് |
| 1 | --- | 2090 | 1025 | 1065 | 134 | 136 | 76 | 82 | --- | --- | 842 | 792 |
| 2 | --- | 2366 | 1161 | 1205 | 161 | 161 | 45 | 59 | 3 | 1 | 947 | 915 |
| 3 | --- | 1994 | 968 | 1026 | 125 | 122 | 90 | 118 | --- | --- | 764 | 749 |
| 4 | --- | 1348 | 678 | 670 | 74 | 69 | 33 | 22 | 1 | 2 | 555 | 503 |
| 5 | --- | 2110 | 1004 | 1106 | 159 | 149 | 132 | 136 | 45 | 52 | 830 | 855 |
| 6 | --- | 1305 | 630 | 675 | 94 | 88 | 125 | 138 | 55 | 63 | 498 | 510 |
| 7 | --- | 1661 | 809 | 852 | 97 | 117 | 202 | 188 | 18 | 12 | 683 | 642 |
| 8 | --- | 2472 | 1175 | 1297 | 182 | 158 | 224 | 220 | --- | --- | 942 | 979 |
| 9 | --- | 2782 | 1353 | 1429 | 188 | 197 | 87 | 86 | --- | --- | 1098 | 1026 |
| ആകെ | 2190 | | 8803 | 9325 | 1214 | 1197 | 1014 | 1049 | 122 | 130 | 7159 | 6971 |

| വാർഡ് | കൃഷിക്കാർ | | കർഷക തൊഴിലാളി | | മൃഗസംരക്ഷണം, വനം, തോട്ടം, മത്സ്യ ബന്ധന മേഖലയിൽ പെട്ടവർ | | ഖനനപാറ തൊഴിലാളികൾ | | നിർമ്മാണ സേവന മേഖലയിലുള്ളവർ | | മറ്റുമേഖലകളിൽ പണിയുന്നവർ | | നിർമ്മാണ തൊഴിലാളികൾ | | വാണിജ്യം കച്ചവടം | | ഗതാഗതം വാർത്താവിനിമയം | | മറ്റു സേവന മേഖല | | നിർമ്മാണ തൊഴിലാളികൾ | | തൊഴിലാളികൾ അല്ലാത്തവർ | | ആകെ തൊഴിലാളികൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| I | 70 | 4 | 301 | 41 | 38 | - | - | 4 | - | - | 23 | 1 | 6 | - | 38 | 3 | 13 | - | 57 | 15 | 3 | 3 | 476 | 998 | 546 | 64 |
| II | 78 | 1 | 277 | 49 | 51 | 1 | - | - | 7 | 1 | 40 | 7 | 12 | - | 52 | 6 | 25 | 7 | 47 | 29 | 26 | 127 | 539 | 977 | 596 | 101 |
| III | 58 | 3 | 293 | 49 | 37 | - | 7 | 1 | - | - | 7 | 20 | - | - | 18 | 2 | 10 | 1 | 32 | 11 | 11 | 6 | 502 | 934 | 455 | 86 |
| IV | 69 | 1 | 183 | 40 | 26 | - | - | - | 1 | - | 17 | 3 | 7 | - | 24 | 7 | 3 | - | 27 | 11 | 13 | 10 | 308 | 598 | 357 | 62 |
| V | 140 | 40 | 315 | 87 | 24 | - | - | - | 1 | - | 33 | 15 | 5 | - | 12 | 1 | 8 | - | 19 | 11 | 1 | 18 | 446 | 934 | 557 | 154 |
| VI | 125 | 60 | 126 | 30 | 47 | 2 | - | - | - | - | 3 | 3 | 18 | 3 | 15 | 1 | 12 | - | 14 | 9 | - | 2 | 268 | 563 | 862 | 110 |
| VII | 102 | 4 | 193 | 76 | 55 | 2 | 2 | 2 | - | - | 16 | 7 | 13 | - | 11 | 1 | 15 | 5 | 30 | 12 | 7 | 19 | 367 | 726 | 485 | 107 |
| VIII | 61 | 5 | 229 | 37 | 90 | 4 | - | - | - | - | 21 | 5 | 11 | - | 51 | 8 | 16 | 2 | 67 | 38 | 31 | 47 | 598 | 1151 | 546 | 99 |
| IX | 167 | 12 | 289 | 33 | 33 | - | 2 | 2 | 1 | - | 9 | 1 | 11 | - | 32 | 1 | 9 | - | 113 | 17 | 65 | 6 | 622 | 1357 | 686 | 66 |

# 4 കൃഷി, ജലസേചനം, മണ്ണ്സംരക്ഷണം

കേരളത്തിലെ മലഞ്ചരക്ക് വ്യാപാരകേന്ദ്രങ്ങളിൽ പ്രമുഖമായ നെടുമങ്ങാട് ചന്തയിൽ എത്തിയിരുന്ന മലഞ്ചരക്ക് ഉല്പന്നങ്ങളിൽ നല്ലൊരുപങ്കും പനവൂർ ഗ്രാമത്തിൽനിന്നായിരുന്നു. തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, വാഴ, മരച്ചീനി, ചേന, ചെറുകിഴങ്ങ്, ചേമ്പ്, ഇഞ്ചി, കൂവ മുതലായ വൈവിധ്യ പൂർണ്ണവും സമ്മിശ്രവുമായ കാർഷികവിളകളായിരുന്നു പ്രധാനമായും കരകൃഷിയായി ഉണ്ടായിരുന്നത്. നെല്ല്, പയറ്, ഉഴുന്ന്, എള്ള്, കാണം മുതലായവ നിലം കൃഷിയായും ചെയ്തിരുന്നു. കൃഷിഭൂമി സ്വന്തമായിട്ടുണ്ടായിരുന്നവരുടെ എണ്ണം വളരെ പരിമിതമായിരുന്നുവെങ്കിലും കാർഷികോല്പാദനവും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും വർദ്ധിച്ചതോതിലായിരുന്നു. ജനസംഖ്യാനുപാതികമായി അരിയും പയറും മരച്ചീനിയും ലഭ്യമായിരുന്നുവെന്നുമാത്രമല്ല അവ അധികമായി ഉല്പാദിപ്പിച്ച് വിറ്റ് നമുക്ക് ആവശ്യമുള്ള മറ്റുവസ്തുക്കൾ വാങ്ങുകയും ചെയ്തിരുന്നു. ഭൂരിഭാഗം ആളുകളുടെയും പ്രധാന ജീവിതമാർഗ്ഗം കൃഷിയായിരുന്നു. ദാരിദ്ര്യവും പട്ടിണിയും അക്കാലത്ത് ഇല്ലാതിരുന്നു എന്ന് ഇതിന് അർത്ഥമില്ല. വിഭവങ്ങളുടെ നീതിപൂർവ്വകമായ വിതരണത്തിൻെറ അഭാവമായിരുന്നു ദാരിദ്ര്യത്തിന് പ്രധാനകാരണം.

ഭൂഉടമാബന്ധത്തിൻെറ കാര്യം പരിശോധിക്കുമ്പോൾ ജന്മികുടിയാൻ സമ്പ്രദായം ഇവിടെ സുദൃഢമായി നിലനിന്നിരുന്നുയെന്ന് കാണാം. ഭൂമിക്കും കൂലിക്കും വേണ്ടിയുള്ള ഒറ്റപ്പെട്ട സമരങ്ങളും സംഘർഷങ്ങളും ഒഴിച്ചാൽ ജന്മികുടിയാൻ ബന്ധം പാരസ്പര്യത്തിൻേറയും സൗഹൃദത്തിൻേറതും ആയിരുന്നു. അതുകൊണ്ടുതന്നെ കാർഷികമേഖല പൊതുവേ ശാന്തവും ഉല്പാദനക്ഷമവുമായിരുന്നു.

കാർഷികഉല്പന്നങ്ങൾ പണ്ടുകാലത്ത് തലച്ചുമടായാണ് കൃഷിക്കാർ നെടുമങ്ങാട്, നന്ദിയോട്, വെഞ്ഞാറമൂട് തുടങ്ങിയ ചന്തകളിൽ കൊണ്ടുപോയി വിറ്റിരുന്നത്. ആട്ടുകാലിലും മൂന്നാനക്കുഴിയിലും ഇപ്പോഴും നിലനിൽക്കുന്ന ചുമടുതാങ്ങി കൃഷിക്കാർക്ക് ചുമടിറക്കി വിശ്രമിക്കാനായി പലസ്ഥലങ്ങളിലും സ്ഥാപിച്ചിരുന്ന വയുടെ അവശിഷ്ടങ്ങളാണ്. അപൂർവ്വമായി. കാളവണ്ടികളിലും ചരക്കുകൾ കൊണ്ടുപോയിരുന്നു.

ഇന്ന് കൃഷിഭൂമിയുടെ അളവ് കൂടി. കൃഷിഭൂമി കൈവശം ഉള്ള കൃഷിക്കാരുടെ എണ്ണവും വർദ്ധിച്ചു. (കൃഷിഭൂമി കൂടുതൽ തുണ്ടുവൽക്കരിക്കപ്പെട്ടുയെന്നത് വസ്തുത). പുതിയ സാങ്കേതികവിദ്യകളും ആധുനികരീതികളും എല്ലാം ഉണ്ടായി. ചരക്ക് ഗതാഗതം കൂടുതൽ സുഗമവും വേഗത്തിലുമായി. എന്നാൽകാർഷികോല്പാദനം അതനുസരിച്ച് വർദ്ധിച്ചില്ലായെന്നുള്ളത് കാർഷിക രംഗത്തെ പ്രധാന പ്രശ്നമായി ഇന്നും നിലനിൽക്കുന്നു.

ഉയർന്ന കുന്നിൻപ്രദേശങ്ങളും അവയുടെ മണ്ടയിൽ നിരന്ന പ്രദേശങ്ങളും കുത്തനെ ചരിഞ്ഞ പ്രദേശങ്ങളും താഴ്വാരങ്ങളും നിറഞ്ഞ ഭൂപ്രകൃതിയാണ് ഈ പ്രദേശത്തിനുള്ളത്. ചരൽകലർന്ന കറുത്ത മണ്ണ്, ചരൽകലർന്ന ചെമ്മണ്ണ്, മണൽകലർന്ന കറുത്ത മണ്ണ്, വെട്ടുകൽ മണ്ണ് എന്നിങ്ങനെയുള്ള മൺതരങ്ങളും പാറക്കൂട്ടങ്ങളും ഉള്ള പ്രദേശങ്ങളുമാണ് പഞ്ചായത്തിൽ ഉള്ളത്. പൊതുവേ കൃഷിക്ക് അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണുള്ളത്. കുന്നിൻമുകളിലും ചരിഞ്ഞപ്രദേശത്തും പ്രധാനമായി റബ്ബറും പിന്നെ തെങ്ങും കുരുമുളകും മറ്റുകൃഷികളും, താഴ്വരയിൽ നെൽകൃഷിയും തെങ്ങ്, കമുക്, വാഴ എന്നിവയും മറ്റ് ചെറുകൃഷികളും ചെയ്യുന്നു.

## നെൽകൃഷി

കുറ്റിച്ചെറയാടിയും ഓവുണ്ടാനും IR 8-ഉം ജയയും പവിഴവും ഒക്കെ സമൃദ്ധിയായി വിളഞ്ഞിരുന്ന 80 ഹെക്ടർ ഇരിപ്പൂ നിലങ്ങളായിരുന്നു 1980 വരെ ഈ പഞ്ചായത്തിൻെറ ഭക്ഷ്യമേഖലയെ സമ്പന്നമാക്കിയിരുന്നത്. ഇന്നത് ക്രമേണ കുറഞ്ഞ് വെറും 30 ഹെക്ടർ ആയിരിക്കുന്നുവെന്നത് ഗൗരവമായി കാണേണ്ട കാര്യമാണ്. 30 ഹെക്ടർ കൃഷിനിലത്തിൽനിന്ന് ഇരിപ്പൂകൃഷിയിലൂടെ 180 ടൺ നെല്ല് പ്രതിവർഷം ഉല്പാദിപ്പിക്കുന്നുയെന്ന് കൃഷിഭവൻ കണക്കുകൾ കാണിക്കുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ വസിക്കുന്ന ജനങ്ങൾക്ക് 36 ദിവസം കഴിക്കാനുള്ള നെല്ലരിമാത്രമാണ് ആകെയുള്ള ഈ ഉല്പാദനമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

മൊട്ടക്കാവ്, ആട്ടുകാൽ, നെടുമ്പ, പനയമുട്ടം, പേരയം-ചെല്ലഞ്ചി, കരിഞ്ച, ചൊർണ്ണോട്, കൊങ്ങണംകോട്, ആറ്റിൻപുറം, കീഴാറ്റിൻപുറം-ചെവിടംപാറ, മലയിൽകോണം, പനവൂർ-ഞാറ്റടികോണം തുടങ്ങിയ ചെറുതും വലുതുമായ പാടശേഖരങ്ങളിലാണ് നെൽകൃഷി അവശേഷിക്കുന്നത്.

നിലങ്ങൾ നികത്തി റബ്ബറും മറ്റുവിളകളും കൃഷിചെയ്യാൻ തുടങ്ങിയതോടെ ഭക്ഷ്യപ്രശ്നം മാത്രമല്ല പരിസ്ഥിതി സന്തുലിതാവസ്ഥയിലും മാറങ്ങൾ ഉണ്ടാകുകയും ജലദൗർലഭ്യം നാടിൻെറ സ്ഥിരം പ്രശ്നമായിത്തീരുകയും ചെയ്തിരിക്കുന്നു. നാമമാത്രമായിത്തീർന്നിരിക്കുന്ന പാടശേഖരങ്ങളിലെ ഉല്പാദന ക്ഷമതയും വർഷാവർഷം കുറയുന്നുവെന്നതും അവശേഷിക്കുന്ന പാടശേഖ രങ്ങൾ നികത്തൽ ഭീഷണി നേരിടുന്നുവെന്നതും ഇതിൻെറ ഗൗരവം വർദ്ധിപ്പിക്കുന്നു. നിലം നികത്തുന്നതിൻെറ

കാരണങ്ങൾ അന്വേഷിക്കുമ്പോൾ വിവിധ ന്യായവാദങ്ങൾ ഉന്നയിച്ചേക്കാമെങ്കിലും ഇതിലെ ഗൗരവസ്വഭാവം കണക്കിലെടുത്ത് ഒരു പുനർ വിചിന്തനം ആവശ്യമായി വന്നിരിക്കുന്നു. നികത്തിയ നിലങ്ങളെ തിരികെ കൊണ്ടുവരുവാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം. എന്നാൽ നെൽക്കൃഷിക്കാർ മാത്രം എന്ത് നഷ്ടം സഹിച്ചും നെൽകൃഷി നിലനിർത്തണം എന്നുപറയുന്നത് ഉചിതമായിരിക്കുകയില്ല. നെൽകൃഷിക്കാരെ സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും സമൂഹത്തിൻെറ ആകെ കടമയും ബാധ്യതയുമായി മാറണം.

**നെൽകൃഷിയിൽനിന്നും കൃഷിക്കാർ പിൻതിരിയാനുള്ള കാരണങ്ങൾ:**

1. ഉല്പാദനചെലവുമായി തട്ടിച്ചുനോക്കുമ്പോൾ നെൽകൃഷി നഷ്ടമാണ്. കർഷകത്തൊഴിലാളികളുടെ കൂലിവർദ്ധന, രാസവളത്തിൻേറയും കീടനാശിനികളുടേയും വിലവർദ്ധന, മാടുകളുടെയും മറ്റ് കൃഷിസങ്കേതങ്ങളുടെയും ലഭ്യതക്കുറവ് എന്നിവ നെൽകൃഷി അനാകർഷകമാക്കി.
2. കരയും നിലവും തമ്മിലുള്ള വിലയിലെ അന്തരം നിലം കരയാക്കി കൂടിയ വിലയ്ക്ക് വില്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നു.
3. റബ്ബർ, കുരുമുളക്, തെങ്ങ് തുടങ്ങിയ നാണ്യവിളകൾ നികത്തിയ നിലങ്ങളിൽ കൃഷിചെയ്ത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള കർഷകൻെറ ആഗ്രഹം നിലങ്ങളുടെ വിസ്തൃതി കുറയാൻ കാരണമായി.
4. കാലവർഷത്തെ ആശ്രയിച്ചാണ് ഈ പ്രദേശത്ത് നെൽകൃഷി നടത്തുന്നത്. ജലസേചനസൗകര്യങ്ങൾ കുറവാണ്. ഇത് നെൽകൃഷി കുറയുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണ്.
5. **കർഷകത്തൊഴിലാളികളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് പൊതുവേ നെൽകൃഷിയെ ബാധിച്ചിട്ടുണ്ട്.**

**പരിഹാര നിർദ്ദേശങ്ങൾ**

1. ഗ്രൂപ്പ് ഫാമിംഗ് കൂടുതൽ ശക്തമാക്കി നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക.
2. നികത്തിയ നിലങ്ങളെ തിരികെ പാടങ്ങളാക്കി മാറ്റാൻ കഴിയുന്നിടത്തൊക്കെ കൃഷിക്കാർക്ക് അതിനുവേണ്ട സാമ്പത്തിക സഹായം നൽകുക.
3. നിലങ്ങൾ നികത്തുന്നതിനെതിരെ നിലവിലുള്ള നിയമങ്ങൾ ശക്തമായി നടപ്പിലാക്കുക.
4. ആധുനിക സാങ്കേതികവിദ്യകൾ നെൽകൃഷിയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ വിതരണം ചെയ്യുകയും സാങ്കേതിക പരിജ്ഞാനം നൽകുകയും പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

5. ഭക്ഷ്യധാന്യത്തിൻെറ കാര്യത്തിൽ സംസ്ഥാനം നേരിടുന്ന ഗുരുതരാവസ്ഥയെ ജനങ്ങളിൽ ബോധവത്കരണം നടത്തുകയും അരിയും മറ്റ് ഭക്ഷ്യവസ്തുക്കളും ഉല്പാദിപ്പിക്കുന്ന കൃഷിക്കാരെ സംരക്ഷിക്കാനുള്ള ബാധ്യത സമൂഹത്തിനാകെ ത്തന്നെ ഉണ്ടെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുക.

ഭക്ഷ്യോല്പാദനത്തിൻെറ കുറവ് ലോകത്തിൻെറതന്നെ ആശങ്കയായി മാറിയിരിക്കുന്നു. അടുത്ത നൂറ്റാണ്ടിൽ ഭൂലോകം ഭക്ഷ്യക്ഷാമം അഭിമുഖീകരിക്കുമെന്ന് റോമിൽ ചേർന്ന (96 നവം. 13 മുതൽ 17 വരെ) ഭക്ഷ്യ ഉച്ചകോടി വിലയിരുത്തുകയുണ്ടായി. കേരളത്തെപ്പോലെ ഗുരുതരമായ ഭക്ഷ്യക്കമ്മിയുള്ള ഒരു സംസ്ഥാനത്തെ അതിരൂക്ഷമായിട്ടായിരിക്കും അത് ബാധിക്കുകയെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ. കേവലം 36 ദിവസംമാത്രം ഉണ്ണുവാനുള്ള അരി ഉല്പാദിപ്പിക്കുന്ന നമ്മുടെ പഞ്ചായത്തിൽ അത്തരം ഒരു ഭക്ഷ്യക്ഷാമം എത്ര ഭീകരമായിരിക്കും എന്നുള്ളത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിൻെറ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

## തെങ്ങുകൃഷി

കൃഷിഭവൻ രേഖകൾ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 510 ഹെക്ടർ ഭൂമിയിലാണ് തെങ്ങുകൃഷി ഉള്ളത്. ഒരു തെങ്ങിൽനിന്നും ശരാശരി ഉല്പാദനം പ്രതിവർഷം 30 ആണ്. വേരുചീയൽ, കാറ്റുവീഴ്ച, പൊട്ടിഒലിപ്പ് തുടങ്ങിയ രോഗങ്ങൾ പരക്കെ കണ്ടുവരുന്നു. ജലസേചനസൗകര്യങ്ങൾ ഏറെക്കുറവാണ്. തെങ്ങിൻ ചുവട് വെട്ടാനും ചരിഞ്ഞപ്രദേശങ്ങളിൽ തെങ്ങുകൃഷിക്ക് അനുയോജ്യമായ രീതിയിൽ തട്ടുകളായി തിരിക്കാനും വൈദഗ്ദ്യം ആവശ്യമാണ്. എന്നാൽ ഇത്തരത്തിലുള്ള കർഷകത്തൊഴിലാളികളെ കിട്ടുന്നത് ബുദ്ധിമുട്ടാണ്. ജൈവവളങ്ങളുടെ ലഭ്യതക്കുറവ്, രാസവളങ്ങളുടെ വിലക്കൂടുതൽ എന്നിവ ഉല്പാദനക്ഷമതയെ കുറയ്ക്കുന്നു. വിദഗ്ദരായ തെങ്ങുകയറ്റത്തൊഴിലാളികളെ കിട്ടുന്നതിനും ബുദ്ധിമുട്ടുണ്ട്. തെങ്ങോല സംസ്കരിച്ച് മെടഞ്ഞെടുക്കുന്നതിന് വിദഗ്ദരായ തൊഴിലാളികളെ ലഭിക്കുന്നില്ല. അതിൻെറ ഫലമായി ഓല ഉപയോഗശൂന്യമായിപ്പോകുന്നു. വിളവ് അധികമുള്ള സീസണിൽ കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കാതിരിക്കുകയും വിളവ് കുറഞ്ഞ സമയങ്ങളിൽ നാളികേരത്തിന് വിലവർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഇത് നാളികേര കൃഷിയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

**പരിഹാര നിർദ്ദേശങ്ങൾ**

1. രോഗം ബാധിച്ച തെങ്ങുകളെ അടിയന്തിരമായി മുറിച്ചുമാറ്റി പകരം രോഗപ്രതിരോധശേഷിയും അത്യുല്പാദനശേഷിയുമുള്ള തെങ്ങിൻ തൈകൾ നടുക. ഇതിന് തെങ്ങിൻ തൈകൾ യഥാസമയം കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.
2. രോഗപ്രതിരോധത്തിന് മരുന്നുതളിയിലും മറ്റ് പ്രതിരോധമാർഗ്ഗങ്ങളും കൃഷിഭവൻെറ നേതൃത്വത്തിൽ നടപ്പിലാക്കുക. ഈ പരിപാടികൾക്കായി വാഡുതലത്തിൽ കർമ്മസേനകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.

**അനുബന്ധം -2**

പനവൂർ ഗ്രാമപഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 80.4 ഹെക്ടർ |
| പുരയിടം | 1868 ഹെക്ടർ |
| പുറമ്പോക്ക് (Forest) | 122.06 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | - |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 94 ഹെക്ടർ |
| ആകെ | 2164.46 ഹെക്ടർ |

പനവൂർ ഗ്രാമപഞ്ചായത്ത്

വിള വിസ്തീർണവും ഉത്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 50 ഹെക്ടർ | 150 T | 3000 Kg/tta |
| നെല്ല് (രണ്ടാം വിള) | 50 ഹെക്ടർ | 160 T | 3200 Kg/tta |
| നെല്ല് (മൂന്നാം വിള) | 5 ഹെക്ടർ | 14 T | 2800 Kg/tta |
| പയർ | | | |
| എള്ള് | | | |
| പച്ചക്കറികൾ | | | |
| തെങ്ങ് | 150 ഹെക്ടർ | 15300 | 30 nuts/palm/yr |
| വാഴ | 150 ഹെക്ടർ | 1140 T | 600 Kg/tta |
| മരച്ചീനി | 80 ഹെക്ടർ | 880 T | 11 Ton/Ha |
| കുരുമുളക് | 10 ഹെക്ടർ | 7500 Kg (gmm) | 750 Kg/Ha |
| പ്ലാവ് | | | |
| കശുമാവ് | 5 " | 3850 Kg | 770 Kg/ha |
| മാവ് | | | |
| റബ്ബർ | 1000 " | 1000 Tas | 1 Ton / Ha |
| കവുങ്ങ് | | | |
| ...................... | | | |
| ...................... | | | |
| ...................... | | | |

## പനവൂർ ഗ്രാമ പഞ്ചായത്ത്
## നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | - | 1925 No | 2075 No. |
| കശുമാവ് | - | - | 160 No. |
| കുരുമുളക് | - | 6200 No. | 9875 No. |
| കവുങ്ങ് | - | - | 10 No. |
| നെല്ലുവിത്തി | - | 300 Kg | 550 Kg |
| പച്ചക്കറിവിത്ത് | 285 No. Packets | 500 pkts | 500 pkts |
| വാഴ വിത്ത് | 200 No. | - | - |
| പയർ | - | 88 Kg | 224 Kg |
| ഗ്രാമ്പൂ | - | 75 No. | 50 No. |
| Sapota | - | 15 No. | - |
| എളള് | - | - | 15 Kg |

## ഗ്രാമപഞ്ചായത്ത്
## ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിൻെറ വിസ്തീർണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തു |
|---|---|---|---|---|---|---|
| | വെളളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | | | | | | |
| 1994-95 | | | | | 26 No. | 15954/- |
| 1995-96 | | | | | 26 No. | 17131/- |

3. നാളികേരവികസന സമിതികളുടെ പ്രവർത്തനം യഥാർത്ഥ കൃഷിക്കാരെ ഉൾപ്പെടുത്തി ഊർജ്ജിത പ്പെടുത്തുക.
4. ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.
5. വിളവെടുപ്പിന് കൂടുതൽ തൊഴിലാളികൾക്ക് വിദഗ്ദപരിശീലനം നൽകുക, ഓലമെടച്ചിലിൽ കൂടുതൽ വനിതകൾക്ക് പരിശീലനം നൽകുക, ചകിര, ചിരട്ട തുടങ്ങിയവകൊണ്ടുള്ള കൗതികവ സ്തുക്കൾ നിർമ്മിക്കുന്നതിൽ പരിശീലനം നൽകി ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വനിതാ തൊഴിൽ സംരംഭങ്ങൾ കൂടുതൽ ഉണ്ടാക്കുക.
6. തെങ്ങുകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കി കൂട്ടായ്മയുടെ ഗുണഫലം കൃഷിക്കാർക്ക് ഉണ്ടാക്കുക.
7. നാളികേരത്തിൻെറ ഉല്പാദനം കൂടിയ അവസര ത്തിലുള്ള വിലയിടിവ് നേരിടാൻ കൃഷിക്കാരെ സാമ്പത്തികമായി സഹായിക്കാൻ പഞ്ചായത്തിന കത്തുള്ള ധനകാര്യസ്ഥാപനങ്ങളെസന്നദ്ധരാക്കുക.
8. നാളികേരവികസനബോർഡിൻെറ പ്രവർത്തനം പ്രാദേശികതലത്തിലേക്ക് എത്തിച്ച് കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുക.

നാളികേരത്തിൻെറ ഉല്പാദനവർദ്ധനവും മെച്ചപ്പെട്ട വില ലഭ്യതയും നാടിൻെറ സാമ്പത്തികസ്ഥിതിയെ വളരെ മെച്ചപ്പെടുത്തും എന്നുള്ള സത്യം നാളികേര വികസന പരിപാടികൾക്ക് ഊന്നൽ നൽകേണ്ടതിൻെറ ആവശ്യകത എടുത്ത് കാട്ടുന്നു.

## കുരുമുളക്

കൃഷിഭവൻ കണക്കുപ്രകാരം 10 ഹെക്ടർ സ്ഥലത്താണ് കുരുമുളക് കൃഷി ചെയ്യുന്നത്. ഹെക്ടറിന് 750 Kg. ആണ് ഉല്പാദനക്ഷമത. ഒരു കാലത്ത് ഈ പ്രദേശത്തിൻെറ കാർഷിക വരുമാനത്തിൽ ഗണ്യമായ പങ്കുവഹിച്ചിരുന്ന കൃഷിയായിരുന്നു കുരുമുളക്. റബ്ബറിൻെറ വരവോടെ ആസ്ഥാനം ഈ 'കറുത്ത പൊന്നിന്' നഷ്ടമായി. ദ്രുതവാട്ടം പോലുള്ള മാരകരോഗങ്ങൾ കുരുമുളക് കൃഷിയെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. ശാസ്ത്രീയമായ കൃഷിരീതി ഈ കൃഷിയിൽ അവലംബിച്ച് കാണുന്നില്ല. പന്നിയൂർ ഒന്ന് പോലെയുള്ള അധിക വിളവുതരുന്ന ഇനത്തിൽപ്പെട്ടവയും കൊറ്റനാടൻ, കരിമുണ്ട, പാല പോലുള്ള നാടൻ ഇനത്തിൽപ്പെട്ടവയും കൃഷി ചെയ്തുവരുന്നു. തെങ്ങിൻതോട്ടങ്ങളിലും-റബ്ബർ തോട്ടങ്ങളിലൊഴികെ-മറ്റേതുപ്രദേശത്തും കുരുമുളകു കൃഷി വ്യാപിപ്പിക്കാനുള്ള ഊർജ്ജിത പദ്ധതികൾ നടപ്പിലാക്കേണ്ടതായിട്ടുണ്ട്. രോഗം ബാധിച്ചയെ മാറ്റി പകരം പുതിയ തൈകൾ വച്ച് പിടിപ്പിക്കുക, രോഗപ്രതിരോധനടപടികൾ കൈക്കൊള്ളുക, കുരുമുളക് പടർത്താൻ കഴിയുന്ന എല്ലാ വൃക്ഷങ്ങളിലും വള്ളികൾ പടർത്തി കൃഷി വ്യാപിപ്പിക്കുക, ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഉല്പാദനം വർദ്ധിപ്പിക്കാനും പ്രദേശത്തിൻെറ സാമ്പത്തികസ്ഥിതിയെ മെച്ചപ്പെടു ത്താനും കഴിയും.

## റബ്ബർ

ഭൂവിനിയോഗത്തിൻെറ 65%വും റബ്ബർ കയ്യടക്കിയിരിക്കുന്നു. 1000ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയുണ്ടെന്ന് കൃഷിഭവൻ കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നിലയുടെ ഉയർച്ചതാഴ്ചകളുടെ സൂചിക പ്രധാനമായും റബ്ബറിൻെറ വിലയെ ആശ്രയിച്ചിരിക്കുന്നു.

1920 കളിൽ റബ്ബർകൃഷി ഈ പ്രദേശത്ത് ആരംഭിച്ചുവെന്നാണ് വായ്മൊഴി ചരിത്രപഠനത്തിലൂടെ മനസ്സിലാകുന്നത്. എന്നാൽ ആദ്യകാലങ്ങളിൽ വൻകിട തോട്ടങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന റബ്ബർകൃഷി ക്രമേണ ചെറുകിടനാമമാത്രകൃഷിക്കാരുടെ കൃഷിയിടങ്ങളിൽ സ്ഥാനം പിടിക്കുകയും ഇന്ന് 10 സെൻറ് ഭൂമി മാത്രം ഉള്ളവർപോലും റബ്ബർ കൃഷി ചെയ്യുന്നവരായി മാറുകയും ചെയ്തു.

അത്യുല്പാദനശേഷിയുള്ള RRI 600, 105 എന്നീ ഇനങ്ങളിലുള്ള റബ്ബറാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഈ പ്രദേശത്ത് ധാരാളം തൊഴില വസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന മേഖലയാണ് ഇത്. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനുള്ള താല്പര്യം റബ്ബർ കൃഷിക്കാർ കാണിക്കുന്നുണ്ട്. ശാസ്ത്രീയമുറകൾ പഠിപ്പിക്കുന്നതിനും സഹായങ്ങൾ എത്തിക്കുന്നതിലും റബ്ബർ ബോർഡിൻെറ പങ്ക് വലുതാണ്. ഉല്പാദനക്ഷമത കുറഞ്ഞ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി അത്യുല്പാദ ശേഷിയുള്ള റബ്ബർ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ശാസ്ത്രീയ കൃഷിരീതികൾ അനുവർത്തിക്കുന്നതിലും റബ്ബർ ബോർഡിൽനിന്നുള്ള ധനസഹായങ്ങൾ നേടുന്നതിലുമുള്ള ബോധവൽക്കരണ പരിപാടികൾ ഇനിയും ധാരാളം നടത്തേണ്ടിയിരിക്കുന്നു.

ഒരു ഹെക്ടറിൽനിന്നും ശരാശരി ഒരു ടൺ റബ്ബർ ഉല്പാദിപ്പിക്കുന്നുവെന്ന് കൃഷിഭവൻ കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടമരപ്പ്, പട്ടചീയൽ, കുമിൾരോഗങ്ങൾ, അകാലത്തിൽ ഇലപൊഴിയൽ തുടങ്ങിയ രോഗങ്ങൾ കാരണം ഉല്പാദനക്ഷമതയിൽ വമ്പിച്ച കുറവ് അനുഭവപ്പെടുകയും കൃഷിക്കാർക്ക് സാമ്പത്തികനഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. രോഗപ്രതിരോധ നടപടികൾ സാർവ്വത്രികമാക്കുകയും ശാസ്ത്രീയമായ ടാപ്പിംഗ്രീതി അനുവർത്തിക്കുകയും ചെയ്യേണ്ടത് അടിയന്തിരമായ കാര്യങ്ങളാണ്. എന്നാൽ ടാപ്പിംഗ് വിദഗ്ദരായ തൊഴിലാളികളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ട് ഇന്നനുഭവപ്പെടുന്നുണ്ട്. റബ്ബർ ബോർഡിൻെറ ആഭിമുഖ്യത്തിൽ ശാസ്ത്രീയ കൃഷിരീതികളെ സംബന്ധിച്ചും റബ്ബർപാൽ സംസ്കരിക്കുന്നതിനെക്കുറിച്ചും ശാസ്ത്രീയ ടാപ്പിംഗ് സമ്പ്രദായങ്ങളെക്കുറിച്ചും കൃഷിക്കാർക്കും തൊഴിലാളികൾക്കും വാർഡുതലത്തിൽ പഠനക്ലാസ്സുകൾ നടത്തേണ്ടതാണ്.

റബ്ബർ കൈകൾ വിതരണം ചെയ്യുന്ന ധാരാളം നഴ്സറികൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ധാരാളം ആളുകൾക്ക് സ്വയംതൊഴിൽ ചെയ്യാനുള്ള അവസരം ഇതുനൽകുന്നു. എന്നാൽ ഈ നഴ്സറികളിൽനിന്നും വിതരണം ചെയ്യുന്ന തൈകളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഒന്നും ഇല്ല. റബ്ബർ ബോർഡിൻെറ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്.

കോതകുളങ്ങരയിലും കരിക്കുഴിയിലും വെള്ളാഞ്ചിറയിലും റബ്ബർ ഉല്പാദകസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെനിന്നും കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ രാസവളം, ആസിഡ്. മറ്റ് തൊഴിലുപകരണങ്ങൾ എന്നിവ കൊടുത്തുവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ വൈവിധ്യവൽക്കരിക്കുവാനും സ്വകാര്യ മുതലാളിമാരുടെ ചൂഷണത്തിൽനിന്നും കൃഷിക്കാരെ മോചിപ്പിക്കുവാനും കഴിയണം. സഹകരണാടിസ്ഥാനത്തിലുള്ള ഈ മൂന്ന് സ്ഥാപനങ്ങൾ കൂടാതെ സ്വകാര്യ ഉടമകൾ നടത്തുന്ന റബ്ബർപാൽ ശേഖരണകേന്ദ്രങ്ങൾകൂടി പ്രദേശത്തിൻെറ വിവിധഭാഗങ്ങളിൽ ഉണ്ട്. എന്നാൽ റബ്ബർകറ അടിസ്ഥാന വസ്തുവായുള്ള വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ആറ്റിൻപുറത്ത് പ്രവർത്തിക്കുന്ന റബ്ബർ ബാൻഡ് വ്യവസായസ്ഥാപനം മാത്രമാണ്. അതുകൊണ്ട് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും റബ്ബറിന് മെച്ചപ്പെട്ട വില ലഭ്യമാക്കുവാനും കഴിയണം.

## വാഴ

പഴവർഗ്ഗകൃഷിയിൽ പഞ്ചായത്തിൽ മുന്നിട്ടുനിൽക്കുന്നത് വാഴകൃഷിയാണ്. നേന്ത്രൻ, കപ്പവാഴ, രസകദളി, പാളയൻകോടൻ, മലയണ്ണൻ, കറയണ്ണൻ തുടങ്ങിയ നാടൻ ഇനങ്ങളും റോബസ്റ്റ, മോറിസ് തുടങ്ങിയ മറുനാടൻ ഇനങ്ങളും ഈ പ്രദേശത്ത് കൃഷിചെയ്തുവരുന്നു. മൊന്തൻ, പടറ്റി എന്നീ ഇനങ്ങൾ കറിവയ്ക്കാൻ വിശേഷപ്പെട്ടവയാണ്. മുൻകാലങ്ങളിൽ വീട്ടുവളപ്പുകളിൽ മറ്റ് കൃഷികളോടൊപ്പം ചെയ്തിരുന്ന വാഴക്കൃഷി ഇന്ന് വാണിജ്യാടിസ്ഥാനത്തിൽ ചെയ്തുവരുന്നു. പ്രത്യേകിച്ചും പാടങ്ങൾ നികത്തി മറ്റ് കൃഷികൾ ചെയ്യുന്ന പ്രവണത വർദ്ധിച്ച സാഹചര്യത്തിൽ ഇത്തരം നികത്തപ്പെട്ട പാടങ്ങളിൽ വാഴക്കൃഷി ധാരാളമായി ചെയ്തുവരുന്നു.

കുറുനാമ്പ്, സിഗോട്ടാക്ക, കോക്കാൻ തുടങ്ങിയ രോഗങ്ങൾ ബാധിച്ച് ഏകദേശം പൂർണ്ണമായും നാശത്തിലെത്തിയിരുന്ന വാഴകൃഷി ഇന്ന് കൂടുതൽ ഊർജ്ജസ്വലമായിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഉല്പാദനവർദ്ധനവ് ഉണ്ടായി എങ്കിലും ഈ പ്രദേശത്തിൻെറ മുഴുവൻ ആവശ്യം നിറവേറ്റുന്ന തരത്തിലുള്ള വർദ്ധനവ് ഉണ്ടായിട്ടില്ല. ഇപ്പോഴും അന്യസംസ്ഥാനങ്ങളിൽനിന്നും നേന്ത്രൻ, റോബസ്റ്റ, പൂവൻ എന്നിവയിൽപ്പെട്ട വാഴക്കുലകൾ ധാരാളമായി പഞ്ചായത്തിൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ഈ കൃഷിയിൽ വൻവികസന സാദ്ധ്യ നിലനിൽക്കുന്നുവെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്.

നല്ലയിനം വാഴവിത്തുകൾ കിട്ടുന്നതിനുള്ള പ്രയാസം നിലനിൽക്കുന്നു. സ്വകാര്യ വ്യക്തികൾ തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന വിത്തുകളാണ് പ്രധാനമായും കൃഷിക്കാർ ഉപയോഗിക്കുന്നത്. കൃഷിഭവനിൽനിന്നും കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ കൃഷിക്കാർക്ക് വിതരണം ചെയ്ത വാഴവിത്തിൻെറ എണ്ണം വെറും **200** ആണ് (**93-94** വർഷം) എന്നത് ഈ കൃഷിയോട് കൃഷിവകുപ്പ് കാണിക്കുന്ന അവഗണനയ്ക്ക് ഉദാഹരണമാണ്. നാമമാത്രമായ സബ്സിഡി ഈ കാലയളവിനുള്ളിൽ വിതരണം ചെയ്തിട്ടുണ്ട്. നേരത്തേ സൂചിപ്പിച്ച രോഗങ്ങൾ ഇപ്പോഴും കൃഷിക്കാർക്കെ വെല്ലുവിളിയായി നിലനിൽക്കുന്നുവെങ്കിലും കുറെയൊക്കെ അവയെ അതിജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ ഇന്നുണ്ട്. താരതമ്യേന ലാഭകരമായി ചെയ്യാവുന്നതായിട്ടുണ്ട് വാഴകൃഷി. നല്ലയിനം വിത്തിനങ്ങൾ ലഭ്യമാക്കുകയും ശാസ്ത്രീയ കൃഷിരീതികൾ അനുവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ ഇന്നുള്ളതിൻെറ ഇരട്ടി വർദ്ധനവ് ഉല്പാദനത്തിൽ ഉണ്ടാകും.

വർഷന്തോറും കൊടുംകാറ്റിലും പേമാരിയിലും വാഴക്കൃഷിക്ക് ധാരാളം നഷ്ടം നേരിടുന്നുണ്ട്. ചെറിയരീതിയിലുള്ള നഷ്ടപരിഹാരമേ ഗവൺമെന്റിൽ നിന്നും കൃഷിക്കാർക്ക് ലഭിക്കുന്നുള്ളൂ. ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൻെറ ഗുണം എല്ലാപേർക്കും ലഭിക്കുവാനുള്ള പ്രചരണവും ബോധവൽക്കരണവും ഉണ്ടാകണം.

## മറ്റുകൃഷികൾ

മേകളിൽ വിവരിച്ച കൃഷികൾ കൂടാതെ ഈ പ്രദേശത്ത് മറ്റ് നിരവധി കൃഷികളും ഉണ്ട്. അതിലൊന്നാണ് വെറ്റിലകൃഷി. എന്നാൽ മുൻ കാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ വ്യാപകമായ നിലയിൽ ഇന്ന് വെറ്റിലകൃഷി ചെയ്യുന്നില്ല. പണ്ട് നിരവധി വീടുകളിൽ വെറ്റിലകൊടികളും വെറ്റിലക്കുളങ്ങളും ഉണ്ടായിരുന്നു. വളരെ അധ്വാനവും പരിചരണവും ആവശ്യമായി വരുന്നതാണ് വെറ്റിലകൃഷി. മുഴുവൻ സമയകർഷകർക്ക് മാത്രം ചെയ്യുവാൻ കഴിയുന്ന ഒന്നാണിത്. അത്തരത്തിലുള്ള കർഷകരുടെ അഭാവമാണ് ഈ കൃഷിക്കുള്ള തളർച്ചയുടെ പ്രധാനകാരണം.

മൂന്ന് ദശാബ്ദങ്ങൾക്കുമുമ്പ് പഞ്ചായത്തിലെ പുരയിടങ്ങളിലും പറമ്പുകളിലും നിറയെ കമുക് ഉണ്ടായിരുന്നു. കൃഷിക്കാരുടെ സാമ്പത്തികനിലയെ ഏറെക്കുറെ ഭദ്രമാക്കിയ വിളകളിൽ ഒന്നായിരുന്നു അടയ്ക്ക. എന്നാൽ കമുകിന് സംഭവിച്ചതുപോലെയുള്ള നാശം മറ്റൊരു വൃക്ഷവിളയ്ക്കും ഉണ്ടായിട്ടില്ല. പ്രധാനകാരണം രോഗം തന്നെ. രോഗം വന്നതെല്ലാം മുറിച്ചുമാറ്റി. എന്നാൽ പകരം അടയ്ക്കാ തൈ നടാൻ കൃഷിക്കാർ താല്പര്യം കാണിച്ചില്ല. ഒരു അടയ്ക്കാമരത്തിൽ കയറി അതിൽനിന്ന് മറ്റൊന്നിലേക്ക് എന്ന ക്രമത്തിൽ ചാടിചാടി പോകാൻ പാകത്തിൽ

നിബിഢമായിരുന്നു കമുകിൻ തോട്ടങ്ങൾ. ഈ അടയ്ക്കാ മരങ്ങളിൽ കുരുമുളകും പടർത്തിയിരുന്നു. ആയതിനാൽ കമുകിന്റെ നാശം കുരുമുളക് കൃഷിയുടേയും നാശമായി മാറി എന്നുള്ളതാണ് സത്യം. ഇന്ന് അടയ്ക്കാക്ക് ന്യായവില ലഭിക്കുന്നു. എന്നാൽ അടയ്ക്ക ആവശ്യത്തിന് ലഭ്യമല്ല. അടയ്ക്ക തെങ്ങുകൾക്കിടയിൽ ഇടവിളയായും കൃഷിചെയ്യാൻ കഴിയുന്നു. അടയ്ക്ക കൃഷി ചെയ്യുവാൻ കഴിയുന്ന ധാരാളം പ്രദേശങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ഇനിയും ഉണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കി ശാസ്ത്രീയകൃഷിരീതികൾ അനുവർത്തിച്ചാൽ വളരെ ലാഭകരമായി കൃഷി ചെയ്യാം.

തെങ്ങിൻ തോപ്പുകളിലും മറ്റും ഇടവിളയായി, ഒറ്റക്കും കൃഷിചെയ്തുവരുന്ന കിഴങ്ങുവർഗ്ഗവിളകളാണ് ചേമ്പ്, ചേന, ഇഞ്ചി, കാച്ചിൽ, മധുരക്കിഴങ്ങ്, കൂവ മുതലായവ. നമ്മൾ നേരിടുന്ന ഭക്ഷ്യധാന്യത്തിന്റെ കുറവ് പരിഹരിക്കുന്നതിന് മരിച്ചീനിയോടൊപ്പം നിൽക്കുന്ന വയാണ് ഈ കിഴങ്ങുവർഗ്ഗങ്ങൾ. എന്നാൽ ഇവയിലും പുതിയ ഇനത്തിൽപ്പെട്ടവയെക്കുറിച്ചോ, ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചോ ഒരറിവും കൃഷിക്കാർക്കില്ല.

വളരെ ചെറിയതോതിൽ പച്ചക്കറികൃഷി ഈ പ്രദേശത്ത് ചെയ്തുവരുന്നു. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷി ചെയ്യുന്ന നാമമാത്രക്കാരായ കൃഷിക്കാരാണ് ഉള്ളത്. അടുക്കളത്തോട്ട പച്ചക്കറി കൃഷി ചെയ്യുന്ന കുറച്ച് വീടുകളും ഉണ്ട്. എന്നാൽ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമുള്ള പച്ചക്കറിയുടെ പത്തിലൊന്നുപോലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. പച്ചക്കറികൃഷിക്ക് ധാരാളം സാധ്യതകൾ ഈ പ്രദേശത്ത് ഉണ്ട്. ജനകീയ പങ്കാളിത്തത്തോടെ കൂട്ടായ്മയിലൂടെ പച്ചക്കറികൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ പച്ചക്കറിയുടെ കാര്യത്തിലുള്ള പരാശ്രയത്വം വളരെക്കുറയ്ക്കാൻ സാധിക്കും.

നാടൻ ചികിത്സാരീതി, ഒറ്റമൂലി എന്നീ നിലകളിൽ ഔഷധസസ്യങ്ങൾ വളർത്തുക എന്നുള്ളത് പണ്ട് ഈ പഞ്ചായത്തിലെ മിക്കവീടുകളിലും പതിവായിരുന്നു. തുളസി, കൈതോന്നി, ആടലോടകം, കൊടുവേലി, കോലിഞ്ചി, കീഴാനെല്ലി, മാതളം, കുറുന്തോട്ടി, ശതാവരി തുടങ്ങിയ ഔഷധസസ്യങ്ങൾ മുറ്റത്തും പറമ്പിലും വളർത്തുയോ വളരുകയോ ചെയ്തിരുന്നു. ഇവ ഉപയോഗിച്ച് മരുന്നുകൾ ഉണ്ടാക്കാനും അന്നുള്ളവർക്ക് അറിയാമായിരുന്നു. ഇന്നീ ചെടികളും അറിവുകളുമെല്ലാം അന്യം നിന്നുപോയിരിക്കുന്നു. ഇവയുടെ നാശം നമ്മുടെ ജൈവവൈവിധ്യത്തെ തന്നെ നശിപ്പിച്ചിരിക്കുന്നു. നമ്മുടെ പരമ്പരാഗത ചികിത്സാരീതിക്ക് പ്രാമുഖ്യം കിട്ടിവരുന്ന ഈ കാലഘട്ടത്തിൽ ഔഷധസസ്യകൃഷി ലാഭകരമായ രീതിയിൽ നടത്താനും ചെലവേറിയ ആധുനിക ചികിത്സാ രീതികളിൽനിന്നും ജനങ്ങൾക്ക് മോചനം നേടാനും കഴിയും.

ഉദ്യാനകൃഷി, അലങ്കാരചെടികളുടെ കൃഷി, കൂൺകൃഷി തുടങ്ങിയ ആധുനികകൃഷി രീതികൾക്കും വളരെ സാധ്യത ഈ പ്രദേശത്ത് ഉണ്ട്.

## കൃഷിയുടെ പ്രശ്നങ്ങൾ

**i. ജലസേചനസൗകര്യത്തിന്റെ കുറവ്:**

തലക്കുളങ്ങൾ, തലച്ചിറകൾ എന്നിവ വേണ്ടത്രയില്ല. ഉള്ളവയെതന്നെ വേണ്ടത്ര പരിപാലിച്ച് ഉപയോഗിക്കുന്നില്ല. ഉയർന്ന കൃഷിപ്രദേശങ്ങളിൽ ജല സേചന സൗകര്യങ്ങൾ തീരെക്കുറവാണ്.

**ii. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണത്തിലുള്ള കുറവ്:**

കൃഷിയിൽനിന്നുള്ള വരുമാനം മാത്രം ആശ്രയിച്ച് ജീവിക്കുന്നവരെയാണ് കൃഷിക്കാർ എന്നുപറയുക. പണ്ട് അത്തരം ആളുകൾ പഞ്ചായത്തിൽ **90%** ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കൃഷി ഒരുപതൊഴിലായി മാറി. പ്രധാന ജോലി സേവനമേഖലയോ നിർമ്മാണ മേഖലയോ ആയി മാറി. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർ 30% ആയി കുറഞ്ഞിരിക്കുന്നു.

**iii. കർഷകത്തൊഴിലാളികളെ കിട്ടുന്നില്ല:**

കൃഷി ഉപതൊഴിലായി മാറുകയും കൃഷിഭൂമിയുടെ ഉടമസ്ഥർ കൃഷി ജോലിയിൽനിന്ന് മാറുകയും ചെയ്തപ്പോൾ കൃഷിപ്പണികൾ ചെയ്യുന്നതിന് തൊഴിലാളികളെ അന്വേഷിക്കേണ്ടി വന്നു. എന്നാൽ കർഷകത്തൊഴിലാളികൾ ചുമട്ടുതൊഴിലാളികളായും നിർമ്മാണത്തൊഴിലാളികളായും പല മേഖലകളിലേക്ക് തിരിഞ്ഞു. ഇതിന്റെ ഫലമായി കാർഷിക ജോലികൾക്ക് ആളെ കിട്ടാതാകുന്നു.

**iv. കൃഷിച്ചെലവിന്റെ വർദ്ധനവ്:**

വിത്ത് , വളം എന്നിവയുടെ വർദ്ധിച്ചവില, ഉല്പാദനച്ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ കാർഷിക ഉല്പന്നങ്ങളുടെ വിലക്കുറവ്, എന്നിവ കൃഷിയെ അനാകർഷകമാക്കുകയും കൃഷിക്കാർ അതിൽനിന്ന് അകന്നുപോകുകയും ചെയ്യുന്നു.

**v. കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ, കീടങ്ങൾ:**

കൃഷിയെ പൊതുവേ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളും വമ്പിച്ച വിളനഷ്ടമാണ് ഉണ്ടാക്കുന്നത്. ഇത് കൃഷി നഷ്ടത്തിലാക്കുന്നു.

**vi. കൃഷിഭവന്റെ പ്രവർത്തനത്തിലുള്ള പോരായ്മ:**

കൃഷിഭവന്റെ പ്രവർത്തനം ഈ പ്രദേശത്തിന്റെ കൃഷിയുടെ അഭിവൃദ്ധിക്ക് വേണ്ടത്ര സഹായകരമാകുന്നില്ല. കൃഷി ഉദ്യോഗസ്ഥന്മാരുടെ ജോലി കൂടുതലും ഫയൽ കേന്ദ്രീകരിച്ചാകുന്നു. വയലിലേക്കും പറമ്പിലേക്കും എത്തുന്നില്ല. കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പല പദ്ധതികൾക്കും വേണ്ടത്ര പ്രചരണം കൊടുക്കുന്നില്ല. യഥാർത്ഥ ഗുണഭോക്താക്കൾ അറിയുന്നുമില്ല.

**vii. കൂട്ടായ്മയുടെ അഭാവം:**

കൃഷിഭൂമി തുണ്ടുവൽക്കരിക്കപ്പെട്ടതിന്റെ ഫലമായി കർഷകരുടെ കയ്യിലുള്ള ഭൂമി ശരാശരി 50 സെന്റാണ്.

കൃഷിരീതികളിലും വളപ്രയോഗത്തിലും ജലസേചനത്തിലും രോഗകീടനിയന്ത്രണങ്ങളിലും എല്ലാമെല്ലാം-കൃഷിയുടെ സർവ്വമേഖലകളിലും-കൂട്ടായ്മ ആവശ്യമാണ്. എന്നാൽ അവരവർക്കിഷ്ടമുള്ള വിത്തുകളും മുറകളും സ്വീകരിക്കുന്നതുകൊണ്ട് ആധുനിക സാങ്കേതിക വിദ്യകൾ കൃഷിയിൽ പ്രയോഗിച്ച് കൃഷി ലാഭകരമാക്കുവാൻ കഴിയുന്നില്ല.

## വികസന സാധ്യതകൾ

**i. നിലവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കൽ:**
നിലവിലുള്ള നെൽപ്പാടങ്ങൾ നികത്തപ്പെടാതെ സംരക്ഷിക്കുന്നതിനോടൊപ്പം നികത്തിയ പാടങ്ങൾ വീണ്ടും നെൽകൃഷി പാടങ്ങളാക്കി മാറ്റാൻ കഴിയുന്നവയെ അങ്ങനെ ചെയ്യാനുള്ള സാമ്പത്തിക സഹായങ്ങൾ കൃഷിക്കാർക്ക് നൽകുക. നെൽപ്പാടങ്ങൾ നികത്തുന്ന തുകൊണ്ടുണ്ടാകുന്ന ഭവിഷത്തുകളേക്കുറിച്ച് കർഷകരേയും മറ്റുള്ളവരേയും ബോധവാന്മാരാക്കണം. ഇതിനുവേണ്ടി പ്രത്യേക പ്രചരണ പ്രവർത്തനങ്ങൾ നടത്താവുന്നവയാണ്.

**ii. ജലസേചനം:**
നികത്തിയ തോടുകളും കുളങ്ങളും പുനർനിർമ്മിച്ചും പുതിയ തോടുകൾ, കുളങ്ങൾ എന്നിവ വെട്ടിയും കൃഷിക്ക് ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. പഞ്ചായത്തിലെ ചിറകളേയും നദികളേയും ഉപയോഗിച്ച് ലിഫ്റ്റ് ഇറിഗേഷനിലൂടെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാം. ആധുനിക ജലസേചനമാർഗ്ഗമായ ഡ്രിപ്പ് ഇറിഗേഷൻ ഈ പ്രദേശത്ത് നടപ്പിലാക്കാം.

**iii. ജൈവ വളത്തിൻെറ കുറവ് പരിഹരിക്കൽ:**
കമ്പോസ്റ്റ് വള നിർമ്മാണത്തിനും മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കുന്നതിനും പ്രത്യേക പരിശീലനവും പ്രചരണവും നടത്തുക. ബണ്ടുകളിലും അതിരുകളിലും പച്ചില ചെടികൾ നട്ട് പച്ചില വള ദൗർലഭ്യത്തിന് പരിഹാരം ഉണ്ടാക്കാനുള്ള പ്രചാരണം കൊടുക്കുക. മൃഗസംരക്ഷണപ്രവർത്തനങ്ങളിലൂടെ ജൈവ വളത്തിൻെറ കുറവ് പരിഹരിക്കാൻ പരിപാടികൾ നടപ്പിലാക്കാവുന്നതാണ്.

**iv. വിത്തുല്പാദനവും വിതരണവും:**
എല്ലാ വിഭാഗം വിളകളുടെയും വിത്തുല്പാദനവും വിതരണവും നടത്തുന്നതിന് കർഷകസമിതി ഉണ്ടാക്കണം. പഞ്ചായത്തുപ്രദേശത്ത് ലഭ്യമല്ലാത്ത വിത്തിനങ്ങൾ മറ്റിടങ്ങളിൽനിന്ന് ശേഖരിച്ച് ഗുണമേന്മ പരിശോധിച്ച് കൃഷിക്കാർക്ക് യഥാസമയം ഈ സമിതി വിതരണം ചെയ്യേണ്ടതാണ്. ഒരു പാടശേഖരത്തിൽ ഒരു സീസണിൽ ഒരിനം വിത്തുതന്നെ ഉപയോഗിച്ചാൽ കീടങ്ങളിൽനിന്ന് കൃഷിയെ രക്ഷിക്കാൻ കഴിയും.

**v. പച്ചക്കറി കൃഷി പദ്ധതി:**
ഏകദേശം 600 കോടി രൂപയുടെ പച്ചക്കറി പ്രതിവർഷം കേരളത്തിലെ മാർക്കറ്റുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നുവെന്നാണ് കണക്ക്. ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ ഉപഭോഗിക്കുന്ന ആകെ പച്ചക്കറിയുടെ 10% പോലും ഈ പ്രദേശത്ത് ഉല്പാദിപ്പിക്കുന്നില്ലയെന്നാണ് പ്രാഥമിക സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. നമുക്കാവശ്യമുള്ള പച്ചക്കറിയുടെ 90% വും പുറത്തുനിന്നും വാങ്ങുന്നു. ഒരു കുടുംബം ശരാശരി 3 രൂപയുടെ പച്ചക്കറി ഒരുദിവസം വാങ്ങുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. എങ്കിൽ പ്രതിവർഷം അയ്യായിരത്തിലധികം കുടുംബങ്ങളിലായി 55 ലക്ഷത്തോളം രൂപയുടെ പച്ചക്കറി ഉപഭോഗിക്കുന്നു. പച്ചക്കൃഷിക്ക് വളരെ അനുകൂലമായ സാഹചര്യങ്ങൾ ഉള്ള ഈ പ്രദേശം അതിന് പ്രയോജനപ്പെടുത്തുവാൻ പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കണം. ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴി പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയ പച്ചക്കറികൃഷി പദ്ധതിയുടെ മാതൃകയിൽ സംഘടനാരൂപം ഉണ്ടാക്കി പ്രവർത്തിച്ചാൽ പച്ചക്കറി രംഗത്ത് ഏറെക്കുറെ സ്വയം പര്യപ്തതയും കൂടുതൽ തൊഴിലവസരങ്ങളും ഉണ്ടാക്കുവാൻ കഴിയും.

## നീർമറി പ്രദേശ വികസനം

നടപ്പുപദ്ധതിയിൽ നീർമറിപ്രദേശവികസന പദ്ധതിയിൽ ഉൾപ്പെടാത്ത ഒരു പഞ്ചായത്താണ് പനവൂർ. എന്നാൽ നീർമറി പ്രദേശങ്ങൾ ധാരാളം ഈ പ്രദേശത്തുണ്ട്. അതുകൊണ്ട് 9-ാം പദ്ധതിയിൽ നീർമറി പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് അവയെ ആകെ ഒരു യൂണിറ്റായി എടുത്തുകൊണ്ട് ആ പ്രദേശങ്ങളുടെ സമഗ്രവും സംയോജിതവുമായ വികസനത്തിനു വേണ്ടിയുള്ള പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്.

## പഞ്ചായത്ത് വിപണനകേന്ദ്രം

കാർഷികോല്പാദനത്തിൻെറ ആകെ മാന്ദ്യം വിപണനകേന്ദ്രങ്ങളെ തളർത്തി. പനവൂരും പ്രവർത്തിച്ചിരുന്ന ചന്തകൾ ഇന്ന് നിർജീവമാണ്. എന്നാൽ ഉല്പാദന വർദ്ധനവിനുള്ള നടപടികൾ ഉണ്ടാകുകയും ഉല്പാദനം വർദ്ധിക്കുകയും ചെയ്യുമ്പോൾ വിപണനം വളരെ പ്രധാനപ്പെട്ടതായിത്തീരുന്നു. ആയതിനാൽ ഉല്പന്നങ്ങൾ ശേഖരിക്കുവാനും ആഭ്യന്തര വിപണനം നടത്തുവാനും അധികമുള്ളവ മറ്റുവിപണന കേന്ദ്രങ്ങളിലേക്കയച്ചു വിൽക്കുവാനും സാധിക്കത്തക്കനിലയിൽ പഞ്ചായത്തുതലത്തിൽ ആധുനിക രീതിയിലുള്ള ശേഖരണ-വിപണന കേന്ദ്രം ഉണ്ടാകണം. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ഉണ്ടാക്കുന്ന ഒരു സമിതിയുടെ നേതൃത്വത്തിൽ ആയാൽ കർഷകന് ന്യായമായ വില ലഭിക്കും.

## കാർഷിക മേള

ഇന്നിപ്പോൾ കൃഷി വകുപ്പിൻെറ ആഭിമുഖ്യത്തിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഒക്കെയുള്ള കാർഷികമേളകളും മത്സരങ്ങളുമേ ഉള്ളൂ. കർഷിക ദിനാചരണവും കർഷകരെ ആദരിക്കലും ഒക്കെ നടത്തുന്നുവെങ്കിലും അതൊന്നും കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുവനോ ഉത്തജിപ്പിക്കുവാനോ

പര്യാപ്തമല്ല. ആയതിനാൽ പഞ്ചായത്തു പ്രദേശത്തെ മുഴുവൻ കൃഷിക്കാർക്കും പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ വർഷത്തിലൊരിക്കൽ കാർഷികമേള സംഘടിപ്പിക്കുകയും കാർഷിക പ്രദർശനങ്ങളിൽനിന്നും ഏറ്റവും നല്ല കൃഷിക്കാരെ-വിവിധ വിഭാഗത്തിൽനിന്ന്-തെരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുകയും ആദരിക്കുകയും ചെയ്യുന്നത് നല്ലതാണ്.

## ഔഷധച്ചെടികളുടെ കൃഷി, വിപണനം

പ്രകൃതിദത്ത വനങ്ങളും കാവുകളും കൊണ്ട് നിറഞ്ഞതായിരുന്നു പഞ്ചായത്തുപ്രദേശം. വിശിഷ്ടങ്ങളായ ഔഷധസസ്യങ്ങൾ ഈ വനപ്രദേശങ്ങളിലും കാവുകളിലും ഉണ്ടായിരുന്നു. കൂടാതെ പുരയിടങ്ങളിലും പറമ്പുകളിലും ഔഷധസസ്യങ്ങൾ കൃഷിക്കാർ നട്ടുവളർത്തിയിരുന്നു.

അതെല്ലാം വെറും പഴങ്കഥകളായിരിക്കുന്നു. വനങ്ങളുടെയും കാവുകളുടെയും നാശം ഔഷധസസ്യങ്ങളുടെ നാശത്തിലേക്കും വഴിതെളിച്ചു. വീട്ടുപറമ്പുകളിൽ അവ നട്ടുവളർത്തുന്ന സ്വഭാവവും കുറഞ്ഞിരിക്കുന്നു. ആധുനിക ചികിത്സാ സമ്പ്രദായങ്ങളുടെ പുറകെ അന്ധമായി പരക്കം പാഞ്ഞതിന്റെയും പരമ്പരാഗത ചികിത്സാ രംഗത്തെ ഗവേഷണത്തിന്റെ കുറവുകൊണ്ടും ഔഷധസസ്യങ്ങളുടെ ഗുണത്തെക്കുറിച്ച് പുതിയ തലമുറ വേണ്ടത്ര അറിവ് നേടിയില്ല. എന്നാൽ ഇന്ന് പരമ്പരാഗത ചികിത്സാ രീതികളെക്കുറിച്ചും നമ്മുടെ ഔഷധച്ചെടികളെക്കുറിച്ചും ഗവേഷണങ്ങൾ ആഗോളതലത്തിൽ തന്നെ നടന്നുവരുന്നു. അതിന്റെ അടിസ്ഥാനത്തൽ **Herbs for all, Health for all** എന്ന ഒരു മുദ്രാവാക്യം തന്നെ ആരോഗ്യരംഗത്ത് ഉയർന്നുവന്നിട്ടുണ്ട്. ഔഷധച്ചെടികൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ കഴിയുന്ന ഒരു സാഹചര്യം ഇന്നുണ്ട്. ഇതിനെ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉണ്ടാക്കാൻ കഴിയുന്ന ഔഷധച്ചെടികൃഷി പദ്ധതി പഞ്ചായത്ത് പ്രദേശത്ത് തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.

| നമ്പർ | ഔഷധസസ്യം | ഉപയോഗഭാഗം |
|---|---|---|
| 1. | ചിറ്റാടലോടകം | സമൂലം/വേര് |
| 2. | അടപതിയൻ | കിഴങ്ങ് |
| 3. | ചുവന്ന കൊടുവേലി | വേര് |
| 4. | ചിറ്ററത്ത | വേര് |
| 5. | ശതാവരി | കിഴങ്ങ് |
| 6. | നീലാമരി | വേര്/ഇല |
| 7. | കരുനൊച്ചി | ഇല/വേര് |
| 8. | ചെങ്ങഴനീർ കിഴങ്ങ് | കിഴങ്ങ് |
| 9. | കച്ചോലം | കിഴങ്ങ് |
| 10. | വിഷ്ണുക്രാന്തി | സമൂലം |
| 11. | തുളസി | ഇല/വേര് |
| 12. | കൊടങ്ങൽ | സമൂലം |
| 13. | ബ്രഹ്മി | സമൂലം |
| 14. | കരിങ്ങാലി | വേര്/ഇല/ബീജം |
| 15. | വേപ്പ് | ഇല/പട്ട/ബീജം |
| 16. | കസ്തൂരി മഞ്ഞൾ | കിഴങ്ങ് |
| 17. | കുന്നി | ഇല/വേര് |
| 18. | കിര്യാത്ത് | ഇല/ബീജം |
| 19. | കഴഞ്ചി | ബീജം |
| 20. | പാടക്കിഴങ്ങ് | കിഴങ്ങ് |
| 21. | നായ്ക്കരണ | ബീജം |
| 22. | നറുനീണ്ടി | വേര് |
| 23. | തിപ്പലി | ഫലം |
| 24. | ചെറുപന്ന | ബീജം |
| 25. | ചക്കരക്കൊല്ലി | ഇല |
| 26. | ഞെരിഞ്ഞിൽ | സമൂലം/വേര് |
| 27. | കൊടിത്വ | വേര് |
| 28. | കാട്ടുപടവലം | സമൂലം |
| 29. | നാഗദന്തി | വേര് |

അവലംബം - ജൈവവൈവിധ്യങ്ങൾ
TBG & RI പാലോട്

## അലങ്കാരസസ്യകൃഷിയും പുഷ്പകൃഷിയും

വിവാഹത്തിനും മറ്റാഘോഷങ്ങൾക്കുമായി കോടിക്കണക്കിന് രൂപയുടെ പൂവാണ് കേരളത്തിലേക്ക് കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽനിന്നും വരുന്നത്. ഈ പൂവുകളെല്ലാം വ്യാവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനുള്ള ഭൂപ്രകൃതിയും കാലാവസ്ഥയും അല്ല നമ്മുടെ പഞ്ചായത്തിലുള്ളത്. എന്നാലും ഈ രംഗത്ത് ചില സാധ്യതകൾ ആരായണം. കുടിൽ-ചെറുകിട വ്യവസായരൂപങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കുന്ന ചില അലങ്കാരസസ്യങ്ങളും പൂവുകളും ഉണ്ട്. ആന്തൂറിയം, ഓർക്കിഡ് എന്നിവ ആ വിഭാഗത്തിൽപ്പെട്ടവയാണ്. തൊഴിൽ രഹിതരായ ഗ്രാമീണവനിതകളെക്കൊണ്ട് ലാഭകരമായി കൃഷിചെയ്യാനുതകുന്ന തരത്തിലുള്ള പദ്ധതികൾക്ക് നാം രൂപം കൊടുക്കണം. ഇതിനുവേണ്ട പരിശീലനവും നിർദ്ദേശങ്ങളുമൊക്കെ പാലോട് TBGRI-ൽ നിന്നും നൽകുന്നുണ്ട്.

കൂടാതെ പിച്ചിയും മുല്ലയും (കുറ്റിമുല്ല ഉൾപ്പെടെ) ഗ്രൂപ്പ് ഫാമിംഗ് രീതിയിൽ കൃഷി ചെയ്യാൻ കഴിയുന്നവയാണ്. ഉല്പാദകർക്ക് തന്നെ അവയെ മാലയാക്കി പൂക്കടകളിൽ എത്തിച്ച് വിപണനം നടത്താം.

## പഞ്ചായത്ത് കാർഷിക വികസന സമിതി

നിലവിലുള്ള കാർഷികവികസനസമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. കാർഷികരംഗത്ത് പഞ്ചായത്ത് പ്രദേശത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും മനസ്സിലാക്കാനും യഥാസമയങ്ങളിൽ പരിഹാരങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കാൻ കഴിയണം. കൃഷിഭവൻ വഴി നടത്തുന്ന പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കാനും ഗുണഫലം അർഹതയുള്ളവർക്ക് മുഴുവൻ ലഭ്യമാക്കാനും കഴിയണം.

## മണ്ണ് സംരക്ഷണം

ഉയർന്ന കുന്നിൻപ്രദേശങ്ങളും കുത്തനെ ചരിഞ്ഞ പ്രദേശങ്ങളും കൊണ്ട് നിറഞ്ഞതാണ് പനവൂർ പഞ്ചായത്ത് പ്രദേശം. ചരിഞ്ഞ പ്രദേശങ്ങൾ കൂടുതലായതുകൊണ്ട് മണ്ണ് സംരക്ഷണം വളരെ പ്രധാനപ്പെട്ട കാർഷികപ്രവർത്തനമായി പഞ്ചായത്തിൽ പരിഗണിക്കണം. ചരിഞ്ഞ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് വളരെ കൂടുതലായി കണ്ടുവരുന്നു. ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒലിച്ച് പോകുന്നതിന്റെ ഫലമായി മണ്ണിന്റെ ഉല്പാദനക്ഷമത കുറയുകയും കാർഷിക ഫലസിദ്ധിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. മണ്ണ് സംരക്ഷണ വകുപ്പോ മറ്റേതെങ്കിലും ഏജൻസിയോ പഞ്ചായത്ത് പ്രദേശത്ത് മണ്ണ് സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. നീർമറി പ്രദേശങ്ങൾ പഞ്ചായത്തിൽ നിരവധി ഹെക്ടറുണ്ട്. മണ്ണൊലിപ്പിന്റെ വിപത്തിനെക്കുറിച്ചോ മണ്ണ് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ കർഷകർക്ക് വലിയ ധാരണകൾ ഒന്നുമില്ല. മണ്ണ് സംരക്ഷണവകുപ്പ്, കൃഷി വകുപ്പ്, ജലസേചനവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ മണ്ണ് സംരക്ഷണപദ്ധതി നീർമറി പ്രദേശങ്ങളുടെ അടിസ്ഥാനത്തിലും മറ്റ് പ്രദേശങ്ങൾക്കുവേണ്ടിയും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും അത്യാവശ്യമാണ്.

## മണ്ണ് പരിശോധന

മണ്ണിന്റെ ഉല്പാദനക്ഷമത മനസ്സിലാക്കുന്നതിന് മണ്ണ് പരിശോധന അത്യാവശ്യമാണ്. എന്നാൽ അതിനുള്ള സൗകര്യങ്ങൾ കൃഷിക്കാർക്ക് എളുപ്പത്തിൽ കിട്ടുന്നില്ല. ജില്ലാടിസ്ഥാനത്തിൽ മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിച്ച് യഥാസമയം മണ്ണ് പരിശോധിച്ച് ഫലങ്ങൾ അറിയിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

**വാർഡ് ഓരോ വാർഡിലും ചെയ്യേണ്ട ജലസേചന പ്രവർത്തനങ്ങൾ**

I മൊട്ടക്കാവ് - ആട്ടുകാൽ ഏലാ തോടിൽ കൂടുതൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക, മുക്കാൻ തോട്ടിലുള്ള ചെക്ക് ഡാമിന്റെ കല്ലടുക്കിൽകൂടി ജലം വാർന്ന് നഷ്ടപ്പെടുന്നു. സിമന്റ് പോയിന്റ് ചെയ്യണം. അവിടെയുള്ള കുളത്തിൽ പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. ചെറുവേലി, പാണയം, നെടുമ്പാറ തോട് പുനരുദ്ധരിക്കണം.

II വഞ്ചുവം -ചെമ്പൻകോട് തോട്, ചാവരകോണം നെടുമ്പതോട് എന്നിവയിൽ തടയണകൾ കെട്ടിയാൽ വേനൽക്കാലത്ത് തോടുകളുടെഎ ഇരുവശത്തുമുള്ള ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത വർദ്ധിക്കും.

III മുളമൂട് ചന്ദ്രമൺകൊക്കോട് തോടിന്റെ പുനരുദ്ധാരണവും ചെക്ക്ഡാമും നിർമ്മിക്കുക. നെടുമ്പ പാമ്പാടിതോട് പുനരുദ്ധരിക്കുക.

IV വഞ്ചുവം-പനയമുട്ടം ആറ്റിൽ ചെക്ക്ഡാം സ്ഥാപിച്ച് ചെമ്പൻകോടുമുതൽ പനയമുട്ടം വരെയുള്ള നൂറ്റിഅൻപത് ഏക്കറോളം കൃഷിഭൂമിക്ക് വെള്ളം ലഭിക്കും. ചൊർണ്ണോട് ഏലായിൽ തലക്കുളം നിർമ്മിച്ച് നെൽകൃഷിക്ക് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

V അജയപുരം-മലയക്കോണം-കൊച്ചുപാലോട് തോട് പുനരുദ്ധരിക്കുക.

VI കരിഞ്ച-ചെല്ലഞ്ചി, പാണയം ഏലാകളിൽ തലക്കുളം നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിക്കുക. പേരയം ഏലായിലും തലക്കുളം നിർമ്മിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കണം. കൂടാതെ മരതകം, പൊടിക്കിലാം തുടങ്ങിയ പാടശേഖരങ്ങളിലും തലക്കുളങ്ങൾ സ്ഥാപികകേണടതാണ്. ഈ ഏലാകളിലെ തോടുകളിൽ ചെക്ക് ഡാമുകൾ സ്ഥാപിക്കണം.

VII കണിയാംകോണം-കൊളവിയോട്-മൺപുറം തോട് മണ്ണ് കോരി താഴ്ത്തണം. മൂന്നാനക്കുഴി-പാലുവള്ളി തോട് മണ്ണുകോരി താഴ്ത്തി തടയണകൾ നിർമ്മിക്കണം. പണിക്കൻകോണം-ഊറ്റുകുഴി-ചുള്ളാളം തോട് പുനരുദ്ധരിക്കുകയും ഊറ്റുകുഴിയിൽ ജലസേചനക്കുളം വെട്ടുകയും ചെയ്യുക. പിണറുംകുഴി-ചെക്കാലക്കോണം തോട് മണ്ണ് കോരി വൃത്തിയാക്കുക. പിണറുംകുഴി ഭാഗത്ത് ഒരു കുളം നിർമ്മിക്കുക. പനവൂർ-ക്രിസ്ത്യൻ കോണം തോട് നന്നാക്കി ജനസേചനയോഗ്യമാക്കുക. ആറ്റിൻപുറം മുതൽ കീഴാറ്റിൻപുറം വരെയുള്ള ആറിന്റെ വശങ്ങൾ കല്ലുകെട്ടി ആഴം വർദ്ധിപ്പിക്കുക.

VIII വെള്ളാഞ്ചിറ ചിറയിൽ ജലസേചനത്തിന് വേണ്ടി പമ്പ് സെറ്റ് സ്ഥാപിക്കുക. പനവൂർ-കൊങ്ങണംകോട്, ആറ്റിൻപുറം, തോട്ടുമുക്ക്, മാങ്കുഴി മുതലായ പ്രദേശങ്ങളിൽ ജലസേചനസൗകര്യങ്ങൾ നിർമ്മിക്കുക. തോട്ടുമുക്ക് ചെവിടംപാറ തോട് മണ്ണ് മാറ്റി ജലസേചനത്തിന് ഉപയുക്തമാക്കുക.

IX വെള്ളാഞ്ചിറ-പനവൂർ-കല്ലിയോട് തോട് പുനരുദ്ധരിക്കുക. കൊട്ടറ-താളിക്കല്ല് തോട്ടിൽ തടയണകൾ കെട്ടുക.

മുകളിൽപ്പറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾക്കാകെ ജനകീയ പങ്കാളിത്തം വാഗ്ദാനം ചെയ്യ പ്പെട്ടിട്ടുണ്ട്.

# പനവൂർ പഞ്ചായത്തിലെ തോടുകളുടെ വിവരം

| ക്രമ നമ്പർ | തോടിൻെറ പേര് | | ആകെ നീളം (മീറ്റർ) |
|---|---|---|---|
| 1. | മൊട്ടക്കാവ് | ആട്ടുകാൽ | 2500 |
| 2 | നെടുമ്പാറ | പാണയം | 1000 |
| 3. | വെള്ളാഞ്ചിറ | പനവൂർ കല്ലിയോട് | 4000 |
| 4. | കൊട്ടറ | താളിക്കല്ല് | 2000 |
| 5. | കണിയാൻകോണം | കീഴാറ്റിൻപുറം | 1000 |
| 6. | SN പുരം | ആറ്റിൻപുറം | 1500 |
| 7. | ഊറ്റുകുഴി | ചുളളാളം | 500 |
| 8. | മൂന്നാനക്കുഴി | പാലുവള്ളി | 750 |
| 9. | കഴക്കുന്ന് | നെടുമ്പ | 2500 |
| 10. | വഞ്ചുവം | ചെമ്പൻകോട് | 4000 |
| 11. | ചാവറക്കോണം | വഞ്ചവും | 1000 |
| 12. | സമാധിമൺപുറം | പനയമുട്ടം (ചിറ്റാർ) | 5000 |
| 13. | അജയപുരം | മലയക്കോണം<br>കൊച്ചുപാലോട് | 2500 |
| 14. | കൊച്ചുപാലോട് | ആറ്റിൻപുറം | 1000 |
| 15. | അജയപുരം | മൊട്ടറത്തല പാണയം | 2000 |
| 16. | പള്ളിച്ചക്കോണം | പനയമുട്ടം | 1000 |
| 17. | മുളമൂട് | ചന്ദ്രമൻക്കോക്കോട് | 3000 |
| 18. | നെടുമ്പ | വളമൂഴിതോട്ടുമുക്ക് | 2000 |
| 19. | കരിക്കുഴി | മാങ്കുഴി ചെവിടംപാറ | 1500 |
| 20. | കരിക്കുഴി | വട്ടർത്തല | 1500 |
| 21. | വെള്ളാഞ്ചിറ | ചപ്പാത്ത് തോടുമുക്ക് | 4000 |
| 22. | കൊങ്ങണംകോട് | മലയിടിതോട് | 3000 |
| 23. | പനവൂർ | തോട്ടുമുക്ക് | 3000 |
| 24. | ഇടുക്കുപാറ | ചെവിടംപാറ | 300 |
| 25. | വഞ്ചുവം | മഞ്ഞക്കോട്ടുമൂല | 800 |

## 1995-96-ൽ നടപ്പിലാക്കിയ വിവിധപദ്ധതികൾ

### കൃഷിഭവൻ, പനവൂർ

| I | സമഗ്രവികസന പരിപാടി | | |
|---|---|---|---|
| 1. | ജലസേചനക്കിണർ | 25 | എണ്ണം |
| 2. | പമ്പ് സെറ്റുകൾ | 25 | " |
| 3. | പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് തെങ്ങുകൃഷിക്ക് കിണർ | 1 | " |
| 4. | റോക്കർ സ്പ്രേയർ | 1 | " |
| 5. | തെങ്ങുകയറ്റ യന്ത്രം | 1 | " |
| 6. | ട്രെയിനിംഗ് | 2 | " |

## സംയോജിത സുഗന്ധ വിള വികസന പരിപാടി

| | | |
|---|---|---|
| 1. | കുരുമുളക് വികസന പരിപാടി ഭരണവർഷം (1 ഹെക്ടർ | Rs.3000/- |
| 2. | കുരുമുളക് പ്രദർശന തോട്ടം (0.6 യൂണിറ്റ്) | Rs.1350/- |
| 3. | ഇഞ്ചികൃഷിക്ക് മരുന്നുതളി (5 യൂണിറ്റ്) | Rs.500/- |
| 4. | ഇഞ്ചി വികസന പരിപാടി (0.5 ഹെക്ടർ) | Rs.2500/- |
| 5. | മഞ്ഞൾ പ്രദർശനതോട്ടം (0.1 ഹെക്ടർ) | Rs.825/- |
| 6. | കീടനിയന്ത്രണ ഉപകരണം | Rs.700/- |
| 7. | മഞ്ഞൾ വികസനപരിപാടി (0.5 ഹെക്ടർ) | Rs.2000/- |
| 8. | പച്ച മുളക് മിനികിറ്റ് (2 നമ്പർ) | Rs.100/- |
| 9. | വൃക്ഷ സുഗന്ധ വിള പ്രദർശനതോട്ടം (ഒന്നാം വർഷം) 1No. | Rs.400/- |
| 10. | വൃക്ഷ സുഗന്ധവിള പ്രദർശനതോട്ടം (രണ്ടാം വർഷം) 1 No. | Rs.100/- |
| III | കശുമാവ് വികസനപരിപാടി (1 ഹെക്ടർ) | Rs.480/- |
| IV | കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടെ പച്ചക്കറി ഉല്പാദന പരിപാടി (2 മിനി കി | Rs.50/- |
| V | വേനൽ കാല പഴവർഗ്ഗവിള കൃഷി (കൈതച്ചക്ക) (0.5 ഹെക്ടർ) | Rs.600/- |
| VI | നെൽകൃഷിക്ക് ഉല്പാദനബോണസ്സ് | Rs.14625 |
| VII | ജൈവവള വികസന പരിപാടി | |
| 1) | ജൈവവളച്ചെടികളുടെവിത്ത് | Rs.300/- |
| 2) | ട്രെയിനിംഗ് | Rs.1000/- |
| 3) | വാഴക്ക്ജീവാണുവളം വിതരണം | Rs.300/- |

| | | | |
|---|---|---|---|
| VIII | പ്രത്യേക ഘടകപദ്ധതി (ഹരിജനക്കാർക്ക്) | | |
| 1) | വാഴകൃഷി - 50 യൂണിറ്റ് (1 യൂണിറ്റ് ½ സെൻറ്) | 230x50 | Rs.11500/- |
| 2) | തെങ്ങുകൃഷി 50 യൂണിറ്റ് | 75x50 | Rs.3750/- |
| 3) | വെറ്റിലകൃഷി | 2700x6 | Rs.16200/- |
| 4) | ജലസേചനക്കിണർ | 2500x5 | Rs.22500/- |

| | | |
|---|---|---|
| IX | പ്രകൃതിക്ഷോഭത്തിന് സഹായ പദ്ധതി | |
| | അപേക്ഷകളുടെ എണ്ണം | Rs.26/- |
| | അനുവദിച്ചതുക | Rs.17316/- |
| X | പയറുവികസനപരിപാടി | |
| | ഉഴുന്ന് കിറ്റ് | 8No. |
| | ചെറുപയർ | 8No. |
| | വമ്പയർ | 8No. |

# 1996-97-ൽ കൃഷിഭവൻ പനവൂരിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| | | | |
|---|---|---|---|
| I | | സമഗ്ര കേരവികസന പരിപാടി | |
| | | ടാർജറ്റ് | |
| | 1) | ജലസേചന കിണർ | 20 എണ്ണം |
| | 2) | പമ്പ്സെറ്റ് | 20 " |
| | 3) | ഹരിജന ഗിരിജന കിണർ | 2 " |
| | 4) | കേരകർഷകർക്ക് ട്രെയിനിംഗ് | 2 " |
| | 5) | റോക്കർ സ്പ്രെയർ | 1 " |
| | 6) | തെങ്ങുകയറ്റയന്ത്രം | 1 " |
| II | | തെങ്ങുകൃഷി ഹരിജനങ്ങൾക്ക് | 150 തെങ്ങിൻതൈ (50 യൂണിറ്റ്) |
| III | | വെറ്റിലക്കൊടികൃഷി | |
| | 1) | ട്രില്ലീസ് നിർമ്മാണം | 1 എണ്ണം |
| IV | | കശുമാവ് വികസന പരിപാടി | 1 ഹെക്ടർ 320-960 രൂപ |
| V | | സംയോജിത സുഗന്ധവിള വികസന പരിപാടി | |
| | 1) | കുരുമുളക് വികസനപരിപാടി (പുതുകൃഷി 1ഹെക്ടർ | Rs. 500/- |
| | 2) | കുരുമുളക് വികസന പരിപാടി (പുതുകൃഷി) മൂന്നാംവർഷം | 1 ഹെക്ടർ Rs. 2000/- |
| | 3) | ഇഞ്ചി പ്രദർശനതോട്ടം | Rs. 2400/- |
| | 4) | മഞ്ഞൾപ്രദർശനതോട്ടം | Rs. 1650/- |
| | 5) | ഇഞ്ചിവികസന പരിപാടി | Rs. 2500 |
| | 6) | ഇഞ്ചി മിനികിറ്റ് പരിപാടി (2 ാം വർഷം) | Rs. 200/- |
| | 7) | വൃക്ഷ വിള പ്രദർശനതോട്ടം (2 ാം വർഷം) | Rs. 170/- |
| | 8) | സുഗന്ധ വൃക്ഷ വിള പ്രദർശനതോട്ടം (മൂന്നാം വർഷം) | Rs. 150/- |
| IV | | കേന്ദ്ര ഗവർമെൻറിൻെറ സഹായത്തോടെ ഉള്ള കൃഷിയിൽ | |
| | | പ്ലാസ്റ്റിക്കിൻെറ ഉപയോഗം | 180 ചതു. മീറ്റർ |
| | | ഗ്രീൻ ഹൗസുകൾ നിർമ്മാണം | 62/50 ചതു. മീറ്റർ |
| VII | | പ്രകൃതിക്ഷോഭ സഹായ പദ്ധതി | |
| | | 1996 ജൂലൈ മാസത്തിലെ അപേക്ഷകളുടെ എണ്ണം | 125 എ |
| | | അപേക്ഷതുക | Rs. 79353/- |
| | | അനുവദിച്ച തുക | Rs. 33598/- |
| | | വിതരണ് ചെയ്ത തുക | Rs. 33598/- |
| | | 1996 ഒക്ടോബർ മാസത്തിലെ അപേക്ഷകളുടെ എണ്ണം | 43 |
| | | മൊത്തംതുക | Rs. 28181/- |
| | | (തുകകൾ ഇതുവരെയും അനുവദിച്ചിട്ടില്ല) | |
| VIII | | നാളികേരവികസനബോർഡിൻെറ സഹായത്തോടെ ഉള്ള തെങ്ങുകൃഷി വികസന പരിപാടി | |

### സൗജന്യനിരക്കിൽ തെങ്ങിനുള്ള വളം

| വളം കിറ്റുകളുടെ വേർതിരിവ് | ആകെ കിറ്റുകളുടെ എണ്ണം | ആകെ തുക | സംബ്സിഡി തുക | കർഷകർ അടക്കേണ്ട തുക |
|---|---|---|---|---|
| 5 മരത്തിന് 15 കി | 350 | 71.75 | 40 | 31.75 |
| 10 മരത്തിന് 30 കി | 225 | 143.50 | 80 | 63.50 |
| 20 മരത്തിന് 60 കി | 75 | 287 | 160 | 127.00 |

## 96-97 വർഷത്തിൽ വിള ഇൻഷൂർ ചെയ്തതിന്റെ വിവരം

| വിള | കാലാവധി വിളവെടുപ്പുവരെ | ഇഷ്വർ ചെയ്ത വിളകളുടെ വിസ്തീർണ്ണം എണ്ണം | ഇൻഷ്വർ ചെയ്ക തുക |
|---|---|---|---|
| 1. വാഴ | വിളവെടുപ്പുവരെ | 1970 | 3940.00 |
| 2. വെട്ടുന്ന റബ്ബർ | 1 വർഷം | 4070 | 8140.00 |
| 3. റബ്ബർ തൈകൾ | 3 വർഷം | 600 | 3000.00 |
| 4. കായ്ക്കുന്ന തെങ്ങ് | 1 വർഷം | 181 | 181.00 |
| 5. തെങ്ങിൻ തൈ | 1 വർഷം | 596 | 1192.00 |
| 6. മരച്ചീനി | 1 വർഷം | 202 | 202 |
| 7. കുരുമുളക് | വിളവെടുപ്പുവരെ | 20 സെൻറ് | 8.00 |
| 8. വെറ്റിലകൊടി | 1 വർഷം | 415 | 415.00 |
| 9. കമുക് | 1 വർഷം | 37 സെന്റ് | 185.00 |
| | 1 വർഷം | 50 എ. | 50.00 |
| | | ആകെ അടച്ച തുക | 17313.00 |
| | | ആകെ കർഷകരുടെ എണ്ണം | 92. No. |

## വിള ഇൻഷ്വർ ചെയ്തവർക്ക് വിള നാശം സംഭവിച്ചതിന്റെ വിവരം

| വിളയുടെ പേര് | എണ്ണം / വിസ്തീർണ്ണം | അർഹമായ ആനുകൂല്യം |
|---|---|---|
| 1. കുലച്ച വാഴ | 186 എണ്ണം | 9300.00 |
| 2. കുലക്കാത്ത വാഴ | 108 " | 2700.00 |
| 3. വെട്ടുന്ന റബ്ബർ | 112 " | 5600.00 |
| 4. റബ്ബർതൈകൾ | 1 " | 100.00 |
| 5. തെങ്ങ് കായ്ക്കാത്തത് | 4 " | 4000.00 |
| 6. തെങ്ങ് തൈകൾ | 9 " | 1700.00 |
| 7. വെറ്റില കൃഷി | 6 സെൻറ് | 1500.00 |
| | ആകെതുക | 75300.00 |
| | അപേക്ഷകരുടെ എണ്ണം - 32 | |
| | ആനുകൂല്യം വിതരണം ചെയ്തിട്ടില്ല | |

# 5 മൃഗസംരക്ഷണം, മത്സ്യകൃഷി, വനം

കേരളത്തിലെ പ്രാഥമികമേഖലയിൽ ഏറ്റവും കൂടുതൽ വികസനം ഉണ്ടായിട്ടുള്ളത് മൃഗസംരക്ഷണ പ്രവർത്തനങ്ങളിലാണ്. കേരളത്തിലെ സമ്പദ്ഘടനയുടെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണരംഗം. സംസ്ഥാനത്തിന്റെ കന്നുകാലിസമ്പത്തിന്റെ 94% വും ഗ്രാമപ്രദേശങ്ങളിലാണ്.

ഈ അടിസ്ഥാനത്തിൽ പനവൂർ പഞ്ചായത്ത് മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ ഒരു പരിച്ഛേദമാണ്. മൂന്ന് ദശാബ്ദങ്ങൾക്കുമുമ്പ് വാണിജ്യാ ടിസ്ഥാനത്തിലുള്ള മൃഗപരിപാലനം ഇവിടെ കുറവായിരുന്നു. ധനിക-ഇടത്തരം കൃഷിക്കാർ മറ്റുകൃഷികൾക്കൊപ്പം കന്നുകാലികളെ വളർത്തിയിരുന്നു. ആട്, പശു, എരുമ, പോത്ത്, കാള എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ. കാള, പോത്ത് എന്നിവ നിലം ഉഴാനും വണ്ടി വലിക്കാനും ഉപയോഗിച്ചിരുന്നു. പശു, ആട് എന്നിവ കൃഷിക്കാരുടെ സ്വന്തം ഗാർഹികാവശ്യത്തിനുള്ള പാലിന് വേണ്ടിയായിരുന്നു വളർത്തിയിരുന്നത്. തങ്ങളുടെ ആവശ്യം കഴിഞ്ഞാൽ മിച്ചം വരുന്ന പാല് മാത്രമേ അവർ പുറത്ത് വിറ്റിരുന്നുള്ളൂ. അത്യുല്പാദനശേഷിയുള്ള പശുക്കളോ ആടുകളോ എരുമകളോ അന്നുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഉല്പാദനം തുലോം കുറവായിരുന്നു. എന്നാൽ ധാരാളം മേച്ചിൽ പുറങ്ങളും കന്നുകാലി വനങ്ങളും വയ്ക്കോലും തവിടുമൊക്കെ ധാരാളം ഉണ്ടായിരുന്നതുകൊണ്ട് മൃഗപരി പാലനം അന്ന് ബുദ്ധിമുട്ടുള്ള കാര്യമായിരുന്നില്ല. കറവമാടുകൾക്കൊപ്പം ഉഴവുമാടുകളെയും കൃഷിക്കാർ വളർത്തിയിരുന്നു. മാമം, നെടുമങ്ങാട്, പാലോട് എന്നി വിടങ്ങളായിരുന്നു അന്നത്തെ പ്രധാന കന്നുകാലി ചന്തകൾ.

ഈ മേഖലയിലെ ഇന്നത്തെ പരമപ്രധാനമായ ന്യൂനത തെല്ലും സ്വയം പര്യാപ്തമല്ല എന്നതാണ്. തീറ്റയ്ക്കും വയ്ക്കോലിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് ഈ രംഗത്തെ ലാഭകരമല്ലാതാക്കി തീർത്തിട്ടുണ്ട്. ശരാശരി അഞ്ചു ലിറ്റർ പാലാണ് ഒരു പശുവിൽനിന്നുള്ള പ്രതിദിന ഉല്പാദനം. കാലിത്തീറ്റ, തീറ്റപ്പുല്ല്, വയ്ക്കോൽ എന്നിവയുടെ അമിതവില മൃഗപരിപാലനം ലാഭകരമല്ലാതാക്കി തീർത്തിരിക്കുന്നു.

കഴിഞ്ഞ രണ്ട് ശതാബ്ദകാലത്തിനിടയ്ക്ക് പശുക്കൾ ഉൾപ്പെടെയുള്ള നമ്മുടെ കന്നുകാലി സമ്പത്തിന്റെ വർദ്ധനവ് ഗണ്യമായിരുന്നു എന്നാണ് സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാടൻ പശുക്കളിൽ നിന്ന് മേൽത്തരം ജനുസുകളിലേക്കുണ്ടായ പരിവർത്തനവും അതുവഴി അവയെ ഉപയോഗിച്ചുള്ള പാലുല്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതുമാണ് പശുക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുവാനും എരുമകൾ, ആടുകൾ എന്നിവയുടെ എണ്ണം കുറയുവാനും ഇടയാക്കിയ സാഹചര്യം. പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാടൻ

## പനവൂർ ഗ്രാമപഞ്ചായത്ത്
## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ടിടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 238 | 400 | 130 | - | - | |
| 2 | 380 | 610 | 110 | 8 | 16 | |
| 3 | 320 | 425 | 200 | 6 | 9 | |
| 4 | 280 | 360 | 120 | - | - | |
| 5 | 470 | 430 | 140 | - | - | |
| 6 | 390 | 430 | 200 | 9 | 17 | |
| 7 | 460 | 340 | 220 | - | - | |
| 8 | 320 | 350 | 160 | 12 | 16 | |
| 9 | 310 | 520 | 110 | 18 | 24 | |

# പനവൂർ ഗ്രാമപഞ്ചായത്ത്
## രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച. | ആന |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | ദഹനസംബന്ധമായവ Digestivedisorders | 740 | 48 | 460 | | 52 | 240 | 35 | | |
| 2. | ശ്വാസകോശസംബന്ധം Respiratorydiseases | 610 | 36 | 380 | | 38 | 320 | 28 | | |
| 3. | ഉപാപചയസംബന്ധം Metabolicdiseases | 310 | 24 | 245 | | | 265 | | | |
| 4. | ത്വക്ക് രോഗങ്ങൾ Skindiseases | | 120 | 18 | 180 | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം Deficiencydiseases | 60 | 22 | 95 | | | | | | |
| 6. | പരാദരോഗങ്ങൾ Parasiticdiseases | 630 | 32 | 390 | - | 48 | 374 | 16 | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥ യുമായിബന്ധപ്പെട്ടവ Gynacologicaldisorders | 370 | 18 | 68 | | | | | | |
| 8. | വന്ധ്യത Infertility | 100 | - | - | | | | | | |
| 9. | അകിടുവീക്കം Mastitis | 96 | - | 36 | | | | | | |
| 10. | മുടന്തൻ പനി EphemeralFever | 170 | - | | | | | | | |
| 11. | പകർച്ച വ്യാധികൾ Contagiosdiseases | - | - | 49 | - | - | 310 | | | |

ശുക്കളുടെ ഉല്പാദനം 30% മാത്രം ഉയർന്നപ്പോൾ യർന്ന ജനിതക ഗുണമുള്ള സങ്കരയിനം പശുക്കളിൽ നിന്നുള്ള ഉല്പാദനം 80% വരെ ഉയരുകയുണ്ടായി. ക്ഷീര വിപണന രംഗത്തുണ്ടാക്കിയ ഘടനാപരമായ മാറ്റങ്ങളും ശ്രദ്ധേയമാണ്. സമഗ്രമായ ആസൂത്ര ണത്തിൻെറ പിൻ ബലമുണ്ടെങ്കിൽ മുട്ട-മാംസ ഉല്പാദന മേഖലയിലും വിപ്ലവകരമായ മുന്നേറ്റമുണ്ടാക്കുവാൻ നമുക്ക് കഴിയും.

മുട്ടക്കോഴികളെ വളർത്തുകയെന്നത് ഈ പ്രദേശത്തിലെ കാർഷിക സംസ്കാരത്തിൻെറ ഭാഗമാ യിരുന്നു. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ മുട്ട പണ്ട് ഇവിടെ ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ അന്ന് മുട്ടയുടെ ഉപഭോഗം വളരെ കുറവായിരുന്നു. നാടൻ ഇനത്തിലുള്ള കോഴികളും താറാവുകളുമായിരുന്നു അന്ന് ഇവിടെയുണ്ടായിരുന്നത്. ഇന്ന് കോഴി വളർത്തൽ സാർവ്വത്രികമായ ഒന്നല്ല. അതുകൊണ്ടുതന്നെ പഞ്ചായ ത്തിലെ ജനങ്ങൾക്ക് ആവശ്യമായ കോഴിമുട്ട ഇന്ന് ഇവിടെ ഉല്പാദിപ്പിക്കുന്നില്ല.

ആയിരക്കണക്കിന് കോഴിമുട്ട പുറത്തുനിന്ന് പഞ്ചായ ത്തിലേക്ക് പ്രതിദിനം ഇറക്കുമതി ചെയ്യുന്നു. സംയോജിതവും സമഗ്രവുമായ പദ്ധതികൾ ആവിഷ്ക രിച്ചാൽ മുട്ടക്കോഴി വളർത്തൽ ലാഭകരമായി നടത്താനുള്ള സാധ്യത ഈ പഞ്ചായത്തിൽ ഉണ്ടെന്ന് ഇത് കാണിക്കുന്നു. "അടുക്കളമുറ്റത്തെ കോഴി" ഏറ്റവും പ്രാവർത്തികമായ നമ്മുടെ സംസ്ഥാനത്ത്, നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം ഇന്ന് പ്രശ്നമാണ്.

ഇറച്ചിക്കോഴി വളർത്തൽ ലാഭകരമായി ചെയ്യാൻ കഴിയുന്ന ഒന്നാണ്. പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ സ്വയംതൊഴിൽ പദ്ധതി ഇനത്തിലും അല്ലാതെയും നിരവധി ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. കോഴിത്തീറ്റയുടെ വിലവർദ്ധനവ്, രോഗങ്ങൾ എന്നിവ ഈ മേഖലയിലെ പ്രശ്നങ്ങളായി നിലനില്ക്കുന്നു. കോഴികൾക്ക് ഇൻഷ്വറൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും നഷ്ടപരിഹാര തുക ലഭിക്കുന്ന തിൽ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഈ മേഖലയിലെ കർഷകർ അസംഘടിതരാണ്. പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ട് പോയാലെ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ.

അഭ്യസ്ത വിദ്യരുടെ വിമുഖത, ധനകാര്യ വായ്പാ സ്ഥാപ നങ്ങൾ കാണിക്കുന്ന താല്പര്യക്കുറവ്, ചുരുങ്ങുന്ന മേച്ചിൽ പുറങ്ങൾ, പെരുകുന്ന ഉല്പാദന ചെലവ്, അത്യുല്പാദനശേ ഷിയുള്ള തനതായ കാലിജനുസുകളുടെ സ്വയം പര്യാപ്തത കുറവ്, തീറ്റപ്പുൽകൃഷിയിൽ ഉണ്ടായ മാന്ദ്യത, കാലിത്തീറ്റ ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങ ളുടെ ലഭ്യതക്കുറവ്, കാലിത്തീറ്റ രംഗത്തേക്കുള്ള ബഹു രാഷ്ട്രകുത്തകകളുടെ കടന്നുകയറ്റം തുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ.

ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ ഈ രംഗത്ത് ഉണ്ടാകണം. ഒപ്പം കന്നുകാലികൾക്കും കോഴികൾക്കും വേണ്ട തീറ്റ ഉല്പാദിപ്പിക്കാനുള്ള പുതിയ സംരംഭങ്ങളുമുണ്ടാകണം. ശുദ്ധമായ മാംസോല്പാദനം പൊതുജനാരോഗ്യ കാരണങ്ങളാൽ ശ്രദ്ധപതിയേണ്ട മേഖലയാണ്.

കോഴിവസന്ത, കാലിവസന്ത, കുളമ്പുരോഗം എന്നിവയെ നിയന്ത്രിക്കാനുള്ള പദ്ധതിയിലൂടെ പ്രതിരോധ കുത്തിവയ്പുകൾ നൽകി വരുന്നുണ്ടെങ്കിലും അതിൻെറ പ്രയോജനം എല്ലാ കൃഷിക്കാർക്കും ലഭിക്കുന്നില്ല. നിലവിലുള്ള സാഹചര്യത്തിൽ മൃഗ ചികി ത്സക്ക് വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല. മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം. ബ്ലോക്ക് അടിസ്ഥാന ത്തിലെങ്കിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം കൃഷിക്കാർക്ക് ലഭ്യമാക്കണം.

മൃഗസംരക്ഷണ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അനുബന്ധ സ്ഥാപനങ്ങളുടെ (മിൽമ, ക്ഷീരവികസനവകുപ്പ്, കെ.എൽ.ഡി. ബോർഡ്, വെറ്ററിനറി കോളെജ്) പ്രവർത്തനങ്ങളെ സുസംഘടിതവും പരസ്പര പൂരകവുമാക്കേണ്ടതാണ്.

## മൃഗചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ

മുപ്പത് വർഷങ്ങൾക്ക് മുമ്പുതന്നെ മൃഗചികിത്സാ രംഗത്ത് ഈ പഞ്ചായത്തിൽ ഒരു ചികിത്സാ കേന്ദ്രം നിലവിൽവന്നു എന്നുള്ളത് മൃഗപരിപാലനം വളരെ പ്രധാനപ്പെട്ട തൊഴിലായിരുന്നുവെന്ന് കാണിക്കുന്നു. പിൽക്കാലത്ത് ഈ സ്ഥാപനം മൃഗാശുപത്രിയായി ഉയരുകയും വെള്ളാഞ്ചിറയിൽ ഒരു I.C.D.P കേന്ദ്രം കൂടി സ്ഥാപിക്കുകയും ചെയ്തു. മൃഗാശുപത്രികളുടെ വരവിന് മുമ്പ് നാട്ടുചികിത്സാ രീതിയായിരുന്നു നിലവിലിരുന്നത്. അതിൽ വിദഗ്ദരായ മാട്ടുവൈദ്യന്മാർ നാട്ടിൽ ഉണ്ടായിരുന്നു.

ഇന്ന് കഴക്കുന്നിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയും വെള്ളാഞ്ചിറയിൽ പ്രവർത്തിക്കുന്ന I.C.D.P. കേന്ദ്രത്തിലും മോശമായ സാഹചര്യങ്ങളും അസൗകര്യങ്ങളുമാണുള്ളത്. ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങൾ മൃഗാശുപത്രികളിൽ ലഭ്യമാക്കണം. രണ്ട് ഷിഫ്റ്റ് ഏർപ്പെടുത്തി കൂടുതൽ ചികിത്സാ സൗകര്യ ങ്ങൾ ഉണ്ടാക്കണം. കൂടാതെ നെടുമങ്ങാട് താലൂക്ക് ആശുപത്രി പോളിക്ലിനിക്കായി മാറ്റുകയും വേണം. ആധുനിക മൈക്രോസ്കോപ്പുകൾ ഉൾപ്പെടെയുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ ഇവിടെ ലഭ്യമാക്കണം.

## നടപ്പുപദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേവിഷ നിയന്ത്രണ പദ്ധതി
3. കാലി വസന്ത നിർമ്മാർജ്ജന പദ്ധതി

## പനവൂർ ഗ്രാമപഞ്ചായത്ത്
## പേ വിഷബാധ -പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | - | - | - | 260 | - | |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | 14 | - | 21 | 18 | - | |

## പനവൂർ ഗ്രാമപഞ്ചായത്ത്
## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 750 | 542 | 234 |
| കിടാരി | 300 | 200 | 95 |
| എരുമ | 18 | 12 | 4 |

4. കാലി രോഗ നിയന്ത്രണ പദ്ധതി
5. കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ
6. വീട്ടുവളപ്പിലെ കോഴിവളർത്തൽ
7. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ

നടപ്പുപദ്ധതികൾ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക, ആദ്യ പ്രസവം 30-ാം മാസത്തിനുള്ളിൽ സാധ്യമാക്കുക, ഇൻഷ്വറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

ഘട്ടം ഘട്ടമായി പേവിഷ നിർമ്മാർജ്ജനം ചെയ്യുകയാണ് പേവിഷ നിർമ്മാജ്ജന പദ്ധതികളുടെ ലക്ഷ്യം. എന്നാൽ നമ്മുടെ മൃഗാശുപത്രകളിൽ പേവിഷ ത്തിനുള്ള വാക്സിൻ സൂക്ഷിക്കാനുള്ള സജ്ജീകരണം ഇല്ലാത്തതുകൊണ്ട് നെടുമങ്ങാട് മൃഗാശുപത്രിയിലോ അവിടെയില്ലെങ്കിൽ S.P.C.A യുടെ തിരുവനന്തപുരത്തു ള്ള മൃഗാശുപത്രിയിലോ പോയി വാങ്ങേണ്ടി വരുന്നു. ഇതൊഴിവാക്കാൻ നടപടി കൈക്കൊള്ളണം. പഞ്ചായത്തിന്റെ സഹകരണത്തോടെ അലഞ്ഞുതിരി യുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാ ക്കുകയും വേണം. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമായും എടുത്തിരിക്കണമെന്ന് അനുശാസിക്കുക.

## പൊതു നിർദ്ദേശങ്ങൾ

1. പാൽ ഉല്പാദന മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ചെറുകിട-നാമമാത്ര കർഷകരെയും കർഷകത്തൊഴിലാ ളികളേയും കൂടുതലായി ഈ മേഖലയിലേക്ക് ആകർഷി ക്കുക. ഉപതൊഴിൽ എന്ന രീതിയിലോ മുഖ്യതൊഴിലെന്ന രീതിയിലോ പ്രോത്സാഹനം നൽകുക. പാലിന്റെ ഉല്പാദനവും വർദ്ധിപ്പിക്കുക.

**2. മിനി ഡയറി യൂണിറ്റുകൾ:**
മൂന്ന് പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്. പദ്ധതിയുടെ പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസഹായം, ബാക്കി ഗുണഭോക്താവിന്റെ വിഹിതം.

**3. കോഴിവളർത്തൽ:**
ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽത്തന്നെ മുട്ട ഉല്പാദിക്കുവാനുതകുന്ന ഒരു പദ്ധതി. വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നു. ഭക്ഷണത്തിൽ മാംസ്യത്തിന്റെ തോത് ഉയർത്തുന്നു. വീട്ടമ്മമാർക്ക് വരുമാനം ലഭിക്കുന്നു. 45 ദിവസം പ്രായമുള്ള അഞ്ച് മുട്ടക്കോഴികുഞ്ഞുങ്ങളെ വീതം നൽകുന്നു. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ ആഹാരമായി നൽകി വളർത്തണം. സർക്കാർ ഫാമുകളിൽനിന്നും കുഞ്ഞുങ്ങൾ ലഭ്യമാക്കണം.

**4. എഗ്ഗർ നഴ്സറി**
ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക കയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞു ങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതി പ്രവർത്തനം. വീട്ടുമുറ്റത്തെ കോഴി വളർത്തലുകാർക്കും സ്കൂൾ പൗൾട്രി ക്ലബ്ബിനും ഈ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാം. അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് മൃഗസം രക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും പരിശീലനം നേടി ഈ തൊഴിൽ സ്വീകരിക്കാവുന്നതാണ്.

**സ്കൂൾ പൗൾട്രി ക്ലബ്ബ്**
കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴി വളർത്തലിൽ താല്പര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. 5 രൂപ അംഗത്വ ഫീസ് നൽകി സ്കൂൾ പൗട്രി ക്ലബ്ബിൽ അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്താം. ഒരു വർഷം 200 കുട്ടികൾക്കെങ്കിലും പ്രയോജനം ലഭിക്കും. താല്പര്യമുള്ള ഒരു അദ്ധ്യാപകനാകണം ക്ലബ്ബിന്റെ ചുമതല. 60 ദിവസം പ്രായമുള്ള 3 മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യമായി ഗുണഭോ ക്താക്കളളായ കുട്ടികൾക്ക് നൽകാവുന്നതാണ്.

**ആടുവളർത്തൽ**
പാവപ്പെട്ടവരുടെ പശുവാണ് ആട്. പരിസ്ഥിതിയോട് ഇണങ്ങിച്ചേരാനുള്ള ആടുകളുടെ കഴിവ് പ്രസിദ്ധമാണ്. ഏറെ വികേന്ദ്രീകൃതമായി നടത്താവുന്ന പ്രവർത്തന മാണ് ആടുവളർത്തൽ. കുറഞ്ഞ മൂലധനം മറ്റൊരു അനുകൂല സാഹചര്യമാണ്. വീട്ടമ്മമാരുടെയും കുട്ടികളുടെയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യാം. തെരഞ്ഞെടുക്കുന്ന കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനന യൂണിറ്റുകൾ സ്ഥാപിക്കാം. മേഖലാ അടിസ്ഥാനത്തിൽ മാംസ സംസ്കരണ വിപണന സഹകരണ സംഘങ്ങൾ ഉണ്ടാക്കാം.

**സമ്മിശ്ര മൃഗ പരിപാലനം**
മൃഗപരിപാലനത്തോടൊപ്പം കൃഷി, മത്സ്യം വളർത്തൽ, പശു വളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നിവ സംയോജിപ്പിച്ച് ലഭ്യമായ കൃഷിസ്ഥലം പൂർണ്ണമായും ഉപയോഗപ്പെടുത്തി ലാഭം കൂട്ടുകയാണ് പദ്ധതി ലക്ഷ്യം.

**ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ:**
സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് സൊസൈറ്റികൾ മുഖേന വിപണനം നടത്താവുന്നതാണ്.

സാധ്യതയുള്ള പഞ്ചായത്തുകളിൽ വാണിജ്യാടി സ്ഥാനത്തിൽ തീറ്റപ്പുല്ലുകൾ വളർത്തുകയും അതേ പഞ്ചായത്തിൽ കാലിത്തീറ്റയുണ്ടാക്കുകയും ചെയ്യു ന്നത് പശുവളർത്തലിന് സഹായകമായിത്തീരുന്നു.

**ക്ഷീരോല്പാദക സംഘങ്ങൾ:**
രാജ്യത്ത് ധവള വിപ്ലവത്തിലൂടെ പാലിന്റെ ഉല്പാദനം

## പനവൂർ ഗ്രാമപഞ്ചായത്ത്
## വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്ത് | കറവ ഉള്ളത് | കറവ ഇല്ലാത്ത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| | | - | | | | | | | | | | | | |
| 2 | - | - | 4 | 13 | 8 | 3 | 33 | 76 | 2 | - | - | 48 | 87 | |
| 3 | - | 3 | 2 | 16 | 3 | 4 | 62 | 48 | - | - | - | 120 | 156 | |
| 4 | - | - | - | 7 | 2 | 3 | 48 | 52 | 3 | - | 4 | 81 | 115 | |
| 5 | - | 2 | - | 13 | 4 | 5 | 68 | 45 | 2 | - | 2 | 83 | 125 | |
| 6 | - | 3 | - | 14 | 6 | 7 | 68 | 49 | 4 | 2 | 3 | 134 | 160 | |
| 7 | - | - | - | 15 | 4 | 6 | 60 | 42 | - | - | - | 148 | 129 | |
| 8 | - | 4 | - | 11 | 2 | 9 | 39 | 70 | 7 | 2 | 6 | 126 | 89 | |
| 9 | - | - | 2 | 10 | 4 | 3 | 68 | 40 | - | - | - | 128 | 143 | |
| | - | | - | 14 | - | - | 62 | 43 | - | - | - | 120 | 116 | |

ഗണ്യമായ തോതിൽ വർദ്ധിപ്പിച്ച ഗുജറാത്ത് ആനന്ദ് മാതൃകയിൽ കേരളത്തിന്റെ ഗ്രാമാന്തരങ്ങളിൽ സ്ഥാപിക്കപ്പെട്ടവയാണ് ക്ഷീരോല്പാദക സംഘങ്ങൾ. അത്തരത്തിലുള്ള രണ്ട് സംഘങ്ങൾ പഞ്ചായത്തു പ്രദേശ ത്തുണ്ട്. ആട്ടുകാലിലും പേരയത്തും. മൃഗപരിപാലന മേഖലയിലെ കൃഷിക്കാരുടെ കൂട്ടായ്മയുടെ ഫലമാണീ സംഘങ്ങൾ. എന്നാൽ പലവിധത്തിലുള്ള ചൂഷണവും പാലുല്പാദകർ മിൽമയുടെ നിയന്ത്രണത്തിലുള്ള സംഘങ്ങ ളിൽനിന്നും അനുഭവിക്കുന്നു. പാലിന്റെ കൊഴുപ്പിന്റെ പേരിലുള്ള വിലക്കുറവ്, സംഘത്തിൽനിന്നും നൽകുന്ന തീറ്റയുടെ അടിക്കടിയുള്ള വിലക്കയറ്റം എന്നിവ കൃഷിക്കാരെ ബുദ്ധിമുട്ടിലാക്കുന്നു.

ഉല്പാദനച്ചെലവിനെ അടിസ്ഥാനപ്പെടുത്തിയുള്ള വില പാലിന് കൃഷിക്കാരന് ലഭിക്കണം.മിൽമയുടെ പിടിയിൽനിന്നും സംഘങ്ങളെ മോചിപ്പിച്ച് മേഖലയൂണിയനുകൾ മാത്രം അവയുടെ നിയന്ത്രണം ഏറ്റെടുത്ത് ഇന്നത്തെ ചൂഷണം അവസാനിപ്പിക്കണം.

## മത്സ്യക്കൃഷി

മത്സ്യം ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന ആഹാരമാണ്. ഉദ്ദേശം 60,000 രൂപയുടെ മത്സ്യം ഈ പഞ്ചായത്തിൽ പ്രതിദിനം ഉപഭോഗിക്കുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പനവൂർ, ചുള്ളിമാനൂർ, നെടുമങ്ങാട്, നന്ദിയോട് ചന്തകളിൽനിന്നാണ് പണ്ട് ആളുകൾ മത്സ്യം വാങ്ങിയിരുന്നത്. എന്നാൽ ഇന്ന് വീട്ടുപടിക്കൽ അതിരാവിലെ മത്സ്യമെത്തിക്കുന്ന കച്ചവടക്കാർ ധാരാളമുണ്ട്. അവരാണ് ഇവിടത്തെ മത്സ്യ തൊഴിലാളികൾ.

പഞ്ചായത്തിൽ സാധാരണ ലഭിക്കുന്ന മത്സ്യ ഇനങ്ങൾ ചൂര, മത്തി, അയല, ചാള, വങ്കട, പാര, വാള, നെത്തോലി എന്നിവയാണ്. ചില സീസണിൽ ചിപ്പിമീനും കിട്ടാറുണ്ട്. നീണ്ടകര, തൂത്തുക്കുടി, വിഴിഞ്ഞം എന്നീ മത്സ്യ ബന്ധന മേഖലകളിൽ നിന്നാണ് ഇവിടെ മത്സ്യം എത്തിക്കുന്നത്.

പഞ്ചായത്തിൽ മത്സ്യ ഉല്പാദനം നടത്തുന്നില്ല. അതിനു പറ്റിയ കായലുകളോ പുഴകളോ ഇല്ലാത്തതാണ് കാരണം. എന്നാൽ നിലവിലുള്ള ചിറകളിലും കുളങ്ങളിലും ചതുപ്പുനിലങ്ങളിലും ജന പങ്കാളിത്തത്തോടെ മത്സ്യ കൃഷി ചെയ്യാൻ പഞ്ചായത്തിൽ ചെറിയ തോതിൽ സാധ്യതയുണ്ട്. അതിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## വനം

സമൂഹികമായും സാമ്പത്തികമായും പാരിസ്ഥിതികമായും വിലയേറിയ സമ്പത്താണ് വനം. സാംസ്കാരികരംഗത്തും തൊഴിൽരംഗത്തും ഇതിന്റെ സ്വാധീനം ഒട്ടും ചെറുതല്ല. നമ്മുടേതുപോലെ ഉൾനാട്ടു പ്രദേശത്തുള്ള ഒരു പഞ്ചായത്തിൽ വനഭൂമിയുടെ വിസ്തൃതി തുലോം കുറവാണെങ്കിലും അത് ജനജീവിതത്തിൽ നല്ല സ്വാധീനം ചെലുത്തുന്നുണ്ട്-റിസർവ് വനമാണ് പഞ്ചായത്ത് പ്രദേശത്ത് ഉള്ളത്. നിക്ഷിപ്ത വനമോ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടുവരുന്ന സർപ്പക്കാവുകളോ ഇന്ന് ഇവിടെ അവശേഷിക്കുന്നില്ല.

ഇന്ന് പഞ്ചായത്ത് പ്രദേശത്ത് അവശേഷിക്കുന്ന വനഭൂമി 122.06 ഹെക്ടർ ആണ്. ഇതിൽ പ്രധാനമായും യൂക്കാലിപ്റ്റസ് മരങ്ങളാണ്. ഒരു കാലത്ത് ജൈവവൈവിധ്യത്തിന്റെ വിളനിലങ്ങളായ നിബിഢ വനങ്ങളായിരുന്നു ഈ പ്രദേശം. ഇതിന്റെ നാശം പഞ്ചായത്ത് പ്രദേശത്തും സമീപ പ്രദേശങ്ങളിലും ഉണ്ടാക്കിയ പാരിസ്ഥിതിക പ്രശ്നങ്ങളെ ഇതുവരേയും ശാസ്ത്രീയമായി പഠനത്തിന് വിധേയമാക്കിയിട്ടില്ല.

ധാരാളം മേച്ചിൽ പുറങ്ങളും വിറകു വനങ്ങളും ഉണ്ടായിരുന്നു. അവയുടെ നാശം മൃഗസംരക്ഷണ പ്രവർത്തനങ്ങളെയും ഇന്ധന ലഭ്യതെയെയും ഗുരുതരമായി ബാധിച്ചു. നാട്ടിൽ സുലഭമായി ലഭിച്ചിരുന്ന പല ഇനം ഫലവർഗ്ഗങ്ങളും അപ്രത്യക്ഷമായി. നെല്ലിക്കയും അത്തിക്കയും മാങ്ങയും ഇന്ന് വിലയേറിയ വസ്തുക്കളായി. ഞാറയ്ക്കയും തെറ്റിപ്പഴവും കാരയ്ക്കയും മൂട്ടിപ്പഴവും ഇന്നത്തെ തലമുറയ്ക്ക് അന്യമായി.

വിറകിന്റെ ക്ഷാമം മാത്രമല്ല, കെട്ടിട നിർമ്മാണത്തിനുള്ള തടിയുടെ ക്ഷാമവും തീക്ഷ്ണമായി. പഞ്ചായത്ത് പ്രദേശത്ത് ഇന്ന് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം കാവുകളുടെയും സ്വാഭാവിക വനങ്ങളുടെയും നാശവുമായി ബന്ധപ്പെട്ടിരിക്കുന്നു.

സാധ്യതകൾ:

1. തരിശുഭൂമികളിൽ മരം നടീൽ. സാമൂഹ്യ വനവൽക്കരണത്തിന് വനം വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
2. വനം വകുപ്പും കൃഷി വകുപ്പും മൃഗസംരക്ഷണ വകുപ്പുമായി യോജിച്ച് വനഭൂമിയിൽ പുൽകൃഷി നടത്തുന്നതിന് മൃഗസംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാരെ പ്രേരിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
3. വിറകിനും തടിക്കും വേണ്ടിയുള്ള മരങ്ങൾ കൂടുതലായി നടുവിപ്പിക്കുക. ക്ഷേത്രങ്ങളും മറ്റ് ആരാ ധനാലയങ്ങളുടേയും തരിശു ഭൂമികളി വൃക്ഷതൈകൾ നട്ടുവളർത്തുക.
4. വിവേക രഹിതമായ വനനശീകരണത്തിനെതിരെ ബോധവൽക്കരണം നടത്തുക. നിലച്ചുപോയ വനമഹോത്സവം അതിന്റെ അർത്ഥത്തിലും അക്ഷരത്തിലും ഉൾക്കൊണ്ട് നടപ്പിലാക്കുക.

6

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പനവൂർ. പരമ്പരാഗത വ്യവസായമോ, ആധുനിക വ്യവസായമോ, കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ ഇല്ല. നാമമാത്രമായ ചെറുകിട വ്യവസായ യൂണിറ്റുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. സ്വകാര്യ മേഖലയിൽ പ്രവർത്തിപ്പിക്കുന്ന, ആറ്റിൻപുറത്തെ റബ്ബർ ബാൻഡ് നിർമ്മാണ വ്യവസായവും, കോതകുളങ്ങര, കുഴിനട ഡീലക്സ് സിമന്റ് ബ്ലോക്ക് നിർമ്മാണ വ്യവസായവുമാണ് സാമാന്യം ഭേദപ്പെട്ടനിലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ. അജയപുരത്ത് DWCRA പദ്ധതി അനുസരിച്ച് വനിതകൾ നടത്തുന്ന 10 തറികളുള്ള ഒരു നെയ്ത്തുകേന്ദ്രം പ്രവർത്തിക്കുന്നു. എന്നാൽ ഗവ ൺമെന്റിൽ നിന്നും ലഭിക്കേണ്ട സഹായധനം ലഭിക്കാത്തതിനാൽ 5 തറികൾ മാത്രമേ പ്രവർത്തി പ്പിക്കുവാൻ കഴിയുന്നുള്ളൂ. അത് ഒരു പീഢിത വ്യവസാ യമായി നിലനില്ക്കുകയാണ്. നെല്ലിക്കുന്ന്, എസ്.എൻ. പുരം എന്നീ സ്ഥലങ്ങളിൽ സർവോദയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നൂൽനൂൽപ്പ് കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. ധാരാളം യുവതികൾക്ക് ജോലി നൽകിയിരുന്ന ഈ കേന്ദ്രം അടഞ്ഞുകിടക്കുകയാണ്. കെട്ടിടങ്ങൾ വിൽക്കുന്നതിനുള്ള ശ്രമത്തിലാണ് സർവോദയ സംഘം. ഏതാനും ജനറൽ എഞ്ചിനിയറിംഗ് സ്ഥാപനങ്ങളും രണ്ട് സാമില്ലുകൾ കൂടി ചെറുകിട വ്യവ സായമെന്ന പേരിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതാണ് നമ്മുടെ പഞ്ചായത്തിന്റെ വ്യവസായ ഭൂപടം.

പരമ്പരാഗത വ്യവസായമായ നൂൽനൂൽപ്പ്, കൈത്തറി മേഖലയ്ക്ക് എട്ട് പതിറ്റാണ്ടിന്റെ ചരിത്രം ഈ പഞ്ചായ ത്തിലുണ്ട്. 80 കൊല്ലങ്ങൾക്കുമുമ്പ് മൊട്ടക്കാവിൽ ഉണ്ടാ യിരുന്ന സ്വകാര്യ കൈത്തറി നെയ്ത്തുകേന്ദ്രം ഇതിനു ദാഹരണമാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിനെ തുടർന്ന് നെയ്ത്തുകേന്ദ്രങ്ങൾ ഉണ്ടായി. കൊന്നമൂട്ടിൽ അത്തരത്തിൽ ഒരു സ്വാകര്യ നൂൽനൂൽപ്പ് കൈത്തറി കേന്ദ്രം പ്രവർത്തിച്ചിരുന്നു. എന്നാൽ പൗവർ ലൂമിന്റെ വരവോടെ ഇത്തരത്തിലുള്ള പരമ്പരാഗത വ്യവസായത്തിന് നാശം സംഭവിച്ചതിന്റെ ഭാഗമായി ഈ പ്രദേശത്ത് ഉണ്ടായിരുന്ന നെയ്ത്തുകേന്ദ്രങ്ങൾ നശിച്ചുപോയി. സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നിലനിർത്താനുള്ള സാഹചര്യം അന്ന് ഉണ്ടായിരുന്നില്ല.

അരനൂറ്റാണ്ടുകൾക്കുമുമ്പ്, ആട്ടുകാലിലുള്ള ഇന്നത്തെ ലൂർദ്ദ് മൗണ്ട് എസ്റ്റേറ്റ് കേന്ദ്രമാക്കി ഒരു മിഠായി നിർമ്മാണ ശാല പ്രവർത്തിച്ചിരുന്നു. ഈ സ്ഥാപനം പഞ്ചായത്തിലെ ആദ്യകാല വ്യവസായ സ്ഥാപന ങ്ങളിൽ ഒന്നാണ്. വൈദ്യുതി ഈ പ്രദേശത്ത് കടന്നുവരുന്നതിന് മുമ്പ് മനുഷ്യാധ്വാനം മൂലം പ്രവർത്തിപ്പിച്ചിരുന്ന യന്ത്രസാമഗ്രികളും കൈപമ്പുകളും ഈ സ്ഥാപനത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. അമ്പതിൽപ്പരം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഈ സ്ഥാപനം പിൽക്കാലത്ത് അടച്ചു പൂട്ടുകയാണ് ചെയ്തത്. 25 വർഷങ്ങൾക്ക് ശേഷം ഈ സ്ഥാപനം ഒരു മുട്ടക്കോഴി വളർത്തൽ കേന്ദ്രമാക്കി മാറ്റിയെങ്കിലും രണ്ട് വർഷക്കാലം മാത്രമേ പ്രവർത്തിപ്പി ക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാനുള്ള ഭൗതിക സാഹചര്യങ്ങൾ ഇപ്പോഴും ഇവിടെ നിലനിൽക്കുന്നു.

കാർഷിക പ്രധാനമായ പ്രദേശമെന്നുള്ള നിലയിൽ കാർഷികോല്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ക്കാണ് ഇവിടെ പ്രസക്തിയും സാധ്യതയും. റബ്ബർ പാലും റബ്ബർ തടിയും അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായം, പാൽ ഉല്പന്ന നിർമ്മാണം, പഴവർഗ്ഗങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായം എന്നിവയ്ക്ക് സാധ്യതയുണ്ട്. കൂടാതെ ഫർണിച്ചർ, പ്ലാസ്റ്റിക് പാത്ര നിർമ്മാണം, ഹവായ് ചെരുപ്പ്, ഫാൻസി ലതർ ഗുഡ്സ്, ഇലക്ട്രോണിക ചോക്ക്, ബട്ടൺ, എമർജൻസി ലാംബ്, അച്ചാർ, ഓട്ടോഇലക്ട്രിക്, ജനറൽ ഇഞ്ചിനിയറിംഗ് എന്നിവയ്ക്ക് സാധ്യതയുണ്ട്.

## പ്രശ്നങ്ങൾ

1. ഭൂമിയുടെ അമിതമായ വില, സ്ഥലദൗർലഭ്യം, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ ഗ്രാമതല വ്യവസായ വികസനത്തിന് തടസ്സമായി നിൽക്കുന്നു.

2. വ്യവസായ സംരംഭ താല്പര്യവും നേതൃത്വ ഗുണവുമുള്ള വരുണ്ടെങ്കിലും അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ ഈ രംഗത്തേക്ക് കടന്നുവരാൻ തടസ്സമായി നിൽക്കുന്നു.

3. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതി നുള്ള പ്രയാസങ്ങളും, കാലതാമസവും വ്യവസായ സംരംഭകരെ പിന്തിരിപ്പിക്കുന്ന മറ്റൊരു ഘടകമാണ്.

4. ശരിയായ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീ ലനവും നൽകാനുള്ള കേന്ദ്രങ്ങളുടെ അഭാവം ഈ രംഗത്ത് സംരംഭകർ കടന്നുവരുന്നതിന് തടസ്സമായി നിൽക്കുന്നു.

5. ചെറുകിട സംരംഭകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ, വൻകിട കുത്തക വ്യവസായ സ്ഥാപനങ്ങൾ ഉല്പാദി പ്പിക്കുന്ന ഉല്പന്നങ്ങളുമായിട്ടാണ് മത്സരിക്കേണ്ടി വരു ന്നത്. ഇത് ഇവയുടെ പരാജയത്തിന് ഒരു കാരണമാകുന്നു. പുത്തൻ സാമ്പത്തിക നയങ്ങളും പരമ്പരാഗത വ്യവസായ ങ്ങളെ തകർക്കുന്നവയാണ്.

6. **വൈദ്യുതി ക്ഷാമം:**
വ്യാവസായിക മേഖല നേരിടുന്ന ഒരു കാതലായ പ്ര ശ്നമാണ് വൈദ്യുതി ക്ഷാമം. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥ. കണക്ഷൻ കിട്ടിയാൽ പവർ കട്ടും, ലോഡ് ഷെഡ്ഡിംഗും. ഇത് വ്യാവസായിക മേഖലയെ തകിടം മറിക്കുന്നു.

7. **മൂലധന ദൗർലഭ്യം:**
സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിൻെറ അഭാവം വളരെ സ്പഷ്ടമാണ്. ബാങ്കുകൾ വായ്പകൊടുക്കുന്നതിന് വളരെ സങ്കീർണ്ണമായ ഉപാധികളാണ് വയ്ക്കുന്നത്. സാധാരണക്കാർക്ക് അവ പലപ്പോഴും ഉൾക്കൊള്ളാൻ കൂടി കഴിയുന്നില്ല. വായ്പകൾ ഉദാരവൽക്കരിക്കപ്പെട്ടിട്ടില്ല.

8. **സ്ഥല പരിമിതി:**
മിക്ക വ്യവസായങ്ങളും സ്ഥപരിമിതികാരണം തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിലാണ്. അമിതമായ വാടകയ്ക്ക് വളരെ കാലാവധി കുറച്ച് മാത്രമാണ് മിക്ക സംരംഭങ്ങളും ആരംഭിക്കുന്നത്. അതിൻെറ ഫലമായിത്തന്നെ മിക്ക സംരംഭങ്ങളും ബാല്യത്തിൽ തന്നെ നിലം പൊത്തുന്ന സാഹ ചര്യത്തി ലാണ്.

9. **അസംസ്കൃത വസ്തുക്കളുടെ കുറഞ്ഞ സംഭരണ ശേഷി:**
വ്യവസായങ്ങൾക്കുള്ള അസംസ്കൃത സാധനങ്ങൾ പലതും അധികം ദിവസങ്ങളിലേക്ക് സംഭരിച്ച് വയ്ക്കാൻ കഴിയാത്ത തരത്തിലുള്ള വയാണ്. മിക്ക വിഭവങ്ങളും എളുപ്പം നശിച്ചു പോവുകയാണ്. അവയെ ശരിയായ രീതിയിൽ സംഭരിച്ച് ഉപയോഗിക്കുവാൻ ഉള്ള സംവിധാന ങ്ങൾ ഇല്ല.

10. **അപര്യാപ്തമായ പരിശീലനം:**
ചെറുകിട നാമമാത്രമായ വ്യവസായങ്ങൾക്ക് വളരെ ഹ്രസ്വമായ പരിശീലനം മാത്രമേ കൊടുക്കുന്നുള്ളു. അത് സംരംഭങ്ങൾ ശരിയായ രീതിയിൽ നടത്തുന്ന തിന് തടസ്സം സൃഷ്ടിക്കുന്നു. ശാസ്ത്രീയവും, അത്യാധു നികരീതിയുള്ളതുമായ രീതികൾ അവലംബിക്കാൻ തക്ക പരിശീലന കളരികളുടെ അഭാവം പഞ്ചായ ത്തിൽ വളരെ പ്രകടമാണ്.

11. **വിപണന സാധ്യതക്കുറവ്:**
ഉലല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യു ന്നതിനുള്ള വിപണി വളരെ വിരളമാണ്. സാധന സാമഗ്രികൾ വിപണനം നടത്താൻ പര്യാപ്തമായ രീതിയിൽ ഒരു സഹകരണസംഘവും പ്രവർത്തി ക്കുന്നില്ല. പബ്ലിക് മാർക്കറ്റുകൾ പലതും പ്രവർത്തനം നിലച്ച നിലയിലാണ്.

12. **ശക്തമായ ബോധവൽക്കരണത്തിൻെറ അഭാവം:**
മുറ്റത്തെ, മുല്ലക്ക് മണമില്ല എന്ന സമീപനമാണ് തദ്ദേശീയവാസികൾക്ക് പഞ്ചായത്തിലെ ഉല്പന്നങ്ങ ളോടുള്ളത്. അത് മാറണം. തദ്ദേശീയമായ ഉല്പന്നങ്ങൾ വാങ്ങി ഉപയോഗിച്ച് അവ നിലനിറുത്തേണ്ടതിൻെറ ബാധ്യത ഓരോ വ്യക്തിക്കുമുണ്ടാകണം.

## പരിഹാരനിർദ്ദേശങ്ങൾ, സാധ്യതകൾ

1. വ്യവസായ സംരംഭകർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതുണ്ട്. അതിനായി ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

2. വ്യവസായ താല്പര്യവും നേതൃത്വ ഗുണവുമുള്ള മുഴുവൻ ആളുകൾക്കും വായ്പകൾ കിട്ടുന്നതിന് ധന കാര്യസ്ഥാപനങ്ങളെ സന്നദ്ധരാക്കുക. പഞ്ചായത്തി ലെ ധനകാര്യ സ്ഥാപനങ്ങളിലെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ വർദ്ധിപ്പിച്ച് അതിനുള്ള തുക കണ്ടെത്തുക.

3. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്ന തിനുള്ള പരിശീലനം ഏർപ്പെടുത്തുക.

4. സഹകരണ മേഖലയിൽ പുതിയ വ്യവസായിക സംരംഭങ്ങൾ ആരംഭിക്കുക.

5. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരേയും റിട്ടേണീ സിനേയും ഉൾപ്പെടുത്തി വ്യവസായിക രംഗത്ത് മുതൽ മുടക്കുക.

6. **വസ്ത്രനിർമ്മാണ വ്യവസായം:**
പഞ്ചായത്തിലെ എല്ലാ വാർഡുകളിലും തയ്യൽ പരിശീലനം വളരെ വിദഗ്ദമായി ലഭിച്ച വനിതകൾ ഉണ്ട്. അവരെ സംഘടിപ്പിച്ച് സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ ശാലകൾ തുടങ്ങണം. ഇത് റെഡിമെയ്ഡ് യുഗമാണ്. റെഡിമെയ്ഡ് ഉല്പന്നങ്ങൾ തയ്യാറാക്കി വിവിധ സ്ഥലങ്ങളിൽ വിപണനം നടത്തുന്നതിന് കഴിയും.

സംഘത്തിലെ അംഗങ്ങളെ തന്നെ ഇവയുടെ വിപണനത്തിനായി നിയമിക്കാവുന്നതാണ്. ഇത്തരം യൂണിറ്റുകൾ ഓരോ വാർഡിലും ആരംഭിച്ചാൽ കുറഞ്ഞത് 50 വനിതകൾക്ക് നേരിട്ടും നൂറോളം പേർക്ക് വിപണനമേഖലയിലും തൊഴിൽ ലഭിക്കും. വിപണന ചുമതല എല്ലാ വാർഡുകളിലേയും സംഘാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തണം.

7. റബ്ബർ അധിഷ്ഠിത വ്യവസായം:
നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതലുള്ള കാർഷിക ഉല്പന്നമാണ് റബ്ബർ. റബ്ബറിൽനിന്ന് 50,000 ത്തിൽപ്പരം ഉൽപ്പന്നങ്ങൾ നിർമ്മിക്കാമെന്നാണ് കണക്ക്. എല്ലാ വാർഡുകളിലേയും ജനങ്ങളെ കൂട്ടിയോജിപ്പിച്ച് സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയുടെ മേൽനോട്ടത്തിൽ റബ്ബർവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം. ഉല്പാദിത സാധനങ്ങൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വിപണനം നടത്താനുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കണം. വ്യാപകമായ പരസ്യങ്ങളിലൂടെ വിപണനം വർദ്ധിപ്പിക്കുകയും വേണം.

8. ഖാദിവ്യവസായം, കൈത്തറി:
ഏറ്റവും കൂടുതൽ സാധ്യതയുള്ളതും ലഘുവുമായ മുതൽ മുടക്കിലൂടെ ആരംഭിക്കാവുന്നതുമായ വ്യവസായ പരിശീലനം ലഭിച്ച 30 പേർ നമ്മുടെ പഞ്ചായത്തിലുടനീളമുണ്ട്. കൊന്നമൂട്, എസ്.എൻ.പുരം, നെല്ലിക്കുന്ന് എന്നീ പ്രദേശങ്ങളിൽ ഈ സംരംഭങ്ങൾ ഉണ്ടായിരുന്നു. അവയെ അടിയന്തിരമായി പുനരുജ്ജീവിപ്പിക്കണം. ഖാദി ഉല്പന്നങ്ങൾ പഞ്ചായത്തിൽത്തന്നെ വിപണനം നടത്താവുന്നതാണ്. സോപ്പ് നിർമ്മാണം, പർപ്പിടക നിർമ്മാണം, കയർ മാറ്റ് നിർമ്മാണം, സാമ്പ്രാണിത്തിരി നിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങളെ പരിപോഷിപ്പിക്കാവുന്നതാണ്

9. കാർഷിക ഉപകരണ-ഗാർഹിക ഉപകരണ നിർമ്മാണശാല:
കാർഷികാവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും ധാരാളം ഉപകരണങ്ങൾ ആവശ്യമാണ്. ധാരാളം ചെറുപ്പക്കാർ തൊഴിൽ രഹിതരായി കഴിയുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു കാർഷിക ഉപകരണ-ഗാർഹിക ഉപകരണ നിർമ്മാണ ശാല ആരംഭിക്കണം. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ വെട്ടുകത്തി, അറപ്പുകത്തി, അരിവാൾ, ടാപ്പിംഗ് കത്തി, ചിരവ മുതലായവയും കാർഷികാവശ്യങ്ങൾക്ക് വേണ്ടിയുള്ള മൺവെട്ടി, പിക്കാസ്, മൺകോരി, കലപ്പ, നുകം മുതലായവ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യാവുന്നതാണ്.

10. കാലിത്തീറ്റ, കോഴിത്തീറ്റ വ്യവസായം:
വളരെയധികം കന്നുകാലി സമ്പത്തുള്ള പഞ്ചായത്ത് ആണ് നമ്മുടേത്. അവയ്ക്കാവശ്യമായ തീറ്റകൾ നമ്മുടെ പഞ്ചായത്തിൽതന്നെ ഉല്പാദിപ്പിക്കാൻ നമുക്ക് കഴിയണം. കർഷകർക്ക് ന്യായവും മിതവുമായ വിലയിൽ അവ വിതരണം ചെയ്യുവാൻ കഴിയും.

11. കരകൗശല ഉല്പന്നങ്ങൾ:
ചകിരി, ചിരട്ട, പ്ലാസ്റ്റിക്, തടി മുതലായവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. ആഷ്ട്രേ, അലങ്കാര വസ്തുക്കൾ, മുതലായവ ഉല്പാദിപ്പിച്ച് വിതരണം ചെയ്യാവുന്നതാണ്.

12. കറിപൗഡർ നിർമ്മാണം:
ഏറ്റവും കൂടുതൽ സാധ്യതയുള്ള ഒരു വ്യവസായമാണ് കറിപൗഡർ നിർമ്മാണം. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ എല്ലാം പാക്കറ്റുകളിൽ ലഭിക്കുന്നതിനെ സ്വാഗതം ചെയ്യുന്ന നമ്മുടെ നാട്ടിൽ മിക്കവീടുകളിലും ഇവ ഉപയോഗിക്കുന്നു. ഗുണനിലവാരമുണ്ടെങ്കിൽ വിപുലമായ രീതിയിൽ നടത്താൻ കഴിയുന്ന ഒരു വ്യവസായമാണ് കറി പൗഡർ നിർമ്മാണ വ്യവസായം.

13. കുടിൽ വ്യവസായങ്ങൾ (പരമ്പരാഗത വ്യവസായം):
കുടിൽ വ്യവസായങ്ങൾ കൂടുതലായി നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കണം. ഹരിജന-ഗിരിജന മേഖലകളിൽ ചൂരൽനെയ്ത്ത്, കുട്ട വട്ടി പരമ്പ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. പനവൂർ അംബേദ്കർ ഗ്രാമം, ഏരുമല ഹരിജൻ കോളനി, പനയമുട്ടം, മാമൂട് എന്നീ പ്രദേശങ്ങളിൽ ഈ സംരംഭം ആരംഭിക്കാവുന്നതാണ്.

14. ഭക്ഷ്യോല്പന്നങ്ങൾ:
സഹകരണാടിസ്ഥാനത്തിൽ അച്ചാർ നിർമ്മാണം, ജാം നിർമ്മാണം, ബേക്കറി ഉല്പന്നങ്ങൾ മുതലായവ ഉല്പാദിപ്പിക്കാവുന്നതാണ്. മഹിളാ സംഘങ്ങൾക്ക് ഇത്തരത്തിലുള്ള പരിശീലനങ്ങൾ കൊടുത്ത് ഈ യൂണിറ്റുകൾ ആരംഭിക്കാം.

15. കഴക്കുന്ന് കേന്ദ്രമാക്കി ഒരു വനിതാ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. നെടുമങ്ങാട് താലൂക്ക് പ്രവർത്തന പരിധിയുള്ള അനന്ത സാധ്യതയുള്ള ഈ സ്ഥാപനം സാധ്യതകളെ ഉപയോഗപ്പെടുത്തുന്നില്ല. ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മാത്രമേ അതിന്റെ കീഴിൽ നടത്തുന്നുള്ളൂ. പ്രവർത്തനം വൈവിധ്യവൽക്കരിച്ച് ഊർജിതപ്പെടുത്തിയാൽ പഞ്ചായത്ത് പ്രദേശത്തെ തൊഴിലില്ലാത്ത വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കാൻ കഴിയും.

7

# ഊർജ്ജം

വൈദ്യുതിയാണ് പഞ്ചായത്തിലെ ഊർജ്ജാ വശ്യങ്ങ ളുടെ ആത്യന്തിക ആശ്രയം. ഇത് സമൃദ്ധമായ നിലയിൽ ഉപയോഗിക്കുവാൻ കഴിയാത്ത നിലയിലാണ്. വ്യവസായമായാലും ഗാർഹികാവ ശ്യമായാലും കാർഷികാവശ്യമായാലും മറ്റ് ആവശ്യങ്ങ ളായാലും ഇന്ന് ഊർജ്ജത്തിന്റെ കുറവിൽ നട്ടം തിരിയുകയാണ്. പവ്വർകട്ടും ലോഡ്ഷെഡ്ഡിംഗും സ്ഥിരസംവിധാനമായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ ഊർജ്ജാവശ്യ ങ്ങൾക്ക് വേണ്ടിയുള്ള മാർഗ്ഗങ്ങൾ നാം തേടേണ്ട സമയം അതിക്രമി ച്ചിരിക്കുന്നു. വൈദ്യുതി യോടൊപ്പം തന്നെ മറ്റ് ഊർജ്ജ സ്രോതസ്സുകളും ഉണ്ട്. ഹൈഡ്രജൻ, സൗരോർജ്ജം, എണ്ണവിഭവങ്ങൾ, കല്ക്കരി, വിറക്, അണുശക്തി, കാറ്റ്, തിരമാല മുതലായവ ഇവയ്ക്ക് ഉദാഹരണമാണ്. ജലവൈദ്യുതി അല്ലാതെ മറ്റ് ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ചൂഷണം നമ്മുടെ പഞ്ചായത്തിലോ സംസ്ഥാനത്തിൽതന്നെയോ വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടില്ല. വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന വൻകിട വ്യവസായങ്ങൾ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങൾ നാമമാത്രമായി മാത്രം.

പാചകസഹായിയായി വിറക് മാത്രമാണ് ജനങ്ങളുടെ ആകെയുള്ള ആശ്രയം. പാചക വാതക സൗകര്യ മുള്ളവർ വിരലിലെണ്ണാവുന്നവർ മാത്രം. ജൈവവാതക പ്ലാന്റുകളുടെ പ്രവർത്തനം അതിലും താഴെ മാത്രമാണ്. ജനസംഖ്യാ വർദ്ധനവും വനനശീകരണവും വിറകിന്റെ ക്ഷാമത്തിന് കാരണമാകുന്നു. വൈദ്യുതി പാചകത്തിന് വേണ്ടി ആശ്രയിക്കാൻ കഴിയാത്ത നിലയിലാണ്. ഹോട്ടലുകളിലും പാചകസഹായിയായ ഊർജ്ജം വിറക് തന്നെയാണ്. തെങ്ങിൽനിന്നുള്ള ഉല്പന്നങ്ങളും സാർവ്വത്രികമായി ഉപയോഗിക്കുന്നു. എങ്കിലും നാട്ടിലെ ആവശ്യം തൃപ്തിപ്പെടുത്താൻ അവയും പര്യാപ്തമല്ല.

വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികൾ പഞ്ചായത്തിൽ ഇനിയുമുണ്ട്. ഗാർഹികാവശ്യങ്ങൾക്ക് വെളിച്ചം പകരുന്നതും തെരുവുകൾ പ്രകാശമാന മാക്കുന്നതും വൈദ്യുത ദീപങ്ങളാണ്. പക്ഷെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീക രിച്ചിട്ടില്ല. വൈദ്യുതി ഇനിയും കടന്നുചെല്ലാത്ത സ്ഥലങ്ങൾ ധാരാളം. ഗാർഹിക വിളക്കുകളിൽ ഏറ്റവും അധികം ഉള്ളത് മണ്ണെണ്ണ വിളക്കുകളാണ്. മണ്ണെണ്ണ പാചകസഹായിയായും വർത്തിക്കുന്നു. പക്ഷെ അതിന്റെ ലഭ്യത വളരെ ചുരുക്കവും.

ഊർജ്ജമേഖല നേരിടുന്ന പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം:
പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി 14 ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. ഇവയിൽനിന്നും വൈദ്യുതി വളരെ ദൂരം പ്രസരണം ചെയ്യുന്ന തിനാൽ വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. ദൈനംദിനം ഉപഭോക്താക്കളുടെ എണ്ണവും ആവശ്യവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ ട്രാൻഫോർ മറുകളും കപ്പാസിറ്റി വർദ്ധിപ്പി ക്കുന്നില്ല.
2. വിവിധ തരത്തിലുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്ന വോൾട്ടേജ് ക്ഷാമം:
ഗൾഫ് മേഖലയിൽ ധാരാളം പേർ പണിയെടു ക്കുന്ന പ്രദേശമാണ് പനവൂർ. അത്യാധുനിക ഇലക്ട്രോ ണിക് ഇലക്ട്രിക് ഉപകരണങ്ങൾ ധാരാളം വൈദ്യുതി ഉപയോഗിക്കുന്നതോടൊപ്പം തന്നെ സ്റ്റെപ്പ് അപ്പ് സ്റ്റെബിലൈസർ പോലുള്ള ഉപകര ണങ്ങൾ ഉപയോഗിച്ച് പീക് സമയങ്ങളിൽ ലൈനിലുള്ള വൈദ്യുതി വലിച്ചെടുക്കുന്നു. ഇത് വോൾട്ടേജ് ക്ഷാമത്തിന് കാരണമാകുന്നു.
3. പ്രസരണ നഷ്ടം:
ധാരാളം മരച്ചില്ലകൾ ലൈനിൽ ഞാന്നു കിടക്കുന്ന അവസ്ഥയാണുള്ളത്. ഇത് പ്രസരണ നഷ്ടം വരുത്തുന്നു. അതോടൊപ്പം മഴ, മഞ്ഞ് മുതലായവ ഉള്ള ദിവസങ്ങളിൽ ഫ്യൂസ് പോകുന്നതിനും, വോൾട്ടേജ് കുറയുന്നതിനും കാരണമാകുന്നു.
4. സപ്ലൈ ലഭിക്കാനുള്ള കാലതാമസം:
വീടുകൾ വയറിംഗ് പൂർത്തിയാക്കി വേഴാമ്പൽ മഴ കാക്കുന്നതുപോലെ കാത്തിരിക്കുന്ന നിരവധിപേർ പഞ്ചായത്തിലുണ്ട്. 1991-ൽ പണം അടച്ചിട്ട് ഇതുവരെയും സപ്ലൈ ലഭിക്കാതെ കാത്തിരി ക്കുന്നവർ നിരവധിയുണ്ട്.
5. സൗരോർജ്ജത്തിന്റെ ഉപഭോഗക്കുറവ്:
സൗരോർജ്ജ ഉപകരണങ്ങൾ ഉപയോഗിക്കു ന്നവർ വളരെ കുറവാണ്. അതുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വിലക്കൂടുതലും അവബോധ ക്കുറവുമാണ് ഇതിനുകാരണം.
6. ആധുനികരീതിയിലുള്ള അടുപ്പുകളുടെ അഭാവം:
പുകയില്ലാത്ത അടുപ്പ്, ഇരുമ്പടുപ്പ്, ക്ഷമതകൂടിയ മറ്റ് അടുപ്പുകൾ ഇവയുടെ ഉപയോഗം പഞ്ചായത്തിൽ വിരളമാണ്. ഇത് വിറക് മറ്റ് ഇന്ധനങ്ങൾ എന്നിവയുടെ അമിത ഉപയോഗ ത്തിന് കാരണമാകുന്നു.
7. പ്രകൃതിവാതകത്തിന്റെ ലഭ്യതക്കുറവ്:
പഞ്ചായത്തിൽ പാചകത്തിനാവശ്യമായ പ്രകൃതി വാതകം ലഭിക്കുന്നില്ല. നാമമാത്രമായി സ്വകാര്യ മേഖലയിൽനിന്നുള്ള പാചകവാതകമേ ലഭി

ക്കുന്നുള്ളു. വില കൂടുതലായതിനാൽ അവ ഉപയോഗിക്കാൻ സാധാരണക്കാർക്ക് കഴിയുന്നില്ല.

8. വിറകിന്റെ വിലവർദ്ധനവ്:
ജനസംഖ്യാവർദ്ധനവും വിവേചനരഹിതമായ മരംമുറിക്കലും വനവൽക്കരണത്തിന്റെ അഭാവവും വനങ്ങളിൽനിന്ന് വിറക് ശേഖരിക്കുന്നതിൽ ഏർപ്പെടുത്തിയിട്ടുള്ള കർശന വിലക്കുകളും വിറക് വില ഉയർത്തുന്നതിന് കാരണമായ ഘടകങ്ങളാണ്. ഹോട്ടലുകളെയും ഗാർഹിക ആവശ്യങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കുന്നു.

9. പ്രകൃതി എണ്ണകളുടെ ലഭ്യതക്കുറവ്:
ആവശ്യത്തിന് മണ്ണെണ്ണ ന്യായവില ഷാപ്പുകളിൽനിന്നും ലഭിക്കുന്നില്ല. വാഹനങ്ങൾക്ക് ആവശ്യമായ പെട്രോൾ, ഡീസൽ വിതരണ കേന്ദ്രങ്ങളും പഞ്ചായത്തിൽ ഇല്ല. ഇക്കാരണത്താൽ ഉപഭോക്താക്കൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. വൈദ്യുതീകരിച്ച വീടുകൾക്ക് മണ്ണെണ്ണ റേഷൻ ഷോപ്പിലൂടെ രണ്ട് ലിറ്ററേ കൊടുക്കുകയുള്ളൂ. പവ്വർകട്ടും ലോഡ്ഷെഡിംഗും വോൾട്ടേജ് ക്ഷാമവുമായി നട്ടം തിരിയുന്നവർക്ക് ഇത്തിരി . വെട്ടമെത്തിക്കാൻ ഇത് തികയാതെ വരുന്നു.

10. ലൈനിലെ അറ്റകുറ്റപണികൾ യഥാസമയം ചെയ്യുന്നില്ല:
പ്രസരണനഷ്ടം വരുത്തുന്ന ഏറ്റവും പ്രധാന സംഗതിയാണിത്. വൈദ്യുതി ബോർഡിന്റെ ശ്രദ്ധകുറവാണ് ഇതിന് കാരണം. 11KV ലൈനായാലും LT ലൈൻ ആയാലും ശരി കൃത്യമായി മെയിന്റനൻസ് ,ജോലികൾ നടക്കുന്നില്ല. കത്താത്ത സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിന് മാസങ്ങളോളം വേണ്ടിവരുന്നു. ലൈൻ വളരെ അയഞ്ഞ് കിടക്കുന്നത് പ്രസരണനഷ്ടം കൂടുന്നു.

11. പുതിയ പദ്ധതിയുടെ അഭാവം:
വളരെ കുറഞ്ഞ എണ്ണം ഉപഭോക്താക്കളായിരുന്നു നമ്മുടെ ജലവൈദ്യുത പദ്ധതികൾ പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ. എന്നാൽ ഉപഭോക്താക്കളുടെ എണ്ണവും ഉപഭോഗത്തോതും ഇന്ന് വളരെ കൂടുതലാണ്. ഉപഭോഗത്തിനനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ പര്യാപ്തമല്ല ഇന്ന് നിലവിലുള്ള പദ്ധതികൾ. അതോടൊപ്പം തന്നെ മറ്റുസ്രോതസ്സുകളെ ചൂഷണം ചെയ്യുന്ന വൈദ്യുത പദ്ധതികൾ ഒന്നും തന്നെ പ്രവർത്തിക്കുന്നുമില്ല. ഇത് വൈദ്യുത വിതരണത്തെ സാരമായി ബാധിക്കുന്നു.

| ക്രമ നമ്പർ | വാർഡ് | ട്രാൻസ്ഫോർമറുകളുടെ വിവരം |
|---|---|---|
| 1 | I | ആട്ടുകാൽ |
| 2 | II | പനയമുട്ടം |
| 3 | III | കരിക്കുഴി |
| 4 | IV | ചെക്കോണം |
| 5 | V | ഇല്ല |
| 6 | VI | പൂവക്കാട് ആറ്റിൻപുറം |
| 7 | VII | S.N.പുരം വെള്ളാഞ്ചിറ |
| 8 | IX | പനവൂർ കല്ലിയോട് |
| 9 | ഭാഗികമായി പഞ്ചായത്തിന് പ്രയോജനപ്പെടുന്നവ | ചുള്ളാളം കല്ലിയോട് ചെക്കോണം |
| 10 | ആകെ തെരുവ് വിളക്കുകളുടെ വിവരം | ബൾബുകൾ 235 ട്യൂബ് ലൈറ്റുകൾ - 88 |

### പ്രശ്നപരിഹാര നിർദ്ദേശങ്ങൾ

1. അഡീഷണൽ ലൈൻ സ്ഥാപിക്കുക:
വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട പ്രദേശങ്ങൾ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അഡീഷണൽ ലൈൻ സ്ഥാപിക്കണം. ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. അതോടൊപ്പം പുതിയ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും വേണം.

2. പ്രസരണ നഷ്ടം തടയണം:
ലൈനിൽ അറ്റകുറ്റപ്പണികൾ കൃത്യസമയത്ത് തന്നെ ചെയ്ത് തീർക്കണം. ലൈനിൽ മുട്ടികിടക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റണം. വൈദ്യുതലൈൻ തിരിയുന്ന പ്രദേശങ്ങളിൽ ഫ്യൂസ് (Section fuse) സ്ഥാപിക്കണം. ട്രാൻസ്ഫോർമറുകളുടെ മെയിന്റനൻസും, 11KV ലൈനിന്റെ മെയിൻറനൻസും നടത്തണം.

3. സപ്ലൈ ലഭിക്കാനുള്ള കാലദൈർഘ്യം ഒഴിവാക്കണം:
വയറിംഗ് പൂർത്തിയാക്കി CD അടച്ചവർക്കെല്ലാം സപ്ലൈ കൊടുക്കണം. അതിൽ അനാവശ്യമായ കാലദൈർഘ്യം ഒഴിവാക്കണം. CD അടച്ചാൽ പരമാവധി ഒരു വർഷത്തിനുള്ളിൽ ഇലക്ട്രിക് കണക്ഷൻ കൊടുക്കുവാനുള്ള നടപടികൾ ഉണ്ടാകണം. വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള ബോർഡിൻെറ നടപടികൾ ലഘൂകരിക്കുകയും വേണം.

4. സൗരോർജ്ജ ഉപയോഗം കാര്യക്ഷമവും സാർവ്വത്രികവുമാക്കണം:
(a) സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയിൽ ലഭ്യമാക്കുന്നതിനുംവേണ്ടി ആ മേഖലയിൽ ഗവേഷണങ്ങൾ ത്വരിതപ്പെടുത്തണം.
(b) സൗരോർജ്ജവിളക്കുകളുടെയും ഉപകരണങ്ങളുടെയും വില വളരെ കൂടുതലാണ്. അത് കുറയ്ക്കാൻ ഇപ്പോൾ നല്കിവരുന്ന സബ്സിഡി നിരക്ക് വർദ്ധിപ്പിക്കണം. എന്നാൽ മാത്രമേ സാധാരണക്കാർക്കും ഈവക ഉപകരണങ്ങൾ വാങ്ങുന്നതിന് കഴിയുകയുള്ളു.

5. ആധുനിക അടുപ്പുകളുടെ ഉപയോഗം കൂട്ടണം:
ഇരുമ്പടുപ്പ്, ക്ഷമത കൂടിയ അടുപ്പുകൾ, കച്ചിപ്പൊടി എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കണം. ഇന്ധനക്ഷമത കൂടിയ ഈവക അടുപ്പുകളുടെ ഉപയോഗം വിറകുപോലുള്ള ഇന്ധനങ്ങളുടെ ഉപഭോഗം കുറയ്ക്കാൻ സഹായിക്കും.

6. പ്രകൃതിവാതക ലഭ്യത ഉറപ്പു വരുത്തണം:
പാചകത്തിന് ആവശ്യമായ പ്രകൃതിവാതകങ്ങൾ പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകണം. വിലകൂടിയ സ്വകാര്യ ഗ്യാസ് ഏജൻസികൾ വിതരണം ചെയ്യുന്നവ വാങ്ങാൻ സാമ്പത്തികശേഷി കുറഞ്ഞവരാണ് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം. ആയതിനാൽ സ്വകാര്യവാതകം വാങ്ങുന്നവർക്ക് സബ്സിഡി നൽകി സർക്കാർഗ്യാസിൻെറ വിലയ്ക്ക് നൽകുകയോ പഞ്ചായത്തിൽ സർക്കാർഗ്യാസ് വിതരണം ചെയ്യാനുള്ള നടപടികൾ ഉണ്ടാവുകയോ വേണം.

7. വിറക് ലഭ്യത വർദ്ധിപ്പിക്കണം:
വനസംരക്ഷണ നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് വിറക് ശേഖരണം അനുവദിക്കണം. അതോടൊപ്പം വിവേചനരഹിതമായ മരംമുറിക്കൽ തടയുകയും വന വൽക്കരണം സാർവ്വത്രികമാക്കുകയും വേണം. "ഒരു വിദ്യർത്ഥിക്ക് ഒരു മരം" എന്ന നിരക്കിൽ തൈകൾ വിതരണം ചെയ്ക് ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ എളുപ്പമാണ്. അങ്ങനെ വിതരണം ചെയ്യുന്ന തൈ ഫലവൃക്ഷത്തിൻേറതായാൽ വളരെ നല്ലത്.

8. പ്രകൃതി എണ്ണകളുടെ ലഭ്യത ഉറപ്പുവരുത്തണം:
പ്രകൃതിദത്ത എണ്ണകളുടെ ലഭ്യത ഇപ്പോൾ ന്യായ വില ഷോപ്പുകളിൽ നിന്ന് ലഭിക്കുന്ന രണ്ടോ മൂന്നോ ലിറ്റർ മണ്ണെണ്ണയിൽ ഒതുങ്ങുന്നു. കൂടാതെ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് കൂട്ടണം.

9. പുതിയ വൈദ്യുത പദ്ധതികൾ ഉണ്ടാവണം:
ജലവൈദ്യുതിയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. അത് സംസ്ഥാനത്തിൻെറ ആവശ്യങ്ങൾ നിറവേറ്റാൻ പര്യപ്തമല്ല. സാധ്യതകളുടെ അടിസ്ഥാനത്തിൽ പ്രദേശങ്ങളെ വേർതിരിച്ച് ആ പ്രദേശത്തേക്ക് ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ 'മിനി പദ്ധതി'കൾക്ക് രൂപം കൊടുക്കണം. അതോടൊപ്പം പ്രകൃതി സംരക്ഷണ പരിധി ലംഘിക്കാതെ കഴിയുമെന്നുള്ള പുതിയ വൻകിട ജലവൈദ്യുത പദ്ധതികൾക്ക് രൂപം കൊടുക്കണം. മറ്റു സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത പദ്ധതികളും സ്ഥാപിക്കണം. അതാതു പ്രദേശങ്ങളിൽ രൂപീകരിക്കുന്ന സഹകരണ സംഘങ്ങൾ ഈ ചുമതല ഏറ്റെടുക്കണം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും സർക്കാരും ഈ സഹകരണ സംഘങ്ങളിൽ ഓഹരി നിക്ഷേപം നടത്തി പദ്ധതി നടത്തിപ്പിൽ ഭാഗഭാക്കായി മാറണം.

10. ഊർജ്ജപ്രതിസന്ധിയെക്കുറിച്ച് ബോധവൽക്കരണം:
നാം ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജോല്പാദക ഇന്ധനങ്ങൾ ഈ നിരക്കിൽ ഉപഭോഗം തുടർന്നാൽ അവ വളരെ വേഗം തീർന്നുപോകും. അവസാനം ഇന്ധനം ഇല്ലാത്ത ഒരവസ്ഥയിൽ എത്തിച്ചേരും. ആ സ്ഥിതിവിശേഷമാണ് ഊർജ്ജ പ്രതിസന്ധി. അതിനാൽ ഈ വക ഇന്ധനങ്ങളുടെ വിവേകപൂർവ്വമായ ഉപഭോഗം നടത്തുന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തണം. അതോടൊപ്പം ഈ വക ഇന്ധനങ്ങൾ കാര്യക്ഷമതയോടെ ഉപയോഗിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാവണം.

11. ജൈവ ഊർജ്ജ മേഖല വികസിപ്പിക്കണം:
ജൈവ ഊർജ്ജ പ്ലാന്റുകൾ പഞ്ചായത്തിൽ വളരെ കുറവാണ്. ചാണകം, റബ്ബർ പാൽ

സംസ്കരണത്തിലെ മലിനജലം എന്നിവ ഉപയോഗിച്ച് ഈ രീതിയിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാം. ധാരാളം കന്നുകാലികളെ പരിപാലിച്ച് ആവശ്യമായ ചാണകം ലഭ്യമാക്കാം. ഈ അസംസ്കൃത വസ്തുക്കളെ അധിഷ്ഠിതമാക്കി പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ ജൈവ വാതക പ്ലാന്റുകൾ സ്ഥാപിക്കാം. ഇവയിൽ നിന്നുണ്ടാകുന്ന ഇന്ധനം ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും വൈദ്യുതി വ്യവസായങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യാം. ഈ വക പ്ലാന്റുകൾക്ക് വായ്പകൾ സബ്സിഡിയോടെ അനുവദിക്കണം. അനുവദിക്കുന്ന തുകകൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് നിരീക്ഷണ വിധേയമാക്കുന്നതോടൊപ്പം ആവശ്യമായ സാങ്കേതിക സഹായവും ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കാനുള്ള സംവിധാനങ്ങളും ഉണ്ടാവണം.

## വാർഡുതലത്തിൽ പൂർത്തിയാക്കേണ്ടുന്ന ജോലികൾ

### വാർഡ് I

1. വയറിംഗ് പൂർത്തിയാക്കി CD അടച്ച് കാത്തിരിക്കുന്നവർക്ക് സപ്ലൈ വേഗത്തിൽ കിട്ടാൻ നടപടികൾ ലഘൂകരിക്കണം.
2. വാർഡിലെ പ്രധാന കവലകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം. പ്രകാശിക്കാത്തവ പ്രകാശിപ്പിക്കുകയും വേണം.
3. വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ മൊട്ടക്കാവിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. അതോടൊപ്പം അഡീഷണൽ ലൈനുകൾ സ്ഥാപിക്കുകയും വേണം.
4. വെൽഡിംഗ് ഷോപ്പുകളിൽ മോട്ടോർ ഉപയോഗിക്കുന്നത് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നശിക്കാൻ ഇടയാക്കുന്നു. ത്രീ ഫേസ് മോട്ടോർ ഈ സ്ഥാപനങ്ങൾക്ക് നിർബന്ധമാക്കണം.

### വാർഡ് II

1. കത്താത്ത തെരുവ് വിളക്കുകൾ അടിയന്തിരമായി കത്തിക്കാനുള്ള നടപടികൾ ഉണ്ടാകണം.
2. പനയമുട്ടം റോഡ്, ചുള്ളിമാനൂർ-പനവൂർ റോഡിൽ മുട്ടുന്ന കുറച്ചു ദൂരം വൈദ്യുതി ലൈൻ ഇല്ല. അത് സ്ഥാപിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
3. വഞ്ചുവം-പാലക്കുഴി റോഡിൽ വൈദ്യുതി ലൈൻ സ്ഥാപിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കണം. വീടുകൾ വൈദ്യുതീകരിക്കാനുള്ള നടപടികൾ കൂടി കൈക്കൊള്ളണം.
4. കൊന്നമൂട് MCH റോഡിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കണം.
5. കൊന്നമൂട് MCH സെന്റർ കെട്ടിടം വൈദ്യുതീകരിക്കണം.
6. ജ്യോതി നഗറിൽനിന്നും നെടുമ്പക്ഷേത്രം വഴി കഴക്കുന്ന് നെടുമ്പ റോഡിൽ വൈദ്യുതി ലൈൻ സ്ഥാപിക്കണം.
7. കഴക്കുന്ന് ബാലവാടി-നെടുമ്പ റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
8. കോതകുളങ്ങര-ചെമ്പൻകോട് തടത്തിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
9. വഞ്ചുവം-പാലക്കുഴി റോഡിൽ കൊന്നമൂട്ടിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. സ്ഥലവും മനുഷ്യപ്രയത്നവും നല്കാൻ നാട്ടുകാർ തയ്യാറാണ്.
10. പനയമുട്ടം റോഡിലെ മുളംമൂട്ടിൽനിന്നും ആറ്റിൻകരയിലേക്കുള്ള വഴിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
11. വാർഡിലെ പിന്നാക്കാവസ്ഥയിൽ നില്ക്കുന്ന എല്ലാ വീടുകളും വൈദ്യുതീകരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.

### വാർഡ് III

1. മരമറുത്തകോണം-മീന്നിലം എന്നീ ഭാഗങ്ങളിലുള്ള വൈദ്യുത ലൈനുകൾ കൂട്ടിയോജിപ്പിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
2. മുളമൂട്-ചന്ദ്രമൺകോക്കോട്-ചെവിടംപാറ പ്രദേശങ്ങൾ വൈദ്യുതികരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം.
3. നെടുമ്പ, കടുവാപ്പോക്ക്, ആട്ടുകാൽ അമ്പലം എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. അതിനാൽ ആട്ടുകാൽ അമ്പലം കേന്ദ്രീകരിച്ച് അനുവദിച്ച ട്രാൻസ്ഫോർമർ അടിയന്തിരമായി സ്ഥാപിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണം. ഇവിടങ്ങളിലെ ലൈൻ വോൾട്ടേജ് 5-ൽ താഴെയാണ്.

### വാർഡ് IV

1. പുത്തൻകുന്ന് മലയടി ചൊർണോട് പ്രദേശങ്ങളിൽ പോസ്റ്റിട്ട് ഇലക്ട്രിക് ലൈൻ സ്ഥാപിക്കണം.
2. പനയമുട്ടം ചെക്കോണം ട്രാൻസ്ഫോർമറിൽ ഉൾപ്പെടുത്തി കോതകുളങ്ങര, തേവരുകുഴി,

നെടുമ്പ, നിരപ്പിൽ, കുഴിനട, ചെമ്പൻകോട് പ്രദേശങ്ങളിലെ വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.

3. കോതകുളങ്ങര-ചെമ്പൻകോട് റോഡിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കണം.

4. തേവരുകുഴി-പുത്തൻകുന്ന് റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

5. വിദ്യാർത്ഥികൾക്ക് പഠിക്കാൻ വൈദ്യുതിക്ഷാമം മൂലം കഴിയുന്നില്ല. വൃദ്ധജനങ്ങളും സുഖമില്ലാതെ കിടക്കുന്നവരും ബുദ്ധിമുട്ടുന്നുണ്ട്. അതിനാൽ വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

## വാർഡ് V

1. പേരയം-ഊളൻവിള-ചെല്ലഞ്ചി ലൈനിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
2. ത്രിവേണി-ചെല്ലഞ്ചി റോഡിൽ വഴിവിളക്ക് സ്ഥാപിക്കണം.
3. ത്രിവേണി-പാണയം ഭാഗത്ത് തെരുവ് വിളക്ക് സ്ഥാപിക്കണം.
4. ത്രിവേണി-കരിഞ്ച ലൈനിൽ വഴി വിളക്ക് സ്ഥാപിക്കണം.
5. കരിഞ്ച-ചെല്ലഞ്ചി ഭാഗങ്ങളിൽ മിനിമം ഗ്യാരണ്ടിയിൽ അനുവദിച്ച വൈദ്യുത ലൈൻ സ്ഥാപിച്ചുകിട്ടാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

## വാർഡ് VI

1. എല്ലാ പട്ടികജാതി വർഗ്ഗ വീടുകളിലും വൈദ്യുതി എത്തിക്കണം.
2. എല്ലാ പട്ടികജാതി കോളനികളിലും ഏരുമലയിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
3. **അജയപുരം ഭാഗത്തേക്ക് ഒരു അഡീഷണൽ ലൈൻ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.**
4. **കടുവാപോക്ക് ഭാഗത്തേക്ക് വൈദ്യുതലൈൻ നീട്ടണം.**
5. പൂവക്കാട്, അജയപുരം-പൂവക്കാട്-ആറ്റിൻപുറം ലൈനിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
6. വാർഡിലെ സർക്കാർ സ്ഥാപനങ്ങൾ അടിയന്തിരമായി വൈദ്യുതികരിക്കണം.
7. മലയക്കോണംകൊച്ചുപാലോട് ലൈനിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

## വാർഡ് VII

1. വെള്ളംകുടി ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വെള്ളാഞ്ചിറയിലുള്ള ട്രാൻസ്ഫോർമറിൽനിന്നും വെള്ളംകുടിയിലേക്ക് സപ്ലൈ എത്തിക്കണം.
2. ചുമട് താങ്ങി-കോട്ടവരമ്പ്, ചുമടുതാങ്ങി-വണ്ണം എന്നീ പ്രദേശങ്ങളിൽ വൈദ്യുതി പ്രസരണം നടത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണം.
3. ചുമടുതാങ്ങി-വെള്ളംകുടി, ചുമടുതാങ്ങി-പാലുവള്ളി എന്നീ പ്രദേശങ്ങളിൽ വൈദ്യുത ലൈൻ സ്ഥാപിക്കണം.
4. ചുമടുതാങ്ങിയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
5. S.N.പുരം-കീഴാറ്റിൻപുറം ലൈനിൽ തെരുവ് വിളക്ക് സ്ഥാപിക്കണം.
6. S.N.പുരം-ആറ്റിൻപുറം റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കണം.
7. ചുമടുതാങ്ങി-മൂന്നാനക്കുഴി റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കണം.
8. ആലമുക്ക്-എസ്.എൻ.പുരം റോഡിൽ തെരുവ് വിളക്ക് സ്ഥാപിക്കണം.
9. വെള്ളാഞ്ചിറ ജംഗ്ഷനിൽ വേപ്പർ ലാംപ് സ്ഥാപിക്കണം.
10. ചുമടുതാങ്ങി, എസ്.എൻ.പുരം ബാലവാടി, കീഴാറ്റിൻപുറം, ചെക്കാലക്കോണം എന്നീ സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
11. S.N.പുരം-കീഴാറ്റിൻപുറം-ചെക്കാലക്കോണം ഭാഗം മിനിമം ഗ്യാരണ്ടി മാറ്റി മറ്റ് താരിഫ് സമ്പ്രദായം ഏർപ്പെടുത്തണം.
12. വാർഡിലെ കൃസ്ത്യൻകോണം ഭാഗത്ത് വൈദ്യുതി എത്തിക്കണം.

## വാർഡ് VIII

1. **ചപ്പാത്ത് തോപ്പുവിള റോഡിൽ താമസിക്കുന്നവർക്ക് വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള** നടപടികൾ ഉണ്ടാവണം.
2. ആറ്റിൻപുറം റോഡിൽ സ്വാകര്യവ്യക്തികളുടെ പുരയിടങ്ങളിൽ നില്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ റോഡിലേക്ക് മാറ്റിയിട്ട് തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
3. പുല്ലാമല ഹരിജൻ കോളനി വൈദ്യുതീകരിക്കണം.
4. ആറ്റിൻപുറം ഹൗസ് സൈറ്റ് കോളനി വൈദ്യുതീകരിക്കണം.

5. കൊങ്ങണംകോട്-കരിക്കകം-മലയടി ഭാഗത്തേക്ക് വൈദ്യുതി എത്തിക്കണം.

6. ആറ്റിൻപുറം-S.N.പുരം റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

7. ചപ്പാത്ത്-വലിയ കൊങ്ങണംകോട്-വെള്ളാഞ്ചിറ ഭാഗത്തേക്ക് വൈദ്യുതി എത്തിക്കണം.

8. വലിയ കൊങ്ങണംകോട് ഹരിജൻ കോളനി വൈദ്യുതീകരിക്കണം.

9. ചപ്പാത്ത്-കരിക്കകം തടത്തിൽ വൈദ്യുതി ലൈൻ സ്ഥാപിക്കണം.

10. കൊങ്ങണംകോട് പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൊങ്ങണംകോട്ടേക്ക് 11KV ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

11. ആറ്റിൻപുറം-മലയടി റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

12. ഞാറ്റടിക്കോണം പാറയടി വഴിയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണം.

13. ആറ്റിൻപുറം, പനവൂർ എന്നീ ജംഗ്ഷനുകളിൽ വേപ്പർ ലാംബുകൾ സ്ഥാപിക്കണം.

14. പനവൂർ കൃഷിഭവൻ പണിപൂർത്തിയാക്കിയ TV കിയോസ്കുകൾ, മറ്റ് പൊതു മന്ദിരങ്ങൾ എന്നിവയിൽ അടിയന്തിരമായി സപ്ലൈ കൊടുക്കണം.

15. വെള്ളാഞ്ചിറ-മുളംകുന്ന് വൈദ്യുത ലൈൻ സ്ഥാപിക്കണം.

## വാർഡ് IX

1. കല്ലിയോട്-മൂന്നാനക്കുഴി റോഡിൽ വൈദ്യുതി ലൈൻ സ്ഥാപിക്കേണ്ട സ്ഥലങ്ങളിൽ അവ സ്ഥാപിക്കുകയും തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും വേണം.

2. സാമ്പത്തികമായി പിന്നോക്കം നില്കുന്നവർക്ക് സൗജന്യമായി വൈദ്യുതി കൊടുക്കണം.

3. മല്ലമുകളിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

4. സോളാർ ലൈറ്റുകൾ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കണം.

5. കല്ലിയോട് താളിക്കല്ല് റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

6. പനവൂർ-വെള്ളംകുടി ലൈനിൽ ഒരു ഫേസ് ലൈൻ കൂടി സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

7. ഹൈസ്കൂൾ പരിസരത്ത് മെർക്കുറി ലാംബ് സ്ഥാപിക്കണം.

അനുബന്ധം -10

പനവൂർ ഗ്രാമ പഞ്ചായത്ത്

## 10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| a) | ഗാർഹികം | 936 |
| b) | വ്യാപാരം | 163 |
| c) | വ്യാവസായികം | 12 |
| d) | കാർഷികം | 10 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം / അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി

| | | |
|---|---|---|
| a) | Ordinary | Ord. 8-3-91 |
| b) | OTP | OTP 1-2-93 |
| c) | OYEC | OYEC 25-6-95 |

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a) ബൾബ് 25W.....40W.....60W.....100W....131
b) ട്യൂബ് 34
c) മെർക്കുറി വേപ്പർ
d) സോഡിയം വേപ്പർ

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

a) ചുള്ളിക്കുന്ന്
b) ഏറുമല

ഈ വർഷത്തെ കണക്ഷൻ

a) Ordinary
b) OTP
c) OYEC

6. പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1. പനവൂർ
2. വെള്ളാഞ്ചിറ
3. ചുള്ളാളം
4. കുന്നുംപുറം
5. കുന്നിൽവേങ്ങ (ഭാഗികം)
6. ആട്ടിൻപുറം
7. കല്ലിയോട് (ഭാഗികം)
8. കരിങ്കുഴി
9. പൂവക്കാട്
10. ഉഴപ്പാക്കോണം
11. ആട്ടുകാൽ
12. പനയമുട്ടം

സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക

ഒരു സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയും ഹൃദയം വ്യവസായവുമാണ്. എന്നാൽ ഈ ഭാഗങ്ങൾക്ക് മറ്റ് ഭാഗങ്ങളെ ശരിയായി നിയന്ത്രിക്കാനും ബന്ധപ്പെടാനുമുള്ള ഞരമ്പുകളാണ് റോഡുകൾ. നമ്മുടെ പഞ്ചായത്തിലെ റോഡുകൾക്ക് നൂറ്റാണ്ടുകളുടെ കഥ പറയാനുണ്ട്. അതിന് വേണ്ട പ്രായവും പക്വതയുമുള്ള രണ്ട് മുത്തശ്ശിമാരാണ് പഞ്ചായത്തിലെ പ്രധാന റോഡുകളായ പുത്തൻപാലം വെഞ്ഞാറമൂട് റോഡും, പനവൂർ ചുള്ളിമാനൂർ റോഡും. ആറ്റിങ്ങൽ, വർക്കല തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ നിന്നും ഭക്ഷണപൊതികളുമായി ഇതുവഴി വന്നവർക്ക് വിശ്രമവേളകൾ പ്രദാനം ചെയ്തിരുന്ന ആളുകാൽ അമ്പലവും, അവർക്ക് അത്താണിയായി വർത്തിച്ച [illegible] പഴമക്കാരും, ഈ മുത്തശ്ശി റോഡുകളുടെ കഥകൾക്ക് ചാരുതയേകുന്നു. ഇവിടെ നിന്നാണ് നമ്മുടെ പഞ്ചായത്തിലെ റോഡു ഗതാഗതത്തിന്റെ ഇതിഹാസമാരംഭിക്കുന്നത്. പക്ഷേ വികസിച്ച റോഡ് ശൃംഖല നമ്മുടെ പഞ്ചായത്തിനില്ല. പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ ഏകദേശം 35 കിലോമീറ്റർ മാത്രമാണുള്ളത്. പഞ്ചായത്തുവക വികസിത റോഡുകളും വളരെ കുറവാണ്. ഗതാഗതമാർഗ്ഗങ്ങളിൽ ആകെ ആശ്രയിക്കാവുന്നത് റോഡുകളെയാണ്.

റോഡുകളുടെ കാര്യത്തിൽ എല്ലാ വാർഡുകളും വളരെ പിന്നോക്കം തന്നെയാണ്. നിലവിലുള്ള റോഡുകൾ മിക്കവാറും ഗതാഗതയോഗ്യമല്ലാത്തവയാണ്. പഞ്ചായത്ത് തടങ്ങളുടെ കാര്യം അതിനെക്കാൾ ശോചനീയമാണ്. ദിനംപ്രതി റോഡുകളുടെയും, തടങ്ങളുടെയും, പാലങ്ങളുടെയും ആവശ്യം വർദ്ധിച്ചുവരുകയാണ്. റോഡുകൾ മിക്കതും ആവശ്യമായ വീതിയില്ലാത്തവയാണ്. വീതി വർദ്ധിപ്പിച്ച റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നു.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ ഏറ്റവും കൂടുതൽ കുന്നിൽ പ്രദേശങ്ങളാണ്. ശക്തിയായ മഴയിൽ രോഡുകൾ പലതും കുത്തിയൊലിച്ച് പോയനിലയിലാണ് കാണാൻ കഴിയുന്നത്. മരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡായാലും, പഞ്ചായത്തിന്റെ കീഴിലുള്ളതായാലും അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തിയാലെ റോഡുകളുടെ ഇന്നത്തെ സ്ഥിതി മെച്ചമാവൂ.

നിരത്തുകളിൽ വാഹനങ്ങളുടെ എണ്ണം ദൈനംദിനമെന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് റോഡുകൾ വികസിക്കുന്നില്ല. ഇത് അപകടങ്ങളെ ക്ഷണിച്ചുവരുത്തുന്നു. യഥാസമയം

# ഗതാഗതം

റോഡുകളുടെ മെയിൻറനൻസ് പണികൾ നടത്തി
റോഡുകളുടെ ശോചനീയ സ്ഥിതി മാറ്റാവുന്നതാണ്.
മിക്കവാറും റോഡുകളുടെ ഓടകൾ, കലുങ്ങുകൾ
എന്നിവ മണ്ണ് നിറഞ്ഞ്, മഴവെള്ളം റോഡിലൂടെ
ഒഴുകുന്നു. റോഡുവക്കിൽ താമസിക്കുന്ന ജനങ്ങൾ
യഥേഷ്ടം ഓടകൾ നികത്തുന്നു. കെട്ടിടനിർമ്മാണ
സാമഗ്രികൾ റോഡുവക്കിലിട്ട് ഗതാഗതം
ഗതാഗതക്കുരുക്കിലാക്കുന്നു. മഴക്കാലങ്ങളിൽ തടങ്ങളിലും
റോഡുകളിലും വെള്ളം കെട്ടി നിൽക്കുന്നത്
വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും വളരെയധികം
ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. അതുപോലെതന്നെ
ആസൂത്രണമില്ലാതെയുള്ള ടെലികമ്മ്യൂണിക്കേഷന്റെ
പ്രവർത്തനം നമ്മുടെ റോഡുകളുടെ ശോചനീയാ
വസ്ഥക്ക് ഒരു കാരണമാകുന്നു.

1992 ൽ ഉണ്ടായ പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെട്ട
ആറ്റിൻപുറം പാലം ഇതുവരെയും പുനർനിർമ്മിച്ചിട്ടില്ല.
ഇതുമൂലം നമ്മുടെ പഞ്ചായത്തിലെ മൂന്ന് വാർഡുകളെ
ഒറ്റപ്പെട്ട നിലയിലാക്കിയിരിക്കുകയാണ്. അംഗീകൃത
ടാക്സി, ലോറിസ്റ്റാൻഡുകളുടെ അഭാവം പല
അപകടങ്ങൾക്കും പ്രശ്നങ്ങൾക്കും കാരണമാകുന്നു.

## നിർദ്ദേശങ്ങൾ

യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത്
തീർത്താൽ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടും.
ഓടകൾ കൃത്യമായ അളവിൽ നിർമ്മിക്കുകയും
വൃത്തിയായി സൂക്ഷിക്കുകയും വേണം. കലങ്ങ്,
ചപ്പാത്ത് ഇവ ആവശ്യമായ സ്ഥലത്ത്
നിർമ്മിക്കേണ്ടതാണ്. തടങ്ങൾ മെറ്റൽ ചെയ്താൽ
മണ്ണൊലിച്ച് അവ നശിക്കുന്നത് തടയാൻ കഴിയും.
ഓടകൾ നികത്തുന്നവർക്കെതിരെ കർശന നിയമ
നടപടികൾ കൈക്കൊള്ളണം. ജനങ്ങളെ
റോഡുകളെപ്പറ്റി ശരിയായ ബോധവത്കരണം
നടത്തണം. റോഡുകൾ ഓരോ പൗരന്റെയും
വകയാണ് എന്ന ബോധം ജനങ്ങളിൽ
വളർത്തിയെടുക്കണം. അതിനുവേണ്ടി ജനപങ്കാളി
ത്തത്തോടെ റോഡുകൾ വൃത്തിയായി സൂക്ഷിക്കു
ന്നതിന് ആവശ്യമായ ഒരു സമിതി പഞ്ചായത്ത്
കമ്മിറ്റിയുടെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും
ഉണ്ടാകുന്നത് നല്ലതാണ്. റോഡുവക്കിലുള്ള
അനധികൃത കുടിയേറ്റക്കാരെയും നിർമ്മാണ
പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരേയും
തടയേണ്ടത് അത്യാവശ്യമാണ്. ഗൃഹനിർമ്മാണ
സാധനങ്ങൾ റോഡുകളിൽ അധിക ദിവസങ്ങളിൽ
ഇടുന്നവർക്കെതിരെ നടപടി കൈക്കൊള്ളുന്നതും
റോഡിന്റെ വാടകയിനത്തിൽ ഒരു തുക

ഈടാക്കുകയും വേണം. റോഡുകളിൽ തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകളെ എത്രയും വേഗം വശങ്ങളിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. പൊതുജനങ്ങൾ മുൻകൈ എടുത്ത് നിർമ്മിച്ചതും അല്ലാതെയുമുള്ള നടപ്പാതകളും, തടങ്ങളും പണിപൂർത്തിയാക്കേണ്ടതുണ്ട്.

പൈപ്പുലൈൻ സ്ഥാപിക്കാനും, ടെലിഫോൺ കേബിൾ സ്ഥാപിക്കാനും റോഡുകളിൽ നിർമ്മിക്കുന്ന കുഴികൾ യഥാസമയം മൂടുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം. ഇക്കാര്യത്തിൽ വിവിധ ഡിപ്പാർട്ടുമെൻറുകൾ മാറിമാറി റോഡുകൾ കുഴിക്കുന്നത് അവസാനിപ്പിച്ച് പരസ്പരം ധാരണകളോടെ പ്രവർത്തിച്ചാൽ സാമ്പത്തിക ലാഭവും റോഡുകൾ കേടാകുന്നത് തടയാനും നമ്മുക്കുകഴിയും. കോൺട്രാക്ട് പണികൾ പൂർത്തിയായി പോകുന്നതിന് മുമ്പ് ഈ കുഴികൾ ശരിയായി മൂടിയിട്ടുണ്ടോ, മഴവെള്ളത്തിൽ കുത്തിയൊലിച്ചു പോകുമോ എന്നീ കാര്യങ്ങൾ നിരീക്ഷണവിധേയമാക്കണം.

ബസ് സർവ്വീസ് ഏറ്റവും കുറവുള്ള പഞ്ചായത്ത് നമ്മുടേതാണ്. നെടുമങ്ങാട്, പാലോട്, ആറ്റിങ്ങൽ, കിളിമാനൂർ എന്നീ ഡിപ്പോകളിൽ നിന്ന് കൂടുതൽ ബസ്സ് സർവ്വീസുകൾ നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അനുവദിപ്പിക്കേണ്ടതാണ്. തിരുവനന്തപുരം ജില്ലയിലെ മിക്ക പഞ്ചായത്ത് പ്രദേശങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട് കിഴക്കേകോട്ടയിൽ നിന്നും സിറ്റി സർവ്വീസുകൾ സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ മാത്രം സിറ്റി സർവ്വീസില്ല. നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളെ ബന്ധിപ്പെടുത്തിക്കൊണ്ട് കിഴക്കേകോട്ടയിലേക്ക് സിറ്റി സർവ്വീസ് ആരംഭിക്കേണ്ടതാണ്. നിയുക്ത തിരുവനന്തപുരം ചെങ്കോട്ട റെയിൽവേ ലൈൻ പനവൂർ പഞ്ചായത്തുവഴി കടന്ന് പോകത്തക്കവിധിയിൽ നിർദ്ദേശങ്ങൾ അയക്കണം. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കാത്തിരിപ്പു കേന്ദ്രങ്ങൾ സ്ഥാപിക്കണം. ആറ്റുകാൽ മൊട്ടക്കാവ് റോഡ് തിരിയുന്ന ഭാഗം, പനവൂർ ഹൈസ്കൂൾ ജംഗ്ഷൻ, പനവൂർ ജംഗ്ഷൻ എന്നിവിടങ്ങളിൽ അടിയന്തിരമായി ഇത് നിർമ്മിക്കേണ്ടതാണ്.

ടാക്സി സ്റ്റാൻഡുകൾ സ്ഥാപിച്ച് ജംഗഷനുകളിൽ ഗതാഗതകുരുക്കും അപകടങ്ങളും ഒഴിവാക്കണം. തിരക്കു കുറഞ്ഞ ഭാഗങ്ങളിൽ ടാക്സി സ്റ്റാൻഡുകൾ അനുവദിക്കണം. പനവൂർ, വെള്ളാഞ്ചിറ, പേരയം എന്നീ സ്ഥലങ്ങളിൽ ഇത് നടപ്പിലാക്കണം. അതോടൊപ്പംതന്നെ മിനിലോറികൾ ഏറ്റവും കൂടുതലുള്ള പ്രദേശങ്ങളിൽ അതിന് പ്രത്യേക സ്റ്റാൻഡ് അനുവദിക്കണം. ഇപ്പോൾ നിലവിലുള്ള സ്ഥലങ്ങളിൽ അംഗീകൃതവും, സൗകര്യപ്രദവുമായ സ്ഥലങ്ങളിലേക്ക് മാറ്റണം.

നമ്മുടെ താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ടി ബ്ലോക്ക് അടിസ്ഥാനത്തിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്തികൊണ്ട് ഒരു താലൂക്ക് കോഓപറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ബസ് സർവ്വീസ് ആരംഭിക്കണം.

## ബസ് സർവ്വീസുകൾ ആരംഭിക്കണമെന്നുള്ള നിർദ്ദേശങ്ങൾ

1. നെടുമങ്ങാട് ഡിപ്പോയിൽ നിന്നും ചുള്ളിമാനൂർ പനവൂർ വഴി കടയ്ക്കാവൂരിലേക്ക് ബസ്സ് സർവ്വീസ് ആരംഭിക്കണം

2. ആറ്റിങ്ങൽ നിന്നും വർക്കല പൊൻമുടി എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിച്ച് കൊണ്ട് പനവൂർ ചുള്ളിമാനൂർ വഴി ബസ് സർവ്വീസ് ആരംഭിക്കണം.

3. ആറ്റിങ്ങൽ, കിളിമാനൂർ, പാലോട്, തിരുവനന്തപുരം എന്നീ ബസ് സ്റ്റേഷനുകളിൽ നിന്നും ആറ്റിൻപുറത്തേക്ക് ബസ് സർവ്വീസുകൾ ആരംഭിക്കണം.

4. പനവൂർ കൊണ്ടണംകോട് വഴി പനയമുട്ടത്തേക്ക്, കിളിമാനൂർ, പാലോട്, ആറ്റിങ്ങൽ എന്നീ ഡിപ്പോകളിൽ നിന്നും സർവ്വീസ് ആരംഭിക്കണം.

5. SN പുരം കീഴാറ്റിൻ പുറത്ത് നിന്ന് മെഡിക്കൽകോളെജ്, തിരുവനന്തപുരം, ആറ്റിങ്ങൽ എന്നീ ഭാഗങ്ങളിലേക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

6. നെടുമങ്ങാട്ട് പുത്തൽപാലം SN പുരം പനയമുട്ടം വഴി തിരുവനന്തപുരം സർക്കലർ ബസ് ആരംഭിക്കണം.

7. SN പുരം പനവൂർ മുന്നാനക്കുഴി വഴി തിരുവനന്തപുരം ബസ് സർവ്വീസ് ആരംഭിക്കണം.

8. കീഴാറ്റിൻപുറം SN പുരം കല്ലറ വഴി പുനലൂർ ബസ് സർവ്വീസ് ആരംഭിക്കണം.

9. ചെല്ലഞ്ചി പേരയം ഇക്ബാൽ കോളെജ് ബസ് സർവ്വീസ് ആരംഭിക്കണം.

10. പേരയം പാണയം ആറ്റിൽപുറം വഴി നെടുമങ്ങാട്ട് സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കണം.

11. പേരയം, പാണയം, ആറ്റിൻപുറം വഴി മെഡിക്കൽ കോളെജ് ബസ് സർവ്വീസ് ആരംഭിക്കണം.

12. ചെല്ലഞ്ചി പേരയം ഇക്ബാൽ കോളെജ് വിദ്യാർത്ഥികൾക്ക് മാത്രമായി ബസ് സർവ്വീസ് ആരംഭിക്കണം.

9. വെള്ളാമ്പിറ തിരുവനന്തപുരം വിദ്യാർത്ഥികൾമാത്രം ബസ് അനുവദിക്കണം.

അറ്റകുറ്റപ്പണി ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട റോഡുകളുടെ പട്ടിക, വാർഡ് അടിസ്ഥാനത്തിൽ

## വാർഡ് I

1. ആട്ടുകാൽ കോമല്ലൂർ റോഡിൻെറ പണിപൂർത്തിയാക്കി മൊട്ടക്കാവ് റോഡുമായി ബന്ധിപ്പിക്കണം.

2. നാട്ടുകാരുടെ ശ്രമത്താൽ വെട്ടിയ മൊട്ടക്കാവ് ശാന്തിനഗർ റോഡിൻെറ എല്ലാ ഭാഗവും ഒരേ വീതിയിലാക്കി സൈഡുവാൾ കെട്ടുകയും ഇലക്ട്രിക് പോസ്റ്റുകൾ സൈഡിലേക്ക് മാറ്റുകയും വേണം.

[illegible] മൊട്ടക്കാവ് റോഡിലേക്കോ തടത്തിലേക്കോ ഒരു വഴി ആവശ്യമാണ്.

4. മൊട്ടക്കാവ് കോമല്ലൂർ റോഡ്, ആട്ടുകാൽ കൊച്ചുമുക്ക്, ആനാട് എന്നീ റോഡുകളുടെ ഓടകൾ വൃത്തിയാക്കണം.

5. കഴക്കുന്ന് പുളിമൂട് തടം കലുങ്ക് പണിത് സഞ്ചാരയോഗ്യമാക്കണം.

6. കഴക്കുന്ന് മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും തൂമ്പൻകാവിലേക്കുള്ള തടം അടച്ച നിലയിലാണ് അത് സഞ്ചാരയോഗ്യമാക്കണം.

7. മൊട്ടക്കാവ് മുക്കാംതോട് വരമ്പ് വീതി കൂട്ടണം. കൂടാതെ തോടിന് കരയിലുള്ള വീട്ടുകാർക്ക് സ്ലാബ് പണിതുകൊടുക്കുകയും വേണം.

8. മൊട്ടക്കാവ് നെടുമ്പാറ, മൊട്ടക്കാവ് ചെറുവേലി എന്നീ ഇടവഴികൾ വീതികൂട്ടണം.

9. കഴക്കുന്ന് മൊട്ടക്കാവ് തടത്തിൽ നിർമ്മിച്ച അനധികൃത മുളളുവേലി നീക്കം ചെയ്യണം.

## വാർഡ് II

1. ആട്ടുകാൽ നെടുമ്പ റോഡിൻെറ റിടാറിംഗ് അടിയന്തിരമായി നടത്തണം.

2. ചുളളിമാനൂർ പനയമുട്ടം റോഡിൻെറ റിടാറിംഗ് നടത്തണം.

3. 7 വർഷമായി പണി ആരംഭിച്ച വഞ്ചുവം പാലക്കുഴിറോഡ്, ആവശ്യത്തിനു വീതികൂട്ടിയും കലുങ്കുകൾ നിർമ്മിച്ചും ചുളളിമാനൂർ പനയമുട്ടം റോഡിൽ മുട്ടിച്ച് പണി പൂർത്തിയാക്കണം.

4. കഴക്കുന്ന് നെടുമ്പറോഡ് ബണ്ട് നിർമ്മിച്ച് റോഡ് ഗതാഗതയോഗ്യമാക്കണം.

5. നെടുമ്പ കോതകുളങ്ങര ചെമ്പൻകോട് തടം ഗതാഗതയോഗ്യമാക്കണം.

6. കഴക്കുന്ന് ഹോമിയോ ആശുപത്രി ജംഗ്ഷനിൽ നിന്നും തെറ്റിമൂട്ടിലേക്കുളള റോഡിൻെറ പണി എത്രയും വേഗം ആരംഭിക്കണം.

7. തെറ്റിമൂട് MCH വഴി വഞ്ചുവം പാലക്കുഴി റോഡിൽ മുട്ടുന്ന ഏകദേശം 100 മീറ്റർ ദൂരം സഞ്ചാരയോഗ്യമല്ല. ആ അവസ്ഥ മാറ്റണം.

മെച്ചപ്പെടുത്തേണ്ട നടവഴികൾ

1. പനയമുട്ടം റോഡിലെ ജ്യോതിനഗറിൽ നിന്നും നെടുമ്പയിലേക്കുളളത്.

2. പനയമുട്ടം റോഡിലെ ആനക്കുഴിയിൽ നിന്നും നെടുമ്പയിൽ എത്തുന്നത്.

3. ആനക്കുഴിയിൽ നിന്നും കൊന്നമൂട്ടിൽ എത്തുന്നത്.

4. ജ്യോതിനഗറിൽ നിന്നും നീരാഴി വഴി പാലക്കുഴി ആറ്റിൻെറ കരയിൽ എത്തുന്ന ഇടവഴി.

5. കൊന്നമൂട് ഹൗസ് സൈറ്റ് കോളനി വഴി കഴക്കുന്നിൽ എത്തുന്ന ഇടവഴി.

6. വഞ്ചുവം പാലക്കുഴി റോഡിൽ MCH സെൻററിൽ വരുന്നതിന് ഒരു സ്ലാബ് സ്ഥാപിക്കണം.

7. കോതകുളങ്ങര ജ്യോതി സ്റ്റോറിനു മുൻപിൽ നിന്നും നെടുംബയിലേക്കുളള തടം സഞ്ചാര യോഗ്യമാക്കണം.

## വാർഡ് III

1. നാട്ടുകാർ ശ്രമദാനത്തിലൂടെ നിർമ്മിച്ച ചന്ദ്രമൻ കൊക്കോട് കരിക്കുഴി തടത്തിൻെറ പണി പൂർത്തിയാക്കണം.

2. മുളംമൂട് മീന്നിലം തടം പണി വിപുലപ്പെടുത്തി ആനാട്ടു റോഡുമായി ബന്ധിപ്പിക്കണം.

3. നെടുമ്പ കടുവാപോക്ക് പുത്തൻകുന്ന് റോഡിൻെറ പണിപൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം.

4. ആട്ടുകാൽ അമ്പലം കടുവാപോക്ക് റോഡ് പണി പൂർത്തിയാക്കണം. ഇപ്പോൾ പണി 'സ്റ്റേ' ചെയ്ത നിലയിലാണ്.

5. കരിക്കുഴി നെല്ലിക്കുന്ന് റോഡിൻെറ പണി ഭാഗികമായി ചെയ്തിരിക്കുന്നു. അത് പൂർത്തിയാക്കി ടാർ ചെയ്യണം.

6. മണിയൻകോട് എസ്റ്റേറ്റിൻെറ സൈഡിലൂടെ മാങ്കുഴി ഹരിജൻ കോളനിയിലേക്കുള്ള തടത്തിൻെറ പണി പൂർത്തിയാക്കണം.

7. ആട്ടുകാൽ UPS മരമറുത്തക്കോണ് വട്ടർത്തല റോഡ് അറ്റകുറ്റപ്പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കണം

## വാർഡ് IV

**റോഡുകൾ**

1. തേക്കുംമൂട് പുത്തൻകുന്ന് പാമ്പാടി റോഡ് ടാർ ചെയ്യുക

2. കോതകുളങ്ങര അറവയൽകുഴി റോഡ്

3. പള്ളിനട അറവയൽകുഴി റോഡ്

4. തേവരുകുഴി ചൊർണ്ണോട് റോഡ്

5. കോതകുളങ്ങര, കുഴിനട, സൊർണ്ണോട്, പാമ്പാടിറോഡ് പുത്തൻകുന്നു റോഡുമായി ബന്ധപ്പെടുത്തുക.

6. പാമ്പാടി മലയടി റോഡ് ആറ്റിൻപുറവുമായി ബന്ധപ്പെടുത്തുക.

7. തേക്കുംമൂട് കിഴക്കുപുറം റോഡ് പണി പൂർത്തിയാക്കുക.

8. പനയമുട്ടം മുതൽ കോതകുളങ്ങര വരെ വഞ്ചുഖംതോടിൻെറ കരയിലൂടെ ഒരു ബണ്ടുറോഡും തോടിൻെറ വികസനവും നടത്തത്തക്ക രീതിയിൽ പദ്ധതി തയ്യാറാക്കുക.

## വാർഡ് V

1. കൊച്ചു പാലോട് മലയക്കോണം റോഡ് പണി എസ്റ്റിമേറ്റിൽ ഉള്ളതുപോലെ നിർമ്മിക്കുക.

2. കുര്യാട് പനയമുട്ടം കൊച്ചുപാലോട് ആറ്റിൻപുറം റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

3. കൊച്ചുപാലോട് ആറ്റിൻപുറം റോഡിൽ കലിംങ്കുകൾ നിർമ്മിക്കുക.

4. പാണയം മൊട്ടർത്തലഇടവഴി തടമാക്കിമാറ്റി ഗതാഗതയോഗ്യമാക്കുക.

5. വെള്ളം കൊള്ളി കൊച്ചുപാലോട് മഞ്ചാടി എന്നീ പ്രദേശങ്ങളെ ഉൾകൊള്ളിച്ച് റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം.

6. പനയമുട്ടം പോങ്ങുംകോണം കിഴക്കും പുറം വഴി നടപ്പാത നിർമ്മിക്കുക.

7. പനയമുട്ടം വെള്ളയാണി മൺപുറം റോഡ് നിർമ്മിക്കുക.

8. അജയപുരം തെഴെപാണയം ഏലായിലേക്ക് ട്രാക്ടർ റോഡ് നിർമ്മിക്കുക.

9. പനയമുട്ടം വാഴവിളാച്ചരിവ് അജയപുരം റോഡ് നിർമ്മിക്കുക.

10. ചൂവക്കാട് കീഴാറ്റിൻപുറം റോഡ് ഗതാഗതയോഗ്യമാക്കുക.

11. കുളപ്പാറ ഏര്യമല നടപ്പാത നിർമ്മിക്കുക.

12. കുര്യോട് വാഴവിള നടപ്പാത നിർമ്മിക്കുക.

13. അജയപുരം കുറ്റുവിള റാമ്പു കെട്ടുക.

14. അജയപുരം പട്ടംവെട്ടി നടപ്പാത നിർമ്മിക്കുക.

15. പനയമുട്ടം സ്കൂളിൽ നിന്ന് പള്ളിച്ചക്കോണം വഴി നിർമ്മിക്കുക.

16. പൂവക്കാട് ഏരുമല റോഡ് പൂർണ്ണമായും ടാർചെയ്തു കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുക.

17. പനയമുട്ടം പാണയം റോഡ് മുഴുവനായി ടാർ ചെയ്യുക.

18. ഏരുമല അജയപുരം തടം മെയിൻറനൻസ് ചെയ്യുക.

19. അജയപുരം മാമ്മൂട് നടപ്പാത ഗതാഗതയോഗ്യമാക്കുക.

20. മരുതകം പൊടിക്കിലാം ഏലായിൽ ട്രാക്ടർ റോഡ് നിർമ്മിക്കു.

21. റോഡുകയ്യേറ്റക്കാർക്കെതിരെ കർശന നടപടി കൈക്കൊള്ളുക.

## വാർഡ് VI

1. പേരയം ഊളൻവിള ചെല്ലഞ്ചി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

2. പേരയം പൊടിക്കിലാം വഴിയുള്ള റോഡ് ജനപങ്കാളിത്തത്തോടെ പുതുക്കി പണിയുക.

3. വിശ്വപുരം കരിമ്പ ഇടവഴി സഞ്ചാരയോഗ്യമാക്കണം.

4. പേരയം സ്കൂളിനു സമീപത്തുനിന്നും വിശ്വപുരത്തേക്കു പോകുന്ന തടം അടച്ച നിലയിലാണ് അത് തുറന്ന് സഞ്ചാരയോഗ്യമാക്കണം.

5. വിശ്വപുരം കരിഞ്ച മുത്തുക്കാവ് പഞ്ചായത്ത് റോഡ് ശോചനീയമായ നിലയിലാണ്. അത് സഞ്ചാരയോഗ്യമാക്കണം.

6. കരിഞ്ചയിൽനിന്നും മാക്കോട്ടുള്ള ഇടവഴി സഞ്ചാരയോഗ്യമാക്കണം.

7. മുത്തുകാവ് ചെല്ലഞ്ചി PWD റോഡിൽ കയറുന്ന ഇടറോഡ് സഞ്ചാരയോഗ്യമാക്കണം.

8. ത്രിവേണി കരിമ്പ തടം സഞ്ചാരയോഗ്യമാക്കണം.

9. പട്ടത്താനം കോട്ടവരമ്പ് റോഡ് വിതി വർദ്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.

10. പേരയം പൂളിനട റോഡ് ടാർ ചെയ്യണം.

11. ഊളൻ വിളയിൽ നിന്നും പേരയം ഏലായിലേക്കുള്ള ഇടവഴി സഞ്ചാരയോഗ്യമാക്കണം.

12. പാണയം പട്ടത്താനം റോഡ് ടാർ ചെയ്യണം.

13. വിശ്വപുരം പൊടിക്കിലാം ഇടവഴി സഞ്ചാരയോഗ്യമാക്കണം.

14. നാലു പഞ്ചായത്തുകളുടെ അതിർത്തിയാണ് ചെല്ലഞ്ചി. ഈ കടവിലുള്ള നിയുക്ത പാലം പണിപൂർത്തിയാക്കണം.

15. പേരയം പാണയം ആറ്റിൻപുറം വഴി മെഡിക്കൽ കോളെജ് ബസ് ആരംഭിക്കണം.

## വാർഡ് VII

1. SN പുരം ആറ്റിൻപുറം എന്നീറോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുല്ലാമലറോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

2. SN പുരം കിഴാറ്റിൻപുറം റോഡ് മെറ്റലും ടാറും ചെയ്ത് ഗതാഗതയോഗ്യമാക്കണം. ഇത് ഈ പഞ്ചായത്തിലെ 5, 6, 7 എന്നീ വാർഡുകളിലെ ജനങ്ങൾക്കും പുല്ലമ്പാറ പഞ്ചായത്തിലെ രണ്ടു വാർഡുകൾക്കും പ്രയോജനപ്രദമായിരിക്കും.

3. ചുമട്താങ്ങി മാങ്കുഴി റോഡ്, കോട്ടവരമ്പ്വരെ ടാർ ചെയ്യണം.

4. വെള്ളാഞ്ചിറ വെള്ളംകുടി റോഡ് ടാർ ചെയ്യണം.

6. ചുമട്താങ്ങി മണ്ണയം റോഡിൽ ഒരു കലുങ്ക് തീർത്ത് ഗതാഗതയോഗ്യമാക്കണം.

6. വെള്ളാഞ്ചിറ ക്രിസ്ത്യൻകോണം തടം പഞ്ചായത്ത് ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കണം.

7. വെള്ളാഞ്ചിറ ഊറ്റുകുഴി ചുള്ളാളംതടം വീതി വർദ്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.

8. കീഴാറ്റിൻപുറം പൂവക്കാട് തടത്തിൽ മൺപുറം കടവിൽ ഒരു പാലം പണിത ഗതാഗതയോഗ്യമാക്കണം. നന്ദിയോട്, പാലോട് ഭാഗത്തേക്ക് പോകാൻ 8 കിലോമീറ്റർ ലാഭിക്കാൻ കഴിയും.

9. പനവൂർ കൃസ്ത്യൻകോണം തടം സഞ്ചാര യോഗ്യമാക്കണം.

10. SN പുരം കുളവിയോട് ആലമുക്ക് തടം സർവ്വെ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

11. വണ്ടൻകുഴി ഊറ്റുകുഴിതടം സഞ്ചാരയോഗ്യമാക്കണം.

12. ചെക്കാലക്കോണം പുല്ലാമല പഞ്ചായത്ത് വഴി സർവ്വേ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

## വാർഡ് VIII

1. ചപ്പാത്ത് കൊണ്ടണംകോട് വെള്ളാഞ്ചിറ നിലവിലുള്ള വഴി വികസിപ്പിച്ച് റോഡാക്കിമാറ്റി ഗതാഗത യോഗ്യമാക്കണം.

2. പനവൂർ കൊങ്ങണംകോട് പനയമുട്ടം റോഡ് റീ ടാർ ചെയ്ത് അപകടരഹിതമാക്കണം.

3. കൊങ്ങണംകോട് ചെവിടംപാറ റോഡിൻെറ പണി പൂർത്തിയാക്കണം.

4. പനവൂർ മാങ്കുഴി നെല്ലിക്കുന്ന് റോഡ് നിർമ്മിക്കണം.

5. ആറ്റിൻപുറം പുല്ലാമല എസ് എൻ പുരം റോഡ്

ടാർ ചെയ്ത് ഗതാഗതയാഗ്യമാക്കണം.

6. ആറ്റിൻപുറം റോഡിൽ പുത്തൻപള്ളി നടയിൽനിന്നും പ്ലാവിള പാറയടി വെള്ളാഞ്ചിറ റോഡ് നിർമ്മിക്കണം.

7. ആറ്റിൻപുറം കുന്നുംപുറം തോട്ടുമുക്ക് റോഡ് നിർമ്മിക്കണം.

8. അമ്പഴംതുണ്ട് കൊങ്ങണംകോട് റോഡ് നിർമ്മിക്കണം.

9. വെള്ളാഞ്ചിറ മുളംകുന്ന് നടവഴി വികസിപ്പിക്കണം.

10. അംബേദ്ക്കർ ഗ്രാമം മാങ്കുഴി റോഡ് വികസിപ്പിക്കണം.

11. ഇടുക്കുപാറ ചെവിടംപാറ റോഡ് നിർമ്മിക്കണം.

12. ഒരുപറക്കോണം മാങ്കുഴിറോഡ് നിർമ്മിക്കണം.

13. ആറ്റിൻപുറം സ്കൂളിൽ നിന്നും പുല്ലാമല ഹരിജൻ കോളനിയിലേക്ക് റോഡ് പണിയണം.

14. ആറ്റിൻപുറം ഹൗസ് സൈറ്റ് റോഡ് ടാർ ചെയ്യുക.

15. ആറ്റിൻപുറം സ്കൂളിന് സമീപത്തു കൂടി പുല്ലാമല റോഡിൽ കയറാനുള്ള പഞ്ചായത്ത് വഴി അടച്ചനിലയിലാണ് അത് സഞ്ചാരയോഗ്യമാക്കണം.

## സ്ലാബ് സ്ഥാപിക്കേണ്ടവ

1. വലിയകൊങ്ങണംകോട് കോളനി തോട്ടിൽ 2 സ്ലാബ്
2. പ്ലാവിള തോട്ടിൽ രണ്ട് എണ്ണം
3. ഹൗസ് സൈറ്റ് കരിക്കകം തോട്ടിൽ ഒരെഎണ്ണം
4. കുന്നിൻപുറം (ആറ്റിൻപുറം) തോട്ടിൽ ഒരെഎണ്ണം
5. പാറയടി തോട്ടിൽ ഒരെഎണ്ണം
6. ചെവിടംപാറ തോട്ടിൽ ഒരെഎണ്ണം
7. വെള്ളാഞ്ചിറ മുളംകുന്നിൽ ഒരെഎണ്ണം
8. വെള്ളാഞ്ചിറ തോട്ടിൽ ഒരെഎണ്ണം
9. മാങ്കുഴി തോട്ടിൽ രണ്ട് എണ്ണം

## വാർഡ് IX

1. കല്ലിയോട് ഒരുപറക്കോണം ആശുപത്രി ജംഗഷനിലേക്ക് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പണി പൂർത്തിയാക്കണം.

2. മുളമൂട് ഹൈസ്കൂൾ റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

3. കല്ലിയോട് മാവുനിൽക്കുന്ന കോൺ വഴി താളിക്കല്ലിലേക്കുള്ള റോഡ് ടാറിട്ട് ഗതാഗത യോഗ്യമാക്കുക.

4. കല്ലിയോട് മലമുകൾ മൂന്നാനക്കുഴി റോഡ് മെറ്റൽ ചെയ്ത് ടാറിട്ട് ഗതാഗതയോഗ്യമാക്കണം.

5. ചെമ്പേരി കട്ടക്കാൽ വഴി വണ്ടിപ്പുര മുക്കിൽ എത്തുന്ന തടം ഗതാഗത യോഗ്യമാക്കണം. അടച്ചിട്ടുള്ള വഴിതുറന്ന് കാൽ നടയാത്രക്കാരെ സഹായിക്കണം.

6. കൊട്ടറഭാഗത്തുനിന്നും താളിക്കല്ലുവഴി വാഴോട് തടത്തിൽ എത്തുന്ന തടത്തിന്റെ പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം.

7. വാഴോട് കോട്ടറ തടത്തിന്റെ സ്ഥിതി മെച്ചപ്പെടുത്തി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

8. മലമുകൾ താളിക്കല്ല് തടത്തിന്റെ പണി പൂർത്തിയാക്കണം.

9. കല്ലിയോട് അതിങ്കോട് തീർത്ഥങ്കര നടവരമ്പ് മെച്ചപ്പെടുത്തി സഞ്ചാരയോഗ്യമാക്കണം.

10. കല്ലിയോട് മൂന്നാനക്കുഴി തടത്തിൽ തീർത്ഥങ്കരക്ക് പോകുന്ന തടം മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

11. കൊക്കോട് തീർത്ഥങ്കര റോഡ് മെയിൻറനൻസ് ചെയ്ത് ഗതാഗതയോഗ്യമാക്കണം.

12. മൂന്നാനക്കുഴി ജംഗ്ഷന് താഴെ വിശ്വംഭരപ്പണിക്കരുടടെ വീടിനടുത്തുനിന്നും മലമുകളിലേക്കുള്ള തടം പണി പൂർത്തിയാക്കണം.

13. മൂന്നാനക്കുഴി താളിക്കല്ല് തടം മെയിൻറനൻസ് നടത്തണം.

14. വിളയിൽ കൊട്ടറ തടത്തിന്റെ പണിപൂർത്തിയാക്കണം.

15. വാഴോട് വിളയിൽ പനവൂർ ജംഗ്ഷൻ നടപ്പാത വികസിപ്പിക്കണം.

16. താളിക്കല്ല് വാഴോട് കൊട്ടറ തടത്തിൽ എത്തിച്ചേരുന്ന തടത്തിന്റെ പണി കൊട്ടറ ഏലായിൽ നിന്നും, കല്ലിയോട് മാവുനിൽക്കുന്ന കോൺതടത്തിൽ എത്തിച്ച് ഗതാഗതയോഗ്യമാക്കണം

## പഞ്ചായത്തിലെ മൊത്തം റോഡുകളുടെ വിവരം

| റോഡുകളുടെ പേരു വിവരം | റോഡിൻെറ നീളം (മീറ്ററിൽ) | റോഡിൻെറ വീതി (മീറ്ററിൽ) | |
|---|---|---|---|
| 1. മുളമ്മൂട് മീന്നിലം | 2000 | 5 | |
| 2. കരിക്കുഴി തുറുവേലി | 500 | 5 | |
| 3. ആട്ടുകാൽ അമ്പലം മരമറുത്തകോൺ | 1000 | 4 | |
| 4. കഴക്കുന്ന് മൊട്ടക്കാവ് | 1000 | 5 | |
| 5. ചുളളിമാനൂർ മൊട്ടക്കാവ് | 1000 | 8 | ടാർ ചെയ്തത് |
| 6. കഴക്കുന്ന് മൊട്ടക്കാവ് തോപ്പുതടം | 1000 | 4 | |
| 7. കഴക്കുന്ന് പുളിമൂട് ആട്ടുകാൽ | 1000 | 5 | |
| 8. മൊട്ടക്കാവ് കോമല്ലൂർ | 2000 | 5 | |
| 9. മീന്നിലം കോമല്ലൂർ | 750 | 5 | |
| 10. വാൻകുളം ആട്ടുകാൽ | 1000 | 5 | |
| 11. കഴകുന്ന് പുളിമൂട് | 750 | 4 | |
| 12. സാൽവേഷൻ ആർമി ചർച്ച് നെടുമ്പ | 750 | 4 | |
| 13. കഴക്കുന്ന് നെടുമ്പ | 500 | 4 | |
| 14. കൊന്നമൂട് നെടുമ്പ | 500 | 4 | |
| 15. വെങ്കിട്ടക്കാല മഞ്ഞക്കോട്ടുമൂല | 750 | 5 | |
| 16. MCH സെൻറർ പാലക്കുഴി | 1000 | 5 | |
| 17. മുളമ്മൂട് പാലക്കുഴി | 1000 | 4 | |
| 18. കൊന്നമൂട് ഹൗസ് സൈറ്റ് | 500 | 3 | |
| 19. കഴക്കുന്ന് കൊന്നമൂട് | 500 | 3 | |
| 20. ചാവറക്കോണം മഞ്ഞക്കോടുമൂല | 500 | 3 | |
| 21. കഴക്കുന്ന് പിണറ്റിൻകുഴി | 800 | 5 | |
| 22. വഞ്ചുവം കൊന്നമൂട് പാലക്കുഴി | 2000 | 8 | |
| 23 നെടുമ്പ പന്നിക്കോണം കോതകുളങ്ങര | 1000 | 6 | |
| 24. ആട്ടുകാൽ നെടുമ്പ കുഴിനട | 2000 | 8 | ടാർ ചെയ്തത് |
| 25. ആട്ടുകാൽ കടുവാപോക്ക് | 2000 | 5 | |
| 26. കരിക്കുഴി നെല്ലിക്കുന്ന് ചെവിടമ്പാറ | 2500 | 5 | |
| 27. കടുവാപോക്ക് പാമ്പാടി | 2000 | 5 | |
| 28. കരിക്കുഴി മാങ്കുഴി | 1000 | 5 | |
| 29. മുളമൂട് ചന്ദ്രമൻകോക്കോട് | 1000 | 5 | |
| 30 കടുവാപോക്ക് ചന്ദ്രമൻ കോക്കോട് | 1000 | 5 | |
| 31. കടുവാപോക്ക് ചെവിടംപാറ | 1000 | 4 | |
| 32. മാങ്കുഴി നെല്ലിക്കുന്ന് | 1000 | 5 | |
| 33. കോതകുളങ്ങര ചെമ്പൻകോട് | 1500 | 5 | |
| 34 ചെമ്പൻകോട് അറവയൽകുഴി | 100 | 5 | |
| 35. പുത്തൻകുന്ന് തേവരുകുഴി | 750 | 8 | |
| 36. ചൊർണോട് തേവരകുഴി | 500 | 3 | |
| 37. കൊച്ചുപാലോട് മഞ്ചാടി | 1500 | 4 | ഭാഗികമായി ടാർ ചെയ്തത് |
| 38. തോട്ടുമുക്ക് ചൊർണോട് | 1500 | 4 | |
| 39. മലയടി ചൊർണോട് | 1500 | 4 | |
| 40. മലയടി പനയമുട്ടം | 1500 | 4 | |
| 41. ചൊർണോട് പനയമുട്ടം | 500 | 5 | |
| 42. മഞ്ചാടി മലയടി | 2000 | 5 | |
| 43. ആറ്റിൻപുറം പനയമുട്ടം | 2500 | 5 | |
| 44. നിരപ്പിൽ അറവയൽകുഴി | 1000 | 5 | |
| 45. പേരയം പാണയം | 3000 | 5 | |
| 46. പാണയം ചെല്ലഞ്ചി | 2000 | 5 | |
| 47. പേരയം ഊളൻവിള ചെല്ലഞ്ചി | 3000 | 8 | |

| | | | |
|---|---|---|---|
| 48. ചേപ്പിലോട് കരിഞ്ച, പേരയം | 1500 | 4 | |
| 49. ചെല്ലഞ്ചി ബാലവാടി | 1000 | 4 | |
| 50. മരുതകം വിശ്വപുരം | 1000 | 4 | |
| 51. മരുതകം വിശ്വപുരം | . 1000 | 4 | |
| 52. പാണയം പട്ടത്താനം | 850 | 8 | |
| 53. കരിഞ്ച വിശ്വപുരം | 1500 | 4 | |
| 54. പട്ടത്താനം കോട്ടവരമ്പ് | 1500 | 5 | |
| 55. പുളിനട പേരയം | 1500 | 6 | |
| 56. പൂവക്കാട് ഏരുമല പാണയം | 1500 | 8 | |
| 57. ഏരുമല മൊട്ടറത്തല | 500 | 5 | |
| 58. മൊട്ടറത്തല പാണ്യം | 500 | 5 | |
| 59. മലയക്കോണം മൊട്ടറത്തല | 500 | 4 | |
| 60. വരയിടിഞ്ഞകുഴി പാണയം | 1000 | 5 | |
| 61. മാമ്മൂട് അജയപുരം | 1500 | 6 | |
| 62. പനയമുട്ടം പാണയം | 2000 | 8 | ഭാഗികമായി ടാർ ചെയ്തത് |
| 63. കിളിത്തട്ട് ആനക്കുഴി | 1000 | 5 | |
| 64. കല്ലിയോട് മലമുകൾ മൂന്നാനക്കുഴി | 3000 | 8 | |
| 65. മുളമൂട് വാഴോട് | 2000 | 6 | |
| 66. വെള്ളാഞ്ചിറ വെള്ളംകുടി | 1500 | 5 | |
| 67. വാഴോട് കൊട്ടറ | 1000 | 5 | |
| 68. തീർത്ഥങ്കര മൂന്നാനക്കുഴി ഒറ്റകൊമ്പ് | 1500 | 4 | |
| 69. മലമുകൾ മുകൾപാറ | 750 | 4 | |
| 70. മലമുകൾ മുകൾപാറ | 1000 | 5 | |
| 71. താളിക്കല്ല് മൂന്നാനക്കുഴി | 1000 | 5 | |
| 72. മൂന്നാനക്കുഴി മുകൾപാറ | 1000 | 4 | |
| 73. മലമുകൾ താളിക്കല്ല് | 1000 | 5 | |
| 74. മുകൾപാറ തീർത്ഥങ്കര | 1000 | 4 | |
| 75. ചുമട്താങ്ങി കോട്ടവരമ്പ് | 600 | 5 | |
| 76. വെള്ളാഞ്ചിറ ആലമുക്ക് | 3000 | 8 | |
| 77. S.N.പുരം കീഴാറ്റിൻപുറം | 2000 | 8 | |
| 78. വെള്ളാഞ്ചിറ ഊറ്റുകുഴി ചുള്ളാളം | 1000 | 6 | |
| 79. പൂവക്കാട് കീഴാറ്റിൻപുറം | 2000 | | |
| 80. S.N.പുരം ആറ്റിൻപുറം | 2000 | 7 | |
| 81. പൂവക്കാട് ഏരുമല ആനക്കുഴി | 2000 | 5 | |
| 82. പൂവക്കാട് മലയക്കോണം | 3000 | 5 | |
| 83. കീഴാറ്റിൻപുറം കടുവാപോക്ക് | 1000 | 5 | |
| 84. S.N.പുരം ചെക്കാലക്കോണം | 750 | 5 | |
| 85. പനവൂർ അംബേദ്കർ ഗ്രാമം | 1500 | 7 | ടാർ ചെയ്തത് |
| 86. പനവൂർ ഇടുക്കുപാറ മലയടി, തേവരുകുഴി | 2000 | 5 | |
| 87. കൊങ്ങണംകോട് ചെവിടംപാറ | 1500 | 5 | |
| 88. കൊങ്ങണംകോട് ഇരപ്പിൽ | 1000 | 8 | |
| 89. കൊങ്ങണംകോട് തോട്ടുമുക്ക് | 1600 | 8 | ടാർ ചെയ്തു |
| 90. പനവൂർ മാങ്കുഴി | 2000 | 3 | |
| 91. ആറ്റിൻപുറം ഹൗസ്സൈറ്റ് | 700 | 7 | |
| 92. ആറ്റിൻപുറം മലയടി | 700 | 6 | |

# അവലമ്പം റോഡു രജിസ്റ്റർ
## പനവൂർ പഞ്ചായത്ത്

പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന P.W.D. റോഡുകളുടെ വിവരം

| നമ്പർ | റോഡുകളുടെ പേര് | നീളം (മീറ്റർ) | വീതി (മീറ്റർ) | |
|---|---|---|---|---|
| 1. | പനവൂർ ചുള്ളിമാനൂർ | 5000 | 8 | ടാർ ചെയ്തത് |
| 2. | ചുള്ളിമാനൂർ പനയമുട്ടം ഫോറസ്റ്റ് | 9000 | 8 | ടാർ ചെയ്തത് |
| 3. | പനവൂർ ആറ്റിൻപുറം | 3000 | 8 | ടാർ ചെയ്തത് |
| 4. | പനവൂർ വെള്ളാഞ്ചിറ | 1000 | 8 | ടാർ ചെയ്തത് |
| 5. | വെള്ളാഞ്ചിറ ആലമുക്ക് | 2500 | 8 | ടാർ ചെയ്തത് |
| 6. | വെള്ളാഞ്ചിറ ചുള്ളാളം | 2000 | 8 | ടാർ ചെയ്തത് |
| 7. | പനവൂർ മൂന്നാനക്കുഴി | 4000 | 8 | ടാർ ചെയ്തത് |
| 8. | പേരയം ചെല്ലഞ്ചി | 1500 | 8 | ടാർ ചെയ്തത് |
| 9. | ആറ്റിൻപുറം പേരയം | 7000 | 8 | ടാർ ചെയ്തത് |
| 10. | പനവൂർ കല്ലിയോട് | 1000 | 8 | ടാർ ചെയ്തത് |

മനുഷ്യൻെറ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. മനുഷ്യൻെറ മാനസികവും ശാരീരികവും സാമൂഹികവും സാമ്പത്തികവുമായ അവസ്ഥ മെച്ചപ്പെടുത്തുവാൻ സുരക്ഷിതവും വാസയോഗ്യവുമായ പാർപ്പിടം ആവശ്യമാണ്.

സാമൂഹ്യ അരക്ഷിതാവസ്ഥയും ദാരിദ്ര്യവും നിലനിൽക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ പാർപ്പിട പ്രശ്നം ഇവിടെ രൂക്ഷമാണ്. ഓലമേഞ്ഞതും സെമിപെർമനൻറ് സ്വഭാവമുള്ളവയുമാണ് 40% ത്തിലധികം വീടുകളും. പുനർനിർമ്മാണവും നവീകരണവും ഏറെ പ്രധാനമാണ്.

പ്രാദേശികമായി ലഭിക്കുന്ന മണ്ണ് ഇഷ്ടികയും വെട്ടുകല്ലും തടികൊണ്ട് പരമ്പരാഗതമായ തച്ചു ശാസ്ത്രമനുസരിച്ച് കേരളീയ വാസ്തു ശില്പ മാതൃകയിൽ കൊട്ടിയമ്പലവും പടിപ്പുരയും നാലുകെട്ടും ഒക്കെയുള്ള വീടുകൾ നിർമ്മിക്കുകയായിരുന്നു പഴയരീതി. എന്നാൽ അത്തരത്തിൽ വീടുകൾ നിർമ്മിക്കാൻ ധനികർക്ക് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. ഭൂരിഭാഗം വരുന്ന ദരിദ്ര കർഷകത്തൊഴിലാളികളും മറ്റു ജനവിഭാഗങ്ങളും ഓലകൊണ്ടോ പുല്ലുകൊണ്ടോ മേഞ്ഞ കുടിലുകളിൽ പാർത്തിരുന്നു. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാതിരുന്ന കൂരകളായിരുന്നു അവയെല്ലാം. നാമമാത്രമായ ബംഗ്ലാവുകളും മാളികകളും പഞ്ചായത്തിലുണ്ട്. പഴയമാതൃകയിൽ നിർമ്മിച്ച് വളരെ കുറച്ചുവീടുകളെ ഇന്ന് പഞ്ചായത്തിൽ അവശേഷിക്കുന്നുള്ളൂ.

ഒന്നുരണ്ട് ദശകങ്ങൾക്കപ്പുറം കെട്ടിട നിർമ്മാണ രീതിയിൽ വളരെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ആധുനിക രീതിയിലുള്ള കോൺക്രീറ്റ് സൗധനങ്ങൾ സമീപ കാലത്തായി പഞ്ചായത്തിൽ ഉയർന്നുവരുന്നുണ്ട്.

ഗൾഫ് പണത്തിൻെറ സ്വാധീനമാണ് പ്രധാനമായും ഇതിന് പിന്നിൽ. പുറം നാടുകളിൽ പോയി കഠിനമായി അധ്വാനിച്ചുണ്ടാക്കുന്ന പണം, കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുക എന്ന പ്രത്യുല്പാദനപരമല്ലാത്ത കാര്യത്തിനുവേണ്ടി വിനിയോഗിക്കുക എന്നുള്ളത് ഒട്ടും പ്രോത്സാഹജനകമല്ല. ആവശ്യമില്ലാത്ത ആഡംബര പ്രദർശനമാണ് ഈ ദുർവിനിയോഗത്തിന് പിന്നിലുള്ളത്. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ്, അവയുടെ അമിതമായ വില, നിർമ്മാണത്തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട് എന്നിവ ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. നമ്മുടെ ഭൂപ്രകൃതിക്ക് ഇണങ്ങുന്നതും ചെലവുകു റഞ്ഞതുമായ കെട്ടിട നിർമ്മാണ ശൈലി ഇവിടെ ഉണ്ടായിരുന്നു. മണ്ണ് കുഴച്ചുവച്ച് കുമ്മായച്ചാന്തിട്ട് പൂശിയെടുക്കുക എന്നതായിരുന്നു പഴയരീതി. വളരെ ചെലവ് കുറഞ്ഞതും എന്നാൽ ഈടുനിൽക്കുന്നതുമായിരുന്നു അത്തരം വീടുകൾ. മണ്ണ് വയ്ക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ അന്ന് സുലഭമായിരുന്നു

# പാർപ്പിടം

എന്നാൽ ഈ രീതി ഇന്ന് അത്ര സാർവ്വത്രികമല്ലാത്തതുകൊണ്ട് അത്തരം തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. വെട്ടുകല്ല് ഉപയോഗിച്ചാണ് പണ്ടുകാലത്ത് കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നത്. എന്നാൽ ഇന്ന് വെട്ടുകല്ല് വെട്ടിയെടുക്കുന്ന തൊഴിലാളികേ വേരറ്റുപോയിരിക്കുന്നു.

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾ പരമാവധി കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുകയെന്നുള്ളത് ചെലവ് കുറയ്ക്കാൻ സഹായിക്കുന്ന ഒരു കാര്യമാണ്. പഞ്ചായത്തിൽ റബ്ബർതടി സുലഭമായി ലഭിക്കുന്ന ഒന്നാണ്. അതിനെ സംസ്കരിച്ചാൽ വളരെ ഉറപ്പുള്ളതും ഈടുനിൽക്കുന്നതുമായ തടിയാക്കി മാറ്റാൻ കഴിയുമെന്നാണ് തെളിയിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അത്തരത്തിൽ റബ്ബർ തടിയുടെ ഉപയോഗം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. ഒരു റബ്ബർതടി സംസ്കരണ ഫാക്ടറി പഞ്ചായത്തിൽ ഉണ്ടായാൽ ഇന്ന് തടിക്ക് നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സാധിക്കും. അതുപോലെ തെങ്ങിൻ തടിയും കെട്ടിട നിർമ്മാണത്തിന് പറ്റിയതാണ്.

കെട്ടിട നിർമ്മാണത്തിൽ കമ്പിയുടെയും സിമെൻറിൻെറയും അമിതമായ ഉപയോഗം ഈ രംഗത്തെ ഒരു പാഴ്ചലവാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിപണനത്തിന് ഒരു സഹകരണ സ്ഥാപനം ഉണ്ടാകേണ്ടതും ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ വിദ്യയ്ക്ക് പ്രചാരം കൊടുക്കേണ്ടതും പ്രാദേശിക അസംസ്കൃത സാധനങ്ങളുടെ ഉല്പാദനം വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതും ഈ രംഗത്തെ പ്രധാന ഘടകങ്ങളാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ എത്തിക്കണം.

1992-ലെ IRDP പ്രകാരം കണ്ടെത്തിയ 2246 കുടുംബങ്ങളിൽ 90% വും വാസയോഗ്യമായ വീടുള്ളവർ അല്ല. 8-ാം പദ്ധതി കാലത്ത് വിവിധ പദ്ധതികളിലായി ഇതിൽ......... കുടുംബങ്ങൾക്കാണ് ഭവന നിർമ്മാണ ധനസഹായം നൽകിയിട്ടുള്ളത്. രാജീവ് ദശലക്ഷം

പാർപ്പിട പദ്ധതി പ്രകാരം ദുർബലവിഭാഗത്തിൽപ്പെട്ട 252 പേർക്ക് ഭവന നിർമ്മാണ വായ്പ ലഭ്യമാക്കാനുള്ള പദ്ധതികൾ തയ്യാറാക്കിയെങ്കിലും ചില സങ്കീർണ്ണതകൾ കാരണം പലർക്കും അവ ലഭിച്ചിട്ടില്ല.

## നിർദ്ദേശങ്ങൾ

1. പൊതുനിരത്തുവക്കുകളിൽ കെട്ടിടം നിർമ്മിക്കുന്നതിലുള്ള കെട്ടിട നിർമ്മാണ നിയമങ്ങൾ കർശനമാക്കുക.

2. പഞ്ചായത്തിൽനിന്നും കെട്ടിടത്തിന് നമ്പർ കൊടുക്കുന്നതിന് മുമ്പ് കക്കൂസ് ഉണ്ടെന്ന് ഉറപ്പുവരുത്തുക.

3. എല്ലാകെട്ടിടങ്ങളിലും പുകയില്ലാത്ത അടുപ്പ് നിർമ്മിക്കുന്നത് നിർബന്ധമാക്കുകയും അതിന് പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക.

4. പ്രാദേശികമായ അസംസ്കൃത സാധനങ്ങൾ കെട്ടിട നിർമ്മാണ രംഗത്ത് പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ കണ്ടെത്തുക.

5. വീടുകളിൽ നിന്നുമുള്ള മലിനജലം പൊതുജനാരോഗ്യത്തെ ബാധിക്കാത്ത രീതിയിൽ ഒഴുക്കുവിടുവാൻ നിർബന്ധിക്കുക.

6. നിർമ്മാണത്തിനും കൂട്ടിച്ചേർക്കലിനും പഞ്ചായത്തിൽ നിന്നും മുൻകൂർ അനുവാദം വാങ്ങുക എന്നത് കർശനമാക്കുക.

7. കെട്ടിട നിർമ്മാണ ധനസഹായം നൽകുന്നതിന് മുമ്പ് തെരഞ്ഞെടുക്കപ്പെട്ടവർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ ശരിയായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും നിർമ്മാണത്തിൽ അവരുടെ പരമാവധി കായികശേഷി ഉപയോഗിക്കുകയും ചെയ്യുക.

8. കോളനികളിലും മറ്റും നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ നിർവ്വഹണത്തിന് ഗുണഭോക്താക്കളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തുകയും നിർമ്മാണ സാമഗ്രികൾ കൂട്ടായി സംഭരിക്കുവാനുള്ള പദ്ധതികൾ ആസൂത്രണംചെയ്യുകയും ചെയ്യുക.

9. പഴയമാതൃകയിലുള്ളതും വാസയോഗ്യവുമായ കെട്ടിടങ്ങൾ അറ്റകുറ്റപണികൾ ചെയ്യുന്നതിന് ധനസഹായം നൽകുക. പുതിയത് വയ്ക്കുന്ന പാഴ്ചെലവ് ഒഴിവാക്കുക.

10. തരിശുഭൂമികൾ കണ്ടെത്തി ഭൂരഹിതരായവർക്ക് പതിച്ച് കൊടുക്കുകയും ഭവന നിർമ്മാണ ധനസഹായം എത്തിക്കുകയും ചെയ്യുക.

11. ലക്ഷംവീട് കോളനികളിലും മറ്റ് SC/ST കോളനികളിലും നിലവിലുള്ള വീടുകൾ ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ അറ്റകുറ്റപണികൾ നടത്തുക.

12. സൗജന്യമായി ലഭിച്ച ഭൂമിയും വീടും കൈമാറ്റം ചെയ്യുന്നത് കർശനമായി തടയുകയും അവ വാങ്ങുന്നത് ശിക്ഷാർഹമാക്കുകയും ചെയ്യുക.

13. നിലവിലുള്ള ബാങ്കിംഗ് സംവിധാനം പാവപ്പെട്ടവർക്ക് അപ്രാപ്യമായ തലത്തിലാണ് പ്രവർത്തിക്കുന്നത്. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന രീതിയിൽ ഒരു പുനഃസംവിധാനം പ്രസ്തുതരംഗത്ത് ഉണ്ടാക്കേണ്ടതാണ്.

14. കെട്ടിട നിർമ്മാണ സാധന സാമഗ്രികളുടെ വിലയിലും തൊഴിൽ വേതനത്തിലും ഉണ്ടാകുന്ന വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തി ഭവന നിർമ്മാണ വായ്പതുകയുടെ പരിധി ഉയർത്തുക.

ജനകീയ പങ്കാളിത്തത്തോടെ മനുഷ്യപ്രയത്നത്തിന്റെ ഉപഭോഗം, ശരിയായ വിഭജനം, സർക്കാരിന്റെയും വിവിധ ഏജൻസികളുടെയും സഹകരണം എന്നിവയിലൂടെ "എല്ലാവർക്കും പാർപ്പിടം" എന്ന ലക്ഷ്യം നമുക്ക് നേടാൻ കഴിയണം.

## ചാർജ്ജ് I

## പഞ്ചായത്തിലെ ആകെ വീടുകളും അവയുടെ നിലവാരവും വാർഡ് തിരിച്ച്

**1996-ലെ കണക്ക് (അവലംബം: വീട് രജിസ്റ്റർ പഞ്ചായത്ത്)**

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | ആകെ വീടുകൾ |
|---|---|---|---|---|
| 1 | 49 | 320 | 296 | 665 |
| 2 | 56 | 334 | 325 | 715 |
| 3 | 37 | 448 | 239 | 724 |
| 4 | 32 | 188 | 212 | 432 |
| 5 | 14 | 311 | 335 | 660 |
| 6 | 37 | 213 | 216 | 366 |
| 7 | 62 | 420 | 252 | 554 |
| 8 | 102 | 319 | 441 | 862 |
| 9 | 73 | 286 | 442 | 801 |
| ആകെ | 462 | 2659 | 2758 | 6579 |

# 10 ആരോഗ്യം, കുടിവെള്ളം

ആരോഗ്യരംഗത്ത് കേരളം ഇന്ന് ഏറെക്കുറെ വികസിത രാജ്യങ്ങൾക്കൊപ്പമാണ്. 'എല്ലാവർക്കും ആരോഗ്യം' എന്ന മുദ്രാവാക്യവുമായി ലോകരാജ്യങ്ങൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ സ്വാഗതം ചെയ്യാൻ തയ്യാറെടുക്കുമ്പോൾ ആ ലക്ഷ്യപ്രാപ്തിക്കായുള്ള പ്രവർത്തനങ്ങളിൽ കേരളം വളരെ മുന്നിലാണ്.

മനുഷ്യരെ കൂട്ടത്തോടെ നശിപ്പിച്ചിരുന്ന മഹാമാരികളായ വസൂരിയും കോളറയും പ്ലേഗും വൈദ്യശാസ്ത്ര പുരോഗതിയുടെ കൈപ്പിടിയിലൊതുങ്ങി എന്നു നാം കരുതി. പക്ഷെ അവയെല്ലാം കൂടുതൽ മാരകശക്തിയോടെ തിരിച്ചുവരുമ്പോൾ ആരോഗ്യരംഗത്ത് എവിടെയോ എന്തൊക്കെയോ പിഴച്ചുപോയിരിക്കുന്നുവെന്ന് നാം തിരിച്ചറിയുന്നു. ആധുനിക ജീവിതത്തിന്റെ താളപ്പിഴകളുടെയും മൂല്യച്യുതികളുടെയും സൃഷ്ടിയായ എയ്ഡ്സ് ആധുനിക ലോകത്തിന്റെ അടുത്ത നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിൽ തടസ്സം സൃഷ്ടിക്കുന്നു.

പ്രകൃതിയോടിണങ്ങി അതിന്റെ സന്തുലിതാവസ്ഥക്ക് കോട്ടമുണ്ടാക്കാതെ ജീവിച്ചിരുന്ന കൃഷീവലന്മാരായ നമ്മുടെ പൂർവ്വികർക്ക് നാട്ടുചികിത്സയും മന്ത്രവാദങ്ങളും ആയിരുന്നു രോഗത്തെയകറ്റാനുള്ള മുഖ്യ ഉപാധികൾ. കാട്ടിലും പറമ്പിലും വളരുകയും വളർത്തുകയും ചെയ്തിരുന്ന ഔഷധസസ്യങ്ങൾ രോഗചികിത്സക്കായി അവർ ഉപയോഗിച്ചിരുന്നു.

അലോപ്പതി ചികിത്സയുടെ ആവിർഭാവം നമ്മുടെ പരമ്പരാഗത ചികിത്സാ രീതികളെ നശിപ്പിച്ചു. ജീവിത രീതികളിൽ ഉണ്ടായ മാറ്റങ്ങൾ ജനങ്ങളെ അനാരോഗ്യകരമായ ശീലങ്ങളിലേക്ക് നയിച്ചു. ഇത് ആരോഗ്യരംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ഇന്ന് പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ നിലവാരത്തെവിലയിരുത്തുമ്പോൾ കേരളത്തിലെ ശരാശരി ആരോഗ്യവുമായി അതിനെ തുലനം ചെയ്യാം. ശിശുമരണ നിരക്കിലും പൊതുമരണ നിരക്കിലും മാതൃമരണ നിരക്കിലും ജനനനിരക്ക്, ആയുർ ദൈർഘ്യം തുടങ്ങിയ കാര്യങ്ങളിലും കേരളത്തിന്റെ പൊതുവായ നിരക്കുകളോട് സമപ്പെട്ട് നിൽക്കുന്നുവെന്ന് ലഭ്യമായ കണക്കുകൾ വച്ചുനോക്കുമ്പോൾ മനസ്സിലാക്കാം.

വികസന മേഖലകളിലെ പഞ്ചായത്തിന്റെ പൊതുവായ പിന്നോക്കാവസ്ഥ ആരോഗ്യരംഗത്തും പ്രകടമാണ്. പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിൽനിന്നും ലഭിച്ച കണക്കുകൾ വച്ച് നോക്കുമ്പോൾ ആളുകൾ പൊതുവേ രോഗാതുരത ഉള്ളവരാണ് എന്നുകാണാം. പഞ്ചായത്തിലെ ചികിത്സാ കേന്ദ്രങ്ങളിൽ വരുന്നവരുടെ സ്ഥിതിവിവര കണക്ക് മാത്രമേ ലഭിച്ചിട്ടുള്ളൂ. നെടുമങ്ങാട് താലൂക്കാശുപത്രയിലും മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രികളിലും പഞ്ചായത്തിന് അകത്തും പുറത്തുമുള്ള സ്വകാര്യ ആശുപത്രികളിലും ചികിത്സക്കായി പോകുന്നവരുടെ എണ്ണം ഇതിന്റെയത്രയോ ഇരട്ടിയാണ്.

പഞ്ചായത്തിലെ ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ

1. ഗവ. പ്രാഥമിക ആരോഗ്യകേന്ദ്രം - പനവൂർ
2. ഹോമിയോ ആശുപത്രി - ആട്ടുകാൽ
3. മാതൃ-ശിശു ആരോഗ്യ കേന്ദ്രം - കൊന്നമൂട്ടുമൺപുറം
4. " ഉപകേന്ദ്രം - മരമറുത്തകോണ്
5. " " - അജയപുരം

അലോപ്പതി, ഹോമയോപ്പതി എന്നീ ചികിത്സാ സമ്പ്രദായങ്ങളാണ് സർക്കാർ തലത്തിൽ പഞ്ചായത്ത് പ്രദേശത്ത് ലഭിക്കുന്നത്. ഗവ. ആയുർവേദ ആശുപത്രിയുടെ കുറവ് പഞ്ചായത്തിനുണ്ട്. ആയുർവേദരംഗത്ത് നാട്ടുവൈദ്യന്മാരുടെയും ആയുർവേദ ഡോക്ടർമാരുടെയും സേവനം ചെറിയതോതിൽ പഞ്ചായത്ത് പ്രദേശത്ത് ലഭിക്കുന്നുണ്ട്. ഇന്നുള്ള ഇരുപതിനായിരം ജനങ്ങൾക്ക് ഒരു അലോപ്പതി ഡോക്ടറുടെയും ഒരു ഹോമിയോപ്പതി ഡോക്ടറുടേയും സേവനമാണ് സർക്കാർ തലത്തിൽ ജനങ്ങൾക്ക് ലഭിക്കുന്നു എന്നുള്ളത് തന്നെ ആരോഗ്യനിലവാരത്തിന്റെ പിന്നോക്കാവസ്ഥയെ വ്യക്തമാക്കുന്നു. ഉച്ചവരെ മാത്രം പ്രവർത്തിക്കുന്ന ആശുപത്രികളാണ് ഇപ്പോളിവിടെ നിലവിലുള്ളത്.

കുട്ടികളുടെ പോഷണ നിലവാരം പിന്നോക്കമാണ്. വിളർച്ചയും പ്രായത്തിനനുസരിച്ചുള്ള തൂക്കമില്ലായ്മയും സാർവ്വത്രികമാണ്. സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണവും ബാലവാടികളിൽ പോഷകാഹാര വിതരണവും ഉണ്ടെങ്കിലും അവ വേണ്ടത്ര ഫലപ്രദമാകുന്നില്ല.

പോഷകാഹാരക്കുറവ്, വ്യക്തിശുചിത്വമില്ലായ്മ, പരിസരശുചിത്വത്തിന്റെ കുറവ് ഇതൊക്കെ മൂലമുണ്ടാകുന്ന രോഗങ്ങൾ പഞ്ചായത്തിൽ പൊതുവേ കണ്ടുവരുന്നു. പുകവലി, മദ്യപാനം തുടങ്ങിയ അനാരോഗ്യകരമായ ശീലങ്ങൾ കൊണ്ടുണ്ടാകുന്ന മാരകരോഗങ്ങളും ധാരാളമുണ്ട്. ശുദ്ധജല ദൗർലഭ്യം, കക്കൂസുകളുടെ കുറവ് മൂലമുണ്ടാകുന്ന പരിസരശുചിത്വമില്ലായ്മ തുടങ്ങിയവയും

ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഗുരുതരമായ രോഗങ്ങൾക്ക് കാരണങ്ങളാണ്.

പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും-വിശേഷിച്ചും ഉയർന്ന പ്രദേശങ്ങളിൽ-കുടിവെള്ളം ലഭിക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നു. വേനൽക്കാലത്ത് കുളങ്ങളും കിണറുകളും വറ്റി വരളുന്നു. ലോറികളിൽ വെള്ളം വിതരണം ചെയ്യുന്നതിന് വർഷംതോറും വലിയ ഒരു സംഖ്യ ചെലവഴിക്കേണ്ടതായി വരുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. ദരിദ്രരായവരുടെ വീടുകളിൽ കക്കൂസുകൾ ഇല്ലാത്തത് നാടിന്റെ പൊതുവായ ആരോഗ്യ പ്രശ്നമാണി[illegible]മായി കക്കൂ[illegible]ക്കുവാൻ കഴിവില്ലാത്ത മുഴുവനാളുകൾക്കും കക്കൂസ് നിർമ്മിച്ചുനൽകുവാനുള്ള പദ്ധതി അടിയന്തിര മായി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. എല്ലാവർക്കും കുടിവെള്ളമെത്തിക്കാനും എല്ലാ വീടുകളിലും കക്കൂസ് ഉണ്ടെന്ന് ഉറപ്പുവരുത്തുവാനും കഴിഞ്ഞാൽ ആരോഗ്യ രംഗത്ത് ഇന്ന് നാം നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും.

ആരോഗ്യരംഗത്ത് വികസിതരാജ്യങ്ങളോടൊപ്പമുള്ള വളർച്ച കേരളത്തിൽ വൃദ്ധജനങ്ങളുടെ അനുപാതം കൂട്ടുവാൻ ഇടയാക്കി. നമ്മുടെ പഞ്ചായത്തിന്റെ കാര്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. അതുകൊണ്ട് തന്നെ അവർക്ക് മാത്രമായുള്ള ആരോഗ്യ-ആരോഗ്യേതര പരിപാടികൾ ആവിഷ്കരിക്കണം. പഞ്ചായത്ത് പ്രദേശത്ത് വൈകല്യം ബാധിച്ചവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ഓരോ വാർഡിലും അംഗവൈകല്യം ബാധിച്ചവരായിട്ട് ധാരാളം ആളുകൾ ഉണ്ടാകും. അവരെ കണ്ടെത്തി അവർക്കുവേണ്ടിയുള്ള പുതിയ പരിപാടികൾ ആസൂത്രണം ചെയ്യണം. ഈച്ച, കൊതുക് തുടങ്ങിയ പ്രാണികളുടെ ശല്യം പഞ്ചായത്ത് പ്രദേശത്ത് വർദ്ധിച്ചു വരുന്നു. റബ്ബർ കൃഷി കൊതുകിന്റെ വർദ്ധനവിന് സഹായകമാകുന്നുണ്ട്. ഇവയുടെ ശല്യം പരിഹരിക്കുന്നതിനുള്ള പരിപാടികൾ ഇപ്പോൾ നിലവിലില്ല. ആരോഗ്യ മേഖലയിൽ ഇവയുടെ ശല്യം ഗുരുതരമായി മാറുന്നതിനു മുമ്പ് പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായുണ്ട്. പഞ്ചായത്ത് പ്രദേശത്ത് സാധാരണ കണ്ടുവരുന്ന രോഗങ്ങൾ ഇൻഫ്ലുവൻസ, ടൈഫോയിഡ്, ന്യൂമോണിയ, മഞ്ഞപ്പിത്തം, അഞ്ചാംപനി, ചിക്കൻപോക്സ്, ചെങ്കണ്ണ്, ചൊറി, വയറിളക്കം, മലമ്പനി തുടങ്ങിയവയാണ് (പട്ടിക -6 കാണുക). പരിമിതമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് വക പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 95-96 കാലയളവിൽ ചികിത്സ തേടിയെത്തിയവർ 32916 പേരാണ്. ഹോമിയോ ആശുപത്രിയിൽ ഈ കാലയളവിൽ 89988 പേർ ചികിത്സക്കായി എത്തിയിരുന്നു.

ആവർത്തന സ്വഭാവമുള്ളതോ പകർച്ചാ സ്വഭാവമുള്ളതോ ആയ രോഗങ്ങൾ പഞ്ചായത്തിൽ വളരെ കൂടുതലാണ്. 92 മുതൽ 96 വരെയുള്ള കാലയളവിൽ ഇങ്ങനെയുള്ള രോഗങ്ങൾക്ക് ചികിത്സ തേടിയെത്തിയവർ 201464 ആണ്. 1996-ൽ ഹോമിയോ ആശുപത്രിയിൽ 12069 പേർ പകർച്ചാവ്യാധി പിടിപെട്ട് ചികിത്സക്കെത്തിയവരാണ്. രണ്ട് ചികിത്സാ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനിക രോഗനിർണ്ണയ ഉപകരണങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട് എന്നാണ് രോഗികളുടെ വർദ്ധിച്ചയെണ്ണം കാണിക്കുന്നത്. അതിനോടൊപ്പം നെടുമങ്ങാട് താലൂക്കാശുപത്രിയുടെ സൗകര്യം കൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

**ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ-പരിഹാരങ്ങൾ**

1. നിലവിലുള്ള ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളുടെ നില ഒട്ടും മെച്ചമല്ല. കൂടുതൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനം ലഭ്യമാക്കി ഇരുപത്തി നാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളാക്കി മാറ്റുക.

2. പനവൂർ ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസമെങ്കിലും ലഭ്യമാക്കുക.

3. കുട്ടികളുടെ രോഗം സ്കൂളുകളിൽ നിർണ്ണയിച്ച് ചികിത്സ നൽകുന്ന ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

4. മഹിളാസ്വാസ്ഥ്യ സംഘം പ്രവർത്തനവും ഹെൽത്ത് വിസിറ്റർമാരുടെ പ്രവർത്തനവും ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നില്ല-പരിഹരിക്കണം.

5. ആരോഗ്യ സംബന്ധമായ കാര്യങ്ങളിൽ ജനങ്ങൾ പൂർണ്ണമായും ബോധവാന്മാരല്ല. അതിനാൽ ക്ലാസ്സുകളും സെമിനാറുകളും നടത്തുക. പ്രത്യേകിച്ചും ഹരിജൻ-ഗിരിജൻ കോളനികളിൽ.

6. വിവിധ സന്നദ്ധ സംഘടനകളേയും സാമൂഹ്യപ്രവർത്തകരേയും ഉൾപ്പെടുത്തി പൊതുജനാരോഗ്യ സമിതി രൂപീകരിക്കുക.

7. പുകവലി, മദ്യപാനം, ലഹരി മരുന്നുകൾ എന്നിവക്കെതിരേയുള്ള പ്രചരണവും ബോധവൽക്കരണവും നടത്തുക. പഞ്ചായത്തിൽ പനയമുട്ടത്ത് ഒരു വിഷ ചികിത്സാ കേന്ദ്രം ആരംഭിക്കുക.

മേൽപ്പറഞ്ഞ പ്രശ്നങ്ങളേയും മാർഗ്ഗങ്ങളേയും അവലോകനം ചെയ്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ എല്ലാവർക്കും ആരോഗ്യമെന്ന ലക്ഷ്യം

കൈവരിക്കാമെന്ന കാര്യത്തിൽ സംശയമില്ല.

### കുടിവെള്ളം

ആരോഗ്യപുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളം. പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകൾ കിണറുകൾ, കുളങ്ങൾ, കുഴൽ കിണറുകൾ, ടാപ്പുകൾ, ഉറവകൾ, പൊതുക്കിണറുകൾ എന്നിവയാണ് പൈപ്പുവഴിയുള്ള കുടിവെള്ള വിതരണം പഞ്ചായത്തിൽ പരിമിതമാണ്. ഇത്തരത്തിലുള്ള ഒരു പദ്ധതി മാത്രമേ നിലവിലുള്ളൂ. കുഴൽ കിണറുകളിലെ വെള്ളം ഉപയോഗിക്കുവാൻ കഴിയാത്ത വിധത്തിൽ രുചി വ്യത്യാസം അനുഭവപ്പെടുന്നു.

പഞ്ചായത്തിൽ ഏറെക്കുറെ എല്ലാ പ്രദേശത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അരുവിപ്പുറത്ത് ഒരു ചെക്ക് ഡാം കെട്ടി വെള്ളം സംഭരിച്ചാൽ ഈ പഞ്ചായത്ത് പ്രദേശത്ത് ആകെ വിതരണം ചെയ്യാനുള്ള ജലം ലഭിക്കും. 2875 mm മഴ പ്രതിവർഷം ലഭിക്കുന്ന ഈ പ്രദേശത്ത് ശരിയായ ജല മാനേജ്മെന്റിന്റെ അഭാവത്താൽ വേനൽക്കാലങ്ങളിൽ വരൾച്ച അനുഭവപ്പെടുന്നു. ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്. അതിവേഗം കടലിലേക്ക് ഒഴുകിപ്പോകുന്ന നദികളിലെയും തോടുകളിലെയും വെള്ളത്തെ ജൈവവസ്തുക്കൾ കൊണ്ടും മരാമത്തുപണികൾ കൊണ്ടും തടയണകൾ നിർമ്മിച്ച് ഭൂഗർഭ ജല സംഭരണികളിലേക്ക് ജലത്തെ ശേഖരിക്കാവുന്നതാണ്. ഇതിനുവേണ്ടി ജനകീയ പങ്കാളിത്തത്തോടുകൂടിയ സമഗ്രവും സംയോജിതവുമായ പദ്ധതികൾ ആസൂത്രണം ചെയ്യണം.

### പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ:

മൊട്ടക്കാവ്, ആട്ടുകാൽ, കൊന്നമൂട്ട്മൺപുറം, കോതകുളങ്ങര, കടുവാപ്പൊക്ക്, നെല്ലിക്കുന്ന്, പുത്തൻകുന്ന്, പാണയം, അജയപുരം, ഏരുമല, കരിക്കുഴി, എസ്.എൻ.പുരം, ആറ്റിൻപുറം, നിരപ്പിൽ, മലമുകൾ, മൂന്നാനക്കുഴി, പനവൂർ.

### പട്ടിക 1
### പ്രാഥമിക ആരോഗ്യ കേന്ദ്രം - പനവൂർ

| | | | | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം | | | | |
|---|---|---|---|---|---|---|---|---|
| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ(പാമ്പു കടി etc) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | ഇല്ല | 35464 | 234 | 324 | 1746 | ഇല്ല | 15648 | 17952 |
| 1993-94 | ഇല്ല | 36412 | 217 | 398 | 1933 | ഇല്ല | 16312 | 18500 |
| 1994-95 | ഇല്ല | 39440 | 230 | 411 | 1508 | ഇല്ല | 18471 | 20620 |
| 1995-96 | 131 | 42996 | 280 | 502 | 12069 | ഇല്ല | 20065 | 32916 |
| ആകെ | 131 | 154312 | 961 | 1635 | 17256 | ഇല്ല | 70496 | 89988 |

## പട്ടിക- 2
## പ്രാഥമിക ആരോഗ്യകേന്ദ്രം
## പനവൂർ ഗ്രാമപഞ്ചായത്ത്

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ടപേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച് വിവരം -പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാവിഭാഗവും | പകർച്ചവ്യാധികൾ | വിഷ ചികിത്സ (പാമ്പു കടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | ഇല്ല | 35464 | 234 | 324 | വില്ലൻചുമ -12<br>മഞ്ഞൻ പനി -23<br>മലേറിയ -1<br>കണ്ണുരോഗം -212<br>ഇൻഫ്ലുവൻസ -697<br>കുടൽ രോഗങ്ങൾ (വയറിളക്കംഉൾപ്പടെ) -425<br>മുണ്ടി നീര് -56<br>മഞ്ഞപ്പിത്തം -10<br>വയറുകടി -310<br>ആകെ 1746 | ഇല്ല | 15648 | 17952 |
| ആകെ | ഇല്ല | 35464 | 234 | 324 | 1746 | ഇല്ല | 15648 | 17952 |

# പട്ടിക- 3
## പ്രാഥമിക ആരോഗ്യകേന്ദ്രം
## പനവൂർ ഗ്രാമപഞ്ചായത്ത്

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ടപേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച് വിവരം -പ്രതിവർഷം (എണ്ണം) | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാവിഭാഗവും | പകർച്ചവ്യാധികൾ | | വിഷ ചികിത്സ (പാമ്പു കടി etc.) | മറ്റുളള രോഗങ്ങൾ | ആകെ |
| BF | | 35464 | 234 | 324 | | 1746 | | 15648 | 17952 |
| 1993-94 | ഇല്ല | 36412 | 217 | 398 | വില്ലൻചുമ | -6 | ഇല്ല | 16312 | 18500 |
| | | | | | മഞ്ഞപ്പനി | -22 | | | |
| | | | | | മലേറിയ | -ഇല്ല | | | |
| | | | | | കണ്ണുരോഗം | -318 | | | |
| | | | | | ഇൻഫ്ലുവൻസ | -532 | | | |
| | | | | | കുടൽ രോഗങ്ങൾ (വയറിളക്കം ഉൾപ്പടെ) | -622 | | | |
| | | | | | മുണ്ടി നീര് | -51 | | | |
| | | | | | മഞ്ഞപ്പിത്തം | -8 | | | |
| | | | | | വയറുകടി | -374 | | | |
| | | | | | ആകെ | 1933 | | | |
| ആകെ | ഇല്ല | 71876 | 451 | 722 | | 3679 | ഇല്ല | 31960 | 36452 |

# പട്ടിക- 4
## പ്രാഥമിക ആരോഗ്യകേന്ദ്രം
## പനവൂർ ഗ്രാമപഞ്ചായത്ത്

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ടപേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച് വിവരം -പ്രതിവർഷം (എണ്ണം) | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാവിഭാഗവും | പകർച്ചവ്യാധികൾ | | വിഷ ചികിത്സ (പാമ്പു കടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| BF | | 71876 | 451 | 722 | | 3679 | | 31960 | 36452 |
| 1994-95 | ഇല്ല | 39440 | 230 | 411 | വില്ലൻചുമ | -ഇല്ല | | | |
| | | | | | മണ്ണൻ പനി | -34 | ഇല്ല | 18471 | 20620 |
| | | | | | മലേറിയ | -ഇല്ല | | | |
| | | | | | കണ്ണുരോഗം | -217 | | | |
| | | | | | ഇൻഫ്ലുവൻസ | -534 | | | |
| | | | | | കുടൽ രോഗങ്ങൾ (വയറിളക്കംഉൾപ്പടെ) | -423 | | | |
| | | | | | മുണ്ടി നീര് | -28 | | | |
| | | | | | മഞ്ഞപ്പിത്തം | -12 | | | |
| | | | | | വയറുകടി | -260 | | | |
| | | | | | ആകെ | 1508 | | | |
| ആകെ | ഇല്ല | 111316 | 681 | 1133 | | 5187 | ഇല്ല | 50431 | 57072 |

# പട്ടിക- 5
## പ്രാഥമിക ആരോഗ്യകേന്ദ്രം
## പനവൂർ ഗ്രാമപഞ്ചായത്ത്

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ടപേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച് വിവരം -പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം എല്ലാവിഭാഗവും | പകർച്ചവ്യാധികൾ | വിഷ ചികിത്സ (പാമ്പു കടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| BF | | 111316 | 681 | 1133 | 5187 | | 50431 | 57072 |
| 1995-96 | 131 | 42996 | 280 | 502 | വില്ലൻചുമ -ഇല്ല<br>മണ്ണൻ പനി -ഇല്ല<br>മലേറിയ -ഇല്ല<br>കണ്ണുരോഗം -184<br>ഇൻഫ്ലുവൻസ -8470<br>കുടൽ രോഗങ്ങൾ (വയറിളക്കംഉൾപ്പടെ) -2824<br>മുണ്ടി നീര് -32<br>മഞ്ഞപ്പിത്തം -19<br>വയറുകടി -540<br>ആകെ 12069 | ഇല്ല | 20065 | 32916 |
| ആകെ | 131 | 154312 | 961 | 1635 | 17256 | ഇല്ല | 70496 | 89988 |

## പട്ടിക -6

### പഞ്ചായത്ത് പ്രദേശത്ത് സാധാരണ കണ്ടുവരുന്ന ചില സാംക്രമികരോഗങ്ങൾ, കാരണങ്ങൾ, ലക്ഷണങ്ങൾ, പ്രതിരോധം

| | രോഗം | രോഗാണു | രോഗ ലക്ഷണങ്ങൾ | പകരുന്ന വിധം | പ്രതിരോധ മാർഗ്ഗങ്ങൾ |
|---|---|---|---|---|---|
| 1 | ഇൻഫ്ളുവൻസ | വൈറസ് | തലവേദന, പനി ക്ഷീണം ശരീരവേദന | വായു | ജനത്തിരക്ക്, താപ വ്യതിയാനങ്ങൾ, ക്ഷീണം ഇവ ഒഴിവാക്കുക. ചുമയ്ക്കു കയും തുമ്മുകയും ചെയ്യു മ്പോൾ മൂക്കും വായും പൊത്തുക. |
| 2 | ടൈഫോയിഡ് | ബാക്ടീരിയ | ശക്തിയായ പനി കടുത്ത തലവേദന, വയറിളക്കം അല്ലങ്കിൽ മലബന്ധം. | ജലം ആഹാരം | ടൈഫോയിഡിനുള്ള പ്രധി രോധകുത്തിവയ്പ്പ്, ഈച്ച കളുടെനിയന്ത്രണം, തുറന്നുവച്ച ഭക്ഷണപാനീയങ്ങൾഒഴിവാക്കുക |
| 3 | ചൊറി | ചൊറിച്ചെള്ള് | ചൊറിച്ചിൽ, ചർമ്മത്തിൽ നീർനി റഞ്ഞകുമിളകളും നിരയായുള്ള ചൊറിയുന്ന പടുകളും. | സഹവാസം | ശുചിത്വം, ഇടയ്ക്കിടയ്ക്ക് ത്വക്ക് കഴുകി വൃത്തി യാക്കുക. |
| 4 | മഞ്ഞപ്പിത്തം | വൈറസ് | ശരീരകലകളുടേയും ദ്രാവക ങ്ങളുടെയും നിറം മാറ്റം, മൂത്രം, ത്വക്ക്, കണ്ണിന്റെവെളുത്തഭാഗം ഇവമഞ്ഞ നിറംമാകുന്നു. | ജലം | രോഗാണു ബാധിതമായ ജലം ഒഴിവാക്കുക, മലം ശരിയായ രീതിയിൽ മറവ് ചെയ്യുക. |
| 5 | അഞ്ചാം പനി | വൈറസ് | പനി, തുമ്മൽ, ചുമ, കണ്ണിന് ചുവപ്പ് മുഖത്തും ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലുംപ്രത്യക്ഷപ്പെടുന്നചുവപ്പ് തടിപ്പ്. | വായു | പൂർണ്ണവിശ്രമം, ശ്വാസ കോശ വീക്കം പോലെയുള്ള പ്രശ്ന ങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കുക. |
| 6 | ചിക്കൻ പോക്സ് | വൈറസ് | പനി, ത്വക്കിൽ ചലം നിറഞ്ഞ കുമിളകൾ,നെഞ്ചിലും പുറത്തുമാണ് ആദ്യം കുരുക്കളുണ്ടാകുന്നത്. | വായു | പൂർണ്ണ വിശ്രമം, മുറിയിലെ വസ്തുക്കുളും പരിസരവും രോഗാണു വിമുക്തമാക്കുക |
| 7 | ചെങ്കണ്ണ് | വൈറസ് | കണ്ണിന് ചുവപ്പ്നിറം, കൺകോണിൽ പഴുപ്പ് അടിയുക, ഉറക്കമെഴുന്നേ ൽക്കുമ്പോൾ പോളകൾ തമ്മിൽ ഒട്ടിയി രിക്കുക | സഹവാസം | പൂർണ്ണവിശ്രമം, കണ്ണ് തണുത്ത ശുദ്ധജലം ഉപയോഗിച്ച് 3,4 തവണ കഴുകുക. |
| 8 | ജലദോഷം | വൈറസ് | ക്ഷീണം, തലവേദന, മൂക്കിൽ നിന്നും ശ്ലേഷ്മം ഒലിക്കൽ | സഹവാസം വായു | പൂർണ്ണ വിശ്രമം, രോഗിയിൽ നിന്നും ഒഴിഞ്ഞുനില്ക്കൽ |

11

# വിദ്യാഭ്യാസം, സംസ്കാരം

പഴമനസ്സുകളിൽ അറിവായിനിറയുന്ന നിലത്തെഴുത്താശാന്മാരും അറിവിൻെറ അമൃത കുംഭങ്ങളായ അക്ഷരങ്ങൾ കോറിയിട്ട മണൽത്തറകളും പനവൂരിൻെറ ഗതകാല സ്മൃതികളിൽ വിദ്യാഭ്യാസത്തിൻെറ മഹത്വം വിളിച്ചറിയിക്കുന്ന ശിഷ്ട സമൃദ്ധികളാണ്. അക്ഷരങ്ങൾ പിഴക്കാത്ത ആശാന്മാരുടെ ശിഷ്യത്വം സ്വീകരിച്ചവർ നാമമാത്രമായിരുന്നുവെങ്കിലും പിൽക്കാലത്ത് അവർതന്നെയാണ് നാടിൻെറ വിജ്ഞാനമേഖലയെ സമ്പുഷ്ടമാക്കിയത്.

'ഒരുവന് അവൻെറ വ്യക്തിത്വം നഷ്ടപ്പെടുന്നിടത്ത് എല്ലാം നഷ്ടപ്പെടുന്നു' എന്ന ഗാന്ധിയൻ വചനം വിദ്യാഭ്യാസത്തിൽ വ്യക്തിത്വം സ്വരൂപിക്കലിന് നൽകേണ്ട പ്രാധാന്യം വ്യക്തമാക്കുന്നു. കുട്ടികൾക്ക് വിദ്യഭ്യാസ സ്ഥാപനങ്ങൾ ആകർഷകമാകുന്നില്ല എന്നതും ജീവിത ഗന്ധിയല്ല പാഠ്യപദ്ധതികൾ എന്നതും അംഗീകൃത സത്യമായി നിൽക്കുമ്പോഴും നമ്മുടെ പഞ്ചായത്തിൻെറ സരസ്വതീ ക്ഷേത്രങ്ങളുടെ സ്ഥിതി ദൈന്യതയാണ് പ്രദാനം ചെയ്യുന്നത്.

എഴ് ദശാബ്ദങ്ങൾ പിന്നിട്ട ആറ്റുകാൽ സ്കൂളിൽ നിന്നാണ് ആധുനിക വിദ്യഭ്യാസത്തിന് നാന്ദി കുറിച്ചത്. ചാണകം മെഴുകിയ തറയിലിരുന്ന് ആദ്യ പാഠം ഉരുവിട്ട അനുഭവങ്ങൾ അയവിറക്കുന്നവരുണ്ട്. അകക്കണ്ണ് തുറപ്പിച്ച അക്ഷരങ്ങളെ കുടിയിരുത്തിയ കലാക്ഷേത്രങ്ങൾ എല്ലാം തന്നെ മഹാമനസ്കതയുടെ പ്രതീകങ്ങളാണ്. ഇന്ന് നമ്മോടൊപ്പമില്ലാത്ത ഈ വലിയ മനസ്സുകളെ ഈ സന്ദർഭത്തിൽ സ്മരിച്ചാദരിക്കേണ്ടതാണ്. വെങ്ങാനൂർ കേശവപിള്ള സാറും കർഷകനായ മൊട്ടക്കാവ് കൃഷ്ണപിള്ളയും തമ്മിലുള്ള ആത്മബന്ധം അക്ഷരലോകത്തോളം വ്യാപിച്ചത് ഈ മണ്ണിൻെറ സുകൃതമാവാം!

സർക്കാർ ഉടമയിലുള്ള രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും (ഗവ. യു.പി.എസ്. പേരയം, ഗവ. യു.പി.എസ്. ആറ്റുകാൽ) രണ്ട് ലോവർ പ്രൈമറി സ്കൂളുകളും (ഗവ. എൽ.പി.എസ്. പനയമുട്ടം, ഗവ. എൽ.പി.എസ്. പനവൂർ) പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള ഒരു യു.പി. സ്കൂളും (യു.പി.എസ്. ആറ്റിൻപുറം) ഒരു എയ്ഡഡ് ഹൈസ്കൂളും (P.H.M.K.M.H.S. പനവൂർ) ഉൾപ്പെടുന്നതാണ് പൊതുവായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. 65 വനിതകൾ ഉൾപ്പെടെ 100 അദ്ധ്യാപകർ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു (പട്ടിക ഒന്ന് കാണുക).

പാരലൽ കോളേജുകൾ നമ്മുടെ വിദ്യഭ്യാസ മേഖലയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നു. ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും ഈ പഞ്ചായത്തിലുണ്ട്. ചെറുതും വലുതുമായ ട്യൂഷൻ സെൻ്ററുകളും വിവിധ മേഖല കളിൽ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ പ്രവർത്തനങ്ങൾ ഗുണദോഷ വിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. ഹൈസ്കൂൾ വിഭാഗത്തിൽ 760 കുട്ടികളും യു.പി.എസ്സ് തലത്തിൽ 1828 കുട്ടികളും പ്രൈമറി സ്കൂളുകളിലെ 404 കുട്ടികളും നമ്മുടെ പഞ്ചായത്തിൽ പഠനം നടത്തിവരുന്നു. ആകെ 2992 കുട്ടികൾ (പട്ടിക ഒന്ന് കാണുക). ഇതിൻെറ 50 ശതമാനത്തോളം നെടുമങ്ങാട്, ആനാട്, നന്ദിയോട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന ഹൈസ്കൂളുകളിലും നെടുമങ്ങാട് J.T.Sലും ചുള്ളിമാനൂർ I.T.C യിലുമായി പഠിച്ചുവരുന്നു.

35 ശതമാനം മാർക്കുപോലും വാങ്ങാനാവാതെ നമ്മുടെ ഭാവി തലമുറയിൽ വലിയൊരു ശതമാനം S.S.L.C.പരീക്ഷക്ക് തോറ്റ് പിന്തിരിയുന്ന ഈ സാഹചര്യത്തിൽ 1994-95ലെ സ്ഥിതിവിവരക്കണക്കുകൾ ചില അപ്രിയ സത്യങ്ങളാണ് വെളിവാക്കുന്നത്. സംസ്ഥാനത്തെ ആളോഹരി വിദ്യാഭ്യാസ ചെലവ് 454.12 രൂപയാണ്. ഓരോ പ്രൈമറി വിദ്യാർത്ഥിക്കും വേണ്ടി 1579 രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്കായി 2663 രൂപയും പ്രതിവർഷം സർക്കാർ ഖജനാവിൽനിന്നും ചെലവാകുന്നു. നമ്മുടെ പ്രൈമറി സ്കൂളുകളിൽ നിരക്ഷരരുടെ ശതമാനം 31% വരെ നീളുന്ന ഈ സന്ദർഭത്തിൽ അദ്ധ്യാപകരും രക്ഷകർത്താക്കളും വിദ്യാഭ്യാസ പ്രവർത്തകരും ഉണർന്നു പ്രവർ ത്തിച്ചേ മതിയാകൂ.

സർവ്വവിധ സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ കടന്നുകയറ്റം അലോസരപ്പെടുത്തുന്ന ഈ സാഹചര്യത്തിൽ പുനർ വിചിന്തനം അനിവാര്യമത്രേ!

ഗ്രാമവാസികളിൽ നല്ലൊരു വിഭാഗം ദിവസക്കൂലിയോ പ്രതിമാസ ശമ്പളമോ വാങ്ങി പണിസ്ഥലങ്ങളിൽ പകൽ മുഴുവൻ ചെലവഴിക്കുന്നവരാണ്. ഇവരുടെ കുട്ടികളുടെ കാര്യത്തിൽ പൂർണ്ണ ശ്രദ്ധ പതിപ്പിക്കുവാൻ പലപ്പോഴും അവർക്ക് കഴിയാത്തത് വിദ്യാഭ്യാസ നിലവാരത്തെ ദോഷമായി ബാധിക്കുന്ന പല ഘടകങ്ങളിൽ ഒന്നാണ്. അച്ഛനമ്മമാരോടും ബന്ധുക്കളോടും ചേർന്ന് വളരേണ്ടുന്ന കുഞ്ഞുങ്ങൾക്ക് ഗൃഹാന്തരീക്ഷത്തിലെ വിദ്യാഭ്യാസം നഷ്ടപ്പെടുന്ന ഇക്കാലത്ത് അതിനൊരവലംബമായി മാറേണ്ടുന്ന ഒരൊറ്റ പ്രീ-പ്രൈമറി സ്കൂൾ പോലും നമുക്കില്ല.

മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ പരിപക്വമല്ല നമ്മുടെ സ്കൂളുകളിൽ നിലവിലിരിക്കുന്ന ഇന്നത്തെ സാഹചര്യമെന്ന് വസ്തുതകൾ ചൂണ്ടിക്കാട്ടുന്നു. ഉപരിപഠനമോ തൊഴിലധിഷ്ഠിത പരിശീലനമോ ലഭിക്കാൻ ഏറെ പണിപ്പെടുന്നവരാണ് ഗ്രാമീണർ. അഞ്ച് വർഷത്തോളമായി കാര്യമായ മെയിൻന്റനൻസ് നടക്കാത്തവയാണ് ഈ പ്രദേശത്തെ സ്കൂളുകൾ എല്ലാം തന്നെ. ചോർന്നൊലിക്കുന്ന കെട്ടിടങ്ങളും പ്രാവിനും മറ്റ് ക്ഷുദ്രജീവികൾക്കും ചേക്കാറാനുള്ള താവളങ്ങളായ മേൽക്കൂരകൾ ഉള്ള നമ്മുടെ പാഠശാലകൾ ആസകലം മോചനം കൊതിക്കുന്നുവെന്ന് വിളിച്ചോതുന്നവയാണ്.

പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ കുട്ടികൾക്ക് മതിയായ മൂത്രപ്പുരയോ കക്കൂസോ ഇല്ലാത്തവയാണ് എല്ലാ സ്കൂളുകളും. ഇവ ഉള്ളയിടങ്ങളിൽ ഉപയോഗയോഗ്യമല്ല എന്നതാണ് സത്യം. ശുചീകരണത്തിന് വെള്ളം ലഭിക്കാറില്ല, വാതിലുകൾ ഇല്ല, മേൽക്കൂരയില്ല. മുതിർന്ന ആൺ-പെൺ കുട്ടികൾ പഠിക്കുന്ന ആറ്റിൻപുറം യു.പി.എസും പേരയം ഗവ. യു.പി.എസും മൂത്രപ്പുരപോലുമില്ലാത്തവയാണ്. കൊച്ചുകുട്ടികൾക്ക് ഉദര സംബന്ധമായ അസ്വസ്ഥതകളോ മലവിസർജ്ജനത്തിന് അത്യാവശ്യമായ സാഹചര്യമോ വന്നാൽ വീട്ടിൽ പറഞ്ഞയക്കേണ്ടുന്ന സ്ഥിതിവിശേഷമാണ് എല്ലാ സ്കൂളുകളിലും നിലനിൽക്കുന്നത്.

കുടിവെള്ളത്തിനുള്ള ദൗർലഭ്യം നേരിടുന്നവയാണ് പനവൂർ ഗവ. എൽ.പി.എസും ആട്ടുകാൽ ഗവ. യു.പി.എസും ഒഴികെ എല്ലാ സ്കൂളുകളും. വച്ചു പൂട്ടാവുന്ന ഓഫീസ് മുറികൾ ഇല്ലാത്ത സ്കൂളുകളും ഇവയിലുണ്ട് (പട്ടിക രണ്ട് കാണുക).

പട്ടികജാതി പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകൾ വിദ്യാഭ്യാസ പരമായി ഏറെ പിന്നോക്കം നിൽക്കുന്ന സ്ഥിതിയാണ് കണ്ടുവരുന്നത്. ഇവിടുത്തെ നിരക്ഷരത 30% ത്തിനും 40%ത്തിനും ഇടയ്ക്ക് വരും. അല്പാല്പമായി കണ്ടുവരുന്ന കൊഴിഞ്ഞുപോക്കിലും ഈ വിഭാഗത്തിലെ കുട്ടികൾ ഉൾപ്പെടുന്നു. വിവിധ സ്കൂളുകളിലായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 516 പേർ പഠിച്ചുവരുന്നു. ഇതിൽ പട്ടികവർഗ്ഗ കുട്ടികൾ 38 പേർ മാത്രമാണ്. പട്ടികജാതിയിൽപ്പെട്ടവർ 478പേരും.

പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ ഇവിടത്തെ എല്ലാ കുട്ടികൾക്കും വന്നെത്താൻ കഴിയുന്ന സ്ഥലത്തല്ല സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ വിജയശതമാനം അഞ്ചുവർഷമായി പരിശോധിച്ചാൽ 24 നും 42%ത്തിനും ഇടയ്ക്കാണെന്ന് ബോധ്യമാകും. നടപ്പ് അദ്ധ്യയനവർഷം എട്ട്, ഒൻപത് ക്ലാസ്സുകളിലെ ഒന്നാം ടേം പരീക്ഷയിൽ നിന്ന് ലഭ്യമാകുന്ന കണക്കുകളും കയ്പേറുന്ന വിവരങ്ങളാണ് നൽകുന്നത്.

| ക്ലാസ് | ആകെ കുട്ടികൾ | 30% താഴെ | 30-40% നേടുന്നവർ | 40-60% നേടുന്നവർ | 60% മുകളിൽ |
|---|---|---|---|---|---|
| 8 | 243 | 179 | 38 | 6 | 12 |
| 9 | 259 | 181 | 26 | 31 | 29 |
| 10 | 232 | 129 | 53 | 17 | 14 |

പത്താം ക്ലാസ്സിൽ കേവലം 13% കുട്ടികൾ മാത്രമാണ് ആദ്യപരീക്ഷയിൽ ജയിക്കാൻ അർഹത നേടിയവർ (232പേരിൽ 31 പേർ മാത്രം). നമ്മുടെ ഹൈസ്കൂളിലെ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ S.S.L.C. വിജയശതമാനം താഴെകൊടുക്കുന്ന പട്ടികയിൽ വ്യക്തമാക്കുന്നു.

| വർഷം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| % | 32% | 29% | 35% | 24% | 42% |

ഈ കണക്കുകൾ നമ്മോട് പറയുന്നത് നമ്മുടെ നാടിന്റെ വിദ്യാഭ്യാസനിലവാരം ഭദ്രമാണെന്നാണോ എന്ന് പരിശോധിക്കേണ്ടതുണ്ടെന്നുതന്നെ. പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിലെ കണക്കുകൾ ഇതിനെക്കാൾ ദയനീയമായ വസ്തുതകൾ വിളിച്ചോതുന്നു.

പനവൂർ പഞ്ചായത്തിൽ അധിവസിക്കുന്നവർക്ക് അവരുടെ കുട്ടികളെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനയയ്ക്കാൻ കിലോമീറ്ററുകൾ താണ്ടിയാലേ സാധ്യമാകൂ എന്നത് വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥയിലേക്ക് വിരൽചൂണ്ടുന്ന സത്യമാണ്. എട്ടും പത്തും കിലോമീറ്ററുകൾ താണ്ടിയാണ് പേരയം, പാണയം, കരിഞ്ച, ചെല്ലഞ്ചി, പനയമുട്ടം, അജയപുരം, വിശ്വപുരം, പൂവക്കാട് തുടങ്ങിയ സ്ഥലങ്ങളിലെ കുട്ടകൾ ഹൈസ്കൂളുകളിൽ എത്തിച്ചേരുന്നത്. ഇവിടങ്ങളിൽ നിന്നാകട്ടെ പനവൂർ സ്കൂളിലേക്ക് ഒരു ബസ്സുപോലും പുറപ്പെടുന്നുമില്ല. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം പേരയം യു.പി.എസ് ഹൈസ്കൂൾ ആക്കുക എന്ന കാലങ്ങളായുള്ള ആഗ്രഹം സഫലീകരിക്കുക എന്നതാണ്. എട്ടും പത്തും കിലോമീറ്റർ പിന്നിട്ട് നെടുമങ്ങാട് G.H.S.ലും നന്ദിയോട് S.K.V.H.S.ലും ഇളവട്ടം B.R.M.H.S.ലും നളന്ദ H.Sലും നെടുമങ്ങാട് V.H.S.S.ലുമായിട്ടാണ് ബാക്കി കുട്ടികൾ പഠിച്ചുവരുന്നത്. പഞ്ചായത്തിൽ സാങ്കേതിക പരിശീലനം ഉറപ്പുവരുത്തക്ക ഒരു സ്ഥാപനവും ഇല്ലെന്നു മാത്രമല്ല ഒരു ടൈപ്പ്റൈറ്റിംഗ് സ്ഥാപനം പോലും കാര്യമായി പ്രവർത്തിക്കുന്നുമില്ല.

ഉന്നത വിദ്യാഭ്യാസ് നേടിയവർ വളരെ കുറവാകാൻ കാരണം ദൂരെ സ്ഥിതി ചെയ്യുന്ന കോളേജുകളിൽ എത്തിപ്പെടാനുള്ള അസൗകര്യവും സാമ്പത്തിക പരാധീ

## പട്ടിക 1
### അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരം

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| സ്കൂളുകൾ | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| H.S. പനവൂർ | 8 | 24 | 32 | 369 | 391 | 760 |
| U.P.S. ആട്ടുകാൽ | 9 | 8 | 17 | 345 | 355 | 700 |
| U.P.S. പേരയം | 9 | 8 | 17 | 296 | 3223 | 619 |
| U.P.S. ആറ്റിൻപുറം | 5 | 15 | 20 | 263 | 246 | 509 |
| L.P.S. പനവൂർ | 3 | 7 | 10 | 158 | 144 | 302 |
| L.P.S. പനയമുട്ടം | 1 | 3 | 4 | 57 | 45 | 102 |
| ആകെ | 35 | 65 | 100 | 1488 | 1504 | 2992 |

നതകളുമാണ്. നിർദ്ധനരായ ഇവിടുത്തെ കുട്ടികൾക്ക് കിട്ടാകനിയായി മാറുന്ന ഈ മേഖല സ്വന്തമാക്കാൻ ധാരാളം കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്. എഞ്ചിനീയറിംഗ് ബിരുദധാരികൾ ഇല്ല. വൈദ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദമുള്ളവർ അപൂർവ്വമാണ്. ഇവരുടെ പിൻതലമുറക്കാരായി ആയുർവേദത്തിലും ഹോമിയോപ്പതിയിലും അഡ്മിഷൻ ലഭിച്ചവരും വിദേശത്തുപോയി MBBS ന് പഠിക്കുന്ന ഒരാളും MBBS ന് പഠിച്ചുകൊണ്ടിരിക്കുന്നന്ന ഒരു പട്ടികവർഗ്ഗക്കാരനും ഈ പഞ്ചായത്തിലുണ്ടെന്നുള്ളത് അഭിമാനാർഹമായ ഒരു നേട്ടമാണ്. നമ്മുടെ പ്രതീക്ഷകൾക്ക് ഇവർ തണലാകുമെന്നാശിക്കാം.

നവസാക്ഷരർ നിരക്ഷരരായതും സാക്ഷരരിലെ നിരക്ഷരതയും ഗൗരവമായെടുക്കേണ്ട സംഗതികളാണ്. സ്ത്രീകളിലെ നിരക്ഷരത ഇവിടെ കൂടുതലാണെന്നത് വിദ്യഭ്യാശ രംഗത്ത് സ്ത്രീകൾ പിന്നിലാണെന്നതിന്റെ സൂചന നൽകുന്നു.

### വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

1. പ്രീ-പ്രൈമറി സ്കൂളുകളുടെ അഭാവം.
2. സ്കൂളുകളിൽ നിലവിലിരിക്കുന്ന പഠന സംവിധാനം പഠനത്തിന് ഉപയുക്തമല്ല.
3. കുട്ടികൾക്ക് ഇരുന്ന് പഠിക്കാനുള്ള അവശ്യം സൗകര്യങ്ങൾപോലും സ്കൂളുകളിലില്ല.
4. വിരസവും അനാകർഷകവുമായ അദ്ധ്യാപന രീതി.
5. അദ്ധ്യാപകർക്ക് കാലികമായ പരിശീലനത്തിന്റെ കുറവ്.
6. പ്രമോഷൻ സംമ്പ്രദായത്തിലെ ന്യൂനത.
7. പഠനോപകരണങ്ങളുടെ ദാരിദ്ര്യം.
8. വിദ്യാഭ്യാസം ജീവിതമാർഗ്ഗത്തിനുതകുന്നതെന്ന തോന്നൽ ഉളവാകുന്നില്ല.
9. സാമൂഹികവും വ്യക്തിപരവുമായ നിലനില്പ് ഉറപ്പുവരുത്തുവാൻ വിദ്യാഭ്യാസത്തിന് കഴിയുന്നില്ല.
10. സ്കൂൾ ലൈബ്രറിയുടെ അഭാവം, ഉള്ളവയും പ്രവർത്തിക്കുന്നില്ല.
11. സാമൂഹികമായ പിന്നാക്കാവസ്ഥ, രക്ഷിതാക്കളുടെ നോട്ടക്കുറവ്.
12. അനാരോഗ്യകരമായ വിദ്യാഭ്യാസ സമയ ക്രമീകരണം.
13. അനാകർഷകമായ സ്കൂൾ അന്തരീക്ഷം.
14. വിദ്യാഭ്യാസവകുപ്പിന്റെ കേന്ദ്രീകൃത സ്വഭാവം.
15. ഒഴിവുകളിൽ സമയാസമയങ്ങളിൽ അദ്ധ്യാപകരുടെ നിയമനം നടക്കുന്നില്ല.
16. ഗതാഗത സൗകര്യങ്ങളുടെ കുറവ്.
17. പി.ടി.എ. പ്രവർത്തനം കാര്യക്ഷമമല്ല.
18. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ അഭാവം.
19. കുട്ടികളുടെയും അദ്ധ്യാപകരുടെയും സജീവ പങ്കാളിത്തക്കുറവ്.
20. ദേശത്തോടും ദേശീയതയോടും ബഹുമാനാദരങ്ങൾ ഉണ്ടായിക്കാണുന്നില്ല.

### സാധ്യതകൾ, നിർദ്ദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ സ്കൂളുകളുടെ സൗകര്യങ്ങളും പഠനനിലവാരവും മെച്ചപ്പെടുത്തു വാനുള്ള ശ്രമമു ണ്ടാക്കാവുന്നതാണ്.
2. ആസൂത്രണത്തിലും നടത്തിപ്പിലും പൂർണ്ണമായ ജന പങ്കാളിത്തം ഉറപ്പുവരുത്താൽ കഴിയണം.
3. അധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പ് (ഏപ്രിൽ, മേയ് മാസത്തിൽ) പുസ്തകങ്ങൾ ലഭ്യമാക്കി വിദ്യാഭ്യാസം പിൻതുടർച്ചയാക്കാവുന്നതാണ്.
4. പഠനം രസകരവും ആകർഷകവുമാക്കി കുട്ടികളെ വിദ്യാഭ്യാസത്തോട് കൂടുതൽ അടുപ്പിക്കാൻ കഴിയും.
5. പ്രീ-പ്രൈമറി സൗകര്യം ലഭിച്ചവരും നല്ല കുടുംബ സാഹചര്യങ്ങളിൽനിന്ന് വരുന്നവരുമായ കുട്ടികളോടൊപ്പം നിലവാരം പുലർത്തത്തക്ക രീതിയിൽ നിലവാരമുള്ള സ്കൂളുകളോടു ചേർന്ന് ഓരോ വാർഡുകളിലും സൗകര്യപ്രദമായും പ്രീ-പ്രൈമറി സ്കൂളുകൾ സ്ഥാപിച്ച് കുട്ടികൾക്കിടയിലെ നിരക്ഷരതയ്ക്ക് പരിഹാരമുണ്ടാക്കാം.
6. അദ്ധ്യാപകർക്കുള്ള പുനഃപരിശീലനം പഞ്ചായത്ത് ബ്ലോക്കടിസ്ഥാനത്തിൽ നടത്തുവാൻ വിദ്യാഭ്യാസ വകുപ്പിൽനിന്നും ശ്രമമുണ്ടാവണം.
7. അദ്ധ്യാപകരെയും വിദഗ്ദരെയും ഏർപ്പെടുത്തി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.
8. പി.ടി.എ. പ്രവർത്തനം കാര്യക്ഷമമാക്കി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ളതാണെന്ന സ്ഥിതിയിൽനിന്ന് മാറ്റി വ്യക്തമായ ഉദ്ദേശ്യലക്ഷ്യത്തോടെ പ്രവർത്തിക്കുവാൻ സജ്ജമാക്കണം.
9. മാതൃസംഗമവും മാതൃസമിതികളും സജീവമാക്കുക.

### സ്കൂൾ കോംപ്ലക്സുകൾ

ഒരു കാലത്ത് പരീക്ഷിച്ച് വിജയിച്ച ഈ സമ്പ്രദായം പൂർണ്ണലക്ഷ്യത്തോടെ പുനരാവിഷ്കരിക്കണം. പഞ്ചായത്തുതലത്തിൽ ഈ സംവിധാനം ഏർപ്പെടുത്തുമ്പോൾ അദ്ധ്യാപകർ, വിദ്യാഭ്യാസ വിദഗ്ദർ രക്ഷിതാക്കളുടെ പ്രതിനിധികൾ എന്നിവർ സ്കൂൾ കോംപ്ലക്സുകളിൽ ഉണ്ടാവണം. പഞ്ചായത്തുതലത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കൃത്യമായി നടത്താൻ ഇത് സഹായകമാവും. സ്കൂൾ കോംപ്ലക്സിനെ കേന്ദ്രീകരിച്ച് അദ്ധ്യാപകർക്ക് പരിശീലനം, വിഷയസംബന്ധമായ കൂട്ടായ ചർച്ച എന്നിവ ഇതിലൂടെ നടപ്പിലാക്കാം. അത്യാവശ്യം പഠനോപകരണങ്ങൾ മാതൃസ്കൂളുകളിൽ ഉണ്ടാവുകയും അത് മറ്റുള്ളവർക്ക് പ്രയോജനകരമാക്കുകയും ചെയ്ത് സ്കൂൾ കോംപ്ലക്സിനെ സജീവമാക്കാം.

പട്ടിക

വിദ്യാഭ്യാസ നിലവാരം

| S.T.D. | ആകെ | 30% താഴെ | 30-40% വരെ | 41-50% വരെ | 51-60% വരെ | 61-89% വരെ | 90-100% വരെ |
|---|---|---|---|---|---|---|---|
| III | 335 | 31.9% | 27% | 17% | 10% | 11% | 4% |
| IV | 283 | 25% | 23% | 18% | 15% | 15% | 1% |
| V | 345 | 24% | 23% | 17% | 16% | 15% | 2% |
| VI | 330 | 34% | 26% | 16% | 12% | 8% | 1% |
| VII | 361 | 29% | 29% | 13% | 12% | 12% | 2% |

പരീക്ഷയിൽ വിജയിക്കുവാൻ വേണ്ടത് 40% ത്തിനുമേൽ മാർക്കാണെന്നതോർമ്മിക്കുക.

## പട്ടിക 2
## സ്കൂളുകളുടെ ഭൗതിക സാഹചര്യം

| ക്രമ നമ്പർ | പേര് | ലാബ് | മൂത്ര പ്പുര | കക്കൂസ് | കുടിവെ ള്ളം | പാചക മുറി | ഓഫീസ് മുറി | സ്റ്റാഫ് മുറി | ഫർണി മുറി | വൈ ദ്യുതി |
|---|---|---|---|---|---|---|---|---|---|---|
| 1 | U.P.S.ആറ്റിൻപുറം | ഉണ്ട് | ഇല്ല | ഇല്ല | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാ കില്ല | ഉണ്ട് |
| 2 | U.P.S.ആട്ടുകാൽ | ഉണ്ട് | രണ്ട് | ഇല്ല | ഉണ്ട് കിണർ | താൽ കാലി കം | ഉണ്ട് | ഉണ്ട് | ഭാഗികം | ഉണ്ട് |
| 3 | U.P.S.പേരയം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഭാഗികം | ഉണ്ട് |
| 4 | L.P.S.പനവൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാ കില്ല | ഉണ്ട് |
| 5 | L.P.S.പനയമുട്ടം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് കിണർ | ഉണ്ട് | ഇല്ല | ഇല്ല | മതിയാ കില്ല | ഇല്ല |
| 6 | PHMKMHS പനവൂർ | ഉണ്ട് | ഉണ്ട് | ഒന്ന് | ഭാഗികം | ഇല്ല | ഉണ്ട് | ഉണ്ട് കില്ല | മതിയാ | ഉണ്ട് |

# സംസ്കാരം

സാംസ്കാരികരംഗം മാലിന്യങ്ങൾ നിറഞ്ഞ് അതിൻെറ ദുർഗന്ധം നമ്മിലേക്ക് ശക്തിയായി അടിച്ചുകയറുന്ന ഒരന്തരീക്ഷത്തിലാണ് നാം കഴിഞ്ഞുകൂടുന്നത്. വർത്തമാനകാലത്തിലെ മനുഷ്യൻ ജീവിതത്തിൻെറ ജീർണ്ണതയിലേക്ക് ദയനീയമായി പതിച്ചിരിക്കുന്നു. മൂല്യങ്ങൾ തലകീഴായി മറിയുന്ന ഈ ലോകത്തിൻെറ മുഖത്തുനോക്കി ഒന്നു കയർക്കാൻപോലും കഴിയാത്ത ആപൽക്കരമായ നിഷ്ക്രിയത്വം നമ്മെ വേട്ടയാടുന്നു. ജീവിതത്തിൻെറ കഠിനയാതനകൾ ഏറ്റുവാങ്ങിയവർ, മണ്ണിനെ ജീവിതമാക്കിയവർ, നാം ശ്വസിക്കുന്ന വായുവിൽ പോലും അവരുടെ ത്യാഗത്തിൻെറ സുഗന്ധമുണ്ട്. ധാർമികമൂല്യങ്ങൾക്കും വിശുദ്ധമായ ആദർശങ്ങൾക്കും, ആശയങ്ങൾക്കും വിലകൊടുത്ത ആ സംസ്കാരം നമുക്ക് കൈമുതലാകണം. കൈമോശം വരാതെ സൂക്ഷിക്കണം. ഇരുട്ടിൻെറ ശക്തികൾ പരത്തുന്ന വിദ്വേഷത്തിൻെറ കൊടുങ്കാറ്റിനെ തടഞ്ഞുനിറുത്തുവാൻ ത്രാണിയുള്ള നന്മയുടെയും കരുത്തിൻെറയും സംസ്കാരം വളരണം. ഹൃദയം ഉള്ളവരുടേതായ ഒരു പട അതിനാവശ്യമായി വന്നിരിക്കുന്നു. കൂട്ടായ്മകളും അയൽപക്കങ്ങളും തഴച്ചുവളർന്ന് നിർദോഷമായ സഹകരണത്തിൽ നിന്ന് രൂപപെട്ട ഒരു സംസ്കാരം നമ്മുടെ ഗ്രാമങ്ങൾക്കുണ്ട്.

പ്രചാരത്തിലിരുന്ന കലാരൂപങ്ങൾ അനേകമുണ്ടെങ്കിലും നിലവിലുള്ളവ നാമ മാത്രവും നാശോന്മുഖവുമാണ്. പഴമയുടെ നന്തുണിപാട്ടുമായെത്തിയ കിട്ടനാശാൻ ഗ്രാമ മനസ്സുകളുടെ പടിപ്പുരതോറും കയറിയിറങ്ങി തൻെറ വാദ്യത്തിന് നറുതേനൊഴുകുന്ന ശീലുകളുടെ ഭൂതകാലത്തിൻെറ ഹൃദയതുടിപ്പ് നൽകി. അദ്ദേഹത്തിൻെറ നന്തുണിപാട്ടിൻെറ ധ്വനി ഇന്നും പലരുടെയും കാതിൽ അലക്കുന്നുണ്ട്.

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങളാണ് നിലവിലുള്ള ഒട്ടുമിക്കതും. ചാറ്റുപാട്ട് എന്നും നിലനിന്ന് പോരുന്ന കലാരൂപമാണ്. ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് നടത്തിപോരുന്ന ഒരു ഗോത്രവർഗ്ഗകലയാണിത്. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് വ്യാപിക്കുന്ന ഇതിലെ പാട്ടുകൾ കാർഷിക വിളകൾക്കും കുടുംബാഗങ്ങൾക്കും ഉണ്ടാകുന്ന ദോഷം അകറ്റുന്നതിന് മലദൈവങ്ങളോട് നടത്തുന്ന വിളിച്ചപേക്ഷകളാണ്. കാണിക്കാരാണ് ഇതിൻെറ ഉപാസകർ.

തെക്കൻകേരളത്തിൽ ഇന്നു നിലവിലിരിക്കുന്ന ശ്രദ്ധേയമായ നാടൻ കലാരൂപമായ കാക്കാരിശി ഉത്സവവേദികളിൽ എന്നപോലെ സാംസ്കാരിക വേദികളിലും ഗണ്യമായ പങ്ക് വഹിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ മിക്ക കലാസംഘങ്ങൾക്കും കളരിആശാൻ നമ്മുടെ പഞ്ചായത്തിലെ 'പാണയം ശേഖരൻ' എന്ന കർഷകത്തൊഴിലാളിയാണ്.

തോറ്റംപാട്ട്, വില്ലടിച്ചാൻപാട്ട്, തിരുവാതിരക്കളി, കോൽക്കളി (കമ്പടവുകളി) തുടങ്ങിയ കലാരൂപങ്ങൾ ഇന്നും പഞ്ചായത്തിൻെറ ചിലഭാഗങ്ങളിൽ നിലനിൽക്കുന്നു. സാമൂഹ്യ പശ്ചാത്തലവും, ജീവിതക്രമവും, ആചാരനുഷ്ഠാനങ്ങളും ചെട്ടപ്പെട്ടു ത്തിയിരുന്ന പഴയകാലം കലാസാംസ്കാരിക മേഖലകൾക്ക് ഊന്നൽ നൽകിയിരുന്നു. കാർഷിക മേഖലയാണ് മറ്റെല്ലാത്തിലുമുപരിയായി ഈ രംഗത്തും മുൻകൈ നേടിയത്. മകരക്കൊയ്ത്ത് കഴിഞ്ഞ് കർഷകൻ വിശ്രമിക്കരുമ്പോഴാണ് കലാരൂപങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിച്ചിരുന്നതും, അഭിവൃദ്ധിപ്പെട്ടതും. നിബിഡവനങ്ങളായിരുന്ന ഭൂപ്രദേശങ്ങൾ വിട്ട് കൃഷിപാടങ്ങളാണ് കതിര് കാള, കുരിയെടുപ്പ് തുടങ്ങിയ കലാരൂപങ്ങൾ ഇതിനുദാഹരണങ്ങളാണ്. ഗ്രാമ ഗ്രാമന്തരങ്ങളിൽ നെൽക്കതിർ കൊണ്ടലങ്കരിച്ച കുരിരയേയും, കാളയേയും ചുമലിലേറ്റി താളത്തിനൊത്ത് ചുവട് വച്ച് നീങ്ങിയ ഇവർ കർഷകരുടെ മെയ്ക്കരിത്തിൻെറ കൂടി പ്രതീകങ്ങളായിരുന്നു.

കർഷക ജീവിതത്തിൻെറ ലാളിത്യം പ്രകടമാകുന്ന കലാരൂപങ്ങൾക്കൊപ്പം മധുരതരമായ നാടൻ പാട്ടുകളും, നടീൽ, വിതകൊയ്ത്ത് പാട്ടുകളും ഗ്രാമ വയലേലകളിൽ ഉയർന്ന് കേട്ടിരുന്നു. ഉണരുന്ന ഗ്രാമങ്ങളിലെ ചിട്ടവട്ടങ്ങൾ അന്നത്തെ ജീവിതരീതിയിൽ പ്രകടമായിരുന്നു.

'വിത്തുഗുണം പത്തുഗുണം' എന്നറഞ്ഞ കർഷകർ കാർത്തിക ദീപം തെളിച്ച്, പന്തം കുത്തിയും കീടങ്ങളെ അകറ്റിയിരുന്നു. മകരത്തിൽ മാവിൽ പടത്തണം, കുംഭത്തിൻെറ നാട്ടിൽ കുടത്തോളം; അത്തത്തിൻെറ മുഖത്ത് മുതിര വിതക്കണം; തിരുവാതിരയ്ക്ക് പയറ് വിതയ്ക്കണം; ചേന കുംഭത്തിൽ; രോഹിണി ഞാറ്റുവേലയിൽ ഉഴുന്ന്; കന്നി കുർക്ക കലം പൊളിക്കും', എന്നീ ചൊല്ലുകൾ കൃഷിയും, പ്രകൃതിയും, കർഷകരും തമ്മിലുള്ള ബന്ധവും വിളിച്ചറിയിക്കുന്ന സരസവും ഗഹനവുമായ അറിവുകളാണ്. ഞാറ്റുവേല ചൊല്ലുകൾ വേറെയും പ്രചാരത്തിലുണ്ടായിരുന്നു.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നില

ഗിരിന്ന കാലങ്ങളും പണ്ടുണ്ടായിരുന്നു. ...ങ്ങളുടെയും മനുഷ്യരുടെയും ബാധയെ അകറ്റാൻ ...ടൻ തുടങ്ങിയ മലദൈവങ്ങളെ പൂജിച്ചാരാ ...ച്ചവരും ഇല്ലാതില്ല. മന്ത്രവാദവും, സേവയും മറ്റും ഇന്നും പ്രചാരത്തിലുണ്ട്.

മതപരമായ ആഘോഷങ്ങളും, ആചാരങ്ങളും നിലവിലുണ്ട്. അറവനമുട്ട്, ദഫ് മുട്ട് തുടങ്ങിയ കലാരൂപങ്ങൾ ഇവിടത്തെ അപൂർവ്വതകളാണ്. തെക്കൻ കളരിയും, കിളിത്തട്ട്കളിയും, കാരാട്ടെയും കുങ്ഫുവിനും വഴിമാറി.

ബുദ്ധിപരമായ ഉണർവോടെ ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യേണ്ട സമയമാണിത്. അറിവിന്റെ കേദാരങ്ങളായി നിലനിൽക്കേണ്ട പുസ്തകശാലകളും, വായനശാലകളും, സാംസ്ക്കാരിക സ്ഥാപനങ്ങളും പ്രവർത്തനത്തിൽ പിന്നോക്കം ആകുന്ന കാഴ്ചയാണ് ഇന്നു കണ്ടുവരുന്നത്. ഒരുകാലത്ത് പുസ്തകങ്ങൾ ഫാഷനായി കൊണ്ടുനടന്ന ഒരു തലമുറയുണ്ടായിരുന്നു. ചിന്തയെ ആയുധമാക്കിയ പുരോഗമന പ്രസ്ഥാനങ്ങൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ വിദ്യാഭ്യാസ സാസംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവയും തകരാതെ കാത്തുസൂക്ഷിച്ചവയുമാണ്. "വിദ്യകൊണ്ട് പ്രബുദ്ധരാകാൻ" ആഹ്വാനം ചെയ്ത ശ്രീനാരായണ ഗുരുവിന്റെ ഉദ്ബോധനങ്ങൾ കേട്ടറിഞ്ഞ കാലഘട്ടങ്ങൾ നമ്മുടെ ഗ്രാമത്തിലെ വിദ്യാഭ്യാസ മേഖലയെ തിളക്കി.

1956 ൽ കേരള ഗ്രന്ഥശാലാസംഘം കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ ശുക്രനക്ഷത്രമായി ഉദിച്ചുയരുന്നതിന് മുമ്പുതന്നെ ആട്ടുകാൽ കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച കർഷകമിത്രം ഗ്രന്ഥ ശാലയാണ് (1953) ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല. ഇന്ന് പഞ്ചായത്തിൽ പ്രവർത്ത നക്ഷമമായ ലൈബ്രറിയും ഇത് തന്നെ. വെള്ളാഞ്ചിറ കേന്ദ്രമാക്കി BHSC യോടൊപ്പം പ്രവർത്തിച്ചുവരുന്ന പുസ്തകശാല ഈ രംഗത്ത് ശ്രദ്ധേയമായിരുന്ന ഒന്നാണ്. എന്നാൽ ഇതിന്റെ പ്രവർത്തനം ആരോഗ്യകരമല്ല. ഈ പ്രദേശത്തെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നേതൃത്വം ഏറ്റെടുത്ത് പ്രവർത്തിക്കാൻ കഴിയുന്ന ഈ സാംസ്കാരിക കേന്ദ്രം പുനർജീവിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പുസ്തകങ്ങൾ ഉണ്ടായിരുന്നിട്ടും പ്രവർത്തിക്കാനാ വത്തതും, വായനക്കാർ കുറയുന്നതും ഈ രംഗത്തെ അനാരോഗ്യത്തെയാണ് സൂചിപ്പിക്കുന്നത്.

നിലവിലുള്ള കലാകായിക സംഘടനകളുടെ പ്രവർത്തനം വിലയിരുത്തിയാൽ തൃപ്തികരമായ നേട്ടങ്ങളല്ല പ്രദാനം ചെയ്യുന്നത്. സാംസ്കാരിക ജീർണ്ണതയ്ക്കെതിരെ ശക്തമായ മുന്നേറ്റം ആവശ്യമായി വന്നിരിക്കുന്നു. ഇതിന്റെ നടുനായകത്വം സാംസ്കാരിക സ്ഥാപനങ്ങൾക്കാണ്. എന്നാൽ പലതും മുഖം തിരിഞ്ഞു നിൽക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. എണ്ണത്തിന്റെ പെരുപ്പം പ്രവർത്തനങ്ങളിൽ പ്രകടമല്ലയെന്നത് നഗ്നസത്യമാണ്. പുരോഗമനകാംക്ഷികൾ ഈ രംഗത്ത് ശക്തമായ കടന്നുകയറ്റം നടത്തേണ്ടിയിരിക്കുന്നു. നിലവിലുള്ള കലാകായിക സംഘങ്ങൾ ഈ രംഗത്ത് പ്രവൃത്യുൻമുഖമായാൽ നമുക്ക് ശക്തമായ സാമൂഹ്യാടിത്തറ കെട്ടിപ്പെടുക്കാനും, കടന്നുകയറ്റം ചെറുക്കുന്ന കന്മതിലുകൾ സൃഷ്ടിക്കാനും കഴിയും. നിലവിലുള്ള സംഘടനകൾ ഇതിനു മതിയാവുമെന്ന് എണ്ണത്തിന്റെ പെരുപ്പം സൂചിപ്പിക്കുന്നു.

പ്രധാനപ്പെട്ട സാംസ്കാരിക സ്ഥാപനങ്ങൾ

1. സമദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ് മൊട്ടക്കാവ്
2. പൗർണമി ആർട്സ് & സ്പോർട്സ് ക്ലബ്ബ് കഴക്കുന്ന്
3. സര്യ സാംസ്കാരിക വേദി ആട്ടുകാൽ
4. നവഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ് ആട്ടുകാൽ
5. ചൈതന്യാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് നെടുമ്പ
6. നവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് കോതകുളങ്ങര
7. പഞ്ചമി ആർട്സ് & സ്പോർട്സ് ക്ലബ്ബ് നിരപ്പിൽ
8. പാണയം പീപ്പിൾസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്
9. R.S.A അജയപുരം
10. റോയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് ആറ്റിൻപുറം
11. നേതാജി ആർട്സ് & സ്പോർട്സ് ക്ലബ്ബ് S.N. പുരം
12. ശ്രീചിത്തിര ആർട്സ് & സ്പോർട്സ് ക്ലബ്ബ് ചുള്ളാളം
13. കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്ബ് മുളമൂട്
14. ബ്രദേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് കരിക്കുഴി
15. BSAC വെള്ളാഞ്ചിറ
16. ധന്യശ്രീ സാംസ്കാരികവേദി കല്ലിയോട്
17. തീർഥങ്കര പുലരി ആർട്സ് ക്ലബ്ബ്

പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങൾ നിലനിറുത്തിപോരുന്ന, ഒത്തുചേരലിന്റെ സങ്കേതങ്ങളായ ആരാധനാലയങ്ങൾ ഇവിടെ ധാരാളമാണ്. ഹിന്ദു മുസ്ലീം ക്രൈസ്തവ മതവിശ്വാസികളാണിവിടെയുള്ളത്. ഒരു ഹിന്ദുവിന്റെ സംഭാവനയായ മണ്ണിൽ

ഉയർന്ന മുസ്ലീം പ്രാർത്ഥനാലയം ഈ മണ്ണിൽ വേരുറച്ച മതമൈത്രിയുടെ പ്രതീകമാണ്. ആ പവിത്രത കളങ്കലേശമന്യേ കാത്തുസൂക്ഷിക്കുന്നതിന്നു നമുക്കു കഴിയുന്നുണ്ടോ എന്നു പരിശോധിക്കേ ണ്ടിയിരിക്കുന്നു. 'സർവമതസാരവുമേക' മെന്നുദ്ഘോഷിച്ച മഹാശയന്റെ നാട്ടിൽ ഏകോദരസോദരരായി വാഴുന്ന നമുക്ക് ആ പവിത്രത കാത്തു സൂക്ഷിക്കുവാൻ വിവിധ മത ആരാധനാലയങ്ങൾ ഇവിടെയുണ്ട്. മർത്യഹൃദയ ങ്ങളൊന്നിക്കുന്ന സ്നേഹമന്ത്രമുയർത്തുന്ന സങ്കേതങ്ങളാണവ.

മാധ്യമങ്ങളെ എക്കാലത്തും അറിവിന്റെയും സംസ്കാരത്തിന്റെയും സന്ദേശവാഹകരായി കരുതി പോന്നിരുന്ന നമുക്ക് അതിന്റെ പൂർണ്ണാർത്ഥത്തിൽ വിലയിരുത്തിയാൽ ഈ ഉത്തരവാദിത്വം അവർ ഏറ്റെടുക്കുന്നുണ്ടോ എന്ന് പരിശോധി ക്കേണ്ടിയിരിക്കുന്നു. പത്രമാധ്യമങ്ങൾ രാഷ്ട്രീയ ചട്ടുക കങ്ങളാകുന്നത് സ്വാതന്ത്ര്യവും നീതിപൂർവ്വകവുമായ അറിവിന് തടസ്സങ്ങളുണ്ടാക്കുന്നുണ്ട്. ദൃശ ശ്രവ്യ മാധ്യമങ്ങളായ ടി. വി. ഇന്ന് വഴിവിട്ട നിലയിലേക്ക് അവയുടെ പ്രവർത്തനം വ്യാപിപിച്ച് വിവിധ ചാനലുകളിലൂടെ മനുഷ്യമനസ്സിലെ നീരോട്ടത്തിന് നീലനിറമേറ്റുകയാണ്. പ്രക്ഷേപണ മേഖലയിലിന്ന് ഒരുപൊളിച്ചെഴുത്ത് ആവശ്യമായി വന്നിരിക്കുന്നു. പരസ്യ കമ്പോളമായി മാറിയിരിക്കുന്ന ഈ മാധ്യമം ഏറ്റവും സംവേദന ക്ഷമതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാനുള്ള മാന്ത്രിക ശക്തിയുള്ള ഒന്നാണ്.

സാധ്യതകൾ ഏറെയുള്ള താണ് സാംസ്കാരിക മേഖല. വായനക്കാർക്ക് പ്രചോദനം നൽകുന്ന പുസ്തകങ്ങൾ കണ്ടറിഞ്ഞ് ലൈബ്രറികളിലൂടെ വിതരണം ചെയ്യാം. കുട്ടികളെ വായനക്കാരാക്കാൻ അച്ഛനമ്മമാർ തയ്യാറാകണം.

പഞ്ചായത്തു സാംസ്കാരിക നിലയത്തോടു ചേർന്ന് വായനശാലയും, പുസ്തകശാലയും പ്രവർത്ത നമാരംഭിക്കണം.

പഞ്ചായത്ത്തലത്തിൽ പ്രഗത്ഭരായ സാംസ്കാരിക പ്രവർത്തകരേയും, കലാസമിതി ഭാരവാഹികളേയും ചേർത്ത് ഒരു കേന്ദ്രസമിതി പ്രവർത്തിപ്പിക്കണം. പ്രത്യേക ആഘോഷങ്ങൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് നടത്താൻ ഈ സമിതിയെ ചുമതലപ്പെടുത്തണം.

പഞ്ചായത്തുതലത്തിലെ കേരളോത്സവം ഈ സമിതിയുടെ ഉത്തരവാദിത്വത്തിൽ നടത്താൻ ഏർപ്പാടുണ്ടാക്കണം. പഞ്ചായത്ത് സാംസ്കാരിക പ്രവർത്തനത്തിന് രൂപരേഖ തയ്യാറാക്കി അതിന്റെ കീഴിൽ ഒരു വീഡിയോക്ലബ്ബ് രൂപീകരണം; ഇതിലൂടെ ആരോഗ്യപ്രവർത്തനങ്ങൾക്കും, ബോധവത്കരണത്തിനും, സന്മാർഗ്ഗത്തിനും, ശാസ്ത്രബോധത്തിനും ഉണർവേകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കണം. പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്ത് അഭിപ്രായം സ്വരൂപിക്കാൻ സമിതികൾ സെമിനാറുകളും, ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിക്കണം.

# 12 പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കണ്ടെത്തിയ മഹാത്മാ ഗാന്ധി വിഭാനം ചെയ്ത "ഗ്രാമസ്വരാജ്" സാക്ഷാത് കൃതമാകുന്നത് അടിസ്ഥാന വർഗ്ഗത്തിന്റെ സാമൂഹ്യോന്നമനത്തിൽ കൂടിയാണ്. ജനങ്ങൾ പല ജാതികളായും വർഗ്ഗങ്ങളായും വിഭജിക്കപ്പെട്ട ചരിത്രം പേറുന്ന നമ്മുടെ രാജ്യത്തിൽ-രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടി അരനൂറ്റാണ്ട് കഴിഞ്ഞിട്ടും-അധികാര അവകാശങ്ങൾ യഥാർത്ഥ അവകാശികൾക്ക് അപ്രാപ്യമായിരിക്കുന്നു. സവർണ്ണ മേധാവിത്വത്തിന്റെ ചൂഷണത്തിന് ഇപ്പോഴും വിധേയമായിക്കൊണ്ടിരിക്കുന്ന ഈ വിഭാഗത്തിന്റെ സാമൂഹ്യോന്നമനം സാക്ഷാത്കരിക്കപ്പെടുമ്പോൾ "പഞ്ചായത്തീരാജ്" സംവിധാനം സമ്പുഷ്ടമാകുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് വിവിധ പദ്ധതികൾക്ക് രൂപംകൊടുക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ കൊണ്ടുള്ള ഗുണം വളരെ ചെറിയ അളവിൽ മാത്രമേ യഥാർത്ഥ ഗുണഭോക്താവിന് ലഭിച്ചിട്ടുള്ളു. മുകളിൽ നിന്ന് താഴോട്ട് വരുന്നതിനിടയിൽ പല തട്ടുകളായി അവ വഴി മാറി പോവുകയും ചെയ്യുന്നു. ഇവിടെയാണ് പൂർണ്ണമായ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും പദ്ധതി നിർവ്വഹണവും പ്രസക്തമാകുന്നത്.

നമ്മുടെ പഞ്ചായത്തിന്റെ ജനസംഖ്യയിൽ **2079** പട്ടികജാതിക്കാരും **263** പട്ടികവർഗ്ഗക്കാരും ഉണ്ടെന്നാണ് 1994ലെ പഞ്ചായത്ത് സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ആകെ ജനസംഖ്യയിൽ **11%** ത്തോളം വരും. ചേരമാർ, വേടർ, കുറവർ, പറയർ തുടങ്ങിയ ജാതിയിൽപ്പെട്ടവരാണ് പട്ടികജാതിയിൽ ബഹിഭൂരിഭാഗവും. പട്ടികവർഗ്ഗത്തിൽ പ്രധാനമായും കാണിക്കാർ ഉൾപ്പെടുന്നു.

ദാരിദ്ര്യം, നിരക്ഷരത, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇതൊക്കെ ഈ ജന വിഭാഗത്തിന്റെ പ്രധാന പ്രശ്നങ്ങളാണ്. കാട് നാടാക്കി കാർഷിക വിളകളും നാണ്യവിളകളും കൃഷിചെയ്യുന്നതിൽ അധ്വാന ശേഷി പൂർണ്ണമായി സംഭാവന ചെയ്ത ഈ വർഗ്ഗത്തിലെ തൊഴിലാളികൾക്ക് ആവശ്യത്തിന് ഭക്ഷണംപോലും ലഭിക്കാതിരിക്കുകയും മറ്റുള്ളവർക്ക് ഭക്ഷണവും പ്രതാപവും ലഭിക്കുകയും ചെയ്ത വ്യവസ്ഥിതി ഈ വിഭാഗത്തെ മുഴുവൻ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടു. വിദ്യ അഭ്യസിക്കുവാൻ അവകാശം നിഷേധിക്കപ്പെട്ടവരുടെ പിൻഗാമികളായ ഇവർക്ക് സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അജ്ഞാതമായി. അമിതമായ അധ്വാനഭാരവും കുറഞ്ഞ കൂലിയും നിത്യദുരിതവും കാർഷിക പണിയിൽ നിന്ന് അവരെ പിൻമാറ്റി. കൃഷിസ്ഥലങ്ങൾ റബ്ബർ തോട്ടങ്ങളായി മാറിയപ്പോൾ ഇവർക്ക് തൊഴിൽ സാധ്യതകൾ വളരെ കുറഞ്ഞു. ഭൂമിയിൽ അവകാശവും സ്വന്തമായി വാസസ്ഥലവും ഇല്ലാത്തവരായിരുന്നു പഞ്ചായത്തിൽ ഉണ്ടായിരുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ ബഹുഭൂരിഭാഗവും. ഈ അവസ്ഥയ്ക്ക് കുറെയൊക്കെ പരിഹാരമുണ്ടായത് കോളനികളുടെ സെറ്റിൽമെന്റ് അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകാൻ തുടങ്ങിയതോടുകൂടിയാണ്. കൃഷിക്ക് അനുയോജ്യമല്ലാത്ത കുന്നിൻ പ്രദേശങ്ങളിലും തരിശുഭൂമികളിലും താവളം കണ്ടെത്തിയ ഈ പാവങ്ങൾ സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങൾ നേരിടുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ (1994-ലെ സെൻസസ് അനുസരിച്ച്)**

| വാർഡ് | പട്ടികജാതിക്കാർ | | പട്ടികവർഗ്ഗക്കാർ | |
|---|---|---|---|---|
| | ആണ് | പെണ്ണ് | ആണ് | പെണ്ണ് |
| I | 76 | 82 | - | - |
| II | 45 | 59 | 3 | 1 |
| III | 98 | 118 | 1 | 2 |
| IV | 33 | 22 | 1 | 2 |
| V | 132 | 136 | 45 | 52 |
| VI | 125 | 138 | 55 | 63 |
| VII | 202 | 188 | 18 | 12 |
| VIII | 224 | 228 | - | - |
| IX | 87 | 86 | 5 | 3 |
| ആകെ | 1022 | 1057 | 128 | 135 |

പഞ്ചായത്തിൽ പട്ടികജാതിക്കാർ താമസിക്കുന്ന 9 കോളനികളും പട്ടികവർഗ്ഗക്കാർ താമസിക്കുന്ന ഒരു സെറ്റിൽമെന്റ് പ്രദേശവുമാണ് നിലവിലുള്ളത്. കൂടാതെ പഞ്ചായത്ത് രൂപീകൃതമായതിനുശേഷം ഭൂരഹിത-ഭവന രഹിത-കർഷകർക്ക് വേണ്ടി ആറ്റിൻപുറം, കൊന്നമൂട് എന്നിവിടങ്ങളിൽ 4 സെന്റ് കോളനികളും നിലവിൽ വന്നു. 70% പട്ടികജാതി-പട്ടികവർഗ്ഗക്കാർ താമസിക്കുന്നത് ഈ കോളനികളെ കേന്ദ്രീകരിച്ചാണ്.

സർക്കാരിന്റെ വിവിധവകുപ്പുകളിൽകൂടി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും സംഘടിതമായ സംരംഭത്തിൽ കൂടി സാധ്യമാക്കുകയാണ് കോളനികൾകൊണ്ട് ഉദ്ദേശിക്കു

ന്നത്. എന്നാൽ കോളനികളുടെ രൂപീകരണവും അവിടെ ഭൂരഹിത-ഭവന രഹിത പട്ടികജാതി-പട്ടികവർഗ്ഗക്കാരെ മാത്രം താമസിപ്പിക്കുന്നതും സാമൂഹ്യധാരയിൽനിന്ന് അവരെ ഒറ്റപ്പെടുത്തുവാൻ ഇടവരുത്തുന്നു.

## പഞ്ചായത്തിലെ പ്രധാന പട്ടികജാതി സങ്കേതങ്ങൾ

1. അംബേദ്കർ ഗ്രാമം - പനവൂർ
2. ഏരുമല
3. കടുവാപോക്ക്
4. കുളപ്പാറ
5. പുല്ലാമല - ആറ്റിൻപുറം
6. കൊങ്ങണംകോട്
7. കരിഞ്ചയിൽ - വിശ്വപുരം
8. പൊടിക്കിലാം - പേരയം
9. ചെല്ലഞ്ചി

ഈ കോളനികളിൽ 1990-ൽ അംബേദ്കർ ഗ്രാമവും 1994-96-ൽ ഏരുമലയും തീവ്രസങ്കേത വികസന പദ്ധതി പ്രകാരം (I.H.D.P) ഏറ്റെടുത്തുകൊണ്ട് വിവിധ വകുപ്പുകളുടെ വികസിത പ്രവർത്തനങ്ങൾക്ക് കളമൊരുക്കുകയുണ്ടായി. ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഈ രണ്ട് കോളനികളിലും വികസന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

62 കുടുംബങ്ങളിലായി 290-ഓളം ജനങ്ങൾ വസിക്കുന്ന അംബേദ്കർ ഗ്രാമം പഞ്ചായത്തിന്റെ പഴക്കം ചെന്നതും വലുതുമായ പട്ടികജാതി സങ്കേതമാണ്. പരമ്പരാഗത മായി ഈറ പണി ചെയ്തുവരുന്ന 10-ഓളം കുടുംബങ്ങൾ ഇവിടെയുണ്ട്. ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട ഇവർക്ക് പട്ടികജാതിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഇത് പഞ്ചായത്തിന്റെ പൊതുവിലുള്ള അവസ്ഥയാണ്. ദരിദ്ര വിഭാഗത്തിൽപ്പെട്ട ദളിത് ക്രൈസ്തവരെ പട്ടികജാതിയായി പരിഗണിക്കേണ്ടത് പ്രാധാന്യ മർഹിക്കുന്ന ഒരു വസ്തുതയാണ്. ആറ്റിൻപുറത്ത് നിന്നും ഗ്രാമത്തിലേക്ക് കുടിവെള്ള മെത്തിക്കാനുള്ള സംവിധാന മുണ്ടെങ്കിലും അധികൃതരുടെ അനാസ്ഥ മൂലം ഗ്രാമത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കമ്മ്യൂണിറ്റി ഹാൾ, പ്രീ-പ്രൈമറി സ്കൂൾ എന്നിവ അവർക്കിന്നും സ്വപ്നങ്ങ ളാണ്. S.S.L.C. യും അതിന് മുകളിൽ വിദ്യാഭ്യാസവും സിദ്ധിച്ചിട്ടുള്ളവരുടെ സംഖ്യ പരിമിതമാണ്. സ്വന്തമായി പട്ടയം ലഭിക്കാത്ത ധാരാളം കുടുംബങ്ങൾ ഇവിടെയുണ്ട്. 15 സെന്റിന് മുകളിൽ വിസ്തീർണ്ണമുള്ള കൈവശ ഭൂമി ഇവിടെ ആർക്കും തന്നെയില്ല. ദാരിദ്ര്യ നിർമ്മാർജന പദ്ധതി പ്രകാരം സ്വയം തൊഴിൽ വായ്പകൾ ഭൂരിഭാഗം കുടുംബങ്ങൾക്കും ലഭിച്ചിട്ടുണ്ട് എങ്കിൽത്തന്നെയും ദാരിദ്ര്യരേഖ നിർമ്മാർജനം ചെയ്യുവാൻ ഒരു കുടുംബത്തിനും കഴിഞ്ഞിട്ടില്ല എന്നത് ചിന്തനീയമായ ഒരു വസ്തുതയാണ്. വൻതുകകളുടെ കടബാധ്യതയും ഇനി വായ്പകൾ ലഭിക്കാൻ സാധ്യതയില്ലാത്ത സാഹചര്യവും ഭാവിയെപ്പറ്റിയുള്ള ആശങ്കകളും ആയി കഴിയുകയാണവർ.

നമ്മുടെ പഞ്ചായത്തിന്റെയും പുല്ലമ്പാറ പഞ്ചായത്തിന്റെയും അതിർത്തിയിൽ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് ഏറ്റവും ഉയരം കൂടിയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഏരുമല കോളനിയിൽ 58 കുടുംബങ്ങളിലായി 204 പട്ടികജാതിക്കാർ താമസിക്കു ന്നുണ്ട്. I.H.D.P കോളനിയായി അംഗീകരിച്ചതിനുശേഷം വിവിധ വികസന പ്രവർത്തനങ്ങൾ ഈ ഭാഗത്ത് നടത്തി യിട്ടുണ്ട്. ഈ കോളനിയിൽ സ്വന്തമായി പട്ടയമില്ലാത്ത കുടുംബങ്ങളൊഴികെയുള്ള കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം ലഭിച്ചിട്ടുണ്ട്. R.L.E.P., NREP തുടങ്ങിയ പദ്ധതിപ്രകാരം 1984- കാലഘട്ടങ്ങളിൽ ലഭിച്ച വീടുകളിൽ 13 എണ്ണം നിലം പരിശാവറായിരി ക്കുന്നു. രണ്ട് പൊതുകിണറുകൾ കോളനിയിൽ ഉണ്ടെ ങ്കിലും കോളനിയുടെ ഏറ്റവും ഉയർന്ന ഭാഗമായ മധ്യ ഭാഗത്താണ് ജനങ്ങളിൽ 75% വും താമസിക്കുന്നത്. രോഗികളെ ചുമന്ന് താഴെ എത്തിക്കേണ്ട അവസ്ഥക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിന് കോളനിയുടെ മധ്യഭാഗത്തേക്ക് ഒരു റോഡ് കോളനി വാസികളുടെ ഒരു സ്വപ്നമാണ്.

കോളനി വാസികളിൽ ഭൂരിഭാഗവും കൂലിവേലക്കാരാണ്. S.S.L.C യും അതിനുമുകളിൽ വിദ്യാഭ്യാസവും ലഭിച്ചവർ വളരെ കുറവാണ്. നിരക്ഷരത ഇവിടെ ഒരു പ്രധാന പ്രശ്നമാണ്. 1994-95-ൽ S.C.P പദ്ധതി പ്രകാരം അനുവദിച്ച A.N.P. സെന്ററിന്റെ കെട്ടിടനിർമ്മാണം നടന്നുവരുന്നുണ്ട്. ഒരു ചെറുകിട തൊഴിൽ സംരംഭം, കമ്മ്യൂണിറ്റി ഹാൾ, ജനവിദ്യാ കേന്ദ്രം, പൊതുകളിസ്ഥലം ഇവയൊക്കെയാണ് കോളനി നിവാസികൾ പ്രധാനമായും ആഗ്രഹിക്കുന്നത്.

മറ്റ് പ്രധാന കോളനികളായ കടുപേക്ക്, കുളപ്പാറ എന്നിവിടങ്ങളിലും പ്രത്യേക ഘടക പദ്ധതി പ്രകാരവും (S.C.P), I.R.D.P. പ്രകാരവും വിവിധ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. പാറക്കെട്ടുകളുടെ ഇടയിൽ ഉയർന്ന കുന്നിൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കുളപ്പാറ കോളനി നിവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കുടിവെള്ളവും വഴി സൗകര്യവുമാണ്. ഏരുമല ബസ് സൗകര്യം വർദ്ധിപ്പിക്കുക, ആറ്റിൻപുറം പാലം പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുക എന്നിവയാണ് കോളനി നിവാസികളുടെ പ്രധാന ആവശ്യങ്ങൾ.

പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിൽ ഏറ്റവും പരിതാപകരമായ അവസ്ഥയിലുള്ളത് 8-ാം വാർഡിലെ കൊങ്ങണംകോട്-ആറ്റിൻപുറം കോളനിയാണ്. വികസന പ്രവർത്തനങ്ങൾ കാര്യമായിട്ടൊന്നും ഈ പ്രദേശങ്ങളിൽ എത്തിയിട്ടില്ല.

പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, നിരക്ഷരത, ആസൂത്രണത്തിലുള്ള പങ്കാളിത്തക്കുറവ് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ.

## നിർദ്ദേശങ്ങൾ

1. ഭൂരഹിത-ഭവന രഹിതരായവർക്ക് ഹൗസ് സൈറ്റ് കോളനികളിൽ അനുവദിച്ചിട്ടുള്ള 4 സെൻറ് സ്ഥലം പലരും കൈമാറ്റം ചെയ്യുന്ന പ്രവണതയുണ്ട്. ഇങ്ങനെ സ്ഥലം കൈമാറുന്നതിനെ കർശനമായ നിയമം മൂലം നിരോധിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ ഭൂരഹിത-ഭവനരഹിതരായവരെ കണ്ടെത്തി അവർ തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ വീടുവയ്ക്കുവാൻ ധനസഹായം കൊടുക്കേണ്ടതാണ്.

3. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾ വഴിയുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

4. പദ്ധതികളെക്കുറിച്ച് ഫലപ്രദമായ ബോധവൽക്കരണം സംഘടിപ്പിക്കേണ്ടതും അവയുടെ നിർവ്വഹണത്തിൽ ഗുണഭോക്താക്കളുടെ അഭിപ്രായവും, ആഗ്രഹവും സ്വരൂപിക്കേണ്ടതും പൂർണ്ണമായ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതുമാണ്.

5. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി കാലാകാലങ്ങളിലുണ്ടാകുന്ന പദ്ധതികളുടെ വിശദമായ വിവരങ്ങൾ പഞ്ചായത്താഫീസ്, മറ്റ് പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും കോളനി നിവാസികളുടെ യോഗത്തിൽ വച്ച് അതിൻെറ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നത് പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്താൻ സഹായിക്കുന്നതാണ്.

6. കോളനികളിൽ ആരോഗ്യ ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരിസരശുചീകരണം, പ്രതിരോധ പ്രവർത്തനം എന്നിവയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതുമാണ്.

7. പഞ്ചായത്തിൽ തൊഴിൽ തേടുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ എണ്ണം ശേഖരിച്ച് JRY പദ്ധതികളിൽ അവർക്ക് തൊഴിൽ ഉറപ്പുവരുത്തുവാൻ ശ്രമിക്കണം.

8. മിശ്രവിവാഹങ്ങളും സമൂഹവിവാഹങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതും ജാതിവ്യവസ്ഥക്കതീതമായ സാമൂഹ്യബോധവൽക്കരണം ഉണ്ടാക്കേണ്ടതുമാണ്.

9. പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും യഥാവസരങ്ങളിൽ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്.

10. പട്ടികജാതി-പട്ടികവർഗ്ഗസങ്കേതങ്ങളോടനുബന്ധിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും അതിൽ വനിതകൾക്ക് പ്രാമുഖ്യം കൊടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

11. പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികളിൽ SSLCക്കും PDCക്കും തോൽക്കുന്ന കുട്ടികൾക്ക് ഒരു പ്രാവശ്യം കൂടി പഠിക്കുന്നതിന് വേണ്ട ധനസഹായം ലഭ്യമാക്കേണ്ടതാണ്.

12. കോളനികളിൽ ജനവിദ്യാകേന്ദ്രങ്ങൾ ഫലപ്രദമാക്കുകയും വയോജനവിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കുകയും വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് കോളനി നിവാസികൾക്ക് അവബോധം ഉണ്ടാക്കുകയും മത്സരപരീക്ഷകളിലേക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യേണ്ടതാണ്.

13. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വേണ്ടി വിദ്യാഭ്യാസ പ്രോത്സാഹന പരിപാടികൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

14. പട്ടികജാതി-പട്ടികവർഗ്ഗക്കാർ താമസിക്കുന്ന സ്ഥലങ്ങളിലെ ഏറ്റവും പ്രധാന പ്രശ്നം കുടിവെള്ള ക്ഷാമമാണ്. കിണർ കുഴിക്കുന്നതിനുള്ള ധനസഹായത്തിന് 30 സെൻറ് ഭൂമി വേണമെന്നുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തുക.

15. കോളനികളിലെ പൊതുകിണർ സംരക്ഷിക്കുന്നതോടൊപ്പം പൊതുകിണറുകളിൽനിന്നും വസ്ത്രങ്ങൾ അലക്കുന്നതും കുളിക്കുന്നതും കർശനമായി തടയുകയും ചെയ്യേണ്ടതാണ്.

എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടികജാതി വികസന വകുപ്പ് പനവൂർ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

## 8-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ

I. സംയോജിത ഭവനനിർമ്മാണ പദ്ധതി

| അനുവദിച്ച വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ആകെ തുക |
|---|---|---|
| 1992-93 | Nil | Nil |
| 1993-94 | 1 | Rs.12000/- |
| 1994-95 | 2 | Rs.12000/- |

II. ഭൂരഹിത-ഭവനരഹിത പുനരധിവാസ പദ്ധതി

| | | |
|---|---|---|
| 1992-93 | 3 | Rs.51000/- |
| 1993-94 | – | — |
| 1994-95 | – | — |

III. തീവ്രസാങ്കേതിക വികസന പരിപാടി

ഇല്ല

IV. മിശ്രവിവാഹിതർക്കുള്ള സാമ്പത്തിക സഹായം

| | | |
|---|---|---|
| 1992-93 | 2 | Rs.4000/- |
| 1993-94 | 1 | Rs.2000/- |
| 1994-95 | – | — |

V. വിവാഹ ധനസഹായം

| | | |
|---|---|---|
| 1992-93 | 1 | Rs.2000/- |
| 1993-94 | – | — |
| 1994-95 | – | — |

VI. പുരകെട്ടിമേച്ചിൽ ധനസഹായം

| | | |
|---|---|---|
| 1992-93 | 2 | Rs.1000/- |
| 1993-94 | 4 | Rs.2000/- |
| 1994-95 | 2 | Rs.1000/- |

VII. ചികിത്സാ ധനസഹായം

| | | |
|---|---|---|
| 1992-93 | 2 | Rs.1000/- |
| 1993-94 | 2 | Rs.1000/- |

വീട് റിപ്പയർ ധനസഹായം:

1. നാരായണൻ കാണി
   വരയിടിഞ്ഞ കുഴി തടത്തരികത്തുവീട്
   പാണയം. പി. ഒ.

2. സുകുമാരൻ തമ്പി
   പട്ടൻവെട്ടി തടത്തരികത്തുവീട്
   പനയമുട്ടം. പി.ഒ.

റബ്ബറിന് വളം ഇടുന്നതിനുള്ള ധനസഹായം

1. വി. നാരായണൻ കാണി
   മാമൂട് കരിക്കകത്തിൽ വീട്
   പനയമുട്ടം. പി.ഒ.

2. ബി. രാജൻ കാണി
   വി.കെ.ഹൗസ്
   പാണയം. പി.ഒ.

3. സാവിത്രി
   പാണയം തടത്തരികത്തുവീട്
   പാണയം. പി.ഒ.

4. നാരായണൻ കാണി
   വരയിടിഞ്ഞകുഴി തടത്തരികത്തുവീട്
   പാണയം.

ചികിത്സക്ക് ധനസഹായം

1. കമലമ്മ
   മാമൂട് വടക്കുംകരവീട്
   പനയമുട്ടം. പി.ഒ.

കിണർ റിപ്പയർ

1. ഗോവിന്ദൻ കാണി
   മാമൂട് വടക്കുംകരവീട്
   പനയമുട്ടം. പി.ഒ.

പലിശരഹിത വായ്പ (ഭവനനിർമ്മാണം-സ്വയം തൊഴിൽ)

1. ജി. ബാബുരാജൻ — 10,000/-
   മാമൂട് വടക്കുംകരവീട്
   പനയമുട്ടം. പി.ഒ.

2. ശാന്ത — 10,000/-
   പാണയം തടത്തരികത്തുവീട്
   പനയമുട്ടം.

കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം

1. ജി. ബാബുരാജൻ
   മാമൂടെ വടക്കുംകരവീട്
   പനയമുട്ടം. പി.ഒ.

2. എൻ. ശിവൻകുട്ടി
   ശിവൻഹൗസ്, മാമൂട്
   പനയമുട്ടം.

പശുവാങ്ങുന്നതിന് ധനസഹായം

1. അമ്മുക്കുട്ടി
   വാഴമല ചരിവിൽ വീട്
   പനയമുട്ടം. പി.ഒ.

2. പി. വിജയമ്മ
   കൊച്ചുമാമൂട് കിഴക്കുംകര വീട്
   പനയമുട്ടം.

3. കെ. സുലോചന
   മാമൂട് തടത്തരികത്തുവീട്
   പനയമുട്ടം. പി.ഒ.

ടൈപ്പ്റൈറ്റിംഗ് മെഷീൻ

1. രമ
   മരുതകംകോണത്ത്‌വീട്
   പേരയം. പി.ഒ.

## പനവൂർ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരുടെ പൊതുവിവരങ്ങൾ

| | |
|---|---|
| ആകെ ജനസംഖ്യ - | 262 |
| കുടുംബങ്ങളുടെ എണ്ണം - | 75 |
| പുരുഷൻ - | 121 |
| സ്ത്രീ - | 141 |
| വിദ്യാഭ്യാസം. S.S.L.C. Pass - | 18 |
| " " Failed - | 20 |
| സർക്കാർ ജോലിയുള്ളവർ - | 17 |

## പട്ടികവർഗ്ഗ വികസനവകുപ്പിൽനിന്നും നടപ്പിലാക്കിയ പദ്ധതികൾ

വീട് വയ്ക്കുന്നതിന് ധനസഹായം

1. പി. വിജയമ്മ
   കൊച്ചുമാമൂട് കിഴക്കുംകരവീട്
   പനയമുട്ടം. പി.ഒ.

2. വി. സുദർശനൻ കാണി
   മാമൂട് കിഴക്കുംകര വീട്
   പനയമുട്ടം.

3. എൻ. ശശിധരൻ കാണി
   do

4. എ. അമ്മുക്കുട്ടി
   വാഴമല ചരിവിൽവീട്
   പനയമുട്ടം. പി.ഒ.

5. പി. ബാബു
   വീണാഭവൻ, ചൊക്കൻവിള
   പാണയം. പി.ഒ.

6. രാജപ്പൻ കാണി
   ചൊക്കൻവിള തടത്തരികത്തുവീട്
   പനയമുട്ടം. പി.ഒ.

7. ഗോമതി
   വലിയമാമൂട് പടിഞ്ഞാറ്റിൻകരവീട്
   പനയമുട്ടം. പി.ഒ.

8. ചെല്ലമ്മ
   പട്ടൻവെട്ടി തടത്തരികത്തുവീട്
   പനയമുട്ടം. പി.ഒ.

9. കുഞ്ഞൻ കാണി
   അയണിമൂട് തടത്തരികത്തുവീട്
   പനയമുട്ടം. പി.ഒ.

10. പി. ദേവകി
    മാമൂട് തടത്തരികത്തുവീട്
    പനയമുട്ടം. പി.ഒ.

വീട് വയറിംഗ് ധനസഹായം

1. ജി. ബാബുരാജൻ
   മാമൂട് വടക്കുംകരവീട്
   പനയമുട്ടം.

ട്യൂട്ടോറിയൽ ഗ്രാന്റ് ലഭിച്ചവർ

1. റീന
   പാണയം തടത്തരികത്തുവീട്
   പാണയം. പി.ഒ.

2. എസ്. അജികുമാർ
   മാമൂട് തടത്തരികത്തുവീട്
   പനയമുട്ടം. പി.ഒ.

3. ആർ. ദീപ
   അയണിമൂട് തടത്തരികത്തുവീട്
   പനയമുട്ടം. പി.ഒ.

4. ജിനേഷ്
   കീഴാറ്റിൻപുറത്തുവീട്
   പനവൂർ. പി.ഒ.

എസ്.എസ്.എൽ.സി. അവാർഡ്

1. വി. രാജപ്പൻ കാണി
   ചൊക്കൻവിള തടത്തരികത്തുവീട്
   പേരയം. പി.ഒ.

വിവാഹധനസഹായം

1. എൽ. രാജമ്മ
   പട്ടൻവെട്ടികുഴിയിൽവീട്
   പനയമുട്ടം. പി.ഒ.

തയ്യൽമെഷീൻ

1. ഗിരിജ. എ.
   വാഴമല ചരിവിൽവീട്, പനയമുട്ടം.

...ാകെട്ടി മേയുന്നതിന് ധനസഹായം

1. എൻ. ശശിധരൻ കാണി
   മാമൂട് കിഴക്കുംകരവീട്, പനയമുട്ടം.
2. പി. വിജയമ്മ
   do
3. ലളിത
   മാമൂട് തടത്തരികത്തുവീട്, പനയമുട്ടം.
4. സി. ശശിധരൽ കാണി
   പട്ടൻവെട്ടി തടത്തരികത്തുവീട്, പനയമുട്ടം.
5. ചെല്ലമ്മ
   do
6. വി. സുദർശനൻ കാണി
   കൊച്ചുമാമൂട് കിഴക്കുംകരവീട്, പനയമുട്ടം.
7. അമ്മുക്കുട്ടി
   വാഴമലചരിവിൽ വീട്, പനയമുട്ടം.
8. കുഞ്ഞൻ കാണി
   do
9. ബി. ശോഭനൻ കാണി
   do
10. ദേവകി
    മാമൂട് തടത്തരികത്തുവീട്, പനയമുട്ടം.
11. സത്യൻ
    വാഴമലചരിവിൽ വീട്, പനയമുട്ടം.

നിർമ്മിതി കേന്ദ്രത്തിൽ പരിശീലനം ലഭിച്ചവർ

1. ശിവൻകുട്ടി
   ശിവൻ ഹൗസ്, മാമൂട്, പനയമുട്ടം.
2. ആർ. തുളസി
   പട്ടൻവെട്ടി തടത്തരികത്തുവീട്, പനയമുട്ടം.
3. ജി. സുനിൽകുമാർ
   മരുതകം കോണത്തുവീട്, പനയമുട്ടം.

13

# വനിതാക്ഷേമം

സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനം വനിതകളുടെ സാമൂഹ്യനിലവാരത്തെ ആശ്രിയിച്ചിരിക്കുന്നു. വനിതകളുടെ സാമൂഹ്യപദവി ഉയർത്തി അവരെ ദേശീയ ധാരയിലേക്ക് കൊണ്ടുവരുന്നതിന് ഊന്നൽ നൽകുന്ന പഞ്ചായത്ത് രാജ് സംവിധാനത്തിൽ നമ്മുടെ ഗ്രാമത്തിലെ വനിതകളുടെ ക്ഷേമകര്യത്തെ കുറിച്ച് വിലയിരുത്തുന്നത് വികസന ആസൂത്യണത്തിന് അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിലാകെ 8803 പുരുഷന്മാരും 9325 സ്ത്രീകളുമുണ്ടെന്ന് കണക്കുകൾ തെളിയിക്കുന്നു അതായത് പുരുഷന്മാരേക്കാൾ ജനസംഖ്യയിൽ 522 സ്ത്രീകൾ കൂടുതലാണ്. എന്നാൽ 3% പേർ മാത്രമാണ് സർക്കാർ / അർധസർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരായിട്ടുള്ളൂ. സാധാരണ ഇടത്തരം കുടുംബങ്ങളിൽ SSLC യും അതിനു മുകളിലും വിദ്യാഭ്യാസം സിദ്ധിച്ച ധാരാളം വനിതകൾ അടുക്കളയുടെ നാലു ചുവരുകളിൽ ഒതുങ്ങി കഴിയുന്ന കാഴ്ചയാണ് പൊതുവേ കാണാൻകഴിയുന്നത്. കർഷക തൊഴിലാളി സ്ത്രീകളിൽ 80% SC/ST വിഭാഗത്തിൽ പെട്ടവരാണ്. അവരിൽ ബഹുഭൂരിഭാഗവും പുരുഷന്മാരെടൊപ്പം കാർഷിക രംഗത്തിൽ പണിയെടുത്തിരുന്നു. കൃഷി ഭൂമി കുറഞ്ഞുവന്നതോടുകൂടി അവർക്ക് തൊഴിലവസരം നഷ്ടപ്പെടുകയും നിർമ്മാണ തൊഴിൽ രംഗത്തേക്ക് പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ രംഗത്തെ കുറഞ്ഞ കൂലിയും കഠിനമായ അധ്വാനവും ഈ രംഗത്ത് വനിതകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്.

നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ പ്രധാന പ്രശ്നങ്ങൾ തൊഴിലില്ലായ്മ, ദാരിദ്രം, അരക്ഷിതബോധം, കുറഞ്ഞകൂലി, കടബാദ്ധ്യത, നിരക്ഷരത, പോക്ഷകാഹാരകുറവ്, സംരംഭകത്വ ത്തിന്റെ അഭാവം, വിശ്രമമില്ലായ്മ എന്നിവയാണ്. IRDP സർവ്വേപ്രകാരം സ്ത്രീ കുടുംബനാധകളായിട്ടുള്ള 822 ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കൂലിവേലയിൽ നിന്നുള്ള തുച്ഛ വരുമാനത്തിൽ ജീവിതം തള്ളിനീക്കുന്നവരാണ് അവർ. വായ്പാസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി തൊഴിൽ കണ്ടെത്തുന്നതിൽ അവർ പൊതുവെ വിമുഖരാണ്.

തൊഴിലവസരങ്ങളുടെ അപര്യാപ്തത, സാമൂഹിക രംഗത്തേക്ക് കടന്നു വരുവാനുള്ള അവസരമില്ലായ്മ ഈ വക കാര്യങ്ങൾ കൊണ്ട് കുടുംബിനികളായി വീട്ടിനുളളിൽ കഴിഞ്ഞുകൂടുകയാണ് ഭൂരിഭാഗം വനിതകളും. സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിച്ച് അവരെ സാമൂഹ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരിക എന്നത് അടിയന്തര പ്രധാന്യമർഹിക്കുന്നതാണ്. സ്ത്രീകളുടെ വരുമാനം ഒരു കുടുംബത്തന്റെ ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ ക്രിയാത്മക സ്വാധീനം ചെലുത്തുവാനുതകും എന്നത് ഇക്കാര്യത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

**മഹിളാസമാജങ്ങൾ**

സന്നദ്ധ പ്രവർത്തന രംഗത്ത് പ്രത്യേകിച്ച് വനിതാ ശിശുക്ഷേമ കാര്യങ്ങളിൽ ക്രിയാത്മക നേതൃത്വം നൽകുവാൻ കഴിയുന്നത് മഹിളാസമാജങ്ങൾക്കാണ്. പഞ്ചായത്ത് രൂപീകൃതമാകുന്നതിന് മുൻപ്തന്നെ ഇവിടെ മഹിളാസമാജങ്ങൾ പ്രവർത്തിച്ചിരുന്നു. സാമൂഹ്യ കുടുംബാസൂത്രണ ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ അഭിനന്ദനീയമായ പ്രവർത്തനങ്ങൾ അവ നടത്തിയിരുന്നു. ആ മഹിളാ സമാജങ്ങളുടെ സംഘടനാ പ്രവർത്തനത്തിന്റെ ഫലമാണ് ഇന്ന് പഞ്ചായത്തിൽ കാണുന്ന ബാലവാടി പ്രസ്ഥാനം. മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബോധവൽകരണ ക്ലാസ്സുകൾ, സെമിനാറുകൾ, പാചക ക്ലാസ്സുകൾ, സാമൂഹ്യ വനവത്കരണ പരിപാടികൾ, അടുക്കള ത്തോട്ട നിർമ്മാണം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. അംഗങ്ങൾക്ക് വിതരം ചെയ്ത് സാമ്പത്തിക വരുമാന വർദ്ധനവിനുതകുന്ന പ്രവർത്തനങ്ങളും ചില സമാജങ്ങൾ ഏറ്റെടുത്തു നടത്തിയിരുന്നു. എന്നാൽ ഇന്ന് ഈ വക പ്രവർത്തനങ്ങൾ വനിതാ സമാജങ്ങളിൽ നടന്നുകാണുന്നില്ല. പല സമാജങ്ങളും സംഘടാപ്രവർത്തനത്തിൽ പിന്നോട്ട് പോയിരിക്കുന്ന അവസ്ഥയാണ് പഞ്ചായത്തിൽ കാണാൻ കഴിയുന്നത്. അംഗങ്ങളെ ചേർക്കൽ, കമ്മിറ്റികളും, പൊതുയോഗങ്ങളും കാലാകാലങ്ങളിൽ കൂടൽ തുടങ്ങിയ സംഘടനാ പ്രവർത്തനത്തിന് ആവശ്യം വേണ്ടുന്ന കാര്യങ്ങളിൽ പല സമാജങ്ങളും പിന്നിലാണെന്നുള്ളത് ചിന്തനീയമായ ഒരു വസ്തുതയാണ്. എല്ലാ വർഷവും ദ്വിദിന വനിതാ നേതൃത്വ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ടെങ്കിലും അവയിൽ വനിതാ പ്രവർത്തക പങ്കിളിത്ത കുറവും ക്യാമ്പുകൾ

ചടങ്ങുകളായി മറുകയുമാണ് അവസ്ഥ. ബാലവാടികളും ഫീഡിംഗ് സെൻററുകളും നടത്തുക എന്നതിൽ മാത്രം ഒതുങ്ങിനില്ക്കുന്ന മഹിളാ സമാജത്തിൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമവും, ഊർജ്ജസ്വലവുമാർക്കണ്ടത് വികസന കാര്യത്തിൽ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.

## നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും കുറഞ്ഞത് ഒരു മഹിളാ സാമാജമെങ്കിലും ആരംഭിക്കുകയും അവർക്ക് സ്വന്തമായി ആസ്ഥാനങ്ങൾ ഉണ്ടാകേണ്ടതുമാണ്.
2. മഹിളാ സമാജങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് സംഘടനാ പ്രവർത്തനം ശക്തിപ്പെടു ത്തേണ്ടതും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന സമാജങ്ങൾക്കു ഗ്രാൻറുകൾ പഞ്ചായത്ത ലത്തിൽ നൽകി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.
3. മഹിളാ സമാജത്തിൻെറ ആഭിമുഖ്യത്തിൽ നടത്തുന്ന ബാലവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും അദ്ധ്യാപകർക്ക് കാലാകാല ങ്ങളിൽ പരിശീലനം നൽകേണ്ടതുമാണ്.
4. കൂട്ടായ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് ആവശ്യമായ ബോധവത്ക്കരണവും, പരിശീലനവും പഞ്ചായത്തു തലത്തിൽ വനിതകൾക്ക് നൽകേണ്ടതാണ്.
5. ഇപ്പോൾ നടത്തി വരുന്ന വനിതാ നേതൃത്വ പരിശീലന ക്യാമ്പുകളുടെ അവസാനം പഞ്ചായത്തടിസ്ഥാനത്തിലുള്ള പ്രവർത്തന രേഖയ്ക്ക് രൂപം നൽകി പ്രാവർത്തികമാക്കേണ്ടതാണ്.
6. വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും പദ്ധതികളുടെ നടത്തിപ്പിലും മഹിളാ സമാജങ്ങൾക്ക് പങ്കാളിത്വം നൽകേണ്ടതാണ്.
7. DWCRA വനിതാ വ്യവസായ സഹകരണ സംഘം, തുടങ്ങിയവയിൽ കൂടി തൊഴിൽ പരിശീലനം നേടുന്നതിനും വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
8. മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ ചെറുകിട നിക്ഷേപക വായ്പാ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും ചെറുകിട വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവസരമൊരുക്കേണ്ടതാണ്.
9. തൊഴിൽ പരിശീലനം നേടാനാഗ്രഹിക്കുന്ന ധാരാളം വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിദൂരസ്ഥലങ്ങളിലെ പരിശീലന കേന്ദ്രങ്ങളിൽ പോകുവാൻ തക്ക സാഹചര്യം ഇല്ലാത്തവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നു. വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും പ്രാദേശിക അസംസ്കൃത സാധനങ്ങൾ സ്വരൂപിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും കഴിയുന്ന സംരംഭങ്ങൾ പഞ്ചായത്തടി സ്ഥാനത്തലുണ്ടാകേണ്ടിയിരിക്കുന്നു.
10. പഞ്ചായത്തിലെ 95% വീടുകളിലും വിറകടുപ്പാണ് സാധാരണ ഉപയോഗിച്ചു വരുന്നത്യ വിറകിൻെറ ദൗർലഭ്യവും, നിരന്തരമായി പുക ശ്വസിക്കുന്നതു കൊണ്ടുളള മാരക രോഗങ്ങളും ഒരു പ്രശ്നമാണ്. പരമ്പരാഗത അടുപ്പുകൾ മാറ്റി ഇക്കാര്യത്തിൽ ആധുനിക ദക്ഷത കൂടിയ അടുപ്പിൻെറ ഉപയോഗത്തെ കുറിച്ച് വനിതകളെ ബോധവല്ക്കരിക്കുകയും അടുപ്പ് നിർമ്മാണത്തിൽ വനിതകൾക്കും പരിശീലനം നൽകേണ്ടതാണ്. അത് അവർക്ക് തൊഴിൽ മാർഗ്ഗമാകുന്നതാണ്.
11. ആരോഗ്യപരിപാലന രംഗത്ത് വനിതാ സ്വസ്തിക് സംഘങ്ങൾ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.
12. ആശുപത്രികളിൽ ആഴ്ചയിലൊരിക്കലെങ്കിലും ഗൈനക്കോളജിസ്റ്റിൻെറ പ്രവർത്തനം ഉറപ്പു വരുത്തണം.

പഞ്ചായത്തിലെ പ്രധാന മഹിളാ സമാജങ്ങൾ

1. ലില്ലിമൊറായിസ് മഹിളാസമാജം ആട്ടുകാൽ
2. മഹിളാസമാജം പനയമുട്ടം
3. ചൈതന്യാ മഹിളാസമാജം വിശ്വപുരം
4. പ്രിയദർശിനി മഹിളാസമാജം പേരയം
5. അംബേദ്ക്കർ മെമ്മോറിയൽ മഹിളാസമാജം ഏരുമല
6. അപ്സരാ മഹിളാസമാജം S.N. പുരം
7. മലമുകൾ മഹിളാസമാജം മലമുകൾ

കൂടാതെ മൊട്ടക്കാവ് കേന്ദ്രമാക്കി പുതുതായി ഒരു മഹിളാസമാജം രൂപീകൃതമായിട്ടുണ്ട്.

ദേശീയ സമ്പാദ്യ പദ്ധതി

ഗ്രാമീണ ജനങ്ങളുടെ പ്രത്യേകിച്ചും വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഈ പദ്ധതി പ്രകാരം പഞ്ചായത്തിലെ 60% കുടുംബങ്ങളെയും ദേശീയ സമ്പാദ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും 5 മഹിളാ പ്രധാൻ ഏജൻറുമാരാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. കൂട്ടായ പ്രവർത്തനങ്ങൾ ഈ രംഗത്തുണ്ടായതിൻെറ ഫലമായി ജില്ലയിലെ ആദ്യത്തെ ബച്ചത് പഞ്ചായത്ത് എന്ന പദവി കരസ്ഥമാക്കാൻ സാധിച്ചു കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.

സാക്ഷരത ജനവിദ്യാകേന്ദ്രങ്ങൾ

വനിതാ സാക്ഷരതാ നിരക്ക് വളരെ പിന്നോക്കമാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഇടയിലും ദരിദ്ര വനിതകളുടെ ഇടയിലും നിരക്ഷരത നീക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനത്തിൻെറ ഒന്നാം ഘട്ടത്തിൽ 202 ക്ലാസ്സുകളും, രണ്ടാം ഘട്ടത്തിൽ 46 ക്ലാസ്സുകളും, മൂന്നാം ഘട്ടത്തിൽ 34 ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. ഈ ക്ലാസ്സുകളിലെ പഠിതാക്കളിൽ 70% സ്ത്രീകളായിരുന്നു. എങ്കിലും നിരക്ഷരരായ സ്ത്രീകൾ ഇപ്പോഴും പഞ്ചായത്തിലുണ്ട്. 4 ജനവിദ്യാകേന്ദ്രങ്ങളും 21 അക്ഷര സംഘങ്ങളുമാണ് ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. നിരക്ഷരതാ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വനിതാ സന്നദ്ധ പ്രവർത്തകരുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തേണ്ടത് ഈ രംഗത്ത് അവശ്യം വേണ്ടതാണ്.

14

# സാമൂഹ്യക്ഷേമം

അശരണരുടെയും ആലംബഹീനരുടെയും ക്ഷേമ കാര്യങ്ങൾ ഉറപ്പുവരുത്തി അവരെ സാമൂഹ്യ ധാരയിൽ പങ്കാളികളാക്കുന്ന വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

ഈ മേഖലയിലെ പ്രവർത്തനങ്ങളെ പ്രധാനമായും മൂന്നായി തരം തിരിക്കാം.

1. വിവധപെൻഷനുകൾ, ക്ഷേമനിധികൾ, ധന സഹായങ്ങൾ
2. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ
3. വനിതാ-ശിശുക്ഷേമ പദ്ധതികൾ

92 മുതൽ 96 വരെയുള്ള നാല് വർഷക്കാലയളവിൽ പഞ്ചായത്തിൽ നൽകിയ വിവിധ ധനസഹായങ്ങളുടെ വിവരം.

| | പദ്ധതി | എണ്ണം |
|---|---|---|
| 1. | വാർദ്ധക്യകാല/അഗതി പെൻഷൻ | 108 |
| 2. | വിധവാ പെൻഷൻ | 36 |
| 3. | വികലാംഗപെൻഷൻ | 12 |
| 4. | ദുർബലവിഭാഗങ്ങൾക്കുള്ള പ്രസവാനുകൂല്യങ്ങൾ | 20 |
| 5. | വിവിധാ ചികിത്സാ സഹായങ്ങൾ | 13 |
| 6. | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | -- |
| 7. | ഭൂരഹിത കർഷകത്തൊഴിലാളികൾക്കുള്ള മരണാനന്തരസഹായം | -- |
| 8. | വീട് പുരകെട്ടിമേയുന്നതിനുള്ള ധനസഹായം | 4 |
| 9. | കർഷകത്തൊഴിലാളി പെൻഷൻ | 4 |
| 10. | പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ട പരിഹാരം | -- |
| 11. | വീട് വൈദ്യുതീകരിക്കുന്നതിനുള്ള ധനസഹായം | 61 |

വിവിധ ആനുകൂല്യങ്ങൾ അർഹരായവരിൽ വളരെ കുറച്ചുപേർക്ക് മാത്രമേ ലഭിക്കുന്നുള്ളു. വാർദ്ധക്യ കാല/അഗതി പെൻഷൻ അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിന്റെ സങ്കീർണ്ണതകൾ കാരണം അർഹരായ പലരും പരിഗണിക്കപ്പെടാതെ പോകുന്നുണ്ട്. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം, ദുർബലവിഭാഗങ്ങൾക്കുള്ള പ്രസാവാനുകൂല്യങ്ങൾ എന്നിവ യഥാവസരം ലഭിക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസാനുകൂല്യം മറ്റ് ദുർബലവിഭാഗങ്ങൾക്ക് കൂടി ലഭ്യമാക്കേണ്ടുന്ന പദ്ധതിക്ക് രൂപം നൽകേണ്ടതാണ്.

**1992-ലെ IRDP സർവ്വെ ലിസ്റ്റിൽനിന്നും വായ്പ സഹായം ലഭിച്ചവർ**

| വർഷം എണ്ണം | ആകെ | വായ്പ | ധനസഹായം |
|---|---|---|---|
| 1993-92 | 46 | 2,39,224 | 1,58,386 |
| 1993-94 | 48 | 2,40,139 | 1,50,126 |
| 1994-95 | 76 | 2,52,414 | 1,70,330 |
| 1995-96 | 54 | 6,12,028 | 3,35,698 |
| ആകെ | 224 | 13,43,805 | 8,14,540 |

1996-97-ൽ 60 പേർക്കായി 12,50,000 രൂപ വായ്പയും സബ്സിഡിയുമായി വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വായ്പ നൽകുന്നതിന് ബാങ്കുകളിൽനിന്നും നിസഹകരണം ഉണ്ടാകുന്നില്ല. വായ്പകൾ ഗുണഭോക്താക്കൾ ശരിയായി വിനിയോഗിക്കുന്നില്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് ഭാരിച്ച തുകകൾ കുടിശ്ശിക ആകുന്നതിൽ അടക്കേണ്ടതുണ്ട്. വായ്പകൾ എടുത്ത് ദുർവിനിയോഗം ചെയ്ത് ബുദ്ധിമുട്ടിലായ ധാരാളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പദ്ധതികളുടെ നിർവഹണത്തിൽ ഗുണഭോക്താക്കളുടെ സഹകരണവും ശരിയായ മേൽനോട്ടവും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1 I.R.D.P. ആനുകൂല്യങ്ങൾക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഞ്ചായത്ത് തലത്തിൽ ശരിയായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.

2. I.R.D.P. പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ആസ്തികൾ നിലനിർത്തുന്നതിനും ശരിയായ നിലയിൽ പരിപാലിക്കുന്നതിനും വേണ്ട മേൽനോട്ടം നടത്തുക.

3. വായ്പ കൃത്യമായി അടച്ച് ബാങ്കുകളുടെ സഹകരണം നിലനിർത്തുന്നതിന് കൂട്ടായി യത്നിക്കുക.

## ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ

1992-ലെ IRDP സർവ്വെ പ്രകാരം പഞ്ചായത്തിൽ 2180 കുടുംബങ്ങളെയാണ് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരായി കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിൽ 1250 ഓളം പേർക്ക് വാസയോഗ്യമായ വീടില്ലാത്തവരും 1600 ഓളം കുടുംബങ്ങൾ സ്വന്തമായി കക്കൂസില്ലാത്ത വരുമാണ്. 1992 മുതൽ 96 വരെയുള്ള നാല് വർഷക്കാലം ആകെ 224 കുടുംബങ്ങൾക്ക് തൊഴിൽ ചെയ്യുന്നതിന് IRDP പ്രകാരം ബാങ്ക് വായ്പയും സർക്കാർ ധന സഹായവും ലഭിച്ചിട്ടുണ്ട്. ശരാശരി ഒരു വർഷം 56 കുടുംബങ്ങൾക്ക് IRDP ധനസഹായം ലഭിക്കുന്നുണ്ട്. അതിൽ 50% പേർ ദാരിദ്ര്യരേഖ തരണം ചെയ്തുവരുന്നു. മുൻ കാലങ്ങളിൽ സഹായം ലഭിച്ചവർ ഈ ലിസ്റ്റിൽ വരുന്നില്ല. കൂടാതെ IRDP ലിസ്റ്റിൽ ഉൾപ്പെടാത്ത ധാരാളം കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെ ഉണ്ട്.

### IRDP സർവ്വേ ലിസ്റ്റ്
### 1992 മുതൽ 96 വരെയുള്ള കണക്കുകൾ

| വാർഡ് | | ആകെ എണ്ണം | അതിൽ സഹായം ലഭിച്ച കുടുംബങ്ങൾ SC/ST | | SC/ST |
|---|---|---|---|---|---|
| I | മൊട്ടക്കാവ് | 293 | 7 | 18 | 7 |
| II | കേർത്തകുളങ്ങര | 295 | 8 | 27 | 8 |
| III | ആല്ലുകാൽ | 271 | 7 | 20 | 6 |
| IV | പനയമുട്ടം | 194 | 3 | 19 | 3 |
| V | പേരയം | 275 | 26 | 21 | 17 |
| VI | അജയപുരം | 158 | 57 | 43 | 32 |
| VII | S.N.പുരം | 160 | 48 | 21 | 16 |
| VIII | ആറ്റിൻപുറം | 245 | 47 | 31 | 24 |
| IX | പനവൂർ | 289 | 18 | 24 | 5 |
| | ആകെ | 2180 | 221 | 224 | 128 |

## TRISEM (തൊഴിൽ പരിശീലന പരിപാടികൾ)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബങ്ങളിലെ യുവതി-യുവാക്കൾക്ക് സൗജന്യമായി തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി പഞ്ചായത്തിൽ വളരെ കുറച്ചുമാത്രമേ നടക്കുന്നുള്ളൂ. എട്ടാം പദ്ധതിക്കാലത്ത് ആകെ പതിനൊന്ന് പേർക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പരിശീലനം ലഭിച്ചിട്ടുള്ളത്. അതിൽ പത്ത് പേർ തൊഴിൽ ചെയ്തു വരുന്നുണ്ട്. **1996-97** വർഷത്തിൽ വിവിധ വിഷയങ്ങളിലായി ഇരുപത് പേർ തൊഴിൽ പരിശീലനം നേടിവരുന്നു.

**1996-97**-ലെ തൊഴിൽ പരിശീലനം നേടുന്നവരുടെ വിവരം

| | പരിശീലനവിഷയം | എണ്ണം |
|---|---|---|
| 1. | കുടനിർമ്മാണം | 5 |
| 2. | ലതർ/റക്സിൻ നിർമ്മാണം | 5 |
| 3. | കൈത്തറി നെയ്ത്ത് | 10 |
| | ആകെ | 20 |

### പ്രശ്നങ്ങൾ

1. തൊഴിൽ പരിശീലനം നേടുന്നതിന് ധാരാളം യുവതീയുവാക്കൾ മുന്നോട്ടുവരുന്നുണ്ട്. അവർക്ക് അനുയോജ്യമായ പരിശീലനം നൽകുന്നതിനുള്ള പരിശീലനകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇല്ല. വിദൂര സ്ഥലങ്ങളിൽ പോയി പരിശീലനം നേടുവാൻ തക്ക സാഹചര്യമോ സാമ്പത്തിക സഹായമോ ഈ പഞ്ചായത്തിലുള്ളവർക്ക് ലഭിക്കുന്നില്ല.

2. പഞ്ചായത്തിൽ ഈറ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഇരുപതോളം കുടുംബങ്ങളുണ്ട്. അവരുടെ ഉല്പന്നങ്ങളിൽ വൈവിധ്യവല്കരണം ആവശ്യമാണ്. അതിനുള്ള പരിശീലനം ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

3. പഞ്ചായത്തിൽ പ്രാദേശികമായി സ്വരൂപിക്കാൻ കഴിയുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് നടത്തുവാൻ കഴിയുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്.

4. തൊഴിൽ പരിശീലനം നേടി വരുന്നവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടിയുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇന്നുള്ള വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്.

5. തൊഴിൽ പരിശീലനം നേടി സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

6. തൊഴിൽ പരിശീലനം നേടിവരുന്നവർ കൂട്ടായി തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7. IRDP ഉല്പന്നങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വിപണ സൗകര്യമുണ്ടാക്കേണ്ടിയിരിക്കുന്നു.

## D.W.C.R.A.

ഗ്രാമീണ വനിതാ ശിശുവികസന പദ്ധതി പ്രകാരം പഞ്ചായത്തിന്റെ അജയപുരം വാർഡിൽ ഒരു കൈത്തറി നെയ്ത്ത് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ട്രൈസം തൊഴിൽ പരിശീലനം ലഭിച്ച പത്ത് വനിതകളാണ് അതിലെ അംഗങ്ങൾ. തൊഴിൽ ചെയ്യുന്നതിന് അവശ്യം വേണ്ടുന്ന സ്ഥലസൗകര്യം ഇല്ലാത്തത് പ്രസ്തുത സ്ഥാപനം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. **1994**-ൽ പ്രവർത്തനമാരംഭിച്ച ടി സ്ഥാപനം ഇന്നും ബാലാരിഷ്ടത കടന്നിട്ടില്ല. IRDP പ്രകാരം പനവൂർ സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും വായ്പ അനുവദിച്ച **96,000** രൂപയും സർക്കാർ ധനസഹായമായി നൽകിയ **44,000** രൂപയുമാണ് അതിന്റെ മൂലധനം. റിവോൾവിംഗ് ഫണ്ടായി **25,000** രൂപ സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

### ബാലവാടികൾ

ആട്ടുകാൽ, പനയമുട്ടം, വിശ്വപുരം, പേരയം, എസ്.എൻ. പുരം എന്നിവിടങ്ങളിലെ അഞ്ച് ബാലവാടികളും. ഏരുമലയിൽ ഒരു ANP സെന്ററുമാണ് ഇന്ന് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നത്. ഒൻപതാം വാർഡിലെ മലമുകൾ എന്ന സ്ഥലത്ത് എട്ട് വർഷമായി ഒരു ബാലവാടി അടഞ്ഞുകിടക്കുന്നു. അതാതു പ്രദേശത്തെ മഹിളാസമാജങ്ങളാണ് ഈ ബാലവാടികളുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കുന്നത്. ശരാശരി **25** മുതൽ **35** വരെ കുട്ടികൾ ഈ ബാലവാടികളിലുണ്ട്. ഈ ബാലവാടികളിലെ ഹാജർനില വളരെ മോശമാണ്. പഠനോപകരണങ്ങളുടെയും കളിക്കോപ്പുകളുടെയും അഭാവം എല്ലാ ബാലവാടികളിലും ഒരു പ്രധാന

കുട്ടികളെ അങ്ങോട്ടയക്കാൻ രക്ഷകർത്താക്കൾ മടിക്കുന്നു. സമ്പന്നരായവർ കുട്ടികളെ മറ്റ് നഴ്സറികളിലും ഇംഗ്ലീഷ് മീഡിയം നഴ്സറികളിലും അയക്കുന്നു. അഞ്ച് വയസ്സിന് താഴെ പ്രായമുള്ള 45% കുട്ടികൾക്കും നഴ്സറി വിദ്യാഭ്യാസം അപ്രാപ്യമാണ്. ബാലവാടികളോടനുബന്ധിച്ച് ഫീഡിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. പയറും കഞ്ഞിയുമാണ് ഈ കേന്ദ്രങ്ങളിൽകൂടി വിതരണം ചെയ്തുവരുന്നത്. മഹിളാസമാജം ഭാരവാഹികളും പഞ്ചായത്ത് ജനപ്രതിനിധികളും അടങ്ങുന്ന ഇംപ്ലിമെന്റേഷൻ കമ്മിറ്റികളാണ് ഫീഡിംഗിന്റെ ചുമതല വഹിക്കുന്നത്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളും ഗർഭിണിമാരും മുലയൂട്ടുന്ന അമ്മമാരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ. 45 മുതൽ 80 വരെ ഗുണഭോക്താക്കൾ ഓരോ സെന്ററിലുമുണ്ട്.

## നിർദ്ദേശങ്ങൾ

1. നിവിലുള്ള ബാലവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഓരോ വാർഡിലും ഓരോ ബാലവാടികളും അതോടൊപ്പം ഫീഡിംഗ് സെന്ററുകളും ആരംഭിക്കേണ്ടതാണ്.

2. പട്ടികജാതിക്കാർ കൂടുതൽ താമസിക്കുന്ന അംബേദ്കർ ഗ്രാമത്തിൽ പട്ടികജാതി വകുപ്പിന്റെ മേൽനോട്ടത്തിലുള്ള നഴ്സറി സ്കൂളിന് സ്വന്തമാക്കി കെട്ടിടം കെട്ടുന്നതിനും പ്രവർത്തനം ഫലവത്താക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഏരുമല IHDP കോളനിയിൽ SCP പദ്ധതി പ്രകാരം ഫീഡിംഗ് സെന്ററിന് സ്വന്തമായി കെട്ടിടം പണിതു വരികയാണ്. അവിടെ ഒരു പ്രീ-പ്രൈമറി വിദ്യാലയം സ്ഥാപിക്കേണ്ടതാണ്.

4. **പഞ്ചായത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിൽ ശിശു മന്ദിരം സ്ഥാപിക്കേണ്ടതാണ്.**

5. മലമുകൾ ബാലവാടി പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

6. മൂന്നാം വാർഡിലെ കടുവാപോക്കിൽ അഞ്ച് സെന്റ് സ്ഥലം കിടക്കുന്നത് ബാലവാടിക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

7. ബാലവാടികളിൽ കൃത്യമായും കുട്ടികളുടെ നിരക്ക്(Growth Monitering) പരിശോധിക്കുകയും ആരോഗ്യ പരിപാലനത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്.

8. ബാലവാടികളിൽ മാസത്തിലൊരിക്കൽ മാതൃസംഗമം സംഘടിപ്പിക്കുകയും ആരോഗ്യ വിദ്യാഭ്യാസ ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്.

9. പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികവും നിർബന്ധിതമാക്കുന്നതിന് വേണ്ട പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്.

## ഭവനനിർമ്മാണം

സാമൂഹ്യസേവന മേഖലയിൽ ദാരിദ്ര്യ രേഖയ്ക്കും താഴെയുള്ളവർക്കായി വിവിധ ഭവന നിർമ്മാണ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

### വീടുകൾ (എട്ടാം പദ്ധതിക്കാലത്ത്)

| പദ്ധതി | ആകെ എണ്ണം | SC/ST | മറ്റുള്ളവർ |
|---|---|---|---|
| IAY/JRY/MWS | 64 | 40 | 24 |
| പഞ്ചായത്ത് ഉപാധിരഹിത ഫണ്ട് | — | 25 | — |
| SC വകുപ്പ് പ്രകാരം | — | —— | — |
| ST വകുപ്പ് പ്രകാരം | 3 | 3 | — |
| മറ്റ് രീതിയിൽ പഞ്ചായത്ത് JRY ഫണ്ട് | 32 | 32 | — |

### കക്കൂസ്

**ആരോഗ്യപരിപാലന രംഗത്ത് ഏറ്റവും പ്രാധാന്യമർഹിക്കുന്നതാണ് കക്കൂസ് നിർമ്മാണം. സ്വന്തമായി കക്കൂസില്ലാത്ത 40% ത്തോളം കുടുംബങ്ങൾ** പഞ്ചായത്തിലുണ്ട്. ശരിയായ സാനിറ്റേഷന്റെ അഭാവം മലജന്യരോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകുന്ന വിവിധ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ശരാശരി വർഷത്തിൽ നാല്പതിനും അൻപതിനും ഇടയ്ക്ക് കുടുംബങ്ങൾക്ക് മാത്രമേ ഇപ്രകാരം ധനസഹായം ലഭിക്കുന്നുള്ളൂ. ഇത് പ്രശ്നപരിഹാരത്തിന് തീരെ അപര്യാപ്തമാണ്. ഒരു വർഷത്തിൽ കുറഞ്ഞത് 200 കുടുംബങ്ങൾക്കെങ്കിലും ധനസഹായം നൽകാൻ കഴിഞ്ഞാൽ അടുത്ത അഞ്ച് വർഷം കൊണ്ട് ഈ പ്രശ്നം കുറെ ഒക്കെ പരിഹരിക്കാൻ കഴിയും.

ഇക്കാര്യത്തിൽ സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകേണ്ടിയിരിക്കുന്നു. ചെലവ് കുറഞ്ഞതും ആധുനികവുമായ ഇരട്ടക്കുഴി കക്കൂസിന്റെ നിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതാണ്. അവയുടെ നിർമ്മാണത്തിനാവശ്യമായ പരിശീലനവും ഗുണഭോക്താക്കൾക്ക് ബോധവല്ക്കരണവും ഈ രംഗത്ത് ആവശ്യമാണ്. സന്നദ്ധസംഘടനകളുടെ പ്രവർത്തനം കക്കൂസ് നിർമ്മാണ രംഗത്ത് പ്രയോജനപ്പെടുത്തുവാൻ കഴിയും. കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും സാനിട്ടറി കോംപ്ലക്സുകൾ നിർമ്മിക്കുകയും അവയുടെ സംരക്ഷണവും പരിപാലനവും സ്ഥലത്ത് രൂപീകരിക്കുന്ന വനിതാ സംഘങ്ങളെ ഏല്പിക്കുകയും ചെയ്യുന്നത് പരിസരശുചീകരണത്തിനു് വരുമാനത്തിനും സഹായിക്കും.

1992 മുതലുള്ള നാല് വർഷക്കാലം CRSP, CD എന്നീ പദ്ധതികൾ വഴി ബ്ലോക്കുമുഖാന്തിരം 89 കുടുംബങ്ങൾക്കും പഞ്ചായത്ത് വിവിധ ഫണ്ടിൽ നിന്ന് 160 കുടുംബങ്ങൾക്കും കക്കൂസ് നിർമ്മാണ ധനസഹായം നൽകിയിട്ടുണ്ട്. ബ്ലോക്ക് മുഖാന്തിരം 2000 രൂപയും പഞ്ചായത്ത് 1000 രൂപയും ആണ് ധനസഹായമായി നൽകിവരുന്നത്. ഗുണഭോക്താക്കളുടെ വിഹിതവുംകായികാധ്വാനവും പ്രയോജനപ്പെടുത്തിയാലു് ഈ തുകകൾ തീരെ അപര്യാപ്തമാണ്.

**ജലസേചന കിണറുകൾ**

ദാരിദ്രയരേഖയ്ക്ക് താഴെയുള്ള ചെറുകിട/ഇടത്തരം കർഷകർക്ക് കാർഷികാവശ്യത്തിനായി കിണറുകൾ കുഴിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി (MWS) പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനാമയും പട്ടികജാതി/വർഗ്ഗങ്ങൾക്കാണ് ധനസഹായം നൽകി വരുന്നത്. ഈ പദ്ധതിപ്രകാരം എട്ടാം പദ്ധതിക്കാലത്ത് എട്ട് കിണറുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. അതിൽ നാല് കിണറുകളുടെ പണി പൂർത്തിയാവുകയും നാലെണ്ണം ഭാഗീകമായി പണി നടന്നുവരികയുമാണ്. നിർവ്വഹണത്തിൽ ഗുണഭോക്താവിന്റെ പങ്കാളിത്തം ഈ പദ്ധതിയിൽ ഉറപ്പാക്കേണ്ടത് പദ്ധതി വിജയത്തിന് അത്യാവശ്യമാണ്. 1996-97 വർഷത്തിൽ നാല് കിണറുകൾക്ക് അനുവാദം ലഭിച്ചിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കിണർ വൃത്തിയാക്കുന്നതിനുള്ള ധനസഹായം നടപ്പിലാക്കേണ്ടത് ഈ രംഗത്തെ അടിയന്തിര ആവശ്യ മാണ്.

**കക്കൂസ് നിർമ്മാണ ധനസഹായത്തിന്റെ വിശദവിവരങ്ങൾ**

| വാർഡ് | ആകെ കുടുംബങ്ങൾ | കക്കൂസില്ലാത്ത കുടുംബങ്ങൾ | ബ്ലോക്കിൽനിന്നും ധനസഹായം ലഭിച്ചവർ | പഞ്ചായത്ത് ധനസഹായം |
|---|---|---|---|---|
| I | 665 | 298 | 6 | 27 |
| II | 715 | 380 | 13 | 14 |
| III | 724 | 289 | 9 | 17 |
| IV | 632 | 322 | 6 | 17 |
| V | 660 | 400 | 16 | 17 |
| VI | 766 | 296 | 11 | 17 |
| VII | 754 | 325 | 10 | 17 |
| VIII | 862 | 340 | 10 | 17 |
| IX | 801 | 475 | 8 | 17 |
| ആകെ | 6579 | 3125 | 89 | 160 |

## ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ Ref. JRY work Reg.

| | ജനറൽ | | SC/ST | |
|---|---|---|---|---|
| പണിയുടെ പേര് | എസ്റ്റിമേറ്റ് തുക | നൽകിയത് | എസ്റ്റിമേറ്റ് തുക | നൽകിയത് |
| 1. കൊങ്ങണംകോട് നെല്ലിക്കുന്ന് റോഡിൽ ചെവിടംപാറ filling | 40000 | 39600 | — | — |
| 2. ചെറുവേലി-പാണയം തോട്ടിൽ ബണ്ടും സ്ലാബും | 30815 | 30625 | — | — |
| 3. പന്നിക്കോണം-കോതകുളങ്ങര ഫുട്പാത്തും സൈഡുവാളും | 25000 | 24936 | — | — |
| 4. നെടുമ്പ റോഡ് filling | 20000 | 18764 | — | — |
| 5. പനയമുട്ടം-ആറ്റിൻപുറം റോഡ് സൈഡ് വാൾ | 15000 | 15000 | — | — |
| 6. പേരയം-പള്ളിനട റോഡ് | 25000 | 15938 | — | — |
| 7. മാങ്കുഴി റോഡ് കൾവർട്ട് | 20000 | 19695 | — | — |
| 8. മലമുകൾ-തീർത്ഥങ്കര റോഡ് നിർമ്മാണം | 20000 | 19800 | — | — |
| 9. കഴക്കുന്ന്-നെടുമ്പ തോട്ടിൽ ബണ്ട് നിർമ്മാണം | 9750 | 9750 | — | — |
| 10. SC/STക്ക് അഞ്ച് വീടുകൾ | | | 77500 | 76000 |

# 15 സഹകരണ മേഖല

ഗ്രാമീണജനതയുടെ ജീവിതത്തിൻെറ സമസ്ത മേഖലയുടെയും പുരോഗതിയിൽ സഹകരണ മേഖലയുടെ പ്രവർത്തനം ഇന്ന് നിർണ്ണായക സ്വാധീനമാണ് ചെലുത്തി വരുന്നത്. ഒരു സമാന്തര സമ്പദ്ഘടനയായി കേരള സഹകരണപ്രസ്ഥാനം വികാസം പ്രാപിച്ചിരിക്കുന്നു.

ആറാം പഞ്ചവത്സര പദ്ധതി വരെ ആസൂത്രണ പ്രക്രിയയിൽ സഹകരണ പ്രസ്ഥാനത്തിന് ചെറുതല്ലാത്ത പങ്കാണ് ആസൂത്രകർ നൽകിവന്നിരുന്നത്. ഒരു ഘട്ടത്തിൽ ഭരണാധികാരികൾ സോഷ്യലിസ്റ്റ് ഭരണനിർമ്മാണം ലക്ഷ്യമാക്കി പ്രഖ്യാപിച്ചതോടെ സഹകരണപ്രസ്ഥാനത്തിന് പഞ്ചവത്സരപദ്ധതിയിൽ കൂടുതൽ പ്രാധാന്യം കൈവന്നിരുന്നതാണ്. നിർഭാഗ്യവശാൽ തുടർന്നുള്ള പ്ലാനിംഗിൽ ഒരു പ്രാധാന്യം ഇല്ലാതെ പോവുകയും ചെയ്തു.

എങ്കിലും കേരളത്തിൽ ജനജീവിതത്തിലെ എല്ലാ മേഖലയിലും സഹകരണ പ്രസ്ഥാനത്തിൻെറ പ്രവർത്തനം ചെന്നെത്തിയിട്ടുണ്ട്. ക്രഡിറ്റ് മേഖലയിൽ, പ്രത്യേകിച്ചും കാർഷികരംഗത്ത് ഇന്ന് സഹകരണപ്രസ്ഥാനം വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ഈ രംഗത്ത് മാത്രമല്ല, ചികിത്സാ-വിദ്യാഭ്യാസ-വ്യവസായം തുടങ്ങി എല്ലാ മേഖലയിലും സഹകരണ സ്ഥാപനം അതിൻെറ സാന്നിദ്ധ്യവും പ്രാഗത്ഭ്യവും തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിലും സഹകരണ പ്രസ്ഥാനം ഇന്ന് കേരളത്തിൽ ചെറുതല്ലാത്ത പങ്കാണ് വഹിച്ചുവരുന്നത്.

നമ്മുടെ പഞ്ചായത്ത് തികച്ചും ഒരു ഗ്രാമ പ്രദേശമാണ്. ഇടത്തരം ദരിദ്ര കൃഷിക്കാരും കർഷകത്തൊഴിലാളികളും ചേർന്നാൽ ജനസംഖ്യയിൽ ഗണ്യമായ ഒരു സംഖ്യ വരും. ഈ മേഖലയുടെ വികസനമാണ് നമ്മുടെ ഗ്രാമത്തിൻെറ വികസനത്തിൻെറ അടിസ്ഥാനമായിരുന്നത്.

ചെറിയതുണ്ട് ഭൂമിപോലും റബ്ബർകൃഷി കീഴടക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ആ രംഗത്തെ ഉല്പാദന വർദ്ധനവും ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കലും പ്രാധാന്യം അർഹിക്കുന്നതാണ്.

### ആനാട് ഫാർമേഴ്സ് സഹകരണ ബാങ്ക്:

ഈ രംഗങ്ങളിലെല്ലാം ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു സഹകരണ പ്രസ്ഥാനമാണ് ആനാട് ഫാർമേഴ്സ് ബാങ്ക്. ആനാട്-പനവൂർ പഞ്ചായത്തുകൾ ചേർന്ന് ആനാട് പഞ്ചായത്തായിരുന്നപ്പോൾ ഇന്നത്തെ പനവൂർ പഞ്ചായത്തിൽപ്പെട്ട കരക്കുഴി എന്ന സ്ഥലത്ത് മലയാള വർഷം 1100-ൽ (1924-A.D) ഏതാനും കൃഷക്കാർ അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് രൂപീകരിച്ച "പരസ്പര സഹായസംഘ" മാണ് പിൽക്കാലത്ത് "പരസ്പരസഹായ സഹകരണസംഘ"മായി പരിവർത്തനം ചെയ്യപ്പെട്ടത്. സംഘം പ്രവർത്തനത്തിനം അന്ന് ഇവർ സ്വരൂപിച്ച നാല്പത് സെൻ്റോളം വരുന്ന വസ്തു ആനാട് ഫാർമേഴ്സ് ബാങ്കിൻെറ ഉടമസ്ഥതയിൽ ഇന്നും ഉണ്ട്. കരിക്കുഴിക്ക് സമീപം മുളമൂട് എന്ന സ്ഥലത്തുള്ള പ്രസ്തുത ഭൂമിയിൽ സംഘം പ്രവർത്തനത്തിന് അന്ന് അവർ കെട്ടിയ ഓല ഷെഡ് പിൽക്കാലത്ത് വളരെനാൾ "സംഘപ്പുര" എന്ന് അറിയപ്പെട്ടിരുന്നു. ആ പരസ്പരസഹായസഹകരണ സംഘമാണ് പിന്നെ ആനാട്ടേക്ക് മാറ്റി സ്ഥാപിച്ചത്. ഈ സ്ഥാപനമാണ് പിന്നെ വിവിധോദ്ദേശ സഹകരണസംഘം, റീജിയണൽ സഹകരണസംഘം, സർവ്വീസ് സഹകരണബാങ്ക് എന്നീനിലയിൽ പ്രവർത്തിച്ച് 1978-ൽ തിരുവനന്തപുരം ജില്ലയിലെ ആദ്യ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കായി വളർച്ച പ്രാപിച്ചിട്ടുള്ളത്. ആനാട് ഫാർമേഴ്സ് ബാങ്കിൻെറ പനവൂർ ബ്രാഞ്ചിൽനിന്നാണ് പനവൂർ പഞ്ചായത്ത് നിവാസികൾക്ക് ഒരു സഹകരണ സ്ഥാപനത്തിൻെറ നേട്ടങ്ങൾ ലഭിക്കുന്നത്. ആനാട് ബാങ്കിൽ 24000-ത്തോളം അംഗങ്ങൾ ഉള്ളതിൽ 9000-ത്തോളം പേർ പനവൂർ പഞ്ചായത്തിലുള്ളവരാണ്. അംഗീകൃത ഓഹരി മൂലധനം 171 ലക്ഷവും പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം 87.5 ലക്ഷവുമാണ്. ആകെ പ്രവർത്തനമൂലധനം 11 കോടി 75 ലക്ഷം രൂപയാണ്. 8 കോടി 42 ലക്ഷം രൂപ വിവിധ ഇനം നിക്ഷേപമുള്ളതിൽ 7 കോടി 35 ലക്ഷം രൂപ സ്ഥിര നിക്ഷേപമാണ്. ആകെ ഹ്രസ്വകാല-ദീർഘകാല കാർഷികവായ്പക്ക് നൽകിയിട്ടുള്ളത്, 2 കോടി 17 ലക്ഷം രൂപയും കാർഷികേതര വായ്പ 7 കോടി 82 ലക്ഷം രൂപയും ഉൾപ്പെടെ ആകെ ബാക്കി നില്പ് വായ്പ തുക 9 കോടി 99 ലക്ഷം രൂപയാണ്.

സംഘം നടത്തിവരുന്ന 7 കൺസ്യൂമർ സ്റ്റോറു കളിൽ രണ്ടെണ്ണമാണ് പനവൂർ പഞ്ചായത്തിലുള്ളത്. പനവൂർ ബ്രാഞ്ച് ആഫീസിൽ നടത്തുന്നത് ഉൾപ്പെടെ മൂന്ന് വളം ഡിപ്പോകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. റബ്ബർകൃഷിക്കാരിൽനിന്ന് റബ്ബർ സംഭരിക്കുന്നതിനായി ബാങ്ക് മൂന്ന് റബ്ബർ സംഭരണ കേന്ദ്രങ്ങളും പനവൂർ പഞ്ചായത്തിൽ നടത്തുന്നുണ്ട്.

ഹ്രസ്വകാല-ദീർഘകാല കാർഷിക വായ്പകൾക്ക് പുറമേ ഹൗസിംഗ് സ്വർണ്ണപണയ-ഈസി ഇൻസ്റ്റാൾമെൻ്റ്-സ്വയം തൊഴിൽ, ചെറുകിട വ്യവസായം ആരംഭി

ക്കൽ, വിദ്യാഭ്യാസം, വിവാഹം, വസ്തുവാങ്ങൽ തുടങ്ങി ഒരു കുടുംബത്തിൻെറ എല്ലാ ജീവിതാവശ്യങ്ങൾക്കും ഈ സംഘത്തിൽനിന്നും അംഗങ്ങൾക്ക് വായ്പകൾ ലഭിക്കുന്നു. ഭൂമി വാങ്ങാനും ഭൂമി വാങ്ങിയ കടം വീട്ടാനും വാഹനം വാങ്ങാനുമെല്ലാം ഇവിടെ നിന്നും വായ്പ ലഭിക്കുന്നുണ്ട്. സംഘാംഗങ്ങൾക്ക് സഹായകരമായ പല ധനസഹായ പദ്ധതികളും ഈ ബാങ്കിൽ നടപ്പിലാക്കിയിട്ടുണ്ട്.

### 1. മരണാനന്തര സഹായനിധി:

75 രൂപ നല്കി ഈ നിധിയിൽ ചേർന്നിട്ടുള്ള സംഘാംഗങ്ങൾ മരണപ്പെടുമ്പോൾ മരണാനന്തരച്ചെലവുകൾക്കായി 1000 രൂപ മരണ ദിവസം നല്കുന്നു.

### 2. ചിട്ടി റിസ്ക് ഫണ്ട്:

ചിട്ടി പിടിച്ച ഒരംഗം മരിച്ചുപോയാൽ അയാൾ ബാക്കി അടയ്ക്കാനുള്ള തുകയിൽ 1000 രൂപാവരെ ചിട്ടി റിസ്ക് ഫണ്ടിൽ നിന്നും അടയ്ക്കുന്നു.

### 3. വായ്പാ റിസ്ക് ഫണ്ട്:

വായ്പ എടുക്കുന്ന ഒരാൾ മരിച്ചുപോയാൽ 100 രൂപ വരെ ഈ ഫണ്ടിൽനിന്നും അടയ്ക്കുന്നു.

### 4. പർച്ചേസ് ബോണസ്:

സംഘം വക സ്റ്റോറികളിൽനിന്നും സാധനങ്ങൾ വാങ്ങുന്ന സംഘാംഗങ്ങൾക്ക് ഒരു നിശ്ചിത ശതമാനം തുക പർച്ചേസ് ബോണസായി നല്കുന്നു.

### 5. പലിശ ഇളവ്:

കാർഷികേതര വായ്പ 28 തവണകൾ കൃത്യമായി അടയ്ക്കുന്നവർക്ക് 1% പലിശ ഇളവ് നല്കുന്നു. കാർഷിക വായ്പകൾ കുടിശ്ശിക ഇല്ലാതെ അടയ്ക്കുന്നവർക്ക് ഗവൺമെന്റ് നല്കുന്നത് തുടരുന്നു.

6. തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവ മൂലം വീട് നഷ്ടപ്പെടുന്ന അംഗങ്ങൾക്ക് 500 രൂപവരെ ധനസഹായം നൽകുന്നു.

### 7. ലോക്കർ സിസ്റ്റം:

ആഭരണങ്ങളും വിലപിടിപ്പുള്ള റിക്കാർഡുകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ലോക്കർ സൗകര്യവും ഇപ്പോൾ ഈ ബാങ്കിലുണ്ട്.

## സാധ്യതകൾ

1. റബ്ബർ കൃഷി മറ്റെല്ലാകൃഷികളെയും കീഴടക്കി പനവൂർ പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. നമ്മുടെ താലൂക്കിലെ സ്ഥിതിയും വ്യത്യസ്ഥമല്ല. RPS സംഘടിപ്പിച്ച് റബ്ബർ കൃഷിക്കാരിൽനിന്നും പാൽ സംഭരിക്കുന്നുണ്ടെങ്കിലു് ആദായകരമായ വില ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

ഒരു റബ്ബർ അധിഷ്ഠിത വ്യവസായം ഈ[illegible] ബാങ്കിൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നത് ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് തെല്ല് ആശ്വാസം പകരുന്നതോടൊപ്പം റബ്ബർ കൃഷിക്കാർക്ക് കൂടുതൽ ആദായ വില ലഭിക്കുന്ന തിനും ഇടയാക്കുന്നതാണ്. NCDC സഹായത്തോടെ ഈ വ്യവസായം തുടങ്ങുവാൻ ആനാട് ബാങ്കിന് കഴിയും.

2. ജനകീയാസൂത്രണത്തിൻെറ ഭാഗമായി നമ്മുടെ ഗ്രാമങ്ങളിൽ അംഗീകരിച്ചുവരുന്ന വികസന പ്രവർത്തനങ്ങൾ ഇടത്തട്ടുകാരെ ഒഴിവാക്കി ബാങ്കിന് ഏറ്റെടുത്ത് വിജയിപ്പിക്കുവാൻ കഴിയും.

ഇത്തരം ഏറ്റെടുക്കുന്ന പണികൾ വിജകരമായി പൂർത്തീകരിക്കുന്നതിന് തൊഴിലാളികളുടെ ഒരു കർമ്മസേനയെ സജ്ജമാക്കേണ്ടതുണ്ട്.

## സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| സ്ഥാപനത്തിൻെറ പേര്: | ആനാട് ഫാർമേഴ്സ് സഹകരണ ബാങ്ക് LTD NO:919 |
| പ്രവർത്തനപരിധി : | പനവൂർ, ആനാട് പഞ്ചായത്തുകൾ |
| ക്രെഡിറ്റ്/നോൺക്രെഡിറ്റ്: | ക്രെഡിറ്റ് |
| പ്രവർത്തനം ആരംഭിച്ച വർഷം: | 1924AD. മലയാളം1100 |
| ആകെ അംഗങ്ങൾ : | 24000 |
| ഒരു ഓഹരിയുടെ വില : | Rs. 10 |
| അംഗീകൃത ഓഹരിമൂലധനം: | 171 ലക്ഷം |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം: | 87.5 ലക്ഷം |
| പ്രവർത്തന മൂലധനം : | 1175 ലക്ഷം |
| സർക്കാർ ഓഹരി ഉണ്ടോ: | ഉണ്ട് |
| ഉണ്ടെങ്കിൽ ലഭിച്ച തുക : | 5½ ലക്ഷം |
| പരമാവധി കടം എടുക്കാവുന്ന തുക: | 16,59,88,000 |

II

| | |
|---|---|
| സ്ഥിര നിക്ഷേപം : | 735 ലക്ഷം |
| ഹ്രസ്വകാല നിക്ഷേപം : | 107 ലക്ഷം |

## പട്ടികജാതി സഹകരണസംഘം ക്ലിപ്തം.നമ്പർ T-320. ആട്ടുകാൽ

ആനാട്, പനവൂർ പഞ്ചായത്തുകൾ പ്രവർത്തന പരിധിയുള്ളതാണീ സ്ഥാപനം. രണ്ടു പഞ്ചായത്തുകളിലേയും പട്ടികജാതിയിൽപ്പെട്ടവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി രൂപീകരിക്കപ്പെട്ട ഈ സ്ഥാപനം പ്രവർത്തന മാന്ദ്യം കൊണ്ട് വേണ്ടത്ര പുരോഗതി നേടിയിട്ടില്ല. പ്രവർത്തനം വൈവിധ്യവൽക്കരിച്ച് പുതിയ പ്രവർത്തനരീതി അവലംബിച്ചാൽ ധാരാളം സാധ്യതയുള്ള സ്ഥാപനമാണ്.

സാധ്യതയുള്ള സ്ഥാപനമാണ്.

### പ്രവർത്തനങ്ങൾ

1. പലതരത്തിലുള്ള വായ്പാവിതരണം
2. ഭണ്ഡാര നിക്ഷേപം
3. വിവാഹാവശ്യത്തിനുള്ള പാത്രങ്ങൾ വാടകയ്ക്ക് കൊടുക്കുക
4. പവ്വർ ട്രില്ലർ ഉപയോഗിച്ച് കൃഷിക്ക് ഉഴുത് കൊടുക്കുക.

### സാധ്യതകൾ

1. പ്രവർത്തന വൈവിധ്യ വൽക്കരണത്തിലൂടെ ചിട്ടി നടത്തുക, പഞ്ചായത്തുകളിലെ മരാമത്ത് പണികൾ കരാർ എടുത്ത് നടത്തുക.

2. സ്മാൾ സേവിംഗ്സ് പദ്ധതികൾ നടപ്പിലാക്കി വീടുകളിൽ നിന്നും ലഘു തുകകൾ മാസാമാസം ശേഖരിക്കുക.

3. അംഗങ്ങളെ സഹകരിപ്പിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

### സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| സ്ഥാപനത്തിൻെറ പേര് : | ആട്ടുകാൽ പട്ടികജാതി സർവ്വീസ് സഹകരണസംഘം ക്ലിപ്തം T-302. പനയമുട്ടം.പി.ഒ. |
| പ്രവർത്തനപരിധി : | ആനാട്, പനവൂർ പഞ്ചായത്ത് |
| ക്രെഡിറ്റ്/നോൺ ക്രഡിറ്റ്: | ക്രെഡിറ്റ് |
| പ്രവർത്തനം ആരംഭിച്ച വർഷം: | 8-2-1968 |
| ആകെ അംഗങ്ങൾ : | 683 |
| ഒരു ഓഹരിയിടെ വില : | Rs.10 |
| അംഗീകൃത ഓഹരി മൂലധനം: | Rs. 3 lakhs |
| പിരിഞ്ഞികിട്ടിയ ഓഹരി മൂലധനം: | Rs. 25895 |
| സർക്കാർ ഓഹരി ഉണ്ടോ: | അതെ |
| ഉണ്ടെങ്കിൽ ലഭിച്ച തുക : | Rs. 1 Lakhs |
| പരമാവധി കടം എടുക്കാവുന്ന തുക: | പിരിഞ്ഞടഞ്ഞ ഓഹരിമൂലധനവും ഡെപ്പോസിറ്റിൻെറയും പത്ത് ഇരട്ടി. |
| സ്ഥിര നിക്ഷേപം : | ഇല്ല. |
| ഹ്രസ്വകാല നിക്ഷേപം : | Rs. 1720/- |

നൽകിയിട്ടുള്ള വായ്പകൾ

| ഇനം | തുക |
|---|---|
| ആട് മാട് വാങ്ങൽ | 25,000 |
| കെട്ട് തെങ്ങ് വായ്പ | 50,000 |
| മറ്റിതര വായ്പകൾ | 33,325 |
| ആകെ | 108325 |

മറ്റ് വായ്പകൾ : ഇല്ല.

### വനിതാ സഹകരണസംഘം - കഴക്കുന്ന്

പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വനിതകളെയും സംഘടിപ്പിച്ച് വികസന മേഖലയിൽ അണിനിരത്താൻ അനന്തസാധ്യതയുള്ള സ്ഥാപനം. എന്നാൽ നിർജീവമായ പ്രവർത്തനംകൊണ്ട് വളർച്ച മുരടിച്ച അവസ്ഥയിലാണ്. ഒരു ടൈപ്പ്റൈറ്റിംഗ് പരിശീലന സ്ഥാപനം മാത്രം നടത്തിപ്പോകുന്നു.

### പട്ടികവർഗ്ഗ സഹകരണസംഘം -പാണയം

തുടക്കത്തിൽ പനമ്പുകൊണ്ട് വിവിധ സാധനങ്ങൾ ഉണ്ടാക്കി വിപണനം ചെയ്തിരുന്നു. എന്നാൽ വേണ്ടത്ര ശ്രദ്ധയും പ്രതിബദ്ധതയും അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും കൊണ്ട് സ്ഥാപനത്തിൻെര പ്രവർത്തനം നിലച്ചുപോയി. ശരിയായ അവലോകനം നടത്തി കുറവുകൾ പരിഹരിച്ചാൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്ന ഒരു സ്ഥാപനമാക്കി മാറ്റാൻ കഴിയും.

### ആട്ടുകാൽ ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം T 10 (D)APCOS.

ഭേദപ്പെട്ടനിലയിൽപ്രവർത്തിക്കുന്ന രണ്ട് ക്ഷീരോല്പാദക സഹകരണസംഘങ്ങളിൽ ഒന്നാണ് ഇത്. 644 അംഗങ്ങൾ ഉള്ള സംഘം ഇപ്പോൾ പ്രതിമാസം 7353.3 ലിറ്റർ സംഭരിക്കുന്നു. അതിൽ 1738.6 ലിറ്റർ പാൽ പഞ്ചായത്തിൽത്തന്നെ വിറ്റഴിക്കുന്നു. ബാക്കി 5614.7ലിറ്റർ പാൽ മിൽമക്ക് വിൽക്കുന്നു.

മൃഗസംരക്ഷണവകുപ്പിൻെറയും മിൽമയുടെയും DRDA യുടെയും മറ്റും പദ്ധതികൾ ഈ സംഘം വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ സംഘാങ്ങൾക്ക് സംഘത്തിൻേറതായ പ്രത്യേക ആനുകൂല്യങ്ങളും നൽകി വരുന്നു.

### പേരയം ക്ഷീരോല്പാദകസഹകരണസംഘം

നന്ദിയോട്, പനവൂർ പഞ്ചായത്തുകളിലെ കൃഷിക്കാരെ സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനം. പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

# 16 വിഭവ സമാഹരണം

പഞ്ചായത്തിൻെറ സമഗ്രവും സംയോജിതവുമായ വികസനത്തിന് പ്രകൃതിവിഭവങ്ങളുടെയും മാനുശിക വിഭവങ്ങളുടെയും ലഭ്യത ധാരാളമുണ്ടാകണം ഉല്പാദ നവർദ്ധനയാണ് വികസനത്തിൻെറ അടിസ്ഥാനം ഓരോ പഞ്ചായത്തിലെയും പ്രകൃതിവിഭവവും മാനുഷിക വിഭവവും ലഭ്യമായതോ ലഭ്യമാക്കാ വുന്നതോ ആയ സാങ്കേതിക ജ്ഞാനവും കൂട്ടിചേർത്തുകൊണ്ട് ഉത്പാദനമേഖലയിൽ ക്രിയാത്മകമായി ഇടപെടാൻ കഴിഞ്ഞാൽ ഇന്ന് പാഴായിപോകുന്ന ഉദ്പാദനശേഷിയെ ഓരോപ്ര ദേശത്തിൻെറയും സ്തായിയായ വളർച്ചക്ക് ഉതകുന്നരീതിയിൽ തിരിച്ചുവിടാനാകും. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ അടിസ്ഥാന സന്ദേശവും ഇതുതന്നെയാണ്. ഈ അടിസ്ഥാ നത്തിൽ വിഭവ സമാഹരണത്തിന് ആസൂത്രണത്തിൽ വളരെ പ്രധാന്യം ഉണ്ട്.

1. പഞ്ചായത്തിൻെറ ധനസ്ഥിതി

വികസന രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് പനവൂർ. അതുകൊണ്ടുതന്നെ പഞ്ചായത്തിൻെറ ധനസ്ഥിതി തീരെ മോശമാണ്. 50% ത്തിൽ അധികവും ദാരിദ്ര രേഖക്ക് താഴെ അധിവസിക്കുന്ന ജനവിഭാഗമുള്ള ഒരു പഞ്ചായത്തിൽ തനതുവരുമാനം തുലോം കുറവാകുമെന്ന് പറയേണ്ട തില്ലല്ലോ. പഞ്ചായത്തിന് ഇതുവരെ ഉണ്ടായിരുന്ന ധനകാര്യ അവകാശങ്ങൾ പരിമിതമായിരുന്നുവെന്ന് എല്ലാവർക്കും അറിയാമല്ലോ. പഞ്ചായത്തുകൾക്കുള്ള ധനകാര്യ അവകാശങ്ങളിലും, ചട്ടങ്ങളിലും വേണ്ട മാറ്റങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

1995-96 കാലത്ത് പഞ്ചായത്തിൻെറ ആകെ തനത് വരവ് 635546.20 ആണ് (പട്ടിക -1 കാണുക) ആകെയുള്ളതനതു വരുമാനത്തിൻെറ 56% (356194.00 പട്ടിക - 2 കാണുക) എസ്റ്റാബ്ലിഷ്മെൻെറ് ചെലവിനുവേണ്ടുകയാകുന്നു തനുതു ഫണ്ടിൽ ബാക്കിയുള്ള 289352 രൂപയാണ് പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ പഞ്ചായത്തിൻെറ തനതു പങ്ക്. വലിയതോതിൽ ഗവഃ ഗ്രാൻെറിനെയും അൺടൈഡ് ഫണ്ടിനെയും ആശ്രയിച്ചുമാത്രമേ പഞ്ചായത്തിൽ വികസന പ്രവർത്തനം നടത്താൻ കഴിയുകയുള്ളൂ എന്ന് ഈ കണക്കുകൾ ബോധ്യപ്പെടുത്തുന്നു.

1995-96 കാലത്ത് ആകെവരവ് 1234820.20 രൂപയും ആകെചെലവ് 1161936.40 രൂപയുമാണ് (മൊത്തംവരവ് + ജനസംഖ്യ) പഞ്ചായത്തിൻെറ വികസന രംഗത്തെ പിന്നോക്കാവസ്ഥക്ക് എന്താണ് കാരണമെന്ന് ഇതിൽ നിന്നും വ്യക്തമാണ്. വിഭവ സമാഹരണരംഗത്ത് പുതിയ മേഖലകൾ കണ്ടത്തികൊണ്ടേ ഇതിന് പരിഹാരം കാണാൻ കഴിയൂ. നിലവിലുള്ള മുഖ്യവരുമാനങ്ങളിൽ കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവ നിർണ്ണയിക്കുന്നതിലും കൃത്യമായി പിരിച്ചെടുക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു. അതുപോലെ വിനോദ നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ചയും, പരാജയവും അലംഭാവവും ഉണ്ടതായി തുകയിലുള്ള കുറവ് കാണിക്കുന്നു.

മറ്റൊരു പ്രധാന വരുമാനമാർഗ്ഗം ഭൂമികൈമാറ്റ സമയത്തെ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന വിഹിതമാണ്. എന്നാൻ മുദ്രവിലയിൽ നടത്തുന്ന കൃത്രിമം, തുക അനുവദിച്ചുകിട്ടാൻ സംസ്ഥാനഖജനാവിലെ തടസം എന്നിവ വരവിൻെറ വലിപ്പംചെറുതാക്കുന്നു.

ചെലവിനങ്ങൾ പരിശോധിക്കുമ്പോൾ മനസിലാകു ന്നത് ഭരണം, പൊതുമരാമത്ത്, തെരുവുവിളകൾ എന്നിവക്കാണ് ഏറിയപങ്ക് പണവും ചെലവഴിക്ക പ്പെടുന്നത് എന്നാണ്.

വിദ്യാഭ്യാസം, ജലവിതരണം, പൊതുജനാരോഗ്യവും എന്നീസേവനതുറകളിൽ ചെറിയതുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഉത്പാദനരംഗത്ത് തുകയൊന്നും ചെലവഴിച്ചിട്ടില്ല എന്നു കാണാം.

മൊത്തമുള്ള വരവുചെലവുകണക്കുകൾ അവലോകനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ താഴെപറയുന്ന നിഗമനങ്ങളിൽ എത്തുന്നു.

1.നികുതികൾ കാലോചിതമായി പുനർനിർണ്ണ യിക്കുന്നതിലെ പാകപ്പിഴ

2. നികുതിയിതരവരുമാനമാർഗ്ഗം സൃഷ്ടിക്കുന്നതിലെ പരാജയം

3. നികുതിക്ക് വിധേയരാകാതെ ഒഴിഞ്ഞുനിൽ കുന്നവരിൽനിന്നും അത് വസൂലാക്കുന്നതിനുള്ള അധികാരത്തിൻെറ അഭാവം.

4. നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിൽ

കാണിക്കുന്ന അലംഭാവം.

വി:ഭവ: സമാഹരണത്തിനുളള നിർദ്ദേശങ്ങൾ

1. മാനുശിക പ്രയത്നവും സാമ്പത്തീകസംഭാവനയും കൊണ്ട് പദ്ധതികൾ പൂർത്തിയാക്കുക

2. പഞ്ചായത്തിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കുക.

3. ലൈസൻസ് ഇല്ലാത്ത കച്ചവടസ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കി പിരിച്ചെടുക്ക.

4. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക.

5. വീട്ടുകരം നിർമ്മാണചെലവിനെ അടിസ്ഥാനപ്പെടുത്തി സ്ലാബ് അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് യഥാസമയം പിരിച്ചെടുക്കുക.

6. പേരയത്തും, പറവൂരിലും ഷോപ്പിംഗ്കോപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുക.

7. മറ്റ് പ്രധാന ജംഗ്ഷനുകളിൽ ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്കുകൊടുക്കുക.

8. പുറംപോക്ക് ഭൂമികൾ തിട്ടപ്പെടുത്തി വർഷാവർഷം ലേലം ചെയ്ത് കൊടുക്കുക. പുറം പോക്ക് ഭൂമിയിൽ സമൂഹ്യവൽക്കരണം നടത്തി ഫല വർഗ്ഗങ്ങൾ കൂടുതൽ ഉൽപ്പാദിപ്പിച്ച് ലേലം ചെയ്ത് വിൽക്കുക. തരിശ് ഭൂമി കൃഷിക്കാർക്ക് പുൽ കൃഷിക്കും മറ്റും വാർഷികലേലത്തിലൂടെ നൽകുക.

9. ഉൽപാദനവരമായ വികസനപദ്ധതികൾ ആസുത്രണംചെയ്ത് നടപ്പിലാക്കുക.

10. പഞ്ചായത്തിനുളളിലെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാനുളള അധികാരം പഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.

11. ക്ഷേമ പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളുടെ പങ്ക് ഉറപ്പുവരുത്തുക.

12. ടാക്സി - ആട്ടോ സറ്റാന്റ് ഏർപ്പെടുത്തി ഫീസ് ഈടാക്കുക.

13. എല്ലാ വിധത്തിലുളള പാരലലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി ഫീസ് ഈടാക്കുക.

14. സ്വകാര്യ ആശുപത്രികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി ഫീസ് ഈടാക്കുക.

## പട്ടിക - 2
## ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C, B. (1995-96)

| ഇനം | തുക |
|---|---|
| ഭരണം | 356194.00 |
| പൊതുമരാമത്ത് | 285696.00 |
| വിദ്യാഭ്യാസം | 10169.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 4800.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 59846.00 |
| മറ്റുളളവ | 11703.00 |
| ആകെ | 728408.00 |

# പട്ടിക - I

## വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 89600.00 | 77223.00 | 12377.00 |
| സർവ്വീസ് ചാർജ്ജ് | ഇല്ല | - | |
| തൊഴിൽ നികുതി | 66310.00 | 61880.00 | 4430.00 |
| വാഹന നികുതി | ഇല്ല | - | - |
| വിനോദ നികുതി | 2912 | 2912 | ഇല്ല |
| അഡി. വിനോദ നികുതി | 1483 | 1483 | " |
| പ്രദർശന നികുതി | 774 | 774 | " |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 193.50 | 193.50 | " |
| ചന്ത വരവ് | 6515 | 6515 | " |
| ലാൻറ് സെസ്സ് | ഇല്ല | - | " |
| ലൈസൻസ് ഫീസ് | 3291 | 3291 | " |
| കെട്ടിട നികുതി സർച്ചാർജ്ജ് | ഇല്ല | - | " |
| വസ്തു കൈമാറ്റ നികുതി 75% | 218852 | 218852 | " |
| വസ്തു കൈമാറ്റ നികുതി 25% | 26459 | 26459 | " |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 227064.40 | 227064.40 | |
| സംഭാവന | ഇല്ല | - | " |
| ഡെപ്പോസിറ്റ് | 4425 | 4425 | " |
| മറ്റുള്ളവ | 5206.05 | 4474.30 | 731.75 |
| ആകെ | 653084.95 | 635546.20 | 17538.75 |

## പട്ടിക - 4

## Ref.ഗ്രാൻറ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രാൻറ് രജിസ്റ്ററും

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി | | Spl. Grand രൂപ | JRY രൂപ | അൺടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% രൂപ | 75% രൂപ | | | | |
| തുക 33070.00 | 13000.00 | 203322.00 | 26459.00 | 218852.00 | 75000.00 | 322865 | 386590 | 1279158.00 |

## പട്ടിക - 3

### പൊതു സാമ്പത്തിക നില **Ref. B**

| | പൊതുകണക്ക് | മൂലധന കണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 1234820.20 | 655524.20 | 10825.80 |
| ചെലവ് | 1161936.40 | 728408.00 | 4413.00 |

## പട്ടിക - 5

### പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

### Ref. Q

| | തുക | | |
|---|---|---|---|
| വകുപ്പ് | പദ്ധതിവിഹിതം | പദ്ധതിേയതര വിഹിതം | ആകെ |
| മൃഗസംരക്ഷണം | 1500 | | 1500 |
| ആരോഗ്യം | 1625 | 64500 | 66125 |
| കൃഷി | 154785 | | 154785 |
| പി.ഡബ്ല്യൂ.ഡി | - | - | - |
| ഹരിജനക്ഷേമം | 2000 | - | 2000 |
| മറ്റുളളവ | - | - | - |
| ആകെ | 159910 | 64500 | 95410 |

# സ്ഥലനാമ ചരിത്രം

ഓരോ സ്ഥലനാമത്തിനും ഓരോ ചരിത്രമുണ്ട്. എന്നാൽ ആ ചരിത്രം അറിയാവുന്ന പഴമക്കാരുടെ എണ്ണം വളരെ കുറവാണ്. ഇന്ന് ജീവിച്ചിരിക്കുന്ന ഗുരു കാരണവന്മാരുമായി നടത്തിയ വായ്മൊഴി ചരിത്രപഠനത്തിൽ നിന്നും കിട്ടിയ ചില അറിവുകളെ ഇവിടെ കുറിക്കുന്നു.

## 'പനയ്ക്ക്' മുട്ടുള്ള പനയമുട്ടം

ദശാബ്ദങ്ങൾക്ക് മുമ്പ് കണക്കെഴുത്തിന് വന്ന ഒരു സർവേയർ മേനോൻ എഴുതാൻ കൊണ്ടുവന്ന പനയോല തീർന്നതുകൊണ്ട് പനയോല ആവശ്യപ്പെട്ടു. പ്രസ്തുത സ്ഥലത്ത് പനയോലയ്ക്ക് വലിയ മുട്ടാണെന്ന് അറിഞ്ഞ മേനോൻ പനയ്ക്ക് മുട്ടുള്ള സ്ഥലം പനമുട്ട് എന്നുപറഞ്ഞു. ക്രമേണ അത് പനയമുട്ടമായി മാറി.

## എസ്.എൻ. പുരം

മുക്കോല എന്നറിയപ്പെട്ടിരുന്ന സ്ഥലത്തെ അറിയപ്പെടുന്ന പൊതുപ്രവർത്തകനും കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനുമായിരുന്നു എസ്. നാരായണൻ നായർ. 1957-ൽ സർപ്പദംശനമേറ്റ് മരണമടഞ്ഞ അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി മുക്കോലയ്ക്ക് എസ്.എൻ.പുരം എന്ന പേര് നൽകി.

## ഭൂതമടക്കി വിശ്വപുരമായി

ആശാരിമാർ (വിശ്വകർമ്മ) കൂടുതൽ അധിവസിക്കുന്ന സ്ഥലമായതുകൊണ്ട് ഭൂതമടക്കി വിശ്വപുരമായി.

## കടുവാപോക്ക്

കടുവപോകുന്ന സ്ഥലം കടുവാപോക്കായി. കടുവാപോക്കിൽനിന്ന് കുറുപ്പമ്മാവൻ കടുവയെപിടിച്ച് ശ്രീമൂലം തിരുനാൾ രാജാവിന് കാഴ്ചവച്ച പട്ടും വളയും കടുവാക്കുറുപ്പെന്ന സ്ഥാനപ്പേരും നേടി.

## വെള്ളാഞ്ചിറ

വെള്ളം ചിറഞ്ഞൊഴുകിയ സ്ഥലം വെള്ളാഞ്ചിറയായി.

## വെള്ളംകുടി

കുന്നുകയറി തളരുമ്പോൾ വെള്ളംകുടിക്കാനൊരു നീരുറവ. ആ സ്ഥലം വെള്ളം കുടിയായി.

## മൊട്ടറത്തല-അജയപുരമായി

മൊട്ടറത്തല എന്നറിയപ്പെട്ടിരുന്ന സ്ഥലത്തിന് ജനങ്ങൾ കൂടി തീരുമാനിച്ച് മാറ്റിയ പേരാണ് അജയപുരം.

## ആറ്റുകാൽ

ഏകദേശം ഒരു നൂറ്റാണ്ടിനുമുമ്പ് നാടോടികളായ ആട്ടിടയന്മാർ നൂറുകണക്കിന് ആടുകളുമായി വടക്കേക്കോണമെന്ന സ്ഥലത്ത് ആടുമേയ്ക്കാൻ വന്നിരുന്നു. ചതുപ്പുനിലങ്ങളിൽ പരിഞ്ഞ ആടുകളുടെ കാൽപ്പാടുകൾ ആട്ടുകാൽ എന്ന പേരിന് ഇടയാക്കി.

## കൊന്നമൂട്ട്മൺപുറം

മൺപുറങ്ങളിൽ കണിക്കൊന്ന കൂട്ടമായി വളർന്നതിനെ സൂചിപ്പിച്ച് കൊന്നമൂട്ട്മൺപുറമെന്ന സ്ഥലനാമം.

## മൊട്ടക്കാവ്

മൊട്ടൽ മരങ്ങളുടെ കാവ് മൊട്ടക്കാവായി.

4197

INSTITUTE OF LOCAL ADMINISTRATION ★ THRISSUR